# ദൈവമാതാവായ പരിശുദ്ധ മറിയം



ലൂയിസ് പുല്ലൻ

# ദൈവമാതാവായ
# പരിശുദ്ധ മറിയം

(വിശ്വാസാധിഷ്ഠിതമായ
ഒരു മാതൃവിജ്ഞാനഗ്രന്ഥം)

ലൂയിസ് പുല്ലൻ

Mar Louis Publications, Kochi - 31

Malayalam
**Daivamathavaya Parishudha Mariam**

First Edition : Sept. 2007
Fifth & Revised Edition : April 2026

*Author*
**Luise Pullan** (P.O. Luise)
Mattoor, Kalady.

© Reserved

*Printed at*
Viani Printings, Kochi-18
Ph: 0484-2401635

*Published by*
Mar Louis Publications
Kochi - 31.

*Distributed by*
Mar Louis Arts & Books Centre
Broadway, Ernakulam
Kochi - 682 031, Ph.0484-2352110
Website: www.marlouiskochi.com
e-mail: marlouiskochi@gmail.com

Price : ₹ 145

# ഉള്ളടക്കം


അദ്ധ്യായം പേജ്

**I. പരിശുദ്ധ മറിയത്തിന്റെ ജീവചരിത്രം** 13

1. പരി. മറിയത്തിന്റെ മാതാപിതാക്കൾ 15
2. പരി. മറിയത്തിന്റെ ജനനവും ബാല്യകാലവും 17
3. പരി. മറിയവും വി. യൗസേപ്പും 19
4. പരി. മറിയം കർത്താവിന്റെ അമ്മ 23
5. പരി. മറിയത്തിന്റെ സ്വാർഗ്ഗാരോപണം 27

**II. പരി. മറിയം സഭാപ്രബോധനങ്ങളിൽ** 33

6. ദൈവ മാതാവ് 35
7. കന്യക മാതാവ് 37
8. അമലോത്ഭവ മാതാവ് 41
9. സ്വർഗ്ഗാരോപിത മാതാവ് 43
10. മാതാവിന്റെ മാദ്ധ്യസ്ഥ്യം 47
11. പരി. മറിയം സഭയുടെ മാതാവും മാതൃകയും പ്രതീകവും 51

**III. പരി. മറിയം വിവിധ വീക്ഷണങ്ങളിൽ** 53

12. പരി. മറിയം വിശുദ്ധ ഗ്രന്ഥത്തിൽ 55
13. പരി. മറിയം സഭാപിതാക്കന്മാരുടെ ദൃഷ്ടിയിൽ 59
14. പരി. മറിയം വിശുദ്ധരുടെ വീക്ഷണത്തിൽ 63
15. പരി. മറിയം മാർപ്പാപ്പമാരുടെ കാഴ്ചപ്പാടിൽ 65
16. പരി. മറിയം ചിത്രങ്ങളിലൂടെയും വ്യക്തികളിലൂടെയും 67


**IV. പരി. മറിയത്തിന്റെ പ്രത്യക്ഷീകരണങ്ങൾ** 71

17. കർമ്മല മാതാവ് 72
18. ലൂർദ്ദ് മാതാവ് 73
19. ഫാത്തിമ മാതാവ് 75
20. വേളാങ്കണ്ണി മാതാവ് 89
21. വല്ലാർപാടത്തമ്മ 92
22. കൊരട്ടി മുത്തി 96
23. മാതാവ് ഗരബന്ദാളിൽ 98
24. റോസാ മിസ്റ്റിക്ക മാതാവ് 103
25. മാതൃദർശനം വിവിധ സ്ഥലങ്ങളിൽ 105

**V. തിരുനാളുകളും ഭക്തികൃത്യങ്ങളും** 113

26. മറിയത്തിന്റെ വിമല ഹൃദയം 115
27. മറിയത്തിന്റെ രാജ്ഞിപദം 117
28. വ്യാകുല മാതാവ് 118
29. നിത്യസഹായ മാതാവ് 119
30. ജപമാലയും മറ്റു പ്രാർത്ഥനകളും 123
31. ഭക്തസംഘടനകളും ഭക്തികൃത്യങ്ങളും 131





## ആശംസ

പരിശുദ്ധ കന്യകാമാതാവ് ക്രൈസ്തവരെ സംബന്ധിച്ച് അമൂല്യമായ ഒരു നിധികുംഭമാണ്. പിതാവായ ദൈവത്തിൽനിന്നുള്ള സ്നിഗ്ദ്ധാനുഗ്രഹം ഒഴുകിവരുന്ന നീർച്ചാലാണവൾ. അതുകൊണ്ടുതന്നെ സഭ ആയിരം നാവുകൾകൊണ്ടു മറിയത്തെ വാഴ്ത്തിപ്പാടുന്നു. ദൈവമാതാവിനെക്കുറിച്ച് എത്രയോ ഗ്രന്ഥകാരന്മാരാണ് വിശേഷ വിശേഷണങ്ങൾ എഴുതിവെച്ചിട്ടുള്ളത്. അവയെല്ലാം സംഗ്രഹിച്ചെഴുതിയ കൃതിയാണ് ശ്രീ. ലൂയിസിന്റെ ദൈവമാതാവായ പരിശുദ്ധമറിയം.

മറിയത്തിന്റെ ജീവിതകഥ, സഭാപിതാക്കന്മാരും മാർപ്പാപ്പമാരും വിശുദ്ധന്മാരും കന്യകാ മാതാവിനെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ, മറിയത്തെ സംബന്ധിച്ചുള്ള വിവിധതരം ഭക്തികൾ, മാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ എന്നിവയെല്ലാം കൂട്ടിച്ചേർത്തുള്ള പ്രകൃത ഗ്രന്ഥം ദൈവകന്യകയോട് ഭക്തിയുള്ളവർക്ക് എന്നും അരികിൽ സൂക്ഷിക്കാവുന്ന കൃതിയാണ്. കന്യകാമറിയത്തെ ഇകഴ്ത്തി പറയുന്നവർക്ക് നല്ലൊരു മറുപടിയാണ് ഈ ഗ്രന്ഥത്തിലെ ഓരോ പരാമർശവും.

ശ്രീ. ലൂയിസ് ഈ ഗ്രന്ഥം തയ്യാറാക്കാൻ ധാരാളം സമയം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, ദീർഘമായ പ്രാർത്ഥനയും ഇതിന് പിന്നിലുണ്ട് എന്നതു സുവിദിതമാണ്. ആഴമായ മരിയഭക്തിയാൽ പ്രചോദിതനായാണ് ലൂയിസ് ഇതിനായി ഇറങ്ങിപ്പുറപ്പെട്ടത്. താൻ സ്നേഹിക്കുന്ന അമ്മയുടെ കണ്ഠത്തിൽ ചാർത്തിയ മനോജ്ഞമായ ഒരു സുകൃതാഹാരമായി ലൂയിസിന് ഈ നിബന്ധത്തെ കണക്കാക്കാം. വേളാങ്കണ്ണി മാതാവ്, കൊരട്ടി മാതാവ്, വല്ലാർപാടം മാതാവ് എന്നീ പരമാർശങ്ങളിലൂടെ ഭാരതത്തിന് മറിയത്തോടുള്ള ബന്ധം ഗ്രന്ഥകാരൻ വരച്ചുകാട്ടുമ്പോൾ അത് ഭാരതീയർക്ക് പരിശുദ്ധ അമ്മയോടുള്ള ആത്മീയബന്ധം ആഴമാക്കാൻ സഹായകരമാണ്. ഗ്രന്ഥകാരന് എല്ലാവിധ അനുഗ്രഹങ്ങളും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**+ജോർജ് കർദ്ദിനാൾ ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്
മൗണ്ട് സെന്റ് തോമസ് കാക്കനാട്

ജൂലൈ 19, 2012



## ആശംസ

"ദൈവമാതാവായ പരിശുദ്ധ മറിയം" എന്ന പേരിൽ ശ്രീമാൻ ലൂയിസ് രചിച്ച ഗ്രന്ഥം വായിച്ചു. ചരിത്രവും പാരമ്പര്യവും വിശ്വാസവും കൂട്ടിയിണക്കി രചിച്ച ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കവും അവതരണവും ഞാൻ പ്രതീക്ഷിച്ചതിലേറെ ആകർഷണീയമായും വിജ്ഞാനപ്രദമായും ഉപകാരപ്രദമായും അനുഭവപ്പെടുന്നു. ഒരു ദൈവശാസ്ത്ര ഗ്രന്ഥമെന്നതിനെക്കാളേറെ പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതത്തെയും സ്വഭാവ സവിശേഷതകളെയും മക്കളോടുള്ള സ്നേഹത്തെയുംകുറിച്ച് ധ്യാനിക്കാൻ സഹായിക്കുന്ന ഒരു ഗ്രന്ഥമായി ഇതിനെ വിശേഷിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നീണ്ട ഏഴുവർഷങ്ങളായി ഗ്രന്ഥകാരൻ കന്യകാമാതാവിനെക്കുറിച്ചു പഠിക്കുവാനും ധ്യാനിക്കുവാനും പരിശ്രമിച്ചതിന്റെ ഫലങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. അതുകൊണ്ടുതന്നെ ആഴമായ ഒരു അനുഭവം അനുവാചകരിലുളവാക്കാൻ ഈ ഗ്രന്ഥത്തിന് സാധിക്കും.

ഒന്നിനും സമയം തികയുന്നില്ല എന്നു പരാതിപ്പെടുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. അതിവേഗത്തിൽ ബഹുദൂരം സഞ്ചരിക്കുവാനാഗ്രഹിക്കുന്നവരാണ് നാമെല്ലാം. ഇതിനിടയ്ക്ക് ആഴമേറിയ ദൈവശാസ്ത്രഗ്രന്ഥങ്ങൾ വായിക്കുവാനുള്ള സമയമോ സാവകാശമോ നമുക്കില്ല. അതേസമയംതന്നെ വിശ്വാസ സത്യങ്ങളെക്കുറിച്ചുള്ള അജ്ഞത കാരണം ധാരാളം പേർ വഴിതെറ്റിപോകുന്നുമുണ്ട്. ഇന്നത്തെ ലോകത്തിന്റെ ഈ മനോഭാവം മനസ്സിലാക്കികൊണ്ട് ഗ്രന്ഥകാരൻ കൂടുതൽ വിവരങ്ങൾ കുറച്ചു പേജുകളിൽ ആകർഷണീയമായ രീതിയിൽ അവതരിപ്പിക്കുവാൻ ശ്രമിക്കുന്നു. ഗ്രന്ഥകാരന്റെ ഈ സമീപനം തികച്ചും കാലോചിതവും അഭിനന്ദനാർഹവുമാണ്.

പരിശുദ്ധ കന്യകാമറിയത്തിന്റെ മുമ്പിലിരുന്ന് സ്നേഹപൂർവ്വം ധ്യാനിക്കുകയും ഈ സ്നേഹാനുഭവം ഈ ഗ്രന്ഥത്തിലൂടെ അനേകർക്ക് പകർന്നുകൊടുക്കുകയും ചെയ്യുന്ന ശ്രീമാൻ ലൂയിസിന് എല്ലാവിധ വിജയങ്ങളും ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹാശ്ശിസ്സുകളും നേരുന്നു. നമ്മുടെ സ്വർഗ്ഗീയ മാതാവായ മറിയത്തെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും ആ അമ്മ കാണിച്ചുതരുന്ന രക്ഷയുടെ മാർഗ്ഗത്തിലൂടെ മുന്നോട്ടു പോകുവാനുമുള്ള പ്രചോദനം അനേകർക്ക് ലഭിക്കുവാൻ ഈ ഗ്രന്ഥം ഉപകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**+ഡോ. സൂസപാക്യം എം.**
ആർച്ച് ബിഷപ്പ്
തിരുവനന്തപുരം ലത്തീൻ അതിരൂപത

തിരുവനന്തപുരം,
01-09-2007




## ആശംസ

'ക്രൈസ്തവ പൊതുവിജ്ഞാനം' എന്ന മിനി എൻസൈക്ലോപീഡിയയുടെ രചയിതാവ് എന്ന നിലയിൽ പ്രഖ്യാതനായ ശ്രീ. ലൂയിസിന്റെ മറ്റൊരു വിശിഷ്ടഗ്രന്ഥമാണ് 'ദൈവമാതാവായ പരിശുദ്ധ മറിയം'. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ മാതാവിന്റെ പങ്ക് എത്രത്തോളം ഉണ്ടെന്നു വ്യക്തമാക്കുന്ന ഈ ഗ്രന്ഥം തിരുസ്സഭയുടെ പ്രബോധനങ്ങളിൽ അധിഷ്ഠിതമാണ്. സാധാരണക്കാർക്ക് എളുപ്പം വായിച്ചു മനസ്സിലാക്കാൻ പറ്റിയ ലളിതമനോഹരമായ രചനാസമ്പ്രദായവും അവതരണ രീതിയുമാണ് ഗ്രന്ഥകാരന്റേതെന്ന് എടുത്തുപറയുവാൻ നാം ആഗ്രഹിക്കുന്നു. കത്തോലിക്കാ വിശ്വാസത്തിനനുസൃതമായി എഴുതിയിട്ടുള്ള ഒരു മാതൃവിജ്ഞാനഗ്രന്ഥമെന്ന നിലയ്ക്ക് ഇതിന് പ്രചുരപ്രചാരം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. ദൈവദത്തമായ താലന്തുകൾ പതിന്മടങ്ങായി വർദ്ധിപ്പിച്ച് സാഹിത്യസൃഷ്ടികളായി തിരുമുൽക്കാഴ്ച അർപ്പിക്കുന്ന ശ്രീ. ലൂയിസിനെ സർവശക്തനായ ദൈവം എല്ലാ കൃപകളും നല്കി അനുഗ്രഹിക്കട്ടെ.

**+മോറാൻ മോർ ബസ്സേലിയോസ് ക്ലീമീസ്**
കാതോലിക്കാ ബാവ
സീറോ മലങ്കര സഭയുടെ മേജർ ആർച്ച് ബിഷപ്പ്

തിരുവനന്തപുരം,
08-09-2007



# അവതാരിക

ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ കാലാകാലങ്ങളിൽ അവന്റെ സ്വതസിദ്ധമായ കഴിവുകളെ വികസിപ്പിച്ചെടുക്കുകയും ഒരു പരിധിവരെ പ്രകൃതിശക്തികളെത്തന്നെ അവന്റെ അധീനതയിലാക്കു കയും ചെയ്തുകഴിഞ്ഞു. കമ്പ്യൂട്ടർ യുഗത്തിന്റെ ആവിർഭാവത്തോടെ ലോകം മുഴുവൻ മനുഷ്യന്റെ കൈവിരൽത്തുമ്പുകളിൽ ഒതുങ്ങിക്കഴി ഞ്ഞു. ശാസ്ത്രസാങ്കേതിക വിസ്ഫോടനം, സൃഷ്ടിയായ മനുഷ്യനെ സൃഷ്ടാവായ ദൈവത്തിങ്കലേക്ക് കൂടുതൽ അടുപ്പിക്കേണ്ടതിനുപകരം ദൈവാസ്ഥിത്വത്തെത്തന്നെ ചോദ്യം ചെയ്യപ്പെടുന്ന ദുരവസ്ഥയിലേക്ക് എത്തിച്ചിരിക്കയാണ്. ഒരു കാലത്ത് കുടുംബ-സഭാ-സാമൂഹിക മണ്ഡ ലങ്ങളിൽ പരമോന്നതങ്ങളായി കരുതിയിരുന്ന പലതും മൂല്യച്യുതി സംഭ വിച്ച് ഉറകെട്ടുപോയ ഉപ്പുപോലെയായിത്തീർന്നു. നന്മയായി കരുതിയി രുന്ന സത്യത്തിനും നീതിക്കും സന്മാർഗ്ഗത്തിനും മനുഷ്യഹൃദയങ്ങളിൽ സ്ഥാനമില്ലാതായി. ടെലിവിഷൻ ചാനലുകളും ഇന്റർനെറ്റും കുടുംബ പ്രാർത്ഥനയുടെയും തിരുവചനപരായണത്തിന്റെയും സ്ഥാനം കൈയട ക്കിക്കഴിഞ്ഞു. ആസ്വാദ്യകരമല്ലാത്ത എന്തിനെയും ചോദ്യം ചെയ്യാനും നിരാകരിക്കാനുമുള്ള പ്രവണത കുട്ടികളിലും മുതിർന്നവരിലും ഒരു പോലെ വളർന്നുകൊണ്ടിരിക്കുന്നു. അഹമെന്നു മാത്രം ചിന്തയുള്ളവൻ അപരനെ പാടേ മറന്നും കഴിഞ്ഞു. ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ, ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമായി വർത്തിക്കേണ്ട സഭയുടെ ദൗത്യനിർവഹണം പലതരത്തിലുള്ള പ്രതിസന്ധിഘട്ടങ്ങളെയാണ് അഭി മുഖീകരിച്ചുകൊണ്ടിരിക്കുന്നത്. വിത്തിന്റെയും കളകളുടെയും ഉപമയി ലെന്നപോലെ സത്യവിശ്വാസികളായ സഭാതനയർക്കു തെറ്റിധാരണ ഉള വാക്കത്തക്കവിധം വചനത്തെ വളച്ചൊടിച്ചും ദുർവ്യാഖ്യാനം ചെയ്തും ദൈവവചനത്തിൽ മാത്രം വിശ്വസിക്കുന്നവർ എന്നു വീമ്പിളക്കുന്നവരും 'രക്ഷിക്കപ്പെട്ടവർ' എന്നു സ്വയം അവകാശപ്പെടുന്നവരുമായ ഒരു കൂട്ടർ സഭാമക്കൾക്കു വരുത്തിക്കൂട്ടുന്ന വിപത്തുകൾ വർണ്ണനാതീതമാണ്. യേശുതമ്പുരാൻ അവിടുത്തെ അമ്മയെ സ്ത്രീയെന്നു വിളിച്ചതും, ഭൂമി യിൽ ആരെയും പിതാവെന്നു വിളിക്കരുതെന്നു പറഞ്ഞതും, ഏക മദ്ധ്യ സ്ഥനെ ഉള്ളുവെന്നും മറ്റുമുള്ള ആരോപണങ്ങൾ ഉയർത്തി ചഞ്ചലമാന സരായ പലരെയും ഇക്കൂട്ടർ പടുകുഴിയിൽ ചാടിക്കാറുണ്ട്. ഈ ദുരവ സ്ഥയിൽ നിന്നും ഒരു പരിധിവരെ സഭാമക്കളെ രക്ഷിക്കുന്നതിനും വിശ്വാ

സത്തിൽ ഉറപ്പിക്കുന്നതിനും ശ്രീ. ലൂയിസിന്റെ “ദൈവമാതാവായ പരി. മറിയം” എന്ന ഗ്രന്ഥം ഉപകരിക്കപ്പെടും എന്നുള്ളതിൽ രണ്ടു പക്ഷമില്ല. പരിശുദ്ധമറിയം ദൈവമാതാവാണെന്നും രക്ഷാകരചരിത്രത്തിൽ മറിയം വഹിച്ച പങ്ക് എത്ര മഹനീയമാണെന്നും പഠിക്കുമ്പോഴാണ് പരി. മറിയത്തെ നാം കൂടുതലായി ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.

ഈ ഗ്രന്ഥം അഞ്ചു പ്രധാന ഭാഗങ്ങളായി തിരിച്ച്–പരി. മറിയത്തിന്റെ ജീവചരിത്രം, മറിയം സഭാപ്രബോധനങ്ങളിൽ, വി. ഗ്രന്ഥത്തിലും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിലും, മറിയത്തിന്റെ പ്രത്യക്ഷീകരണങ്ങൾ, തിരുനാളുകൾ ഭക്തികൃത്യങ്ങൾ–ഓരോന്നിനെക്കുറിച്ചും വളരെ ആധികാരികമായ വിശദീകരണങ്ങൾ നൽകുന്നുണ്ട്. മറിയത്തിന്റെ ജീവചരിത്രഭാഗങ്ങൾ കനോനിക ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ യാക്കോബിന്റെയും യോഹന്നാന്റെയും പേരിലുള്ള അപ്രമാണിക ഗ്രന്ഥങ്ങളെ ആശ്രയിക്കേണ്ടതായി വന്നിട്ടുണ്ട്. തുടർന്നുള്ള ഈ ഭാഗങ്ങൾ എല്ലാം തന്നെ പഴയ നിയമത്തിലും പുതിയ നിയമത്തിലും മറിയത്തെക്കുറിച്ചുള്ള പരാമർശങ്ങളും പ്രബോധനങ്ങളും എടുത്തുകാട്ടുന്നവയാണ്. കാലാകാലങ്ങളിൽ മറിയത്തെക്കുറിച്ച് സഭ നടത്തിയിട്ടുള്ള ഔദ്യോഗിക പ്രബോധനങ്ങൾ, മാർപ്പാപ്പാമാരുടെ തിരുവെഴുത്തുകൾ, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ സഭാചരിത്രത്തിൽ മറിയത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ മറിയത്തിന്റെ പ്രത്യക്ഷീകരണങ്ങൾ മരിയഭക്തിയും തിരുനാളുകളും എല്ലാം ഗ്രന്ഥകാരൻ വിശദീകരിക്കുന്നുണ്ട്. പുസ്തകത്തിന്റെ താളുകളിൽക്കൂടി കടന്നുപോകുമ്പോൾ മാത്രമേ ഗ്രന്ഥകാരൻ നടത്തിയിട്ടുള്ള കഠിനാധ്വാനത്തിന്റെയും സമർപ്പണ മനോഭാവത്തിന്റെയും പാരമ്യം അനുവാചകർക്ക് ബോധ്യമാവുകയുള്ളു.

പരിശുദ്ധ അമ്മയുടെ നാമത്തിൽ ഒരു സഭാതനയൻ ഏറ്റെടുത്തു പൂർത്തിയാക്കിയ ഈ മഹത്യത്നം മഹനീയമത്രേ. ഗ്രന്ഥകാരൻ ശ്രീ. ലൂയിസിന് അകമഴിഞ്ഞ അനുമോദനങ്ങളും അനുവാചകർക്ക് ആശംസകളും നേരുന്നു. ദൈവമാതാവായ പരിശുദ്ധ മറിയം എന്ന ഗ്രന്ഥത്തിന് പ്രചുര പ്രചാരം ഉണ്ടാകട്ടെ.

**കോർബിഷപ്പ് തോമസ് താന്നിക്കാക്കുഴി**
റക്ടർ, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി
തിരുവനന്തപുരം

05.09.2007

**ലൂയിസ് പുല്ലൻ** (പി.ഒ. ലൂയിസ്):

കാലടിക്കടുത്തുള്ള നടുവട്ടം എന്ന സ്ഥലത്തു ജനിച്ചു.
പിതാവ്: ഔസേഫ്, മാതാവ്: അന്നം.
വിദ്യാഭ്യാസ യോഗ്യത: B.Com, MBA, FCMA, DTh.

ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ടിൽനിന്നു ദൈവശാസ്ത്രത്തിൽ ഡിപ്ലോമയും വടവാതൂർ പൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ടിൽനിന്നു പരിശുദ്ധ കുർബാനയുടെ ദൈവശാസ്ത്രത്തിൽ ഡിപ്ലോമയും കരസ്ഥമാക്കിയിട്ടുണ്ട്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ ചീഫ് ജനറൽ മാനേജർ (ഫിനാൻസ്), ചീഫ് ഫിനാൻഷ്യൽ ഓഫീസർ (CFO), ഹിന്ദുസ്ഥാൻ ഫ്ളുറോകാർബൺസ് ലിമിറ്റഡിന്റെ ഡയറക്ടർ എന്നി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

1995 മുതൽ 2022 വരെ തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോനാ ഇടവകാംഗമായിരുന്ന ഗ്രന്ഥകർത്താവ് 2023 മുതൽ മറ്റൂർ സെന്റ് ആന്റണീസ് പള്ളി ഇടവകാംഗമാണ്. നടുവട്ടം സെന്റ് ആന്റണീസ് പള്ളിയിൽ പത്തു വർഷവും തൃപ്പൂണിത്തുറയിൽ മൂന്നു വർഷവും മതാദ്ധ്യാപകനായിരുന്നു.

പത്തിലധികം പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവായ ശ്രീ. ലൂയിസ് മതബോധനവിദ്യാഥികൾക്കും അദ്ധ്യാപകർക്കുംവേണ്ടി രണ്ടു വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. യൂട്യൂബ് ചാനലായ ‘Ann Maria Publishers’ലൂടെ കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ, പ്രാർത്ഥനകൾ, വചനസന്ദേശം, ദൈവമാതാവിനെക്കുറിച്ചും പരിശുദ്ധ കുർബാനയെക്കുറിച്ചുമുള്ള പഠനവീഡിയോ പരമ്പരകൾ തുടങ്ങിയ വിവിധ വിഷയങ്ങൾ ഗ്രന്ഥകർത്താവും അദ്ദേഹത്തിന്റെ ഭാര്യയും അദ്ധ്യാപികയുമായ സിസിയുംകൂടി അവതരിപ്പിക്കുന്നു.

Mobile : 9400408533, E-mail : poluise@gmail.com

Websites

www.catholicgk.com
www.annmariapublishers.com

YouTube Channel

**AnnMariaPublishers**



## ആമുഖം

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനം മുതൽ ഇന്നുവരെയുള്ള ചരിത്രവും പാരമ്പര്യവും വിശ്വാസവും കൂട്ടിയിണക്കി പരമാവധി വിവരങ്ങൾ ചുരുങ്ങിയ പേജുകളിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ എന്റെ എളിയ സംരംഭം ജോലിത്തിരക്കുമൂലം നീണ്ടുപോയെങ്കിലും ഈ കാലയളവിൽ ശ്രവിച്ചിട്ടുള്ള പ്രസംഗങ്ങളും വായിച്ചിട്ടുള്ള പുസ്തകങ്ങളും ലേഖനങ്ങളും ഇതിന് ഒരു മുതൽക്കൂട്ടായി എന്നതിൽ സംശയമില്ല. ചെറുപ്പം മുതൽ മാതാവിനോടുള്ള എന്റെ പ്രാർത്ഥനയും മാതാവു വഴി ഈശോ എനിക്ക് നൽകിയിട്ടുള്ള നിരവധി അനുഗ്രഹങ്ങളുമാണ് ഈ പുസ്തക രചനയ്ക്ക് പ്രചോദനമേകിയത്.

ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ മാതാവിന്റെ പങ്ക് എത്രത്തോളമുണ്ടെന്ന് വ്യക്തമായി മനസ്സിലാക്കി പഠിച്ചാൽ മാത്രമേ യഥാർത്ഥമായ മാതൃഭക്തി നിലനിൽക്കുകയുള്ളു. അല്ലാത്തപക്ഷം വചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നവരിൽ ആരുടെയെങ്കിലും രണ്ട് ചോദ്യങ്ങൾക്കുമുമ്പിൽ പതറുവാനും തുടർന്ന് പൈശാചിക സ്വാധീനത്താലുള്ള തെറ്റായ ചിന്തകൾ വഴി യഥാർത്ഥ വിശ്വാസത്തിൽനിന്നും വ്യതിചലിക്കുവാനും സാദ്ധ്യതയുണ്ട്. മാതൃവിജ്ഞാനത്തിന്റെ വിവിധ മേഖലകൾ വിശദമായി പ്രതിപാദിക്കുന്ന ധാരാളം പുസ്തകങ്ങൾ ഇന്ന് ലഭ്യമാണെങ്കിലും തിരക്കുപിടിച്ച ഈ ലോകജീവിതത്തിൽ അവ വായിച്ചു പഠിക്കുവാൻ സമയം കണ്ടെത്തുന്നവർ വിരളമാണ്. അതിനാൽ കൂടുതൽ വിവരങ്ങൾ കുറച്ചു പേജുകളിൽ ഉൾക്കൊള്ളിക്കുന്നതിനുവേണ്ടി മറ്റുപുസ്തകങ്ങളിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്. ലഭ്യമായ എല്ലാ പുസ്തകങ്ങളും പരിശോധിച്ചതിനുശേഷം അവയിൽ ഏറ്റവും വിശ്വാസ്യമായ വസ്തുതകളാണ് നൽകിയിരിക്കുന്നത്.

ഈ പുസ്തകത്തിന്റെ കൈയ്യെഴുത്തുപ്രതി വായിച്ച് ആവശ്യമായ തിരുത്തലുകൾക്കും ഭേദഗതികൾക്കും നിർദ്ദേശങ്ങൾ നൽകിയ റവ. ഡോ. ജോർജ് കരുക്കൂർ, റവ. ഫാ. ജെ. തച്ചിൽ, വെരി റവ. ഫാ. വർഗ്ഗീസ് മണവാളൻ, വെരി റവ. ഫാ. ജോർജ് പുത്തൻപുര, റവ. ഫാ. സ്റ്റീഫൻ പാലാട്ടി, സി. നാൻസി SABS, ശ്രീ. പൗലോസ് പള്ളിപ്പാടൻ എന്നിവർക്ക് ഞാൻ നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു. ഹൃദ്യമായ ഒരു അവതാരിക എഴുതി നൽകിയ തിരുവനന്തപുരം മേജർ സെമിനാരി

റക്ടറായിരുന്ന റൈറ്റ് റവ. കോർബിഷപ്പ് തോമസ് താന്നിക്കാക്കുഴി, ആശംസകൾ നൽകി അനുഗ്രഹിച്ച സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് കാർഡിനൽ ആലഞ്ചേരി, സിറോ മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ കാർഡിനൽ മാർ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാബാവ, തിരുവനന്തപുരം ലത്തീൻ അതിരൂപതാ മെത്രാപ്പോലിത്ത റവ. ഡോ. സൂസപാക്യം എന്നിവർക്കും, പൂസ്തകം പ്രസിദ്ധീകരിക്കുന്ന മാർ ലൂയിസ് പബ്ളിക്കേഷനും ഈ ഗ്രന്ഥം നല്ല രീതിയിൽ പ്രസിദ്ധീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഈ പുസ്തക രചനയിൽ എനിക്കുവേണ്ട പ്രോത്സാഹനവും ഇതിന്റെ നിർമ്മിതിയിലുടനീളം അഭിപ്രായങ്ങളും നൽകി എന്നോടൊപ്പം സഹകരിച്ച എന്റെ സഹധർമ്മിണിയെ നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ പൂസ്തകത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായങ്ങളും നിരൂപണങ്ങളും നിർദ്ദേശങ്ങളും അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

തൃപ്പൂണിത്തുറ, ലൂയിസ് പുല്ലൻ
01-03-2014

**പരിഷ്കരിച്ച പതിപ്പിനൊരു ആമുഖം**

2025 നവംബർ 4-ാം തിയതി വിശ്വാസകാര്യങ്ങൾക്കായുള്ള വത്തിക്കാൻ കാര്യാലയം പ്രസിദ്ധീകരിച്ച 'മാത്തർ പോപ്പുലി ഫിഡെലിസ്' എന്ന പ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ ഈ പുസ്തകത്തിന്റെ 10-ാം അധ്യായത്തിൽ ചില തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. ഈ തിരുത്തലുകൾക്കും ഭേദഗതികൾക്കും ആവശ്യമായ നിർദേശം നല്കി സഹായിച്ച എറണാകുളം അങ്കമാലി മേജർ അതിരൂപതയിലെ സിഞ്ചെല്ലൂസ് (Syncellus) റവ. ഡോ. ജോസ് പുതിയേടത്തിന് എന്റെ ഹൃദയം നിറഞ്ഞ നന്ദി പറയുന്നു.

മറ്റൂർ, കാലടി **ലൂയിസ് പുല്ലൻ**
25.03.2026

# I

# പരിശുദ്ധ മറിയത്തിന്റെ ജീവചരിത്രം

1. പരി. മറിയത്തിന്റെ മാതാപിതാക്കൾ
2. പരി. മറിയത്തിന്റെ ജനനവും ബാല്യകാലവും
3. പരി. മറിയവും വി. യൗസേപ്പും
4. പരി. മറിയം കർത്താവിന്റെ അമ്മ
5. പരി. മറിയത്തിന്റെ സ്വർഗ്ഗാരോപണം

"ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവു നിന്നോടു കൂടെ" (ലൂക്കാ.1:28) എന്ന് ദൈവദൂതനാൽ അഭിസംബോധന ചെയ്യപ്പെട്ട കന്യകാമറിയത്തെ ദൈവം തിരഞ്ഞെടുത്തത് തന്റെ ഏകപുത്രന്റെ അമ്മയാകുവാനാണ്. ത്രിയേകദൈവം കഴിഞ്ഞാൽ ഏറ്റവും അടുത്ത സ്ഥാനം അലങ്കരിക്കുന്നത് പരിശുദ്ധ കന്യകാമറിയമാണ്. അതിനാൽ കത്തോലിക്കാ സഭയും യാക്കോബായാ സഭയും പ്രാർത്ഥനകളിൽ കന്യകാമറിയത്തിനു പ്രത്യേക സ്ഥാനം നൽകുന്നു. ഖുറാനിൽ പ്രതി പാദിക്കുന്ന ഏക വനിതയും മറിയമാണ്. മറിയത്തെ 'യേശുവിന്റെ അമ്മ യെന്നാണ്' ഖുറാൻ വിശേഷിപ്പിച്ചിരിക്കുന്നത്. (ഖുറാൻ 23:50)

"ഇതാ, നിന്റെ അമ്മ" (യോഹ.19:27) എന്ന് യേശുനാഥൻ കുരിശിൽ കിടന്നുകൊണ്ട് യോഹന്നാനോടു പറഞ്ഞത് ലോകത്തിലെ സകല മനുഷ്യർക്കും വേണ്ടിയാണ്. അങ്ങനെ പരിശുദ്ധ കന്യകാമറിയം നമ്മുടെ എല്ലാവരുടെയും അമ്മയായി. ആ അമ്മയെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോൾ നാം യേശുവിലേക്കാണ് ചെന്നെത്തുന്നത്. ലോകരക്ഷിതാവിന്റെ അമ്മയായ പരി. കന്യക മറിയത്തെ വണങ്ങുകയും ബഹുമാനിക്കുകയും ചെയ്യുകവഴി നാം യേശുവിലേക്ക് അടുക്കുകയാണ്. ആ അമ്മയോടു മാദ്ധ്യസ്ഥ്യം യാചിച്ച് പ്രാർത്ഥിക്കുന്നതു വഴി, അയോഗ്യരായ നാം നമുക്കാവശ്യമായ ദൈവ കൃപ നേടിയെടുക്കുകയാണ് ചെയ്യുന്നത്.

ലോകം മുഴുവൻ സ്തുതിച്ചു പാടുന്ന കന്യകാമറിയത്തിന്റെ ജീവചരിത്രത്തിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം. മാതാവിന്റെ ജനനം

മുതൽ സ്വർഗ്ഗാരോപണം വരെയുള്ള എല്ലാക്കാര്യങ്ങളും സുവിശേഷ ങ്ങളിൽ വിവരിച്ചിട്ടില്ല. കാരണം, സുവിശേഷങ്ങൾ എഴുതിയിരിക്കുന്നത് ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവും പരസ്യജീവിതവും മരണവും ഉയിർപ്പും വിശദീകരിക്കുന്നതിനും അതുവഴി മനുഷ്യവർഗ്ഗത്തെ ദൈവം എങ്ങനെ രക്ഷിച്ചു എന്നു കാണിക്കുന്നതിനുമാണ്. എന്നാൽ രക്ഷാകരചരിത്രത്തിൽ മറിയത്തിന്റെ സഹകരണം വ്യക്തമാക്കുന്ന കാര്യങ്ങൾ സുവിശേഷങ്ങളുടെ പല ഭാഗങ്ങളിൽ നമുക്കു കാണുവാൻ സാധിക്കും. യേശുവിന്റെ മനുഷ്യാ വതാരത്തിനു മുമ്പും ഉയിർപ്പിനു ശേഷവുമുള്ള കാര്യങ്ങൾ മനസ്സി ലാക്കുവാൻ നമുക്കു മറ്റു പുസ്തകങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അപ്രമാണിക പുസ്തകങ്ങൾ (അപ്പോക്രിഫാ ഗ്രന്ഥങ്ങൾ) നമ്മെ ഇതിനു സഹായിക്കുന്നു. അപ്പോക്രിഫാ ഗ്രന്ഥങ്ങളിലും മറ്റു പുസ്തക ങ്ങളിലും കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ വ്യത്യാസങ്ങൾ ഉള്ള തിനാലും അവയിൽ പറയുന്ന കാര്യങ്ങളെക്കുറിച്ച് അവ്യക്തത ഉള്ളതി നാലും സഭ അവയെ പ്രാമാണിക ഗ്രന്ഥങ്ങളായി അംഗീകരിച്ചിട്ടില്ല. വ്യത്യാസങ്ങളിൽ ഉദാഹരണത്തിനു യൗസേപ്പു പിതാവു മരിച്ചതു യേശുവിനു 15 വയസ്സുള്ളപ്പോഴാണെന്നും 26 വയസ്സുള്ളപ്പോഴാണെന്നും രണ്ടു വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. എന്നാൽ ഒരു കാര്യം നമുക്കു വ്യക്തമാകുന്നത് യൗസേപ്പുപിതാവ് യേശുവിന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനു മുമ്പ് മരണമടഞ്ഞെന്നാണ്. ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ നമ്മുടെ വിശ്വാസത്തിനു തടസ്സം നില്ക്കുന്നവയല്ല. ഏറ്റവും കൂടുതൽ അംഗീകാരം നേടിയിട്ടുള്ള വിവരണങ്ങളാണ് ഈ പുസ്തകത്തിൽ നല്കിയിരിക്കുന്നത്. ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങൾ യാക്കോബിന്റെ സുവിശേഷമെന്ന അപ്രമാണിക ഗ്രന്ഥത്തിൽനിന്നും അഞ്ചാമത്തെ അദ്ധ്യായം വി. യോഹന്നാന്റെ പേരിലറിയപ്പെടുന്ന പുസ്തകത്തിന്റെ ഗ്രീക്കു ഭാഷ്യത്തിൽ നിന്നുമാണ് എടുത്തിരിക്കുന്നത്.



*"നന്മ ചെയ്യുന്നതിലും*
*നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും*
*ഉപേക്ഷ വരുത്തരുത്.*
*അത്തരം ബലികൾ ദൈവത്തിന്*
*പ്രീതികരമാണ്."*
*(ഹെബ്രാ. 13:16)*

# 1. പരി. മറിയത്തിന്റെ മാതാപിതാക്കൾ

പരി. മറിയത്തിന്റെ പിതാവ് യോവാക്കീമും മാതാവ് അന്നയുമായിരുന്നു. ദാവീദു ഗോത്രജനായിരുന്ന യോവാക്കിമിന്റെ ജന്മനാട് പാലസ്തീനായിലെ നസ്രത്തും അഹറോന്റെ പുത്രിയും പുരോഹിത വംശജയുമായ അന്നയുടെ ജന്മനാട് ബേത്ലെഹെമും ആയിരുന്നു. അടിയുറച്ച ദൈവഭക്തിയും അനിതരസാധാരണമായ ജീവിത വിശുദ്ധിയുമുള്ള ഉത്തമ ദമ്പതികളായിരുന്നു യോവാക്കീമും അന്നയും. അവരുടെ അദ്ധ്വാനഫലമായുണ്ടാക്കിയ സ്വത്തിന്റെ മൂന്നിലൊരു ഭാഗം ദേവാലയാരാധനാവശ്യങ്ങൾക്കും മൂന്നിലൊന്ന് ദാനധർമ്മാദികൾക്കും ബാക്കി മൂന്നിലൊന്ന് സ്വന്തം ജീവിത ചെലവിനുമായി അവർ നീക്കിവച്ചിരുന്നു.

ഇരുപതു വർഷക്കാലം അവർക്ക് മക്കളില്ലായിരുന്നു. സന്താന സൗഭാഗ്യമില്ലാത്തവർ ദൈവത്താൽ ശപിക്കപ്പെട്ടവരാണെന്നായിരുന്നു അന്നത്തെ ഇസ്രായേൽക്കാരുടെ വിശ്വാസം. അതിനാൽ, യോവാക്കീമും അന്നയും മറ്റുള്ളവരുടെ നിന്ദാവാക്കുകളാൽ ധാരാളം സഹിക്കേണ്ടി വന്നു. ഒരിക്കൽ സമർപ്പണത്തിരുന്നാളിൽ തന്റെ സർവ്വകുടുംബ ത്തോടും സ്വജനങ്ങളോടും കൂടി കാഴ്ചയർപ്പിക്കുവാൻ ജറുസലേം ദേവാലയത്തിലേക്കുവന്ന യോവാക്കീമിനെ മഹാപുരോഹിതൻ പുച്ഛിച്ച് ഇപ്രകാരം പറഞ്ഞു : "സന്താന സൗഭാഗ്യമില്ലാത്ത നീ സന്താനങ്ങളാൽ അനുഗ്രഹീതരായവരോടൊപ്പം കാഴ്ചയർപ്പിക്കുവാൻ വരുന്നതെങ്ങനെ? സന്താനലബ്ധിയില്ലാത്തവനായി നിന്നെ വിധിച്ചിരിക്കുന്ന ദൈവം നിന്റെ കാഴ്ചകളെ സ്വീകരിക്കുകയോ അതിൽ പ്രീതനാവുകയോ ചെയ്യുകയില്ല. ആദ്യമേ നീ പോയി ദൈവത്തിൽ നിന്നുള്ള ഈ വിധിയിൽ നിന്ന് മോചനം നേടി സന്താനഭാഗ്യമുള്ളവനാകുക. അനന്തരം കാഴ്ചയർപ്പിക്കുവാൻ വരിക." അതികഠിനമായ ഈ വാക്കുകൾ കേട്ട യോവാക്കീം അപമാനിതനും അതീവ ദുഃഖിതനും ആയിത്തീർന്നു. തന്റെ ദുരവസ്ഥയിൽ മനം നൊന്ത് സ്വന്തം വീട്ടിലേക്ക് മടങ്ങാതെ വനാന്തരങ്ങളിലേക്ക് അവൻ ഓടിപ്പോയി. തന്നെ ആരും കാണുകയില്ല എന്നുറപ്പുള്ള അതിഘോരവനത്തിനുള്ളിൽ ഒരു കൂടാരം ഉണ്ടാക്കി. തന്റെ ദൈവം തന്നെ ദർശിക്കുന്നതുവരെ ജലപാനം പോലും നടത്തുകയില്ല എന്ന ദൃഢനിശ്ചയത്തോടുകൂടി നോമ്പും ഉപവാസവും പ്രാർത്ഥനയും ആരംഭിച്ചു. ഇങ്ങനെ നാല്പതു രാവും നാല്പതു പകലും യോവാക്കീം ചെലവഴിച്ചു.

*Ref: Apocryphal Gospel of the Protoevangelium of James*

ഈ അവസരത്തിൽ തന്റെ ഭർത്താവിനെ കാണാതെ വലിയ ദുഃഖത്തിലും വിലാപത്തിലും ആയിരുന്ന അന്നയെ അവളുടെ ദാസിപോലും പഴിക്കുകയും ശാപവാക്കുകളാൽ ശകാരിക്കുകയും ചെയ്തു. സഹിക്കവയ്യാതെ അന്ന വീടുവിട്ടിറങ്ങി അടുത്തുള്ള തോട്ടത്തിൽ പൻദീൻ വൃക്ഷത്തിന്റെ ചുവട്ടിൽ പോയിരുന്ന് ദുഃഖിച്ച് ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. "പിതാക്കൻമാരുടെ ദൈവമേ, എന്റെ മാതാവായ സാറായെ വാഴ്ത്തി അവൾക്ക് ഇസഹാക്കിനെ കൊടുത്തതുപോലെ എന്റെ പ്രാർത്ഥന കേട്ട് എന്നോട് കരുണ തോന്നണമേ."

അതേ സമയം ഏകാന്തധ്യാനത്തിൽ മുഴുകിയിരുന്ന യോവാക്കീം ഒരു വലിയ പ്രകാശം കണ്ട് ഞെട്ടി ഉണർന്നു. അവന്റെ മുമ്പിൽ ദൈവതേജസ്സുള്ള ദൂതൻ നിൽക്കുന്നതുകണ്ട് പരിഭ്രമിച്ചു. ദൂതൻ അവനോട് പറഞ്ഞു: "യോവാക്കീം നീ എന്നെ കണ്ട് സംഭ്രമിക്കേണ്ട. നിന്റെ പ്രാർത്ഥന ദൈവതിരുസന്നിധിയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്ന് നിന്നെ അറിയിക്കാൻ അയക്കപ്പെട്ട മാലാഖയാണ് ഞാൻ. നിന്റെ ഭാര്യയുടെ ഗർഭപാത്രം അടയ്ക്കപ്പെട്ടിരുന്നത്, അത് അത്ഭുതകരമായി തുറക്കാൻ വേണ്ടിയാണ്. അത് പാപത്തിന്റെ സന്തതിയെ പ്രസവിക്കാനുള്ളതല്ല. പിന്നെയോ, ദൈവത്തിന്റെ ദാനം ഉൾക്കൊള്ളാനുള്ളതാണ്. നിന്റെ ഭാര്യ അന്ന ഒരു പുത്രിയെ പ്രസവിക്കും. അവൾക്ക് മറിയം എന്ന് പേരിടണം. നീ ഇവിടെ നിന്ന് പുറപ്പെട്ട് ജറുസലേമിന്റെ സുവർണ്ണ വാതിൽക്കൽ (കാഞ്ചന കവാടം) എത്തുമ്പോൾ നിന്നെ കാണാതെ ദു:ഖിതയായിരിക്കുന്ന നിന്റെ ഭാര്യ അന്ന നിന്നെ എതിരേൽക്കും" ഇതു പറഞ്ഞിട്ട് മാലാഖ അവനെ വിട്ടുപോയി.

അനന്തരം വൃക്ഷചുവട്ടിൽ ദു:ഖിതയായിരുന്ന അന്ന വലിയൊരു പ്രകാശം കണ്ടു. ദൈവത്തിന്റെ മാലാഖ അവളുടെ മുമ്പിൽ നിന്ന് ഇപ്രകാരം പറഞ്ഞു: "അന്നാ, നീ ഭയപ്പെടേണ്ട ദൈവസന്നിധിൽ നിന്ന് അയക്കപ്പെട്ട ദൂതനാണ് ഞാൻ. നിന്റെ പ്രാർത്ഥനകളും കാഴ്ചകളും ദൈവം അംഗീകരിച്ചിരിക്കുന്നു. നീ ഗർഭംധരിച്ച് ഒരു പുത്രിയെ പ്രസവിക്കും. അവൾക്ക് മറിയം എന്ന് പേരിടണം. അവൾ സകല സ്ത്രീകളിലും വച്ച് അനുഗ്രഹിക്കപ്പെട്ടവളാകും. അവൾ ദൈവകൃപ കൊണ്ട് നിറയ്ക്കപ്പെടും. മൂന്ന്വയസ്സുവരെ മാതാപിതാക്കളോടുകൂടെ ജീവിച്ചശേഷം അവൾ ദേവാലയത്തിൽ വളരും. ഒരശുദ്ധിയിലും പെടാതെ ദൈവത്തെ സ്തുതിച്ചും ഉപവാസം, ജാഗരണം, പ്രാർത്ഥന എന്നിവയിൽ വ്യാപരിച്ചും അവൾ വളരും. പുരുഷനെ അറിയാത്ത കന്യകയായിക്കൊണ്ടു തന്നെ അവൾ ഒരു പുത്രനെ പ്രസവിക്കും. അവൻ ലോകരക്ഷിതാവു തന്നെ. നീ വേഗം പുറപ്പെട്ടുകൊള്ളുക. ജറുസലേമിന്റെ സുവർണ്ണ വാതിൽക്കൽ വച്ച് നീ നിന്റെ ഭർത്താവിനെ കാണും." ഇതു പറഞ്ഞിട്ട് മാലാഖ അവിടെ നിന്നുപോയി.

മാലാഖ പറഞ്ഞതുപോലെ ഇരുവരും ജറുസലേമിന്റെ സുവർണ്ണ വാതിൽക്കൽവച്ചു കണ്ടുമുട്ടി. വളരെ സന്തോഷത്തോടെ അവർ വീട്ടിലേക്ക് പോയി.



# 2. പരി. മറിയത്തിന്റെ ജനനവും ബാല്യവും

യോവാക്കീമും അന്നയും തങ്ങളുടെ കുടുംബത്തിൽ വിശ്വാസത്തോടും പ്രാർത്ഥനയോടുംകൂടി കഴിച്ചുകൂട്ടി. അന്ന ഗർഭിണിയായി. തനിക്കു ജനിക്കുവാൻ പോകുന്ന കുഞ്ഞിനുവേണ്ടി അവൾ സദാസമയവും ദൈവമുമ്പാകെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കാലം തികഞ്ഞപ്പോൾ അവൾ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. കുഞ്ഞിനെ പ്രസവിച്ചപ്പോൾ അന്നയ്ക്ക് തന്റെ വിശുദ്ധി നിമിത്തം ഒരു വേദനയും അനുഭവപ്പെട്ടില്ല. മറിച്ച് പാപമില്ലാത്തവളെ വഹിച്ചതിന്റെ ആനന്ദപാരവശ്യമനുഭവിച്ചു.

ഒൻപതാംദിവസം കുടുംബാംഗങ്ങളെല്ലാം യോവാക്കീമിന്റെ ഭവനത്തിൽ സമ്മേളിച്ചു. ദൂതൻ അറിയിച്ചപ്രകാരം യോവാക്കീം കുഞ്ഞിനു മറിയം എന്നുപേരിട്ടു. 80-ാം ദിവസം മോശയുടെ വിധിപ്രകാരം യോവാക്കിമും അന്നയും ജെറുസലെം ദേവാലയത്തിൽ പോയി സമർപ്പണം നടത്തി. മൂന്നുവയസ്സു തികയുമ്പോൾ ദേവാലയ ശുശ്രൂഷയ്ക്ക് കുഞ്ഞിനെ സമർപ്പിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്തു,

അന്നയുടെ മുലയൂട്ടി വളർത്തിയ കുഞ്ഞിനെ ശുശ്രൂഷിക്കുവാൻ നിർമ്മലരായ കന്യകമാരെ മാത്രമേ അനുവദിച്ചുള്ളു. കുട്ടിക്ക് ഒരു വയസ്സ് തികഞ്ഞപ്പോൾ യോവാക്കിം ബന്ധുജനങ്ങളെ വിളിച്ച് ഒരു വിരുന്ന് നടത്തി. മറിയത്തിന് മൂന്ന് വയസ്സ് തികഞ്ഞപ്പോൾ സ്വജാതിയിൽപ്പെട്ട വിശുദ്ധിയുള്ള കന്യകമാർ കുട്ടിയുടെ മുൻപിൽ തിരികൾ കത്തിച്ചുപിടിച്ച് ദേവാലയത്തിലേക്ക് കൂട്ടികൊണ്ടുപോയി. കുട്ടിയുടെ മാതാപിതാക്കളോടൊപ്പം അന്നയുടെ ഇളയ സഹോദരി എലിസബത്തും അവരുടെ കൂടെ ഉണ്ടായിരുന്നു. എലിസബത്തിന്റെ ഭർത്താവ് സഖറിയായും ആചാര്യന്മാരും മറ്റ് അന്തേവാസികളും ചേർന്ന് മറിയത്തെ സസന്തോഷം സ്വീകരിച്ച് ദൈവത്തെ സ്തുതിച്ചു. യോവാക്കിമും അന്നയും മറിയത്തെ ദൈവത്തിന് സമർപ്പിക്കുകയും നേർച്ചകാഴ്ചകൾ അർപ്പിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ട് സ്വഭവനത്തിലേക്ക് തിരികെ പോവുകയും ചെയ്തു.

ഒരു മാടപ്രാവിനെപ്പോലെ മറിയം ദേവാലയാന്തപ്പുരത്തിൽ പാർത്തു. അവിടുത്തെ വിശുദ്ധ സ്ത്രീകൾ അവളെ തുന്നൽ, നൂൽനൂൽപ്പ്, നെയ്ത്ത് തുടങ്ങിയവയും പ്രാർത്ഥനകൾ, ന്യായപ്രമാണങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയും അഭ്യസിപ്പിച്ചു.

മാലാഖമാരോട് സംഭാഷിച്ചും ദൈവികശ്രേഷ്ഠന്മാരിൽനിന്ന് അരുളപ്പാടുകൾ സ്വീകരിച്ചും വിശുദ്ധിയിൽ വളർന്നുവന്ന മറിയത്തിന് 12 വയസ്സ് ആകുന്നതിന് മുമ്പ് അവളുടെ മാതാപിതാക്കൾ മരണമടഞ്ഞു.

1. പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള സവിശേഷ പഠനവുമായി ബന്ധപ്പെട്ട ദൈവശാസ്ത്ര ശാഖ -

   മരിയൻ ശാസ്ത്രം അഥവാ മരിയോളജി.
2. പരി. കന്യകാ മറിയത്തിന്റെ ജനനത്തിരുനാൾ - സെപ്തംബർ 8
3. മറിയത്തിന്റെ സമർപ്പണത്തിരുന്നാൾ - നവംബർ 21
4. സ്ത്രീ സംജ്ഞകളിൽ ഏറ്റം ഉൽകൃഷ്ടമായ 'മറിയം' എന്ന വാക്കിന്റെ അർത്ഥം -

   സ്ത്രീ, രാജകുമാരി, നാഥ, സമുദ്രതാരം, സൗന്ദര്യം, പരിപൂർണ്ണ എന്നിവ
5. ഹെബ്രായ ഭാഷയിൽ മിറിയം എന്നും ഗ്രീക്കിൽ മറിയം എന്നും വിളിക്കുന്ന പദത്തിന്റെ ഇംഗ്ലീഷ് രൂപം - മേരി



## പ്രാർത്ഥന

ജന്മപാപമില്ലാതെ ഉത്ഭവിച്ച
പരിശുദ്ധ മറിയമേ
പാപികളുടെ സങ്കേതമേ!
ഇതാ നിന്റെ സങ്കേതത്തിൽ
ഞങ്ങൾ തേടി വന്നിരിക്കുന്നു.
ഞങ്ങളുടെമേൽ അലിവായിരുന്ന്
ഞങ്ങൾക്കുവേണ്ടി നിന്റെ തിരുക്കുമാരനോട്
പ്രാർത്ഥിച്ചുകൊള്ളണമേ.



# 3. പരി. മറിയവും വി. യൗസേപ്പും

മറിയത്തിന് പന്ത്രണ്ട് വയസ്സു തികഞ്ഞു. യഹൂദ പാരമ്പര്യ പ്രകാരം പെൺകുട്ടിക്ക് പ്രായപൂർത്തിയാകുന്നത് 12 വയസ്സ് തികയുമ്പോഴാണ്. ദേവാലയത്തിൽ അന്തേവാസികളായ പെൺകുട്ടികൾക്ക് പ്രായപൂർത്തിയായാൽ അവിടെ താമസിക്കുവാൻ അനുവാദമില്ല. മറിയത്തോടൊപ്പമുണ്ടായിരുന്ന പ്രായപൂർത്തിയായ കന്യകമാരെല്ലാം അവരുടെ മാതാപിതാക്കളോടൊപ്പം സ്വന്തം വീടുകളിലേക്ക് പോയി. എന്നാൽ കന്യാവ്രതത്തിനു സമർപ്പിക്കപ്പെടുകയും ദേവാലയത്തിലേക്ക് പരിപൂർണമായി ഏൽപ്പിക്കപ്പെടുകയും അനാഥയായിത്തീരുകയും ചെയ്ത ഏക കന്യകയായ മറിയം അവിടെത്തന്നെ ശേഷിച്ചു. മറിയത്തിന്റെ ഭാവിയെക്കുറിച്ചു മഹാപ്രധാനാചാര്യൻ ആകുലചിത്തനായി.

യഹൂദാചാരമനുസരിച്ച് 14 വയസ്സ് തികയുന്ന കന്യകയ്ക്ക് വിവാഹനിശ്ചയം നടത്തണമെന്നു നിർബന്ധമുണ്ട്. നിശ്ചയം കഴിഞ്ഞാൽ അതിനു മാറ്റം വരുത്താനും സാദ്ധ്യമായിരുന്നില്ല. വിവാഹനിശ്ചയത്തിനുശേഷം മൂന്നു വർഷത്തിനുള്ളിൽ വിവാഹം നടത്തിയാൽ മതിയാകും. നിശ്ചയത്തിനുശേഷം വിവാഹം വരെ പ്രതിശ്രുതവധു സ്വന്തം മാതാപിതാക്കന്മാരുടെകൂടെയോ വിവാഹം നിശ്ചയിക്കപ്പെട്ട പുരുഷന്റെ കൂടെയോ താമസിക്കുന്നതിന് സമുദായനിയമം അനുവദിച്ചിരുന്നു. എന്നാൽ വിവാഹശേഷം മാത്രമേ ഭാര്യഭർത്തൃബന്ധം അനുവദനീയമായിരുന്നുള്ളു. വിവാഹനിശ്ചയം കഴിഞ്ഞ സ്ത്രീപുരുഷൻമാരെ ഭാര്യാഭർത്താക്കന്മാർ എന്നാണ് വിളിച്ചിരുന്നത്.

മഹാപ്രധാനാചാര്യനും മഹാപുരോഹിതന്മാരും ആചാര്യന്മാരും മൂപ്പൻമാരും ജനപ്രമാണിമാരും ഒരുമിച്ചുചേർന്ന് മറിയത്തിന്റെ കാര്യത്തെക്കുറിച്ച് ആലോചിച്ചു. മഹാപുരോഹിതൻ ആണ്ടിലൊരിക്കൽ മാത്രം പ്രവേശിക്കുന്ന മഹാവിശുദ്ധസ്ഥലത്തു പ്രവേശിച്ച് ഇക്കാര്യം

---

*Ref: Apocryphal Gospel of the Protoevangelium of James*

സംബന്ധിച്ച് ദൈവത്തോട് ആലോചന നടത്തണമെന്നും ദൈവഹിത മനുസരിച്ചു പ്രവർത്തിക്കണമെന്നും അവർ തീരുമാനിച്ചു. അതനുസരിച്ച് പ്രാർത്ഥനാനിരതരായിരുന്ന ജനം പുറത്തുനിൽക്കുമ്പോൾ മഹാപുരോ ഹിതനായിരുന്ന സഖറിയാ ആരാധനാ വസ്ത്രങ്ങൾ ധരിച്ചു വിശുദ്ധ സ്ഥലത്തു പ്രവേശിച്ചു മറിയത്തിനു വേണ്ടി പ്രാർത്ഥിച്ചു. അപ്പോൾ കൃപാസനത്തിൽ നിന്നും ബലിപീഠത്തിൽനിന്നുമായി ഒരു അശരീരി ഉയർന്നത് എല്ലാവരും കേട്ടു: "കന്യകയ്ക്ക് വിവാഹനിശ്ചയം ചെയ്യുവിൻ". ദൈവത്തിന്റെ മാലാഖ മഹാപുരോഹിതനോട് ഇപ്രകാരം അറിയിച്ചു: "നീ ഇസ്രായേലിലെ വിഭാര്യന്മാരായ പുരുഷന്മാരെ എല്ലാവരെയും വിളിച്ചുവരുത്തണം. അവർ ഓരോരുത്തരും അവനവന്റെ വടി നിന്റെ അടുക്കൽവയ്ക്കണം. ആരുടെ വടിയിൽ ദൈവം അടയാളം കാണി ക്കുന്നുവോ ആ വടിയുടെ ഉടമസ്ഥന് കന്യകാമറിയത്തെ വിവാഹ നിശ്ചയം ചെയ്തു കൊടുത്ത് അവളെ അവന്റെ സംരക്ഷണയിൽ ആക്കണം."

ദൈവദൂതന്റെ അറിയിപ്പുപ്രകാരം ഈ വിവരം യഹൂദ ദേശത്താകെ വിളംബരം ചെയ്തു. അതിസുന്ദരിയും സൽഗുണ സമ്പന്നയും കറപുരളാത്ത ദൈവഭക്തയുമായ മറിയത്തെ ഭാര്യയായി ലഭിക്കുവാൻ അനേകം പേർ ആഗ്രഹിച്ചു. വിളംബരമനുസരിച്ച് യഹൂദദേശത്തുള്ള വിഭാര്യന്മാരായ പുരുഷന്മാരെല്ലാവരും ജറുസലെം ദേവാലത്തിൽ എത്തി ച്ചേർന്നു. പ്രധാന പുരോഹിതൻ ഓരോരുത്തരുടെയും വടികൾ വാങ്ങി ദേവാലയത്തിൽ വച്ചു പ്രാർത്ഥിച്ചതിനുശേഷം അവയുടെ ഉടമസ്ഥരെ ഏല്പിച്ചു. ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട യാക്കോബിന്റെ മകനും 'നീതിമാൻ എന്നു പേരുകേട്ടവനും' മരപ്പണിക്കാരനുമായിരുന്ന യൗസേ പ്പിന്റെ വടി തിരിച്ചേല്പിച്ചപ്പോൾ അതു പുഷ്പിക്കുകയും അതിൻമേൽ ഒരു പ്രാവ് പറന്നിറങ്ങി ഇരിക്കുകയും ചെയ്തു. കണ്ടുനിന്നിരുന്നവരെ ല്ലാം അത്ഭുതപ്പെട്ടു. ആ പ്രാവ് യൗസേപ്പിന്റെ തലയിൽ ചെന്നിരുന്നു. *(വി. യൗസേപ്പിന്റെ രൂപത്തിൽ കയ്യിൽ പിടിച്ചിരിക്കുന്ന പുഷ്പിച്ച വടി നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ.)*

മഹാപുരോഹിതൻ യൗസേപ്പിനോടു പറഞ്ഞു: "കർത്താവിന്റെ കന്യകയെ സ്വീകരിക്കുവാനുള്ള ഭാഗ്യം നിനക്കാണ് ലഭിച്ചിരിക്കുന്നത്; അവളുടെ സംരക്ഷണം ഏറ്റെടുക്കുക." എന്നാൽ അതിന് സമ്മതം നൽ കാതിരുന്നപ്പോൾ പുരോഹിതൻ യൗസേപ്പിനോടു പറഞ്ഞു: "നിന്റെ ദൈവമായ കർത്താവിനെ ഭയപ്പെടുക. ദാത്താൻ, അബീറാം, കോറഹ് എന്നിവരോട് അവിടുന്ന് പ്രവർത്തിച്ചതെങ്ങനെയെന്ന് ഓർക്കുക, അവരുടെ നിഷേധം നിമിത്തം എങ്ങനെ ഭൂമി പിളർന്ന് അവരെ വീഴുങ്ങിയെന്നും സ്മരിക്കുക. യൗസേപ്പേ, നിന്റെ ഭവനത്തിനും ഇങ്ങനെ സംഭവിക്കാതിരി

ക്കാൻ ദൈവത്തെ ഭയപ്പെടുക." യൗസേപ്പ് ഭയചകിതനായി. അവൻ പറഞ്ഞു: "ദൈവഹിതം അങ്ങനെയെങ്കിൽ അവളുടെ സംരക്ഷകൻ എന്ന നിലയിൽ ഞാൻ അവളെ സ്വീകരിച്ചു കൊള്ളാം." പുരോഹിതന്മാർ ആചാരപ്രകാരം മറിയത്തിന്റെയും യൗസേപ്പിന്റെയും വിവാഹനിശ്ചയം നടത്തി. മറിയം യൗസേപ്പിന്റെകൂടെ അവന്റെ ഭവനത്തിലേക്കുപോയി. അക്കാലത്ത് യൗസേപ്പിനു തന്റെ പണിക്കു പോകേണ്ടിയിരുന്നതിനാൽ അവൻ മറിയത്തോടു പറഞ്ഞു: "മറിയം, നിന്നെ ഞാൻ കർത്താവിന്റെ ആലയത്തിൽ നിന്നു സ്വീകരിച്ചു; ഇപ്പോൾ നിന്നെ എന്റെ ഭവനത്തിലാക്കി യിട്ട് ഞാൻ ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്കായി പോകുന്നു. താമസി യാതെ മടങ്ങിയെത്തും; അതുവരെ കർത്താവു നിന്നെ സംരക്ഷിച്ചു കൊള്ളും"

ഗലീലിയായിലുള്ള നസറത്തിൽ, യൗസേപ്പിന്റെ ഭവനത്തിൽ മറിയം തുന്നൽ, നൂൽനൂൽപ്പ് തുടങ്ങിയ ജോലികളോടോപ്പം വീട്ടുജോലികൾ ചെയ്തും പ്രാർത്ഥന, നോമ്പ്, ധ്യാനം, വിശുദ്ധഗ്രന്ഥ പാരായണം തുടങ്ങിയ ആത്മീയാനുഷ്ഠാനങ്ങൾ നടത്തിയും ജീവിച്ചുപോന്നു. *(Ref: Apocryphal Gospel of the Protoevangelium of James)*

അക്കാലത്ത് യൂദയായെ മുഴുവനും അമ്പരപ്പിച്ച ഒരു സംഭവം നടന്നു. ഗബ്രിയേൽ ദൈവദൂതൻ സഖറിയായ്ക്കു പ്രത്യക്ഷപ്പെട്ടതും തുടർന്ന് പുരോഹിതൻ സംസാരശക്തി നഷ്ടപ്പെട്ട് മൗനിയായിത്തീർന്നതും സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പും എലിസബത്ത് ഗർഭം ധരിച്ചതും വി.ലൂക്കാ എഴുതിയ സുവിശേഷം 1:5-25-ൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്.



*"ജ്ഞാനം നേടുന്നവനും*
*അറിവു ലഭിക്കുന്നവനും ഭാഗ്യവാനാണ്.*
*എന്തെന്നാൽ, അതുകൊണ്ടുള്ള നേട്ടം*
*വെള്ളിയെയും സ്വർണ്ണത്തെയുംകാൾ*
*ശ്രേഷ്ഠമാണ്."*

*(സുഭാഷിതങ്ങൾ 3:13-14)*

**കുറിപ്പ് :**

## ബൈബിൾ വിവർത്തന ഭാഷകളിലെ വ്യത്യാസം

ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രു, ഗ്രീക്ക്, അറമായ എന്നിവയിൽ നിന്നുള്ള വിവിധ വിവർത്തനങ്ങളാണ് ഗ്രീക്ക് സപ്തതി, തർഗും, പ്ശീത്ത, വുൾഗാത്ത എന്നിവ. ഇവയിൽ നിന്നാണ് മറ്റു ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ടത്.

സമ്പൂർണ്ണ ബൈബിളിന്റെ ആദ്യ മലയാള വിവർത്തനം പ്രസിദ്ധീകരിച്ചത് 1842 -ൽ കോട്ടയം സി.എം.എസ്. പ്രസ്സാണ്. പിന്നീട് മലബാറിന്റെ ഭാഷാരീതിയെ ഉപജീവിച്ച് ഗുണ്ടർട്ട് തയ്യാറാക്കിയ വിവർത്തനം 1889-ൽ പ്രകാശിതമായി. ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ 1910-ൽ സത്യവേദപുസ്തകം എന്ന പേരിൽ സമ്പൂർണ്ണ ബൈബിൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചു. 1935-ൽ മാണിക്കത്തനാർ സുറിയാനിയിൽനിന്ന് വിവർത്തനം ചെയ്ത പുതിയ നിയമപുസ്തകം കത്തോലിക്കർ കൂടുതലായി ഉപയോഗിച്ചുതുടങ്ങി. 1963-ൽ റവ. ഡോ. തോമസ് മൂത്തേടൻ ലത്തീൻ വുൾഗാത്തായും സുറിയാനി പെശീത്തായും ആധാരമാക്കി ബൈബിളിന്റെ സമ്പൂർണ്ണ വിവർത്തനം പ്രസിദ്ധീകരിച്ചു.

എറണാകുളത്തിനടുത്ത് പാലാരിവട്ടത്തുള്ള പി.ഒ.സി. കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 1977-ൽ പുതിയ നിയമവും 1981-ൽ സമ്പൂർണ്ണ ബൈബിളും പ്രസിദ്ധീകരിച്ചു. ഈ വിവർത്തനത്തിൽ പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത് ഗ്രീക്ക്, ലത്തീൻ, ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച്, ഇറ്റാലിയൻ എന്നീ ഭാഷകളിലുള്ള വിവർത്തനങ്ങളാണ്. കത്തോലിക്കർ ഉപയോഗിക്കുന്ന പി.ഒ.സി ബൈബിളിന്റേയും യാക്കോബായക്കാരും മറ്റു വിഭാഗങ്ങളും ഉപയോഗിക്കുന്ന ബൈബിൾ സൊസൈറ്റിയുടെ ബൈബിളിന്റേയും മൂലവിവർത്തനം വ്യത്യസ്തമായതിനാൽ പല പേരുകളുടെയും ഉച്ചാരണരീതിയിലും വ്യത്യസ്തതയുണ്ട്. അതിനുദാഹരണമായി ഏതാനും വാക്കുകൾ ചുവടെ കൊടുത്തിരിക്കുന്നു.

| യാക്കോബായക്കാർ ഉപയോഗിക്കുന്നവ | കത്തോലിക്കർ ഉപയോഗിക്കുന്നവ |
|---|---|
| യിസ്രായേൽ | ഇസ്രായേൽ |
| യെരുശലേം | ജറുസലേം |
| ശാമൂവേൽ | സാമുവേൽ |
| ഇയ്യോബ് | ജോബ് |
| മറിയാം | മറിയം |
| യൂനീഖാർ, യൂയാക്കിം | യോവാക്കിം |
| ഹന്ന | അന്ന |
| ദൈവാലയം | ദേവാലയം |
| ഗോഗുൽത്ത | ഗാഗുൽത്ത |
| സദൃശവാക്യങ്ങൾ | സുഭാഷിതങ്ങൾ |
| യോവേൽ | ജോയേൽ |
| മിഖാ | മിക്കാ |
| മലാഖി | മലാക്കി |
| സെഖര്യാവു | സക്കറിയ |
| ലൂക്കോസ് | ലൂക്കാ |



# 4. പരി. മറിയം കർത്താവിന്റെ അമ്മ

മറിയത്തിന് നൽകപ്പെട്ടിട്ടുള്ള എല്ലാ പ്രസാദവരങ്ങളുടെയും ആനുകൂല്യങ്ങളുടെയും മഹിമകളുടെയും ആകെത്തുകയും മകുടവുമാണ് അവളുടെ ദൈവമാതൃത്വം. സഖറിയായ്ക്ക് ഒരു പുത്രൻ ജനിക്കുമെന്ന് അറിയിച്ച് ആറുമാസം കഴിഞ്ഞപ്പോൾ ഗബ്രിയേൽ ദൂതൻ മറിയത്തിനു പ്രത്യക്ഷപ്പെട്ട് യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിച്ചു. "ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവു നിന്നോടുകൂടെ" എന്ന അഭിസംബോധനയോടെ മറിയത്തിന്റെ അടുത്തുവന്ന് മാലാഖ ദൈവത്തിന്റെ രക്ഷാകരപദ്ധതി അവളെ അറിയിക്കുന്നു. മറിയം പറഞ്ഞു: "ഇതാ, കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (മംഗളവാർത്തത്തിരുനാൾ തിരുസഭ ആഘോഷിക്കുന്നത് മാർച്ച് 25-ാം തീയതിയാണ്). ദൈവപുത്രനെ ഗർഭം ധരിച്ച മറിയം മാലാഖയിൽ നിന്നു വിവരം ലഭിച്ചതനുസരിച്ച് കുറച്ചു ദിവസങ്ങൾക്കുശേഷം തന്റെ ഇളയമ്മയായ എലിസബത്തിനെ സന്ദർശിക്കുന്നു. (സന്ദർശനത്തിരുന്നാൾ തിരുസഭ ആഘോഷിക്കുന്നത് മേയ് 31-ാം തീയതിയാണ്). തന്റെ മൂത്ത സഹോദരിയായ അന്നായുടെ മകളായ മറിയത്തെ എലിസബത്ത് വിളിച്ചത് "എന്റെ കർത്താവിന്റെ അമ്മ" എന്നാണ്. യേശുവിന്റെ ജനനത്തെക്കുറിച്ചിള്ള അറിയിപ്പ്, എലിസബത്ത് മറിയത്തെ സ്തുതിക്കുന്നത്, മറിയത്തിന്റെ സ്തോത്ര ഗീതം, സ്നാപക യോഹന്നാന്റെ ജനനം, സഖറിയായുടെ പ്രവചനഗീതം എന്നിവ വളരെ വിശദമായും മനോഹരമായും ലൂക്കാ 1:26-80-ൽ വിവരിച്ചിട്ടുണ്ട്.

കന്യാവ്രതത്തിനു സമർപ്പിക്കപ്പെട്ടിരുന്ന മറിയം താൻ അറിയാതെ ഗർഭിണിയായതെങ്ങനെയെന്ന ചിന്ത യൗസേപ്പിനെ അസ്വസ്ഥനാക്കുകയും വേദനിപ്പിക്കുകയും ചെയ്തു. മറിയത്തിനെ നിയമപരമായ ശിക്ഷയ്ക്കു വിട്ടുകൊടുത്ത് അവളെ അപമാനിതയാക്കുവാൻ ഇഷ്ടപ്പെടാതിരുന്ന നീതിമാനായിരുന്ന യൗസേപ്പ് അവളെ രഹസ്യമായി

ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കേ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് യൗസേപ്പിനോട് പറഞ്ഞു: ''അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്.” ഇക്കാര്യങ്ങൾ മത്തായി 1:18-24-ൽ നൽകിയിട്ടുണ്ട്.

ദൈവപുത്രൻ ജനിക്കേണ്ടത് ബേത്ലെഹെമിൽ ആയിരിക്കുമെന്ന മിക്കായുടെ പ്രവചനം (മിക്കാ 5:2) പൂർത്തീകരിക്കപ്പെട്ടു. നസറത്തിൽ താമസിച്ചിരുന്ന യൗസേപ്പും മറിയവും രാജകൽപന അനുസരിച്ച് ജനസംഖ്യാക്കണക്കെടുക്കുന്നതിനുള്ള പേരെഴുതിക്കൽ നടപടിക്ക് ബേത്‌ലെഹമിലേക്ക് പോകുകയും അവിടെ വച്ച് ഈശോയെ പ്രസവിക്കുകയും ചെയ്തു (ലൂക്കാ 2:1-31, മത്താ.2:1-23 വായിക്കുക).

രാജാധിരാജനായ ഈശോയെ പ്രസവിക്കുവാൻ ഒരു സ്ഥലം കിട്ടാതെ വിഷമിച്ചതും “നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറു” മെന്ന ശിമയോന്റെ പ്രവചനവും ഹേറോദേസിന്റെ വാളിൽനിന്നും കുഞ്ഞിനെ രക്ഷിക്കുവാൻ ഈജിപ്തിലേക്കുള്ള പാലായനവും മറിയത്തെ എത്രത്തോളം വ്യാകുലചിത്തയാക്കിയെന്ന് നമുക്ക് മനസ്സിലാക്കാം.

ഹേറോദേസിന്റെ മരണശേഷം ഈജിപ്തിൽനിന്നു തിരിച്ചുവന്ന തിരുക്കുടുംബം നസറത്തിൽ താമസിച്ചു. പിന്നീട് യേശുവിന്റെ 12 വയസ്സുവരെയുള്ള കാലഘട്ടത്തെ ലൂക്കാ സുവിശേഷകൻ ഒരു വാക്യത്തിൽ ചുരുക്കി എഴുതിയിരിക്കുന്നു. “ശിശു വളർന്നു. ജ്ഞാനം നിറഞ്ഞു ശക്തനായി; ദൈവത്തിന്റെ കൃപ അവന്റെമേൽ ഉണ്ടായിരുന്നു” (ലൂക്കാ 2:40).

പന്ത്രണ്ടാം വയസ്സിൽ ഈശോയെ ജറുസലേം ദേവാലയത്തിൽ വച്ച് കാണാതാകുന്നതും മറിയത്തിന്റെയും യൗസേപ്പിന്റെയും അന്വേഷണങ്ങളും മൂന്നാം ദിവസം ഈശോയെ കണ്ടെത്തുന്നതും ലൂക്കാ 2:41-52-ൽ വിവരിക്കുന്നു.

വിശുദ്ധ ഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്ന രക്ഷാകര ചരിത്രം അതേപടി ഇവിടെ വിവരിക്കുന്നില്ല. കാരണം, നാം വിശുദ്ധ ഗ്രന്ഥം വിശുദ്ധിയോടെ വായിക്കുമ്പോൾ അറിവു മാത്രമല്ല ദൈവാനുഗ്രഹവും ധാരാളമായി ലഭിക്കും.

രക്ഷകനായ യേശുവിന്റെ മനുഷ്യാവതാരത്തിനു മറിയത്തിന്റെ പങ്ക് എത്ര വലുതാണെന്നു മുകളിൽ പറഞ്ഞിരിക്കുന്ന ബൈബിൾ ഭാഗങ്ങൾ വായിക്കുമ്പോൾ മനസ്സിലാകുന്നതാണ്. അതുപോലെ തന്നെ പ്രതിസന്ധികളുടെയും പ്രതിബന്ധങ്ങളുടെയും നടുവിൽ പതറാതെ മറിയത്തിന്റെ

കന്യാവ്രതം കാത്തുസൂക്ഷിച്ച് കുഞ്ഞിനെയും അമ്മയെയും സംരക്ഷിച്ച് ദൈവപുത്രനായ ഉണ്ണിഈശോയെ വളർത്തിയ യൗസേപ്പുപിതാവിന്റെ മാഹാത്മ്യം എത്ര വലുതാണന്ന് നമുക്ക് മനസ്സിലാക്കാം. യൗസേപ്പു പിതാവ് ഈശോയുടെ പരസ്യജീവിതത്തിനു മുമ്പുതന്നെ അദ്ധ്വാന ഭാരത്താൽ രോഗബാധിതനായി മറിയത്തിന്റെയും ഈശോയുടെയും ശുശ്രൂഷകൾ ലഭിച്ച് ഭാഗ്യമരണം പ്രാപിച്ചു.

യൗസേപ്പുപിതാവിന്റെ മരണശേഷം യൗസേപ്പിന്റെ സഹോദരൻ ക്ലെയോപ്പായുടെ ഭാര്യ മറിയവും അവരുടെ നാല് പുത്രൻമാരുടെയുംമൂന്ന് പുത്രിമാരുടെയുംകൂടെ മറിയം താമസിച്ചു.

യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ കാനായിലെ കല്യാണവിരുന്നിൽ വച്ച് മറിയത്തിന്റെ അപേക്ഷ ശ്രവിച്ച് യേശു അത്ഭു തകരമായി വെള്ളം വീഞ്ഞാക്കി തന്റെ മഹത്വം വെളിപ്പെടുത്തിയത് യോഹന്നാൻ 2:1-12-ൽ വിവരിക്കുന്നു. തുടർന്ന് യേശുവിന്റെ പരസ്യ ജീവിതകാല സംഭവങ്ങളും കുരിശുമരണവും നാല് സുവിശേഷകരും വിവരിക്കുന്നുണ്ട്. യേശുവിന്റെ പീഡാനുഭവവേളയിൽ മറിയത്തിന്റെ സജീവ സാന്നിദ്ധ്യം സുവിശേഷകന്മാർ വ്യക്തമാക്കുന്നു. യേശുവിന്റെ മരണത്തിനു മുമ്പ് ശിഷ്യനായ യോഹന്നാനെ തന്റെ അമ്മയ്ക്കും അമ്മയെ യോഹന്നാനും ഏൽപ്പിച്ചുകൊടുക്കുന്നതായി യോഹ. 19:26-27-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഈശോ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പ് തന്റെ അമ്മയുടെ പക്കൽ വന്ന് വിടപറയുന്നതും ധാരാളം സംസാരിക്കുന്നതും മരിയ വാൾതോർത്തയുടെ ‘ദൈവമനുഷ്യന്റെ സ്നേഹഗീത’ എന്ന പുസ്തകം 16-ാം വാല്യത്തിൽ വിവരിക്കുന്നുണ്ട്.

യേശു ഉയർത്തെഴുന്നേറ്റതിന്റെ നാൽപതാം ദിവസം അത്ഭുതകര മായ മഹിമയോടും ജയത്തോടും കൂടി സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ശിഷ്യൻമാരോടൊപ്പം പരിശുദ്ധ കന്യകാമറിയവും ഉണ്ടായിരുന്നു. യേശു വിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ഭയചകിതരായിരുന്ന ശ്ലീഹന്മാരെ ഒന്നിച്ചു നയിക്കുന്നതിൽ മറിയം വഹിച്ച പങ്ക് സ്തുത്യർഹമാണ്. അപ്പസ്തോല പ്രവർത്തനങ്ങൾ 1:14-ൽ എഴുതിയിരിക്കുന്നു: “ഇവർ ഏക മനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റുസ്ത്രീകളോടും അവന്റെ സഹോദരൻമാരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു”. സെഹിയോൻ ഊട്ടുശാലയിൽ പന്ത്രണ്ട് അപ്പസ്തോലൻമാരും പരിശുദ്ധ കന്യകാമറിയവും പ്രാർത്ഥനാനിരതരായിരുന്നപ്പോഴാണ് പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായ പുത്രനായ ദൈവം പരിശുദ്ധാത്മാവിനെ അവരുടെമേൽ അയച്ചത്.

1. ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കപ്പെടണം എന്ന കല്പന പുറപ്പെടുവിച്ച റോമൻ ചക്രവർത്തി –

   അഗസ്റ്റസ് സീസർ

2. ദാവീദിന്റെ ഗോത്രം സ്ഥിതിചെയ്തിരുന്ന സ്ഥലം –

   ബേത്‌ലെഹെം

3. ജറുസലേമിൽനിന്ന് ബേത്‌ലെഹെമിലേക്കുള്ള ദൂരം –

   7. കി.മീ.

4. വി. യൗസേപ്പിനെ സാർവ്വത്രിക സഭയുടെ മദ്ധ്യസ്ഥൻ ആയി പ്രഖ്യാപിച്ചത് –

   1870 ഡിസംബർ 8–ന്, 9–ാം പീയൂസ് പാപ്പ

5. വി. യൗസേപ്പിനെ സഭയുടെ പിതാവായി പ്രഖ്യാപിച്ചത് –

   1889–ൽ, ലെയോ 13–ാം പാപ്പ

6. വി. യൗസേപ്പിനെ തിരുക്കുടുംബത്തിന്റെ കാവൽക്കാരനായി പ്രഖ്യാപിച്ചത് –

   1920–ൽ, 15–ാം ബെനഡിക്ട് പാപ്പ

7. വി. യൗസേപ്പിന്റെ സഹോദരനായ ക്ലെയോപ്പായുടെ മക്കളിൽ അപ്പസ്തോല സംഘത്തിൽ ഉൾപ്പെട്ടിരുന്നവർ –

   ശിമയോൻ, ചെറിയ യാക്കോബ്, യൂദാ തദേവൂസ്.



# 5. മറിയത്തിന്റെ സ്വർഗ്ഗാരോപണം

പന്തക്കുസ്തായ്ക്കുശേഷം പരിശുദ്ധ കന്യകാമറിയം താമസിച്ചിരുന്നത് വിശുദ്ധ യോഹന്നാനോടുകൂടെ ജറുസലേമിലായിരുന്നു. മാതാവിന്റെ ശുശ്രൂഷകരായി കുറച്ച് കന്യകമാരുമുണ്ടായിരുന്നു. മാതാവ് ദിവസേന യേശുവിന്റെ തിരുക്കല്ലറ സന്ദർശിച്ച് പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഇനി കല്ലറയിൽ വന്നാൽ മാതാവിനെ കൊല്ലുമെന്നും ശരീരം ദഹിപ്പിക്കുമെന്നും യഹൂദർ ഭീഷണിപ്പെടുത്തി. കർത്താവിന്റെ ശ്ലീഹന്മാർ എല്ലാവരും സുവിശേഷ പ്രവർത്തനത്തിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോയിക്കഴിഞ്ഞിരുന്നതിനാൽ സഹായത്തിന് ആരും തന്നെ ഇല്ലാത്ത അവസ്ഥയായി.

*(പ്രത്യേക ശ്രദ്ധയ്ക്ക്: ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗങ്ങൾ എടുത്തിരിക്കുന്നത് വി. യോഹന്നാന്റെ പേരിൽ അറിയപ്പെടുന്ന അപ്രമാണിക ഗ്രന്ഥത്തിന്റെ ഗ്രീക്കു ഭാഷ്യത്തിൽ നിന്നും പിന്നീടുള്ളവ മറ്റു കയ്യെഴുത്തു പ്രതികളിൽ നിന്നുമാണ്)*

ഒരു ദിവസം ഗബ്രിയേൽ മാലാഖ മറിയത്തിന് പ്രത്യക്ഷപ്പെട്ട് അറിയിച്ചതനുസരിച്ച് മാതാവ് മൂന്ന് കന്യകമാരോടുകൂടി ബേത്‌ലഹെമിലേയ്ക്കു പോയി. അവിടെ അവൾ നിരന്തരം പ്രാർത്ഥനയിലും ധ്യാനത്തിലും മുഴുകിയിരുന്നു. ഒരു വെള്ളിയാഴ്ച മറിയം വളരെ ക്ഷീണിതയായി കാണപ്പെട്ടു. യോഹന്നാനെ കാണുവാൻ അവൾ ആഗ്രഹിച്ചു. ഈ സമയം എഫേസോസിലായിരുന്ന യോഹന്നാനെ പരിശുദ്ധാത്മാവ് അറിയിച്ചു: "നിന്റെ കർത്താവിന്റെ അമ്മ ഈലോകവാസം വിട്ടുപിരിയാൻ പോകുന്നു. വേഗം ബേത്‌ലഹെമിലെ വീട്ടിലെത്തി അവളെ കാണുക." യോഹന്നാൻ ബേത്‌ലഹെമിലേയ്ക്കു പോകുവാൻ തയ്യാറായപ്പോൾ ഒരു മേഘം താണുവന്ന് അവനെ വഹിക്കുകയും മിന്നൽ വേഗത്തിൽ ബേത്‌ലെഹമിലെ ഭവനത്തിൽ എത്തിക്കുകയും ചെയ്തു. അവനെ കണ്ട് മാതാവ് അത്യധികം സന്തോഷിച്ചു. മാതാവ് പറഞ്ഞതനുസരിച്ച് യോഹന്നാൻ ധൂപം വച്ച് പ്രാർത്ഥിച്ചു.

പ്രാർത്ഥനാനന്തരം മറിയം യോഹന്നാനെ അരികിൽ വിളിച്ച് ഇടറിയ സ്വരത്തിൽ പറഞ്ഞു: "നിന്റെ ഗുരു എന്നോട് പറഞ്ഞിട്ടുള്ളതുപോലെ സകലവും നിവൃത്തിയായിരിക്കുന്നു. അവൻ പറഞ്ഞിട്ടുള്ള അടയാളങ്ങളും സംഭവിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേററ മിശിഹായും മാലാഖമാരുടെ മഹാസംഘവും ഞാൻ മരിക്കുന്നതിനു മുമ്പ് എന്റെ സമീപത്തു വരുമെന്നു പറഞ്ഞിട്ടുള്ളത് ഞാൻ ദിവ്യാനന്ദത്തോടെ പ്രതീക്ഷിക്കുന്നു". മറിയം വിതുമ്പിക്കരഞ്ഞു. അതുകണ്ട് യോഹന്നാനും കരഞ്ഞു. ആ ശിഷ്യൻ തൂവാലകൊണ്ട് മാതാവിന്റെ കണ്ണുനീർ തുടച്ചു.

ഇതിനകം പരിശുദ്ധാത്മാവിൽ നിന്ന് സന്ദേശം ലഭിച്ച കർത്താവിന്റെ ശ്ലീഹൻമാർ വിവിധ ദേശങ്ങളിൽ നിന്ന് പുറപ്പെടാൻ ഒരുങ്ങിയപ്പോൾ മിശിഹാ പ്രകാശത്തിന്റെ മേഘങ്ങളിൽ ഓരോരുത്തർക്കും സ്വർഗ്ഗീയ രഥങ്ങൾ അയച്ചുകൊടുത്തു. മാലാഖമാരാൽ വഹിക്കപ്പെട്ട സ്വർഗ്ഗീയ രഥങ്ങളെ പരിശുദ്ധാത്മാവ് വായുമണ്ഡലത്തിൽ കൂടി ബേത്‌ലഹെമി ലേക്ക് അതിവേഗം നയിച്ചു. പൗലോസും മറ്റു ശ്ലീഹൻമാരും ബേത്‌ലഹെ മിൽ എത്തിച്ചേർന്നതിനു ശേഷം പരിശുദ്ധ മറിയത്തിന്റെ അടുത്തുവന്ന് പാദങ്ങളിൽ ചുംബിച്ചു.

പത്രോസിന്റെ നേതൃത്വത്തിൽ ശ്ലീഹന്മാർ ധൂപം വച്ചു പ്രാർത്ഥിച്ചു. ഈ സമയം ആകാശത്തിൽ ഇടിമുഴക്കമുണ്ടായി. മാതാവ് കിടന്നിരുന്ന മുറിയിൽ സുഗന്ധ പരിമളവും പ്രകാശവും പരന്നു. ബേത്‌ലഹെമിലുണ്ടാ യിരുന്നവരെല്ലാം അത്ഭുതകരമായ ഈ കാഴ്ചകൾ കാണുകയും ജറുസലെമിലെത്തി എല്ലാവരെയും അറിയിക്കുകയും ചെയ്തു. അനേകം പേർ വന്ന് മറിയത്തെ വന്ദിക്കുകയും ആ ഭാഗ്യവതിയിൽ നിന്നു ജനിച്ച മിശിഹായിൽ വിശ്വസിക്കുകയും ചെയ്തു. നിരവധി രോഗികൾ സൗഖ്യം പ്രാപിക്കുകയും വിവിധ അത്ഭുതങ്ങൾ നടക്കുകയും ചെയ്തു. ഇതെല്ലാം കേട്ടറിഞ്ഞ് ക്രുദ്ധരായ യഹൂദരും ആചാര്യന്മാരും വിളറിപിടിച്ച് ബേത്‌ല ഹെമിലെത്തി മാതാവിനെതിരേ ജനങ്ങളെ സംഘടിപ്പിച്ചു. മറിയത്തെ എത്രയും വേഗം നശിപ്പിച്ചില്ലെങ്കിൽ അവളുടെ അത്ഭുതസിദ്ധിയാൽ ജനം അങ്ങോട്ടേക്ക് ആകർഷിക്കപ്പെടുമെന്നും അത് തങ്ങൾക്ക് ഭീക്ഷണിയാകു മെന്നും അവർ കണക്കാക്കി. ഗവർണർ യഹൂദരുടെ നിർബന്ധത്തിനു വഴങ്ങി സഹസ്രാധിപനെ ബേത്‌ലഹെമിലേക്കയച്ചു.

ഇതേ സമയം പരിശുദ്ധാത്മാവ് അരുളിചെയ്തതനുസരിച്ച് ശ്ലീഹന്മാർ മാതാവിനെ കിടക്കയോടെ വെളിയിലിറക്കി. പെട്ടന്ന് ഒരു മേഘത്താൽ അവർ മാലാഖമാരുടെ ഗാനാലാപങ്ങളോടെ ദേശമൊക്കെയും സുഗന്ധം വീശിക്കൊണ്ട് സംവഹിക്കപ്പെട്ട് ജറുസലെമിൽ പരിശുദ്ധകന്യകയുടെ ഭവനത്തിൽ എത്തിക്കപ്പെട്ടു. അഞ്ചു ദിവസത്തേയ്ക്ക് അവൾ എഴുന്നേറ്റു

നിന്ന് ഇടതടവില്ലാതെ ദൈവസ്തുതികൾ ആലപിച്ചുകൊണ്ടിരുന്നു. മാതാവും ശ്ലീഹന്മാരും അത്ഭുതകരമായി ജറുസലെമിലെത്തിയെന്നും ധാരാളം ജനങ്ങൾ മാതാവിനോട് പ്രാർത്ഥിക്കുന്നുവെന്നും മനസ്സിലാക്കിയ യഹൂദർ പുരോഹിതരോടൊപ്പം വിറകും തീയുമെടുത്ത് കൊണ്ട് മറിയത്തിന്റെ ഭവനം ദഹിപ്പിക്കുന്നതിനായി പുറപ്പെട്ടു. ഗവർണർ ഇത് അകലെ നിന്ന് കാണുന്നുണ്ടായിരുന്നു. യഹൂദജനം വാതിൽക്കൽ എത്തിയപ്പോൾ, പെട്ടെന്ന് വീടിനുള്ളിൽ നിന്ന് മാലാഖമാരുടെ പ്രവർത്തനത്താൽ അഗ്നി പുറപ്പെട്ട് ആ യഹൂദരെ ദഹിപ്പിച്ചു. പട്ടണത്തിൽ മുഴുവൻ ഭയമുളവായി; അവളിൽ നിന്ന് ജനിച്ച ദൈവത്തെ എല്ലാവരും മഹത്വപ്പെടുത്തി.

സംഭവിച്ചതുകണ്ട ഗവർണർ ജനത്തോട് വിളിച്ചു പറഞ്ഞു: “നിങ്ങൾ പുറത്താക്കുവാൻ ശ്രമിച്ച കന്യകയിൽ നിന്നു ജനിച്ചവൻ സത്യമായും ദൈവപുത്രനാണ്; കാരണം, ഇത് തീർച്ചയായും സത്യദൈവത്തിന്റെ അടയാളമാണ്.” യഹൂദർക്കിടയിൽ ചേരിതിരിവുണ്ടായി; സംഭവിച്ച അടയാളങ്ങൾ നിമിത്തം അനേകർ കർത്താവീശോമിശിഹായുടെ നാമത്തിൽ വിശ്വസിച്ചു.

കർത്താവിന്റെ ദിവസമായ ഞായറാഴ്ച മാതാവ് ശ്ലീഹന്മാരോട് പറഞ്ഞു: “ധൂപം ഒരുക്കുവിൻ; കാരണം, മാലാഖമാരുടെ വ്യൂഹത്തോടു കൂടെ, ക്രോവേന്മാരുടെ സിംഹാസനത്തിലിരുന്ന് മിശിഹാ വരുന്നു.” ശ്ലീഹന്മാർ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അസംഖ്യം സൈന്യങ്ങളോടും ഉഗ്രപ്രതാപത്തോടും കൂടെ കർത്താവ് പ്രത്യക്ഷപ്പെട്ടു. അവിടത്തേയ്ക്കു മുമ്പേ പോയിരുന്ന പ്രകാശവലയം, ഏകജാതന്റെ ആഗമന സൂചകമായി പരിശുദ്ധ കന്യകയുടെമേൽ വന്നിരുന്നതായി കാണപ്പെട്ടു. സ്വർഗ്ഗീയ ശക്തികളെല്ലാം അവന്റെ മുമ്പിൽ സാഷ്ടാംഗം വീണ് ആരാധിച്ചു.

കർത്താവ് അവിടുത്തെ അമ്മയെ വിളിച്ചു: “മറിയം”, അവൾ വിളി കേട്ടു. “കർത്താവേ, ഇതാ ഞാൻ.” കർത്താവ് അവളോട് അരുൾചെയ്തു: “ദു:ഖിക്കേണ്ടാ; നിന്റെ ഹൃദയം ആഹ്ലാദിക്കുകയും സന്തോഷിക്കുകയും ചെയ്യട്ടെ; കാരണം, എന്റെ പിതാവ് എനിക്കു നൽകിയിരിക്കുന്ന മഹത്വം ദർശിക്കുവാനുള്ള കൃപ നിനക്ക് ലഭിച്ചിരിക്കുന്നു.” പരിശുദ്ധ മാതാവ് കണ്ണുകളുയർത്തി നോക്കിയപ്പോൾ, മനുഷ്യഹൃദയങ്ങൾക്കു മനസ്സിലാക്കുവാനോ വാക്കുകളാൽ വിവരിക്കുവാനോ അസാധ്യമായ അവിടത്തെ മഹത്വം അവൾ ദർശിച്ചു. അവളുടെ അടുത്തുനിന്ന് കർത്താവ് അരുളിചെയ്തു: “ഇപ്പോൾ നിന്റെ അമൂല്യശരീരം പറുദീസയിലേക്ക് സംവഹിക്കപ്പെടും; നിന്റെ ആത്മാവ് സ്വർഗ്ഗത്തിൽ അത്യുജ്ജ്വലപ്രഭയിൽ എന്റെ പിതാവിന്റെ നിക്ഷേപങ്ങളുടെ കൂടെ, സമാധാനത്തിലും മാലാഖമാരുടെ ആഹ്ലാദത്തിലും സംരക്ഷിക്കപ്പെടും.”

മറിയം കർത്താവിനോട് പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ, കർത്താവ് അവിടുത്തെ അമ്മയോട് അരുളിചയ്തു: "നിന്റെ ഹൃദയം ആഹ്ലാദിക്കുകയും സന്തോഷിക്കുകയും ചെയ്യട്ടെ, കാരണം സ്വർഗ്ഗസ്ഥനായ പിതാവും ഞാനും പരിശുദ്ധാത്മാവും എല്ലാ കൃപകളും ദാനങ്ങളും നിനക്കു നൽകുവാൻ മനസ്സായിരിക്കുന്നു. നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഒരാത്മാവിനും ലജ്ജിക്കേണ്ടിവരില്ല; പ്രത്യുത, അവർ ഈ ലോകത്തിലും പരലോകത്തിലും സ്വർഗ്ഗീയപിതാവിന്റെ സന്നിധിയിലും കരുണയും ആശ്വാസവും, സഹായവും ആത്മവിശ്വാസവും പ്രാപിക്കും."

കർത്താവ് തിരിഞ്ഞ് പത്രോസിനോട് അരുളിചെയ്തു: "സ്തുതിഗീതം ആലപിക്കുവാനുള്ള സമയമായിരിക്കുന്നു". പത്രോസ് സ്തുതിയുടെ കീർത്തനം ആരംഭിച്ചപ്പോൾ, സ്വർഗ്ഗീയ ശക്തികൾ ഹല്ലേലൂയ പാടി. അപ്പോൾ കർത്താവിന്റെ അമ്മയുടെ മുഖം പ്രകാശത്തെക്കാൾ ശോഭിച്ചു. കർത്താവ് തന്റെ നിർമ്മലമായ കരങ്ങൾ നീട്ടി പരിശുദ്ധവും കളങ്കരഹിതവുമായ അവളുടെ ആത്മാവിനെ സ്വീകരിച്ചു.

അവളുടെ നിഷ്കളങ്ക ആത്മാവ് വേർപെട്ടപ്പോൾ ആ സ്ഥലം മുഴുവൻ സുരഭില പരിമളത്താലും അവർണ്ണനീയ പ്രകാശത്താലും നിറഞ്ഞു; സ്വർഗ്ഗത്തിൽനിന്ന് ഇങ്ങനെയൊരു സ്വരവും കേട്ടു: "നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു.'' പത്രോസും പൗലോസും യോഹന്നാനും ഓടിയെത്തി, വിശുദ്ധീകരണം പ്രാപിക്കാനായി അവളുടെ വിശിഷ്ട പാദങ്ങൾ ചുംബിച്ചു.

ശ്ലീഹന്മാർ അവളുടെ ശരീരം ശയ്യയിൽ കിടത്തി സംവഹിച്ചു ഗത്സേമനിയിലെ പുതിയ കല്ലറയിൽ നിക്ഷേപിച്ചു. സംസ്കാരത്തിനു ശേഷം ശ്ലീഹന്മാർ സൈത്തുപർവതത്തിലേക്കു മടങ്ങിപ്പോയി.

*(ശ്രദ്ധിക്കുക: ഇതുവരെയുള്ള വിവരങ്ങൾ വി. യോഹന്നാന്റെ പേരിൽ അറിയപ്പെടുന്ന അപ്രമാണിക ഗ്രന്ഥത്തിന്റെ ഗ്രീക്കു ഭാഷ്യത്തിൽ നിന്നും തുടർന്നുള്ളവ മറ്റു കയ്യെഴുത്തു പ്രതികളിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഇവ സഭയുടെ പ്രാമാണിക ഗ്രന്ഥത്തിൽ നിന്നുള്ളവയല്ല.)*

ദൈവപുത്രന് മാംസരക്തങ്ങൾ നൽകിയ പരിശുദ്ധകന്യകാ മറിയത്തിന്റ ശരീരത്തിനു മറ്റു ശരീരങ്ങൾക്കെന്നപ്പോലെ ദ്രവത്വം സംഭവിക്കരുതെന്ന് കർത്താവ് ആഗ്രഹിച്ചു. കബറിടത്തിങ്കൽ അടക്കം ചെയ്യപ്പെട്ട ദിവ്യജനനിയുടെ മൃതശരീരത്തിലേക്കു മിശിഹാ ജീവൻ തിരിച്ചു കൊടുത്തു. ആ ദിവ്യശരീരം പ്രകാശത്തിന്റെ രഥത്തിൽ വയ്ക്കപ്പെട്ട് പറുദീസായിലേക്കാനയിക്കപ്പെട്ടു.

മാതാവിന്റെ ജീവിതാന്ത്യത്തെക്കുറിച്ചുള്ള അറിയിപ്പ് ഇന്ത്യയിലേക്കു യാത്ര പുറപ്പെട്ടിരുന്ന തോമാശ്ലീഹായ്ക്ക് പരിശുദ്ധാത്മാവ് വഴി ലഭിച്ചെങ്കിലും മറ്റു ശ്ലീഹന്മാരോടൊപ്പം മാതാവിന്റെ അന്ത്യവേളയിൽ ജറുസലെമിലെത്താൻ സാധിച്ചില്ല. *(തോമാശ്ലീഹ ഇന്ത്യയിലേക്കുള്ള യാത്രയിൽ പാർത്ഥ്യാ, മേഡിയാ, പേർസ്യാ, എന്നീ രാജ്യങ്ങളിൽ സുവിശേഷവേല ചെയ്ത് വർഷങ്ങൾക്ക് ശേഷമാണ് ഇന്ത്യയിലെത്തിയത്).*

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആകാശ മേഘങ്ങളിൽ വഹിക്കപ്പെട്ട് യാത്രചെയ്യവേ സൈത്തുപർവ്വതത്തിന്റെ മുകളിലെത്തിയപ്പോൾ ആകാശവീഥിയിൽ വലിയ ആരവവും മാലാഖമാരുടെ ഹല്ലേലൂയാ സ്തുതികളും കേട്ട് തോമാശ്ലീഹാ അമ്പരന്നു!. മാതാവിനെ പറുദീസയിലേക്ക് മാലാഖമാരാൽ സംവഹിക്കപ്പെടുന്ന കാഴ്ചയാണ് കാണുന്നതെന്ന് പരിശുദ്ധാത്മാവിൽനിന്നും മനസ്സിലാക്കിയ തോമാശ്ലീഹാ ഉറക്കെപ്പറഞ്ഞു: "മാലാഖമാരേ, അല്പം നിൽക്കണേ. എന്റെ ഗുരുവിന്റെ വത്സലമാതാവിനെ ഞാൻ ഒന്ന് ദർശിച്ചുകൊള്ളട്ടെ." തോമാശ്ലീഹയുടെ ശബ്ദം കേട്ടമാത്രയിൽ അഗ്നിരഥം ആകാശത്തിൽ നിർത്തപ്പെട്ടു. വാനമേഘങ്ങളാൽ വഹിക്കപ്പെടുന്ന തോമാശ്ലീഹാ മാതാവിനെ വഹിച്ചിരുന്ന രഥത്തിന് സമീപത്തെത്തി. പരിശുദ്ധ മാതാവിനെ ചുംബിച്ചതിനുശേഷം പറഞ്ഞു: "കണ്ടാലും, എന്റെ നാഥന്റെ അമ്മയെ കാണാനുള്ള ഭാഗ്യം എനിക്കുണ്ടായല്ലോ. ഭാഗ്യവതിയായ അമ്മേ, നിനക്ക് മഹത്വം. മാതാവ് ആനന്ദചിത്തയായി തോമാശ്ലീഹായെ ആശീർവ്വദിച്ചു. ഈശോ പറഞ്ഞു: "തോമായേ, നീ ഭാഗ്യവാനാകുന്നു. നീ കണ്ട മഹത്വത്തിന്റെ വിവരങ്ങൾ നിന്റെ കൂട്ടുകാരെ അറിയിക്കുക." ശ്ലീഹന്മാർ വിശ്വസിക്കേണ്ടതിന് ഒരടയാളം ചോദിച്ച തോമായ്ക്ക് പരിശുദ്ധ അമ്മയുടെ അങ്കിമേൽ കെട്ടിവച്ചതും ശ്ലീഹന്മാർ ചുംബിച്ചതുമായ അരക്കച്ച (സൂനോറോ) അഴിച്ച് നൽകി. അനന്തരം മാതാവിനെ വഹിച്ചിരുന്ന അഗ്നിരഥം സ്വർഗ്ഗീയ സേനകളുടെ അകമ്പടിയോടെ പറുദീസായിലേക്ക് എടുക്കപ്പെട്ടു.

തോമാശ്ലീഹാ മേഘങ്ങളിൽ സംവഹിക്കപ്പട്ട് സൈത്തുപർവ്വതത്തിൽ കാത്തിരുന്ന മററു ശ്ലീഹന്മാരുടെ സമീപത്തെത്തി. ആകാശമദ്ധ്യേ മാതാവിനെ കണ്ടകാര്യം മറ്റു ശ്ലീഹന്മാർ വിശ്വസിച്ചില്ല. അവർ തോമസിനെ ഗത്സേമിനിയിലുള്ള കല്ലറയിൽ കൊണ്ടുപോയി. തോമസിനെ മാതാവിന്റെ അനുഗ്രഹം പ്രാപിക്കുന്നതിനുമായി അവർ കബറിടം തുറന്നു. എന്നാൽ അത് ശൂന്യമായി കാണപ്പെട്ടു. എല്ലാവരും വിസ്മയഭരിതരായി. മാതാവിന്റെ ശരീരത്തിൽനിന്ന് ലഭിച്ച സൂനോറോ തോമാശ്ലീഹ അവരെ കാണിച്ചപ്പോൾ എല്ലാവരും വിശ്വസിക്കുകയും കമിഴ്ന്നുവീണ് പരിശുദ്ധ അമ്മയുടെ അരക്കച്ചയെ ചുംബിക്കുകയും അവളെ ശരീരത്തോടെ

പറൂദീസയിലേക്ക് എടുത്ത ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. പിന്നീട് മേഘരഥങ്ങളിൽ കയറിവന്ന ശ്ലീഹന്മാർ ഓരോരുത്തരും അവരവർ വന്ന സ്ഥലങ്ങളിലേക്ക് തിരിച്ചുപോയി.

(തമിഴ്നാട്ടിലെ മൈലാപ്പൂരിൽവച്ച് കൊല്ലപ്പെട്ട തോമാശ്ലീഹായുടെ തിരുശേഷിപ്പ് പിന്നീട് ഉറഹായിലേക്ക് കൊണ്ടുപോയിരുന്നു. 1852 ഏപ്രിൽ മാസത്തിൽ അന്ത്യോക്യയിലെ പാത്രിയർക്കീസ് ബാവ പുരാതന രേഖകൾ പരിശോധിച്ചപ്പോൾ മാതാവ് തോമാശ്ലീഹായ്ക്ക് നൽകിയ സൂനോറൊയെക്കുറിച്ച് വിവരം ലഭിക്കുകയും ബാവയുടെ കല്പന പ്രകാരം ഹോംസിലെ ദേവാലയത്തിന്റെ ത്രോണോസ് പൊളിച്ച് അതിൽ ഒരു ശിലാപേടകത്തിൽനിന്നു സൂനോറൊയും തോമാശ്ലീഹായുടെ അസ്ഥി സ്ഥാപിച്ചിരുന്ന കുഴലും ലഭിച്ചു. 1965–ൽ സൂനോറൊയുടെ കുറച്ച് ഭാഗം ഇന്ത്യയിലേക്ക് കൊണ്ടുവരികയും 1982 ഫെബ്രുവരി 26–ാം തീയതി അതിന്റെ ഒരംശം മണർകാട് വി. മർത്താമറിയം യാക്കോബായ സുറിയാനി പള്ളിയിൽ സ്ഥാപിക്കുകയും ചെയ്തു എന്ന് പ്രസ്തുത പള്ളിയുടെ ചരിത്രരേഖകളിൽ കാണുന്നു)

1. പരിശുദ്ധ അമ്മയുടെ മരണത്തെക്കുറിച്ച് സഭയുടെ ആദ്യകാലത്ത് പറഞ്ഞിരുന്നത് –

   മറിയത്തിന്റെ നിദ്ര, സ്വർഗ്ഗയാത്ര, കടന്നുപോക്ക്, ഗൃഹാഗമനം

2. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിന് തെളിവായി വി. ജോൺ ഡെമിഷിൻ ഉദ്ധരിക്കുന്ന ചരിത്രം –

   എവുന്തിമായിക് ചരിത്രം

3. മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചത് –

   1950 നവംബർ 1–ാം തീയതി 12–ാം പീയൂസ് മാർപ്പാപ്പ.

# II

# പരി. മറിയം സഭാപ്രബോധനങ്ങളിൽ

**6. ദൈവ മാതാവ്**

**7. അമലോത്ഭവ മാതാവ്**

**8. കന്യക മാതാവ്**

**9. സ്വർഗ്ഗാരോപിത മാതാവ്**

**10. മാതാവിന്റെ മാദ്ധ്യസ്ഥ്യം**

**(മദ്ധ്യസ്ഥയും സഹരക്ഷകയും വരപ്രസാദപൂർണ്ണയും)**

**11. പരി. മറിയം സഭയുടെ മാതാവും മാതൃകയും പ്രതീകവും**

ലോകരക്ഷകനായ ദൈവപുത്രനെ നമുക്കായി സമ്മാനിക്കാൻ ദൈവത്തോട് സഹകരിച്ച മനുഷ്യവ്യക്തിയാണ് പരിശുദ്ധ കന്യകാ മറിയം. ചരിത്രത്തിൽ ജീവിക്കുന്ന ക്രിസ്തുവാണ് സഭ. സഭയുടെ സ്ഥാപന ദിവസമായ പന്തക്കുസ്താ ദിനത്തിൽ പരിശുദ്ധ അമ്മയുടെ നേതൃത്വത്തിലാണ് ശിഷ്യന്മാർ പ്രാർത്ഥിച്ചതും പരിശുദ്ധാത്മാവിനെ സ്വീകരിച്ചതും. ഓരോ ക്രൈസ്തവന്റെയും ആദ്ധ്യാത്മിക മാതാവാണ് പരിശുദ്ധ കന്യകാമറിയം. പന്ത്രണ്ടാം പീയുസ് മാർപാപ്പ പറയുന്നു: "ശിരസ്സായ ക്രിസ്തുവും ശരീരമായ സഭയും തമ്മിൽ കൂട്ടിയിണക്കുന്ന കഴുത്താണ് മറിയം."

രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖപ്പെടുത്തിയിരിക്കുന്നു: "പരിശുദ്ധ അമ്മ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും വണങ്ങപ്പെടുകയും ചെയ്യുമ്പോൾ അതിലുപരി പുത്രൻ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ആരാധിക്കപ്പെടുകയും മഹത്വീകൃതമാക്കപ്പെടുകയും ചെയ്യും" (തിരുസഭ 8:66). രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പതിനാറ് പ്രമാണ രേഖകളിൽ ആദ്യപ്രമാണരേഖയായ 'തിരുസഭ'യുടെ 8-ാം അദ്ധ്യായം-"ക്രിസ്തുവിന്റെയും സഭയുടെയും രഹസ്യത്തിൽ ദൈവ മാതാവായ പരി. കന്യകാമറിയത്തിനുള്ള സ്ഥാനം"- പ്രത്യേകമായി മറിയത്തിന്റെ മാഹാത്മ്യത്തെ എടുത്തുകാണിക്കുന്നു.

കത്തോലിക്കാ വിശ്വാസികളും യാക്കോബായ വിശ്വാസികളും ഒരിക്കലും മറിയത്തെ ആരാധിക്കുന്നില്ല. മറിച്ച്, അവളെ ബഹുമാനിക്കുകയും വണങ്ങുകയും മാത്രമേ ചെയ്യുന്നുള്ളൂ. ആരാധന ദൈവത്തിനു മാത്രമുള്ളതാണ്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ മറിയത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: "തന്റെ പുത്രന്റെ അമ്മയായിരിക്കാൻ ദൈവം ഹവ്വായുടെ സന്താനപരമ്പരയിൽ നിന്നു കന്യകാമറിയത്തെ തെരഞ്ഞെടുത്തു. ദൈവകൃപ നിറഞ്ഞവളായ അവൾ, രക്ഷാകർമ്മത്തിന്റെ അത്യുത്തമഫലമാണ്. ഉദ്ഭവത്തിന്റെ ആദ്യനിമിഷം മുതൽ, മറിയം ഉദ്ഭവപാപമാലിന്യത്തിൽനിന്നു പരിപൂർണ്ണ വിമുക്തയായി പരിരക്ഷിക്കപ്പെട്ടു. ജീവിതകാലം മുഴുവൻ വ്യക്തിപരമായ എല്ലാ പാപങ്ങളിൽ നിന്നും അവൾ വിമുക്തയായിരുന്നു" (CCC 508).

പരിശുദ്ധ മാതാവിനെക്കുറിച്ച് കത്തോലിക്കാസഭ ചില വിശ്വാസ സത്യങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ട്. ദൈവം വെളിപ്പെടുത്തിയ സത്യങ്ങൾ സഭയുടെ പ്രബോധനാധികാരമുപയോഗിച്ച് പ്രഖ്യാപിക്കുന്നതാണ് വിശ്വാസ സത്യങ്ങൾ അഥവാ ഡോഗ്മകൾ. ദൈവം ഒരിക്കലും സൈദ്ധാന്തികമായ പ്രസ്താവനകൾ നടത്തുന്നില്ല. ദൈവം വെളിപ്പെടുത്തിയ സത്യങ്ങളുടെ പിന്നീടുള്ള വ്യാഖ്യാനവും സ്പഷ്ടമായ വിവരണവുമാണ് വിശ്വാസസത്യങ്ങളായി നൽകപ്പെടുക. സൃഷ്ടിയിലും ചരിത്രത്തിലുമുള്ള ഇടപെടലുകളിലൂടെയാണ് ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുക. ദൈവത്തിന്റെ ഈ ആവിഷ്കാരത്തെ മാനുഷിക ഭാഷകളിലേയ്ക്ക് മൊഴിമാറ്റം ചെയ്യേണ്ടിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിലൂടെയും ദൗത്യത്തിലൂടെയും ദൈവം ആവിഷ്കരിക്കുന്ന രക്ഷയുടെ സന്ദേശമാണ് എല്ലാ ക്രൈസ്തവ വിശ്വാസ സത്യങ്ങളും. നൂറ്റാണ്ടുകളായി സഭ വിശ്വസിച്ചുപോന്ന സത്യങ്ങളുടെ വ്യാഖ്യാനവും നിർവചനവുമാണ് ഔദ്യോഗിക പ്രഖ്യാപനത്തിലൂടെ നടത്തുന്നത്. മറിയം ദൈവത്തിന്റെ അമ്മയാണെന്നും അവൾ നിത്യകന്യകയാണെന്നും അമലോത്ഭവയാണെന്നും സ്വർഗ്ഗാരോപിതയെന്നും കത്തോലിക്കാസഭ വിശ്വാസസത്യമായി പ്രഖ്യാപിച്ചിട്ടുണ്ട്.

സഭയുടെ പ്രബോധനങ്ങൾക്ക് ദൃശ്യവും അദൃശ്യവുമായ അംഗീകാരം സ്വർഗ്ഗത്തിൽനിന്നു ലഭിക്കുന്നുണ്ട്. ദൃശ്യമായ അംഗീകാരത്തിന് ഉദാഹരണമാണ് മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി 1854 ഡിസംബർ 8 -ാം തിയതി ഒൻപതാം പീയൂസ് മാർപാപ്പ പ്രഖ്യാപിച്ച് നാലു വർഷം കഴിഞ്ഞപ്പോൾ 1858 മാർച്ച് 25-ാം തീയതി ദൈവമാതാവ് ലൂർദ്ദിൽ ബർണദീത്തയ്ക്ക് പ്രത്യക്ഷപ്പെട്ട് 'ഞാൻ അമലോത്ഭവയാണ്' എന്നു പറഞ്ഞത്.



## 6. ദൈവ മാതാവ് (തിരുനാൾ : ജനുവരി 1)

ദൈവവും മനുഷ്യനുമായ ക്രിസ്തുവിന്റെ അമ്മയാണ് മറിയം. അതിനാൽ മറിയത്തെ ദൈവമാതാവ് എന്നുവിളിക്കുന്നു. "കന്യകാ മറിയം... യഥാർത്ഥത്തിൽ ദൈവത്തിന്റെയും രക്ഷകന്റെയും അമ്മയായി അംഗീകരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നു" (CCC. 963).

രക്ഷാകരകർമ്മത്തിലുള്ള മറിയത്തിന്റെ ഭാഗഭാഗിത്വം അടങ്ങിയിരിക്കുന്നത് ദൈവമാതൃത്വത്തിലാണ്. പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തി മനുഷ്യനായി അവതരിച്ച ദൈവസുതനായ ക്രിസ്തുവാണെന്നും, പരിശുദ്ധ കന്യകാമറിയം ആ ദൈവസുതന് തന്നിലൂടെ ഈ ഭൂമിയിൽ ജന്മം നൽകിയതുകൊണ്ട് ദൈവമാതാവാണെന്നും ഉള്ള വിശ്വാസമാണ് ദൈവമാതൃത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മറിയത്തിന്റെ ഇളയമ്മയായ എലിസബത്ത് അവളെ അഭിസംബോധന ചെയ്തത് "കർത്താവിന്റെ അമ്മ" (ലൂക്കാ 1:43) എന്നു പറഞ്ഞാണ്. മറിയത്തെ സംബന്ധിച്ച തിരുസഭയുടെ ആദ്യത്തെ വിശ്വാസസത്യവും മറിയം ദൈവമാതാവ് ആകുന്നു എന്നതാണ്.

1. പരിശുദ്ധ മറിയത്തിനു സംസിദ്ധമായ വരങ്ങളിൽവച്ച് ഏറ്റവും ശ്രേഷ്ഠമായത് - ദൈവമാതൃത്വം
2. ക്രൈസ്തവ ചിന്തയിൽ മറിയത്തിന്റെ ദൈവമാതൃത്വത്തെക്കുറിച്ചുള്ള വിശ്വാസം രൂപംകൊണ്ടത് - ഒന്നാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ
3. മറിയത്തെ 'ദൈവമാതാവ്' എന്ന് ആദ്യമായി വിളിച്ച സഭാധികാരി– റോമിലെ മെത്രാനായിരുന്ന ഹിപ്പോളിറ്റസ് (170–235)
4. ദൈവമാതാവ് എന്ന പദപ്രയോഗം സഭയിൽ പൂർണ്ണമായും അംഗീകരിക്കപ്പെട്ടത് - വി. അത്തനാസിയോസിന്റെ കാലം മുതൽ (295–373)
5. മറിയത്തിന്റെ ദൈവമാതൃത്വം ഒരു വിശ്വാസസത്യമായി സഭ പ്രഖ്യാപിച്ചത് - 431 ജൂൺ 22-ാം തീയതി എഫേസോസ് സാർവ്വത്രിക സൂനഹദോസിൽവച്ച്.

6. ദൈവമാതൃത്വത്തിനെതിരായ നെസ്തോറിയനിസം എന്ന അബദ്ധ സിദ്ധാന്തം എന്താണ്?

യേശുവിൽ ദൈവആളും മനുഷ്യആളും ഉണ്ടെന്നും കന്യകാമറിയം മനുഷ്യനായ യേശുവിന്റെ അമ്മ മാത്രമാണെന്നും ദൈവമായ യേശുവിന്റെ അമ്മയല്ലെന്നുമുള്ള പ്രബോധനമാണ് നെസ്തോറിയ നിസം ഈ അബദ്ധസിദ്ധാന്തം പ്രചരിപ്പിച്ചത് കോൺസ്ററാന്റി നോപ്പിളിലെ മെത്രാപ്പോലീത്തയായ നെസ്തോറിയൂസായിരുന്നു. അതിനാൽ ഇതിനെ 'നെസ്തോറിയനിസം' എന്നു വിളിക്കുന്നു.

7. നെസ്തോറിയനിസത്തിനെ എതിർത്തുകൊണ്ടുള്ള എഫേസോസ് സൂനഹദോസിന്റെ ദൈവമാതൃത്വത്തെക്കുറിച്ചുള്ള നിർവ്വചനം –

"എമ്മാനുവേൽ യഥാർത്ഥത്തിൽ ദൈവമാണെന്നും തൽക്കാരണ ത്താൽ പരിശുദ്ധ കന്യക യഥാർത്ഥത്തിൽ ദൈവത്തിന്റെ അമ്മ യാണെന്നും വിശ്വസിച്ച് ഏറ്റുപറയാത്തവൻ തിരസ്കൃതനാകട്ടെ".

8. മറിയത്തിന്റെ ദൈവമാതൃത്വത്തെപ്പറ്റി എഫേസോസ് സൂനഹദോസ് നൽകിയ നിർവ്വചനം ആവർത്തിച്ചിട്ടുള്ള സൂനഹദോസുകൾ –

കാൽസിഡോൺ (451), രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ (553), മൂന്നാം കോൺസ്റ്റാന്റിനോപ്പിൾ (680), മൂന്നാം ലാറ്ററൻ (1179) രണ്ടാം വത്തി ക്കാൻ (1962–65)

9. പരിശുദ്ധ മറിയത്തെ ദൈവമാതാവായി അംഗീകരിക്കാത്തവർ ദൈവത്തിൽനിന്നും വേർപെട്ടവരാണ് എന്നു പറഞ്ഞത് – ഗ്രിഗറി നസിയാൻസൻ

10. ദൈവമാതൃത്വത്തെ തെളിയിക്കുന്ന വിശുദ്ധഗ്രന്ഥഭാഗങ്ങൾ – ഏശയ്യ 7:14, മിക്ക 5:2, മത്താ. 1:16, 1:20, 12:46, 13:55, ലൂക്കാ 1:35, 1:43, 2:6, ഗലാ.4:4.

11. ദൈവമാതൃത്വത്തെക്കുറിച്ച് മാർട്ടിൻ ലൂഥർ പറയുന്നത് –

'മറിയം യഥാർത്ഥത്തിൽ മനുഷ്യകുലത്തിന്റെ മാതാവ് എന്നു മാത്ര മല്ല വിളിക്കപ്പെടേണ്ടത്, മറിച്ച് ദൈവമാതാവെന്നുകൂടിയാണ്... മറിയം സത്യദൈവത്തിന്റെ മാതാവാണെന്നതിൽ സംശയത്തിനിടയില്ല.'

12. മറിയത്തിന്റെ ദൈവമാതൃത്വത്തിനു സുഗ്രഹവും സാരഗർഭവുമായ വ്യാഖ്യാനം നൽകിയത് : വി. തോമസ് അക്വിനാസ് (1225 –1274)

13. മാതാവിന്റെ ദൈവമാതൃത്വത്തെപ്പറ്റി പറയുന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഡിക്രി : ജനതകളുടെ പ്രകാശം–എട്ടാം അദ്ധ്യായം

14. വാസുലായ്ക്ക് ഈശോ വെളിപ്പെടുത്തിയതും എഴുതിവയ്ക്കാൻ പറഞ്ഞതുമായ ദൈവമാതാവിനെക്കുറിച്ചുള്ളഭാഗം–

"എന്റെ അമ്മയെ പരിത്യജിക്കുന്നവരേ ഞാൻ ആഹ്വാനം ചെയ്യുന്നു. ചെവി തുറന്ന് കേൾക്കുക. എന്റെ അമ്മ സ്വർഗ്ഗത്തിൽ രാജ്ഞിയാണ്– ദൈവമാതാവ് എന്നറിയപ്പെടുകയും ചെയ്യുന്നു". *(ദൈവത്തിലുള്ള യഥാർത്ഥജീവിതം Vol. 3)*



# 7. കന്യകാ മാതാവ് (മറിയത്തിന്റെ നിത്യ കന്യകാത്വം)

മറിയത്തിന്റെ കന്യകാത്വം ഒരു വിശ്വാസസത്യമായി അപ്പസ്തോലികകാലം മുതൽ അംഗീകരിച്ചുപോന്നതാണ്. എ.ഡി. 553-ലെ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ മറിയം നിത്യകന്യകയാണെന്നു സ്ഥിരീകരിച്ചു. അനേകം പഠനങ്ങൾക്കു ശേഷം എ.ഡി. 649-ലെ ലാറ്ററൻ കൗൺസിലിൽ വച്ച് വി. മാർട്ടിൻ ഒന്നാമൻ മാർപ്പാപ്പ മറിയത്തിന്റെ നിത്യകന്യകാത്വം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ മറിയത്തെ അഭിസംബോധന ചെയ്യുന്നത് 'നിത്യകന്യക'യെന്നും 'അമ്മ'യെന്നുമാണ്. ഈശോ 'കന്യകാമറിയത്തിൽ നിന്നു ജനിച്ചുവെന്ന്' വിശ്വാസപ്രമാണത്തിൽ നാം പ്രഖ്യാപിക്കുന്നുണ്ട്. കന്യകാഗർഭധാരണം ക്രിസ്തുവിന്റെ ദൈവപുത്രസ്ഥാനത്തിന് തെളിവാണ്. മറിയം പുത്രനെ ഗർഭംധരിക്കുന്നതിനുമുമ്പും ഗർഭധാരണ സമയത്തും പ്രസവാവസരത്തിലും അതിനുശേഷവും കന്യകയായിരുന്നുവെന്നതിനാൽ അവളെ സഭ നിത്യകന്യകയെന്നു വിളിക്കുന്നു.

മറിയത്തിന്റെ പൂർണ്ണകന്യകാത്വത്തിൽ ശാരീരികവും ആത്മീയവുമായ കന്യകാത്വം ഉൾച്ചേർത്തിരിക്കുന്നു. കന്യകാത്വത്തെ ദൈവത്തോടുള്ള സമ്പൂർണ്ണ സമർപ്പണമായിട്ടാണ് സഭാപിതാക്കന്മാർ മനസ്സിലാക്കിയിരിക്കുന്നത്. മറിയത്തിന്റെ കന്യകാത്വത്തെ മൂന്ന് ഘടകങ്ങളായിട്ടാണ് വ്യാഖ്യാനിക്കുക.

ന്റിനോപ്പിൾ

**a. പ്രസവത്തിന് മുൻപുള്ള കന്യകാത്വം :**

യേശുവിനെ പ്രസവിക്കുന്നതിനുമുമ്പ് മറിയം കന്യകയായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന വിശുദ്ധഗ്രന്ഥഭാഗങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്

*i)* "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" (മത്താ.1:22). യേശുവിന്റെ ജനനത്തെക്കുറിച്ച് ഏശയ്യാ പ്രവാചകൻ വഴി ദൈവം

അരുളി ചെയ്തത് വി. മത്തായി ഇവിടെ ആവർത്തിച്ചുറപ്പിക്കുന്നു.

*ii)* "ആറാം മാസം ഗബ്രിയേൽ ദൂതൻ ഗലീലിയിൽ നസറത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നുപേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു" (ലൂക്കാ 1:26-27).

*iii)* മറിയം ദൂതനോട് പറഞ്ഞു: "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ. ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവത്തിന്റെ പുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1: 34-35).

*iv)* "അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ് " (മത്താ 1:20).

**b. പ്രസവാവസരത്തിലെ കന്യകാത്വം:**

മറിയം പരിശുദ്ധാവിനാൽ ഗർഭം ധരിച്ചതുപോലെ അവൾ പ്രസവിച്ചതും ആത്മാവിന്റെ അദ്ഭുതകരമായ പ്രവർത്തനഫലമായിട്ടാണ്. പ്രസവവേളയിലും മറിയത്തിന്റെ കന്യാചർമ്മം ഭേദിക്കപ്പെട്ടില്ല എന്നാണ് പല സഭാപിതാക്കന്മാരും അഭിപ്രായപ്പെട്ടിരുന്നത്. എന്നാൽ ആധുനിക ദൈവശാസ്ത്രജ്ഞന്മാർ പൂർണ്ണകന്യകാത്വത്തിന് ഭംഗം വരാതെ മറിയം സ്വാഭാവിക രീതിയിൽത്തന്നെ പ്രസവിച്ചതായി കരുതുന്നു. കാരണം, അത്ഭുതകരമായൊരു പ്രസവത്തെക്കുറിച്ച് വി. ഗ്രന്ഥത്തിൽ സൂചനയൊന്നുമില്ല.

പ്രൊട്ടസ്റ്റന്റ് നേതാവായിരുന്ന ഉൾറിച്ച് സ്വിൻഗ്ലിയുടെ പ്രസ്താവന ഇവിടെ പ്രസക്തമാണ്: "നമുക്കായി ദൈവപുത്രനുജന്മം നൽകിയ നിർമ്മല കന്യകാമറിയം, ശിശുവിന്റെ ജനനത്തിലും അതിനുശേഷവും കളങ്കമറ്റ കന്യകയായിത്തന്നെ തുടർന്നു എന്ന് സുവിശേഷത്തിലെ വാക്കുകൾക്കനുസൃതം ഞാൻ ദൃഢമായി വിശ്വസിക്കുന്നു."

**c. പ്രസവാനന്തരകന്യകാത്വം**

മറിയം ഗർഭധാരണത്തിനുശേഷവും യേശുവിനെ പ്രസവിച്ചതിനുശേഷവും, കന്യകയായിരുന്നുവെന്നും അവൾ നിത്യകന്യകയാണെന്നും കത്തോലിക്കസഭ പഠിപ്പിക്കുന്നു. പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ നെടുനായകത്വം വഹിച്ച മാർട്ടിൻ ലൂഥർ പ്രസ്താവിച്ചു: "മറിയം കർത്താവിന്റെ അമ്മയാണെന്നും, അമ്മ ആയതിനുശേഷവും കന്യകയാണെ

ന്നുള്ളത് ഒരു വിശ്വാസസത്യമാണ്".

ബൈബിൾ വാക്യങ്ങളുടെ പ്രയോഗശൈലിയും അതു രേഖപ്പെടുത്തപ്പെട്ട പശ്ചാത്തലവും അപഗ്രഥിച്ച് വിലയിരുത്താതെ വെറും വാച്യാർത്ഥത്തിൽ മാത്രം കാണുകയും ദൈവവിശ്വാസികൾക്ക് ഇടർച്ചയുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യുന്ന അനേകം പേർ നമ്മുടെ ഇടയിൽത്തന്നെ ഉണ്ട്. അങ്ങനെ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതിന്റെ ഭാഗമാണ് താഴെ കൊടുക്കുന്ന വാക്യങ്ങൾ ഉപയോഗിച്ച് മറിയത്തിന് വേറെയും മക്കളുണ്ടായിരുന്നുവെന്ന ചിലരുടെ  പ്രസംഗങ്ങൾ.

i) "പുത്രനെ പ്രസവിക്കുന്നതുവരെ ജോസഫ് അവളെ അറിഞ്ഞില്ല" (മത്താ 1:25):

അതിനുശേഷം അറിഞ്ഞു എന്നാണ് ഈ വാക്യം അർത്ഥമാക്കുന്നതെന്ന് ചിലർ തെറ്റായി വ്യാഖ്യാനിക്കുന്നു. യേശുവിന്റെ കന്യകാജനനത്തെയും മറിയം ഗർഭം ധരിച്ചതിൽ ജോസഫിന് യാതൊരു പങ്കുമില്ലായെന്ന വസ്തുതയെയും സ്ഥാപിക്കുകയാണ് സുവിശേഷകന്റെ ലക്ഷ്യം. ഇതിനുതുല്യമായി ഒരു പ്രയോഗം ഉത്പത്തി 8:6-7 ൽ കൊടുത്തിരിക്കുന്നു: "നാൽപതുദിവസം കഴിഞ്ഞപ്പോൾ നോഹ പെട്ടകത്തിൽ താനുണ്ടാക്കിയിരുന്ന കിളിവാതിൽ തുറന്ന്, ഒരു മലങ്കാക്കയെ പുറത്തുവിട്ടു. വെള്ളം വറ്റുവോളം അത് അങ്ങുമിങ്ങും പറന്നുനടന്നു." വെള്ളം വറ്റിയതിനുശേഷം അത് പെട്ടകത്തിലേക്ക് തിരിച്ചുവന്നുവെന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല,

**ii) "അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു"** (ലൂക്കാ 2:6) :

മോശയുടെ നിയമമനുസരിച്ച് ആദ്യജാതനെ ദേവാലയത്തിൽ കൊണ്ടുചെന്ന് കാഴ്ചവയ്ക്കണമെന്ന പതിവിനെക്കുറിച്ച് വായനക്കാരെ ധരിപ്പിക്കുകയാണ് ഇവിടെ സുവിശേഷകന്റെ ലക്ഷ്യം. യേശു ജനിച്ചതിനുശേഷം വേറെ മക്കളുണ്ടായിരുന്നുവെന്ന് ഇതിൽനിന്ന് അർത്ഥമാക്കുന്നില്ല.

**iii) യേശുവിന്റെ സഹോദരന്മാരെയും സഹോദരിമാരെയും പറ്റിയുള്ള പരാമർശം** (മത്താ. 12:46-50, മർക്കോ. 6:3, യോഹ. 7:3-10) :

നമ്മുടെ പിതാവിന്റെയോ മാതാവിന്റെയോ സഹോദരീ-സഹോദരരുടെ മക്കൾ നമ്മുടെ സഹോദരങ്ങളാണ് എന്നതുപോലെ യേശുവിനും സഹോദരീ സഹോദരന്മാർ ഉണ്ടായിരുന്നു. അപ്രമാണികഗ്രന്ഥമായ യാക്കോബിന്റെ സുവിശേഷത്തിൽ എഴുതിയിരിക്കുന്നു: "യൗസേപ്പിന്റെ മരണശേഷം മറിയം താമസിച്ചത് യൗസേപ്പിന്റെ സഹോദരൻ ക്ലെയോ

പ്പായുടെ ഭാര്യ മറിയവും നാലു പുത്രന്മാരും മൂന്ന് പുത്രിമാരും സഹോദരന്മാരായ യാക്കോബ്, ശെമയോൻ, യൂദാ എന്നിവരുമൊത്താണ്" എന്ന്. ഇത് തെളിയിക്കപ്പെട്ടിട്ടില്ലെങ്കിലും നമുക്ക് മനസ്സിലാകുന്ന ഒരു വസ്തുത യേശുവല്ലാതെ മറിയത്തിന് വേറെ മക്കളുണ്ടായിരുന്നില്ല എന്നതാണ്. യേശുവിന് 12 വയസ്സാകുന്നതുവരെ മറിയത്തിന് വേറെ മക്കളില്ലായിരുന്നുവെന്നതിന് തെളിവാണ് ലൂക്കാ 2:41–52–ൽ കാണുന്നത്. പെസഹാത്തിരുനാളിന് ജോസഫും മറിയവും ജറുസലേമിൽ പോയപ്പോൾ യേശു മാത്രമേ കൂടെയുണ്ടായിരുന്നുള്ളു. വേറെ മക്കളുണ്ടായിരുന്നെങ്കിൽ അവിടെ പ്രതിപാദിക്കാതിരിക്കില്ല. യേശുവിന്റെ മരണം വരെ മറിയത്തിന് വേറെ മക്കളുണ്ടായിരുന്നില്ല എന്നതിനു തെളിവാണ് യോഹന്നാൻ 19:25 –27–ൽ കാണുന്നത്. മറിയത്തിനു വേറെ മക്കൾ ഉണ്ടായിരുന്നെങ്കിൽ കുരിശിൻ ചുവട്ടിൽ നിന്ന തന്റെ അമ്മയെ യോഹന്നാന് ഏല്പിച്ചുകൊടുക്കുകയില്ലായിരുന്നു.

മുകളിൽ കൊടുത്തിരിക്കുന്നവയിൽ നിന്ന് മറിയത്തിന് യേശുവല്ലാതെ വേറെ മക്കളുണ്ടായിരുന്നില്ലെന്നും മറിയം നിത്യകന്യകയായിരുന്നെന്നും വ്യക്തമാകുന്നു.

1. മറിയം 'നിത്യകന്യക' എന്ന പദം ആദ്യമായി ഉപയോഗിച്ചത് –

   വി. അത്തനാസിയോസ്

2. പരിശുദ്ധ മറിയം നിർമ്മലയായ കന്യകയാണെന്ന് പറയുകയും പഠിപ്പിക്കുകയും എഴുതുകയും ചെയ്ത ആദിമസഭയിലെ പിതാക്കന്മാർ –

   അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്, ഏഥൻസിലെ അരിസ്റ്റഡസ്, വി. അത്തനേഷ്യസ്, വി. ഹിപ്പോളിറ്റസ്, ഒരിജൻ, വി. അഫ്രേം, വി. ഇരണേവൂസ്, വി. ജസ്റ്റിൻ എന്നിവർ

3. മറിയം നിത്യകന്യകയാണെന്ന വിശ്വാസത്തെ ഔദ്യോഗികമായി പഠിപ്പിച്ചത് –

   553–ൽ നടന്ന രണ്ടാം കോൺസ്റ്റാന്റിനോപ്പിൽ സൂനഹദോസ്

4. മാതാവിന്റെ കന്യകാത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്ന പോൾ ആറാമൻ മാർപ്പാപ്പയുടെ തിരുവെഴുത്ത് –

   മരിയഭക്തി (Marialis Cultus)

5. മറിയത്തിന്റെ നിത്യകന്യകാത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്–

   കന്യകയായിരിക്കേ പുരുഷസമ്പർക്കം കൂടാതെ തന്നെ ദൈവസുതനെ ഗർഭംധരിക്കുകയും പ്രസവിക്കുകയും അതിനുശേഷം കന്യാത്വത്തിന് ഭംഗം വരാതെ ജീവിക്കുകയും ചെയ്തതിനെയാണ് മറിയത്തിന്റെ നിത്യകന്യാത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മറിയം ദൈവത്തിന്റെ വചനം സദാ പാലിച്ചുകൊണ്ട് നിത്യകന്യകയായി ജീവിച്ചു.



## 8. അമലോത്ഭവ മാതാവ് (തിരുനാൾ: ഡിസംബർ 8)

അമലോത്ഭവം എന്നാൽ വിശുദ്ധിയുടെ പരമമായ അവസ്ഥയാണ്. ദൈവമാതാവാകുവാനുള്ള സ്ത്രീ എന്ന നിലയിൽ മറിയത്തിനു ദൈവം സമ്മാനിച്ച ഒരു സവിശേഷവരമാണ് അമലോത്ഭവം. പരിശുദ്ധ കന്യകാമറിയം, തന്റെ അമ്മയായ അന്നായുടെ ഉദരത്തിൽ ഉരുവാക്കപ്പെട്ടപ്പോൾത്തന്നെ സർവ്വ ശക്തനായ ദൈവത്തിന്റെ കൃപയാൽ മനുഷ്യവംശത്തിന്റെ രക്ഷകനായ ഈശോമിശിഹായുടെ യോഗ്യതകൾ പരിഗണിച്ച്, ജന്മപാപത്തിന്റെ സകലവിധ മാലിന്യങ്ങളിൽനിന്നും പൂർണ്ണമായും വിമുക്തമായിരുന്നു. കന്യകാമറിയം പാപരഹിതയായതിനാലാണ് ദൈവദൂതൻ "ദൈവകൃപനിറഞ്ഞവളേ; സ്വസ്തി, കർത്താവ് നിന്നോടുകൂടെ!" (ലൂക്കാ 1:28) എന്ന് അഭിസംബോധന ചെയ്തത്.

ഏഴാം നൂറ്റാണ്ടുമുതൽ പൗരസ്ത്യസഭയിലും 9-ാം നൂറ്റാണ്ടുമുതൽ പാശ്ചാത്യസഭയിലും, മറിയത്തിന്റെ ജനനത്തിരുനാളും അമലോത്ഭവത്തിരുനാളും ആഘോഷിക്കുവാൻ തുടങ്ങി. ഒന്നാം ലാറ്ററൻ (1123), ത്രെന്തോസ് (1545 -63) എന്നീ സൂനഹദോസുകളിൽ വിശദമായ ചർച്ചയ്ക്കും പഠനത്തിനും നിഗമനങ്ങൾക്കും വിധേയമാക്കിയിട്ടുള്ളതാണ് മറിയത്തിന്റെ അമലോത്ഭവം. ജോൺ രണ്ടാമൻ, സിക്സ്തൂസ് നാലാമൻ, പോൾ നാലാമൻ തുടങ്ങിയ മുൻകാലമാർപ്പാപ്പമാർ അമലോത്ഭവ സത്യത്തെക്കുറിച്ചുള്ള സഭയുടെ വീക്ഷണം വിശദമാക്കിയിരുന്നു. ഏഴുവർഷക്കാലം സുദീർഘമായ പഠനത്തിനും ദൈവശാസ്ത്രജ്ഞരുമായുള്ള ചർച്ചകൾക്കും ശേഷം 1854 ഡിസംബർ 8-ാം തീയതി ഒൻപതാം പീയൂസ് മാർപ്പാപ്പ 'ഇനെഫാബിലിസ് ദേവൂസ്' എന്ന തിരുവെഴുത്തുവഴി മറിയത്തിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. ഡിസംബർ 8-ാം തീയതി അമലോത്ഭവത്തിരുനാളായി നിശ്ചയിക്കുകയും ചെയ്തു. മാർപ്പാപ്പയുടെ ഈ പ്രഖ്യാപനത്തെ ഉറപ്പിച്ചുകൊണ്ട് 1858 മാർച്ച് 25-ാം തിയതി ലൂർദ്ദിൽ ദൈവമാതാവ് ബർണദീത്തായ്ക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞു: "ഞാൻ അമലോത്ഭവയാണ്."

1. അമലോത്ഭവത്തിരുനാൾ പാശ്ചാത്യരാജ്യങ്ങളിൽ ആരംഭിച്ച വിശുദ്ധൻ – വി. അൻസലെം
2. അമലോത്ഭവത്തെക്കുറിച്ചുള്ള ആദ്യപ്രബന്ധം എഴുതിയ സന്യാസി– കാന്റർബറിയിലെ എഡ്മർ
3. 4–11 നൂറ്റാണ്ടുകളിൽ അമലോത്ഭവത്തെക്കുറിച്ച് സാക്ഷ്യം നൽകിയവർ – വി. എഫ്രേം, വി. അഗസ്റ്റിൻ, വി. അംബ്രോസ്
4. പരി. കന്യകയുടെ അമലോത്ഭവത്തിന്റെ വേദപാരംഗതൻ എന്നറിയപ്പെടുന്നത് – വാഴ്ത്തപ്പെട്ട ഡൺസ് സ്കോട്ട്സ്
5. മറിയത്തിന്റെ അമലോത്ഭവസത്യം സ്വീകരിച്ച് അംഗീകരിക്കുന്നവരെ അനുകൂലിച്ച് സോളിച്ചിത്തുഡോ എന്ന അപ്പസ്തോലിക ലേഖനം പ്രസിദ്ധീകരിച്ച പാപ്പ – അലക്സാണ്ടർ 7–ാമൻ, 1661 ഡിസംബർ 8–ന്
6. അമലോത്ഭവതിരുനാൾ സാർവ്വത്രികസഭയിൽ ആഘോഷിക്കുവാൻ നിശ്ചയിച്ച പാപ്പ – ക്ലെമന്റ് 11–ാമൻ, 1708–ൽ
7. ലുത്തിനിയായിൽ ‘അമലോത്ഭവരാജ്ഞി’ എന്ന വാക്യം കൂട്ടിച്ചേർത്ത പാപ്പ – ഗ്രിഗറി 16–ാമൻ, 1846 സെപ്തംബർ 13–ന്
8. അമലോത്ഭവഭക്തി പ്രോത്സാഹിപ്പിക്കുവാൻ 1856–ൽ വി. ഡൊമിനിക് സാവ്യോ സ്ഥാപിച്ച സംഘടന – അമലോത്ഭവത്തിന്റെ സൊഡാലിറ്റി
9. അമലോത്ഭവ വിശ്വാസസത്യത്തെക്കുറിച്ച് 9–ാം പീയൂസ് പാപ്പ പുറപ്പെടുവിച്ച വിശ്വലേഖനത്തിന്റെ 50–ാം വാർഷികം പ്രമാണിച്ച് വി. പത്താംപീയൂസ് പാപ്പാ പുറപ്പെടുവിച്ച ചാക്രിക ലേഖനം –

   ‘ആദ് ദിയെം ഇല്ല’, 1907 ഫെബ്രുവരി 2–ന്
10. വെളിപാടിന്റെ പുസ്തകത്തിലെ 12–ാം അദ്ധ്യായത്തിലെ സ്ത്രീ രൂപവും ഉത്പത്തി 3:15–ലെ “സർപ്പത്തിന്റെ തല തകർക്കുന്ന സ്ത്രീയും” മറിയത്തിന്റെ പ്രതിരൂപമായി സാദൃശ്യപ്പെടുത്തുന്നതിനു കാരണം–

    അമലോത്ഭവ ജനനത്തിലൂടെ പാപത്തെ തോല്പിക്കുന്ന മറിയത്തിന്റെ പ്രതിരൂപമായി ഈ ഭാഗം വ്യാഖ്യാനിക്കപ്പെടുന്നതുകൊണ്ട്.
11. നന്മനിറഞ്ഞവളേ സ്വസ്തി! എന്ന ഗബ്രിയേൽ ദൂതന്റെ ‘അഭിസംബോധന’ പരി. കന്യകയുടെ അമലോത്ഭവത്തെ സൂചിപ്പിക്കുന്നതാണെന്നു പ്രസ്താവിച്ച പ്രൊട്ടസ്റ്റന്റ് നേതാവ് – മാർട്ടിൻ ലൂഥർ



## 9. സ്വർഗാരോപിത മാതാവ് (തിരുനാൾ : ആഗസ്റ്റ് 15)

### (മാതാവിന്റെ സ്വർഗ്ഗാരോപണം)

മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമാണ്. 1950 നവംബർ 1-ാം തീയതി മുനിഫിച്ചെന്തീസ്സീമൂസ് ദേവൂസ് (പരമകാരുണികനായ ദൈവം) എന്ന തിരുവെഴുത്തുവഴി 12-ാം പീയൂസ് മാർപ്പാപ്പയാണ് ഇതു പ്രഖ്യാപിച്ചത്. പാപ്പ പറഞ്ഞു: "അമലോത്ഭവയും ദൈവമാതാവും നിത്യകന്യകയുമായ മറിയം തന്റെ ഈ ലോകജീവിതത്തിന്റെ അവസാനം ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് സംവഹിക്കപ്പെട്ടു"എന്നത് ദൈവം വെളിപ്പെടുത്തിയ വിശ്വാസസത്യമാണെന്ന് നാം പ്രഖ്യാപിക്കുന്നു."

അഞ്ചാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം മുതൽ "ദൈവമാതാവിന്റെ അനുസ്മരണം" എന്നൊരു തിരുനാൾ ജറുസലേമിന് അടുത്തുള്ള ഒരു പുണ്യസങ്കേതത്തിൽ ഓരോ വർഷവും ആഗസ്റ്റ് 15-ാം തീയതി ആഘോഷിച്ചിരുന്നു. 6-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മറിയത്തിന്റെ ഇഹലോകവാസത്തിന്റെ അന്ത്യത്തെ അനുസ്മരിക്കുന്ന ഒരു തിരുനാളായി ഇതു പരിണമിച്ചു. പിന്നീട് ഈ തിരുനാൾ "മറിയത്തിന്റെ നിദ്രയുടെ തിരുനാൾ" എന്നറിയപ്പെടാൻ തുടങ്ങി.

സ്വർഗ്ഗാരോപണ തിരുനാളിന്റെ ആചരണം റോമിൽ ആരംഭിച്ചത് 7-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെയാണ്. കാലക്രമത്തിൽ സ്വർഗ്ഗാരോപണതിരുനാൾ പരിശുദ്ധ കന്യകയുടെ ഒരു സുപ്രധാന തിരുനാളായിത്തീരുകയും മദ്ധ്യയുഗത്തിൽ കടമുള്ള ദിവസമായി മാറുകയും ചെയ്തു. സ്വർഗ്ഗാരോപണ തിരുനാളിന് സീറോ മലബാർ സഭ 'കരേറ്റ തിരുനാൾ' എന്നാണ് വിളിച്ചിരുന്നത്.

അപ്പസ്തോലിക പാരമ്പര്യത്തിൽനിന്നാണ് മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റി നാം മനസ്സിലാക്കുന്നത്. ജീവിതത്തിലും കർമ്മത്തിലും യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർ അവന്റെ മഹത്വത്തിലും

പങ്കുപറ്റുന്നു എന്നത് ബൈബിളിന്റെ വ്യക്തമായ പ്രബോധമാണ്. മറിയം യേശുവിന് ശാരീരികജന്മം നൽകിയെന്നു മാത്രമല്ല അവൾ ജീവിതത്തിലുടനീളം ദൈവഹിതം നിറവേറ്റി മനുഷ്യകുലത്തിന് വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയോട് നൂറുശതമാനം സഹകരിക്കുകയും ചെയ്തുവെന്നതിന് വേദപുസ്തകം സാക്ഷ്യം നൽകുന്നു. ഈ കാരണത്താൽ ഉത്ഥാനത്തിലും അവൾ അവനോടുകൂടിയാണ്. ഈ അർത്ഥത്തിൽ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിന് വിശുദ്ധഗ്രന്ഥാടിസ്ഥാനം ഉണ്ട് എന്ന് നിസ്സംശയം പറയാം.

മാർട്ടിൻ ലൂഥർ പറയുന്നു "കന്യകാമറിയം സ്വർഗ്ഗാരോപിതയായി എന്നത് സംശയരഹിതമായ സംഗതിയാണ്. അതെങ്ങനെ സംഭവിച്ചുവെന്നത് നമുക്ക് അജ്ഞാതമാണ്." മറ്റൊരു പ്രൊട്ടസ്റ്റന്റ് നേതാവായ ബള്ളിംഗർ പറയുന്നു: "മറിയത്തിന്റെ പരമ പവിത്രമായ ശരീരം മാലാഖമാരാൽ സ്വർഗ്ഗത്തിലേയ്ക്ക് സംവഹിക്കപ്പെട്ടു". ഇവരുടെ പ്രസ്താവനകളോ വിശ്വാസമോ മനസ്സിലാക്കാതെയാണ്, ഇന്നുള്ള പ്രൊട്ടസ്റ്റന്റ് സമൂഹത്തിൽ ഭൂരിഭാഗംപേരും മാതാവിന്റെ സ്വർഗ്ഗാരോപണത്തെ എതിർക്കുന്നത്.

മറിയത്തിന്റെ അമലോത്ഭവം പ്രഖ്യാപിച്ചതിനു പിന്നാലെ സ്വർഗ്ഗാരോപണത്തെ സംബന്ധിക്കുന്ന വിശ്വാസസത്യം പ്രഖ്യാപിക്കണമെന്ന ആവശ്യവുമായി 80 ലക്ഷത്തിലേറെ കത്തുകളാണ് പലവർഷങ്ങളിലായി റോമിൽ ലഭിച്ചത്. വിശ്വാസ പ്രഖ്യാപനത്തിന് ഏകദേശം നാലുവർഷം മുമ്പ് 1946 മേയ് 1-ാം തീയതി പ്രസ്തുത പ്രഖ്യാപനത്തിന്റെ സാംഗത്യത്തെ സംബന്ധിച്ച് ലോകമെമ്പാടുമുള്ള എല്ലാ മെത്രാന്മാരുടെയും അഭിപ്രായം ആരാഞ്ഞുകൊണ്ട് 12-ാം പീയൂസ് മാർപ്പാപ്പ "ദൈവമാതാവും കന്യകയും'' എന്ന ചാക്രികലേഖനം അയച്ചു. കിട്ടിയ 1181 മറുപടികളിൽ 1159 എണ്ണവും സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കണം എന്ന് ആവശ്യപ്പെടുന്നതായിരുന്നു. വിശ്വസഭയിലെ വിവിധ ഘടകങ്ങളുടെ വിശ്വാസധാരണ മനസ്സിലാക്കിയ ശേഷം ആവശ്യമായ പ്രാർത്ഥനയും പഠനവും പരിചിന്തനവും ചെയ്താണ് 12-ാം പീയൂസ് മാർപ്പാപ്പ മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചത്. ബൈബിളിലെ ഏതെങ്കിലും സംഭവത്തിന്റെയോ വിവരണത്തിന്റെയോ വാചകത്തിന്റെയോ പിൻബലത്തിലല്ല ഈ പ്രഖ്യാപനം. ബൈബിളിന്റെ ചൈതന്യം മൊത്തത്തിലെടുത്ത് മറിയത്തെപ്പറ്റിയുള്ള ദൈവികപദ്ധതിയുടെ പൂർത്തീകരണമായി പരിഗണിച്ചുകൊണ്ടാണ് സ്വർഗ്ഗാരോപണത്തെപ്പറ്റിയുള്ള ഈ പ്രഖ്യാപനം നടത്തിയത്.

1. സ്വർഗ്ഗാരോപണം എന്നതിന്റെ അർത്ഥം -

Ad se Sumere എന്ന ലത്തീൻ വാക്കിൽനിന്നാണ് Assumption എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്. തന്നിലേയ്ക്ക് തന്നെ സ്വീകരിക്കുക, മുകളിലേയ്ക്ക് എടുക്കുക എന്നാണ് ഈ പദത്തിന്റെ അർത്ഥം. മാതാവ് ദൈവശക്തിയാൽ ആത്മശരീരങ്ങളോടുകൂടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നതാണ് ദൈവശാസ്ത്രപരമായ അർത്ഥം.

2. പിതാവായ ദൈവത്തിന്റെ ഓമൽക്കുമാരിയും പുത്രനായ ദൈവത്തിന്റെ മാതാവും പരിശുദ്ധാത്മാവിന്റെ മണവാട്ടിയുമായ പരി. കന്യകയുടെ തിരുശരീരം മറ്റു മനുഷ്യരുടേതുപോലെ കൃമികൾക്ക് ആഹാരമായിത്തീരുക ദൈവമഹത്വത്തിന് യോജിച്ചതല്ല എന്നുപറഞ്ഞ വിശുദ്ധൻ-

വി. അഗസ്തിനോസ്

3. ആഗസ്റ്റ് മാസം മുഴുവൻ മാതാവിന് പ്രതിഷ്ഠിച്ച് നൊവേന, ഉപവാസം, നോമ്പ് ഇവയിലൂടെ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷിക്കുന്ന സഭാവിഭാഗം -

ഗ്രീക്കുസഭ



**ഗാനം**

*നന്മനേരും അമ്മ-വിണ്ണിൻ രാജകന്യാ*
*ധന്യ സർവ്വവന്ദ്യ-മേരി ലോകമാതാ*
*കണ്ണിലുണ്ണിയാകും-ഉണ്ണിയേശു തന്റെ*
*അമ്മയായ മേരി-മേരി ലോകമാതാ (നന്മ....)*

*മാതാവേ മാതാവേ മന്നിൻദീപം നീയേ*
*നീയല്ലോ നീയല്ലോ-നിത്യസ്നേഹധാര*
*ആശാപൂരം നീയേ-ആശ്രയതാരം നീയേ*
*പാരിൻ തായ നീയേ-മേരി ലോകമാതാ (നന്മ...)*

*പാവങ്ങൾ പൈതങ്ങൾ-കൈകൾ കൂപ്പി നില്പൂ*
*സ്നേഹത്തിൻ കണ്ണീരാൽ-പൂക്കൾ തൂകി നില്പൂ*
*കുമ്പിൾനീട്ടും കയ്യിൽ-സ്നേഹം തൂകും മാതാ*
*കാരുണ്യാധി നാഥാ-മേരി ലോകമാതാ (നന്മ....)*




## ഗാനം

ഭൂസ്വർഗ്ഗം പേറുന്നോനെ
മറിയാമുദരെ കൈക്കൊണ്ട്
കാലത്തികവിൽ ബേത്‌ലഹേം
ഓഫ്രത്തായിൽ വെളിവാക്കി
സർവ്വേശ്വരനുടെ പെറ്റമ്മേ!
കരുണക്കടലേ, പരിശുദ്ധേ!
താഴാഴ്മയുടെ മാതൃകയേ!
പ്രാർത്ഥിക്കണമേ, കൈവെടിയല്ലേ
നിന്നേകസുതൻ സന്നിധിയിൽ
അർപ്പിക്കണമീയടിയാരെ
കൃപയും വാഴ്‌വും നൽകണമേ -

ആദത്തിൻ പാപം പോക്കി
ട്ടേദനിലവനെയേറ്റീടാൻ
താതാത്മജവചനം നരനായ്-
ത്തീരാൻ റൂഹാ തിരഞ്ഞെടുത്ത
നിർമ്മല കന്യകയേ സ്വസ്തി;
രണ്ടാം ഹൗവ്വായേ സ്വസ്തി;
കൃപനിധിയാമമ്മേ സ്വസ്തി
തൃക്കൺ പാർക്കണമീയടിയാരെ
തവസന്നിധിയിൽ കണ്ണീരോ -
ടർത്ഥന ചെയ്യും മക്കളെ നീ
കൈവെടിയല്ലേ മാതാവേ!

ദൈവിക സൂര്യനുദിച്ചെന്ന
ദിവ്യാംബരമേ തേ സ്വസ്തി
ജീവമരത്തെ മുളപ്പിച്ച
തിരുവയലാമമ്മേ സ്വസ്തി
കുഞ്ഞാടുണ്ടായൊരുമരവും
നീരുറവൊഴുകിയ തീപ്പാറ
നാണയമരുളിയ മത്സ്യമതും
മാതാവെ നിന്നെ വെളിവാക്കി
സകല ചരാചര സ്രഷ്ടാവിനെ
കൈകളിലാഘോഷിച്ചവളെ
അമ്മേ! കൃപചെയ്തീടണമേ

മന്നാനിക്ഷേപിത ചെപ്പും
അഹറോൻ തൻ കിളുർത്ത വടിയും
ഉൾക്കൊണ്ടൊരു നിയമപ്പെട്ടി
ശ്ലേമൂൻ തന്നുറുമാലുമിവ
നിൻ സാമ്യം ദൈവജനനി
അസ്പഷ്ടം നിബിയൻമാരും
സസ്പഷ്ടം ശ്ലീഹൻമാരും
നിൻ സുതരഹസ്യം കാണിച്ചു
സതതം സ്തുത്യനാകുകയാൽ
നിന്നുടെ സൂനു മിശിഹായേ
ഞങ്ങളെന്നും വണങ്ങുന്നു.



# 10. മറിയത്തിന്റെ മാധ്യസ്ഥ്യം

പിതാവായ ദൈവത്തിന്റെ മകളും പുത്രനായ ദൈവത്തിന്റെ മാതാവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ മണവാട്ടിയുമായ മറിയം ദൈവമാതാവും നിത്യകന്യകയും അമലോത്ഭവയും സ്വർഗ്ഗാരോപിതയുമാണ്. ഇവ നാലും കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങളായി തിരുസഭ പ്രഖ്യാപിച്ചിട്ടുള്ളതാണ്. മറിയം ദൈവമാതാവാണെങ്കിലും ദൈവമല്ല. അതുകൊണ്ടു മറിയത്തെ ആരും ആരാധിക്കുന്നില്ല. വണങ്ങുക മാത്രമേ ചെയ്യുന്നുള്ളു. കാരണം ആരാധനയ്ക്ക് യോഗ്യൻ ദൈവം മാത്രമാണ്. പരിശുദ്ധ കന്യകാമറിയത്തിന് രക്ഷാകരചരിത്രത്തിൽ ഒരു പ്രത്യേക സ്ഥാനമാണുള്ളത്. അതുകൊണ്ടു സഭ അവൾക്കു ഒരു പ്രത്യക വണക്കം നല്കുന്നുണ്ട്. ഈ വണക്കത്തിന് സഭ നല്കുന്ന ദൈവശാസ്ത്ര നാമമാണ് "ഹൈപ്പർ ദൂളിയ".

**മാധ്യസ്ഥ്യം:** മധ്യസ്ഥൻ എന്നാൽ രണ്ടു വ്യക്തികൾക്കോ വിഭാഗങ്ങൾക്കോ ഇടയിൽ നിന്ന് ഒരു പ്രശ്നം പരിഹരിക്കാൻ സഹായിക്കുകയോ അല്ലെങ്കിൽ, രണ്ടു ഭാഗങ്ങൾക്കിടയിൽ ഒരു ഉടമ്പടിക്ക് കാരണമാകുകയോ ചെയ്യുന്ന വ്യക്തിയാണ്. കത്തോലിക്കാ സഭയിൽ രണ്ടു തരത്തിലുള്ള മാധ്യസ്ഥ്യം ഉണ്ട്.

1. പ്രാർത്ഥനാ മാധ്യസ്ഥ്യം -- Intercessionary Mediation
2. രക്ഷാകര മാധ്യസ്ഥ്യം -- Redemptive Mediation

പരിശുദ്ധ കന്യകാമറിയത്തോടും വിശുദ്ധരോടും നാം പ്രാർത്ഥനാ മാധ്യസ്ഥ്യമാണ് നടത്തുന്നത്. സ്വർഗത്തിൽ നമ്മുടെ നിത്യജീവിത കാര്യങ്ങൾക്കുവേണ്ടി തന്റെ പുത്രന്റെയടുക്കൽ മാധ്യസ്ഥ്യം വഹിക്കുന്ന അമ്മയാണ് പരിശുദ്ധ കന്യകാമറിയം.

മനുഷ്യരുടെ കാര്യത്തിൽ ലളിതമായി ഇടപെടുവാൻ മാതാവിന് സാധിക്കും. അടയാളങ്ങൾ നല്കുവാൻ മാതാവിന് ദൈവം പ്രത്യേക കൃപ നൽകിയിരിക്കുകയാണ്. അതുകൊണ്ടാണ് വിവിധ സ്ഥലങ്ങളിൽ മാതാവിന്റെ പ്രത്യക്ഷീകരണങ്ങളും സുഗന്ധാഭിഷേകവും മറ്റും അനുഭവിക്കാൻ വിശ്വാസികൾക്ക് സാധിക്കുന്നത്. ചെറിയ ചെറിയ കാര്യങ്ങളിലും മാതാവ് ഇടപെടുമെന്നതിന് തെളിവാണ് കാനായിലെ കല്യാണവിരുന്നിൽവച്ചു മാതാവ് കാണിച്ചു തന്നത്. മറിയത്തിന്റെ മാധ്യസ്ഥ്യത്തിലുള്ള ആദ്യത്തെ അത്ഭുതമായിരുന്നു കാനായിലെ കല്യാണവിരുന്നിൽവച്ചു നടന്നത് (യോഹ . 2:1–11).

**2. രക്ഷാകര മാധ്യസ്ഥ്യം** -- Redemptive Mediation:

ദൈവത്തിന്റെ വചനം ലംഘിക്കുകവഴി മനുഷ്യൻ ദൈവത്തോട് ചെയ്ത പാപത്തിനു പരിഹാരം ചെയ്യുവാൻ മനുഷ്യന് സാധിക്കുകയില്ല. ഇത് പരിഹരിക്കുന്നതിന് ദൈവം തന്റെ ഏകജാതനായ യേശുവിനെ ഈ ലോകത്തിലേയ്ക്കയക്കാൻ തിരുമനസ്സായി. അവിടുന്നു മനുഷ്യർ ചെയ്ത പാപങ്ങൾക്കു മനുഷ്യപ്രകൃതിയിൽ പീഡകൾ അനുഭവിച്ചുകൊണ്ട് ദൈവതിരുമുമ്പിൽ പരിഹാരം ചെയ്തു. അതുവഴി അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷയായിത്തീർന്നു. അങ്ങിനെയാണ് യേശുക്രിസ്തു മനുഷ്യകുലത്തിന്റെ രക്ഷയുടെ മധ്യസ്ഥനാകുന്നത്. ഇതിനെയാണ് രക്ഷാകരമാധ്യസ്ഥ്യമെന്ന് പറയുന്നത്.

പൗലോസ് ശ്ലീഹാ തിമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനം 2:5-6 ഇപ്രകാരമാണ്: 'എന്തെന്നാൽ, ഒരു ദൈവമേയുള്ളു. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ, മധ്യസ്ഥനായി ഒരുവനേയുള്ളു മനുഷ്യനായ യേശുക്രിസ്തു. അവൻ എല്ലാവർക്കും വേണ്ടി തന്നെത്തന്നെ മോചനദ്രവ്യമായി നല്കി. 'ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള ഏകമധ്യസ്ഥൻ മനുഷ്യാവതാരം ചെയ്ത ക്രിസ്തുവാണെന്നും അവൻ ഏകരക്ഷകനാണെന്നും ഈ വചനം വ്യക്തമാക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെക്കുറിച്ചുള്ള ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ എട്ടാം അധ്യായം "ദൈവമാതാവായ ഭാഗ്യപ്പെട്ട കന്യകാമറിയം.." എന്ന തലകെട്ടിൽ പറയുന്നത് ഇപ്രകാരമാണ്: 'മനുഷ്യരോട് മറിയത്തിനുള്ള കടമ മിശിഹായുടെ അനന്യമായ മാധ്യസ്ഥ്യത്തെ ഒരു വിധത്തിലും മങ്ങലേല്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നില്ല'. മാതാവ് നമുക്കുവേണ്ടി ദൈവത്തോട് മാധ്യസ്ഥ്യം യാചിക്കുന്നതിന് 'ഇന്റർസെഷൻ' എന്നാണ് പറയുന്നത്. ഈശോയാണ് ദൈവവും മനുഷ്യനും തമ്മിലുള്ള ഏക മധ്യസ്ഥൻ അഥവാ പാലം. ഈശോയിലൂടെ മാത്രമേ നമുക്ക് ദൈവത്തിലേക്ക് എത്താനാകൂ. ഈശോയുടെ മാധ്യസ്ഥ്യത്തന് "മീഡിയേറ്റർ" എന്നാണ് പറയുന്നത്.

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം Catechism of the Catholic Church (CCC) ഖണ്ഡിക 6 ൽ "മറിയം ക്രിസ്തുവിന്റെ അമ്മയും, സഭയുടെ അമ്മയുമാണ്" എന്ന് എടുത്തുപറയുന്നു.

**'മാത്തർ പോപ്പുലി ഫിഡെലിസ്' എന്ന വിശ്വാസ അപ്പസ്തോലിക പ്രബോധനത്തിന്റെ പ്രസക്തി:**

വിശ്വാസകാര്യങ്ങൾക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം ലിയോ 14-ാം മാർപ്പാപ്പയുടെ അംഗീകാരത്തോടെ 'മാത്തർ പോപ്പുലി ഫിഡെലിസ്' - Mater Populi fidelis- Mother of the Faithful People of God- '**വിശ്വാസികളുടെ മാതാവ്**' എന്ന പ്രബോധനം 2025 നവംബർ 4-ാം തിയതി പ്രസിദ്ധീകരിച്ചു. എന്തിനുവേണ്ടിയാണ് ഈ പ്രബോധനരേഖ വത്തിക്കാൻ പുറത്തിറക്കിയത്?

മറിയത്തെ വിളിച്ചപേക്ഷിക്കുന്ന അഭിധാനങ്ങളായ "സഹരക്ഷിക", "എല്ലാ കൃപാവരങ്ങളുടെയും മധ്യസ്ഥ" എന്നിവകൂടി വിശ്വാസസത്യങ്ങളായി സഭ പ്രഖ്യാപിക്കണമെന്ന് സഭാഗങ്ങളിൽനിന്നു ആവശ്യമുയരുകയും ലക്ഷക്കണക്കിനാളുകൾ ഒപ്പിട്ട പ്രമേയങ്ങൾ വത്തിക്കാനിൽ ലഭിക്കുകയും ചെയ്തു. ഇവ വിശദമായി പഠിച്ച ലോക പ്രശസ്ത ദൈവശാസ്ത്രജ്ഞന്മാർ 1997-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവ വിശ്വാസസത്യങ്ങളായി പ്രഖ്യാപിക്കാൻ സഭ തയ്യാറായില്ല. എന്നാൽ ഈ ആവശ്യം തുടർന്നും ചർച്ച ചെയ്യപ്പെടുകയും വാദപ്രതിവാദങ്ങൾക്കിടയാക്കുകയും അതുവഴി വിശ്വാസികളുടെ ഇടയിൽ ഭിന്നിപ്പുകൾ ഉണ്ടാകുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് പതിറ്റാണ്ടുകളായി തുടരുന്ന ഇക്കാര്യത്തിന് ഒരു അന്തിമ തീർപ്പു കല്പിക്കേണ്ടതിനായി സഭ ഔദ്യോഗികമായി ഈ രേഖ പുറത്തിറക്കിയത്.

80 ഖണ്ഡികകളുള്ള ഈ ഡോക്യുമെന്റിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ മഹത്ത്വം എടുത്തുപറയുന്നു. മനുഷ്യാവതാരംചെയ്ത ദൈവപുത്രനു ജന്മംകൊടുക്കുകവഴി ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം നമ്മുടെയും അമ്മയാണ്. മറിയത്തിന്റെ ആത്മീയ മാതൃത്വത്തോടു ചേർന്നു നിൽക്കാനുള്ള ആഹ്വാനമാണ് ഈ പ്രബോധനരേഖയുടെ ഹൃദയം. രക്ഷാകര പദ്ധതിയിൽ മറിയം വഹിച്ച അതുല്യമായ സഹകരണത്തെ പ്രകടമാക്കുന്ന ദൈവമാതാവ്, വിശ്വാസികളുടെ മാതാവ്, സഭയുടെ മാതാവ് തുടങ്ങിയ അഭിധാനങ്ങൾ മറിയത്തെ ആദരിക്കാൻ തുടർന്നും ഉപയോഗിക്കണമെന്ന് ഈ പ്രബോധനരേഖ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു.

അതോടൊപ്പംതന്നെ തെറ്റിദ്ധാരണയ്ക്ക് ഇടയാക്കാവുന്ന ചില വിശേഷണങ്ങളെ വിവേകപൂർവം ഒഴിവാക്കാനും ഈ പ്രബോധന രേഖ ആവശ്യപ്പെടുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 'സഹരക്ഷിക' (Co-redemptrix)എന്ന വിശേഷണം ഒഴിവാക്കാനുള്ള നിർദേശമാണ്. തിരുസഭ ഒരിക്കലും പരിശുദ്ധ കന്യകാമറിയം സഹരക്ഷികയാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടില്ല. മറിയത്തോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കാൻ ചില മരിയഭക്തർ പരിശുദ്ധ അമ്മയെ സഹരക്ഷിക എന്നു വിശേഷിപ്പിച്ചിരുന്നു. എന്നാൽ, ഈ വിശേഷണം ദൈവശാസ്ത്രപരമായി ചില തെറ്റിദ്ധാരണകൾക്കു കാരണമാകും എന്നതു ചൂണ്ടിക്കാണിക്കുകയാണ് പുതിയ പ്രബോധനരേഖ ചെയ്യുന്നത്.

എന്തുകൊണ്ടാണ് ഈ പ്രബോധനരേഖ മറിയത്തെ സഹരക്ഷിക എന്ന് വിശേഷിപ്പിക്കരുത് എന്ന് പറയുന്നത്? മറിയത്തെ സഹരക്ഷിക എന്ന് വിശേഷിപ്പിക്കുമ്പോൾ ക്രിസ്തുവാണ് ഏക രക്ഷകൻ എന്ന അടിസ്ഥാന വിശ്വാസസത്യത്തിന് മങ്ങലേൽപ്പിക്കപ്പെടാൻ സാധ്യതയുണ്ട്. അതായത് ഈശോയും മറിയവും ചേർന്നാണു മനുഷ്യരക്ഷ സാധ്യമാക്കിയത് എന്നു ചിന്തിക്കാൻ ഇടയായേക്കാം. മനുഷ്യകുലത്തിന്റെ രക്ഷയിൽ ഈശോ വഹിച്ച മനുഷ്യാവതാര-പീഡാനുഭവ-കുരിശുമരണ-ഉത്ഥാനം എന്ന ദൈവീക പദ്ധതിയുടെ മഹത്വത്തിനു ഭംഗംവരുത്താൻ ഇത്തരം തെറ്റിദ്ധാരണകൾ ഇടവരുത്തിയേക്കാമെന്നുള്ളതുകൊണ്ടാണ്

ഈ പരാമർശം ഒഴിവാക്കണമെന്നു പ്രബോധനരേഖ നിർദേശിക്കുന്നത്. ”മറ്റാരിലും രക്ഷയില്ല. ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല” (അപ്പ. 4:12). മറിയവും ക്രിസ്തുവിന്റെ ഈ രക്ഷാകരപദ്ധതിയുടെ യോഗ്യതയാൽ മുമ്പേ രക്ഷിക്കപ്പെട്ടവളാണ്. അതിനാൽ അവൾക്ക് ക്രിസ്തുവിനോടൊപ്പം സഹരക്ഷകയാകാൻ സാധിക്കുകയില്ല. മറിയം സഹരക്ഷികയല്ല; എന്നാൽ രക്ഷാകരദൗത്യത്തിൽ സവിശേഷമായ വിധം സഹകരിച്ചവളാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു: മറിയത്തിന് രക്ഷാകരപദ്ധതിയിൽ സവിശേഷമായ സ്ഥാനമുണ്ട്. മറിയത്തിന്റെ സ്ഥാനത്തിനു അടിസ്ഥാനകാരണം ഈശോയുടെ യോഗ്യതകളാണ്.

അതുപോലെതന്നെ, മറിയത്തെ ‘സകല കൃപാവരത്തിന്റെയും മധ്യസ്ഥ’ Mediatrix of All Graces എന്നു വിശേഷിപ്പിക്കുമ്പോൾ എല്ലാ കൃപകളും മറിയത്തിലൂടെയാണ് നല്കപ്പെടുന്നത് എന്നൊരു ധ്വനി അതിനുണ്ടാകാം. സകല കൃപകളുടെയും ഉറവിടം ദൈവം മാത്രമാണ്. ഏകജാതനായ മിശിഹായിലൂടെയാണ് എല്ലാ കൃപകളും വർഷിക്കുന്നത്. ഈ കൃപകൾ നല്കപ്പെടുന്നത് അവിടന്നു സ്ഥാപിച്ച തിരുസഭയിലെ പരിശുദ്ധ കൂദാശകളിലൂടെയാണ്. ഈ വിശ്വാസരഹസ്യത്തിന്റെ സമഗ്രതയെ പരിരക്ഷിക്കാൻ ‘സകല കൃപകളുടെയും മധ്യസ്ഥ’, ‘കൃപാവരത്തിന്റെ അമ്മ’ എന്നീ പ്രയോഗങ്ങളും ഒഴിവാക്കുന്നതാണ് അഭിലഷണീയമെന്നു പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നു.

യേശു പറഞ്ഞു: ‘ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്’ (യോഹ.10:10). യേശുവിന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം കൃപയ്ക്കുമേൽ കൃപ ലഭിക്കും. വചനം പറയുന്നു: “അവന്റെ പൂർണതയിൽനിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു”(യോഹ. 1:16). യേശു കൃപയുടെ പൂർണ്ണതയാണ്. കൃപയാകുന്ന ആ തടാകത്തിൽ നിന്നുള്ള ഏറ്റവും വലിയ നദിയാണ് പരിശുദ്ധ അമ്മ. പരിശുദ്ധ മറിയം തന്റെ മാധ്യസ്ഥ്യം വഴി നമുക്കായി ഈ കൃപ വാങ്ങിത്തരുന്നു.

മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തെ സ്ഥിരീകരിക്കുന്ന സുവിശേഷഭാഗങ്ങളാണ്.

a) യോഹ.2:3 (“അവിടെ വീഞ്ഞുതീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോട് പറഞ്ഞു. അവർക്ക് വീഞ്ഞില്ല”)
b) യോഹ.19:26–27 (“യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നത് കണ്ട് അമ്മയോട് പറഞ്ഞു. സ്ത്രീയേ, ഇതാ, നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോട് പറഞ്ഞു: ഇതാ, നിന്റെ അമ്മ”)

ലോകരക്ഷകനായ ദൈവപുത്രനെ നമുക്കായി സമ്മാനിക്കാൻ ദൈവത്തോട് സഹകരിച്ച പരിശുദ്ധ കന്യകാമറിയത്തോടുള്ള വണക്കം സഭയുടെ വിശ്വാസ സത്യങ്ങൾക്കനുസൃതമായിത്തന്നെ തുടരാനാണ് ഈ പ്രബോധനരേഖ നമ്മെ ഉദ്ബോധിപ്പിക്കുന്നത്.



# 11. പരിശുദ്ധ മറിയം
# സഭയുടെ മാതാവും മാതൃകയും പ്രതീകവും

മറിയം രക്ഷകനായ ക്രിസ്തുവിന്റെ മാതാവായിരിക്കുന്നതുപോലെ സഭ രക്ഷിക്കപ്പെട്ടവരുടെയെല്ലാം മാതാവാണ്. സഭാശരീരത്തിന്റെ ശിരസ്സായ മിശിഹായ്ക്ക് ജന്മം കൊടുത്ത മറിയം മിശിഹായുടെ ശരീരമായ സഭക്ക് ജന്മം കൊടുക്കുന്നതിലും പങ്കാളിയായി. അതിനാൽ, അവൾ ശിരസ്സായ മിശിഹായുടെ മാത്രമല്ല അവിടുത്തെ ശരീരമായ സഭയുടെയും അമ്മയായി മാറി.

“ദൈവത്തിന്റെയും രക്ഷകന്റെയും അമ്മയായി അംഗീകരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്ന മറിയം വ്യക്തമായും ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ അവയവങ്ങളുടെയും അമ്മയാണ്. എന്തുകൊണ്ടെന്നാൽ, സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ അവയവങ്ങളായ വിശ്വാസികളുടെ ജനനം സാധ്യമാക്കുന്നതിൽ അവൾ തന്റെ സ്നേഹത്താൽ സഹകരിച്ചു. ക്രിസ്തുവിന്റെ അമ്മയായ മറിയം സഭയുടെയും അമ്മയാണ്” (CCC 963).

മറിയം ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ട ഒരു വ്യക്തിയാണ്.പക്ഷേ ആ വീണ്ടെടുപ്പിന്റെ ഫലങ്ങൾ അവൾക്ക് ദൈവം മുമ്പേ നൽകിയിരുന്നതിനാൽ, അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളിൽ അതീവ സ്നേഹത്തോടെ അവൾക്ക് പങ്കുചേരാൻ കഴിഞ്ഞു. മറിയം ക്രിസ്തുവിന്റെ യഥാർത്ഥ ജനനിയായതുകൊണ്ടും, ക്രിസ്തുവിന്റെ സഭയിൽ അവിടുന്നു തുടർന്നു നടത്തിക്കൊണ്ടിരിക്കുന്ന രക്ഷാകര കൃത്യങ്ങളിൽ അവൾ ഊർജ്ജസ്വലതയോടെ പങ്കുചേരുന്നതുകൊണ്ടും മറിയത്തെ “തിരുസഭാമാതാവ്” എന്നുവിളിക്കുന്നു.

എല്ലാ ക്രിസ്തീയ പുണ്യങ്ങളുടെയും ശ്രേഷ്ഠമായ ആദർശം സഭയ്ക്ക് വ്യക്തമാക്കിക്കൊടുക്കുന്ന മാതൃകയാണ് പരി. കന്യകാമറിയം. വിശ്വാസത്തിലും ഉപവിയിലും മിശിഹായോടുള്ള പരിപൂർണ്ണ വിശ്വസ്തതയിലും മറിയം സഭക്ക് മാതൃകയാണ്.

ദൈവത്തിന് തന്നെത്തന്നെ പരിപൂർണ്ണമായും സമർപ്പിച്ച് വിശ്വസ്തതയോടെ ജീവിച്ച പരി. മറിയത്തിന്റെ ജീവിതം വചനത്തോടുള്ള സഭയുടെ വിശ്വസ്തതയുടെയും സമർപ്പണത്തിന്റെയും പ്രതിരൂപമാണ്. ആത്മശരീരങ്ങളോടെ സ്വർഗ്ഗാരോപിതയായ മറിയം യുഗാന്ത്യത്തിൽ മഹത്വം പ്രാപിക്കാനിരിക്കുന്ന സഭയുടെ പ്രതീകവുമാണ്.

കുരിശിൻ ചുവട്ടിൽവച്ച് യേശുവിന്റെ 'അമ്മ' സഭാമാതാവിന്റെ അമ്മയും യേശു സ്നേഹിച്ച ശിഷ്യൻ സഭാവിശ്വാസികളുടെ പ്രതിരൂപവുമായിത്തീർന്നു. വിശുദ്ധ ഗ്രന്ഥത്തിലും പാരമ്പര്യങ്ങളിലും ആരാധനക്രമത്തിലും സഭയെ 'സ്ത്രീ'യായിട്ടാണ് പ്രതീകാത്മകമായി ചിത്രീകരിച്ചിരിക്കുന്നത്.

1. 'തിരുസഭയുടെ മാതാവ്' എന്ന് മറിയത്തെ പ്രഖ്യാപിച്ചത് –

   പോൾ ആറാമൻ പാപ്പ, 1964 നവംബർ 21-ന്

2. മറിയം സഭയുടെ പ്രതീകമാണെന്നുപറഞ്ഞ ആദ്യത്തെ സഭാപിതാവ്

   വി. അംബ്രോസ്

3. സഭയെ മറിയത്തിൽനിന്നും, മറിയത്തെ സഭയിൽനിന്നും വേർതിരിക്കാനാവില്ല എന്ന് വി. അംബ്രോസ് പറയുവാൻ കാരണം –

   മറിയത്തിന്റെ ഉദരത്തിലാണ് ക്രിസ്തുവിന്റെ ഭൗതിക ശരീരത്തോടൊപ്പം മൗതികശരീരവും രൂപം കൊണ്ടത്. കുരിശിൽകിടന്നു കൊണ്ട് മറിയത്തോടും യോഹന്നാനോടും പറഞ്ഞ വാക്കുകൾ സഭയോടും വിശ്വാസികളോടും പറഞ്ഞ വാക്കുകളായി പരിഗണിക്കാമെന്നതിനാലാണ് വി. അംബ്രോസ് ഇപ്രകാരം പറഞ്ഞത്.

4. മറിയം സഭയുടെ മാതാവാണെന്ന് ആദ്യമായി പഠിപ്പിച്ച വിശുദ്ധൻ –

   വി. ആൽബർട്ട് (1230-1280)

5. പരി കന്യകാമറിയത്തിന് സഭയിൽ നൽകപ്പെടുന്ന വണക്കത്തിന് നൽകുന്ന ദൈവശാസ്ത്രനാമം –

   കൂൾത്തുസ് ഹൈപ്പർ ദൂളിയ

6. മറിയത്തെ സഭയുടെ പ്രതീകമായി ചിത്രീകരിച്ച സൂനഹദോസ് –

   രണ്ടാം വത്തിക്കാൻ സൂനഹദോസ്

7. മറിയവും സഭയും തമ്മിലുള്ള ഗാഢമായ ബന്ധം എടുത്തുപറയുന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖ–

   'ജനതകളുടെ പ്രകാശം'

# III

# പരി. മറിയം വിവിധ വീക്ഷണങ്ങളിൽ

**12. പരി. മറിയം വിശുദ്ധഗ്രന്ഥത്തിൽ**
**13. പരി. മറിയം സഭാപിതാക്കന്മാരുടെ ദൃഷ്ടിയിൽ**
**14. പരി. മറിയം വിശുദ്ധരുടെ വീക്ഷണത്തിൽ**
**15. പരി. മറിയം മാർപ്പാപ്പമാരുടെ കാഴ്ചപ്പാടിൽ**
**16. പരി. മറിയം ചിത്രങ്ങളിലൂടെയും വ്യക്തികളിലൂടെയും**

പരിശുദ്ധ കന്യകാമറിയത്തിനു നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ അതുല്യമായ സ്ഥാനമുണ്ട്. പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള സഭയുടെ വിശ്വാസത്തിന്റെ ആധാരം വിശുദ്ധഗ്രന്ഥവും പാരമ്പര്യവുമാണ്. പഴയനിയമഗ്രന്ഥങ്ങളിലും വെളിപാടിന്റെ പുസ്തകത്തിലും വിവിധ ഭാഗങ്ങളിൽ മറിയത്തെ പ്രതീകാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്. യേശുവിന്റെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ട് അവിടുത്തെ ജനനത്തിലും പരസ്യജീവിതത്തിലും മരണത്തിലും മറിയത്തിന്റെ പങ്കാളിത്തം സുവിശേഷങ്ങളിലും, യേശുവിന്റെ മരണത്തിനുശേഷമുള്ള സമയത്ത് അപ്പസ്തോലമാരുടെ കൂടെയായിരുന്ന മറിയത്തെ അപ്പസ്തോലപ്രവർത്തനങ്ങൾ എന്ന പുസ്തകത്തിലും പ്രതിപാദിച്ചിട്ടുണ്ട്.

മരിയശാസ്ത്രത്തിന്റെ വളർച്ച വിശുദ്ധഗ്രന്ഥത്തിനുപുറത്തേക്ക് വ്യാപിച്ചുകിടക്കുന്നു. മറിയത്തെക്കുറിച്ച് സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ പാരമ്പര്യത്തിൽ ഉൾപ്പെടുന്നവയാണ്. ആദിമ നൂറ്റാണ്ടിലെ സഭാപിതാക്കന്മാരിൽ അധികംപേരും മാതാവായ മറിയത്തെപ്പറ്റി പഠിപ്പിക്കുകയോ പരാമർശിക്കുകയോ ചെയ്തിട്ടുണ്ട്. വിശുദ്ധരും വിജ്ഞാനികളുമായ ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളെ സഭ എന്നും അംഗീകരിക്കുന്നുണ്ട്. എങ്കിലും വിശ്വാസസത്യങ്ങളായി പ്രഖ്യാപിക്കേണ്ട നിർവ്വചനങ്ങൾ സാർവ്വത്രിക സഭയിൽ വിശദമായ പഠനങ്ങൾക്കും ചർച്ചകൾക്കും പ്രാർത്ഥനകൾക്കും ശേഷമേ സഭ പ്രഖ്യാപിക്കാറുള്ളു. മറിയത്തെക്കുറിച്ച് മാർപ്പാപ്പമാരും മറ്റ് മഹത്വ്യക്തികളും നിരവധി പരാമർശങ്ങൾ നടത്തിയിട്ടുണ്ട്.

പതിനാറാം നൂറ്റാണ്ടിൽ ഉടലെടുത്ത പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിന്റെ മുൻനിരക്കാരായ മാർട്ടിൻ ലൂഥർ, സ്വിംഗ്ലി, കാൽവിൻ എന്നിവർപോലും മറിയത്തെക്കുറിച്ചുള്ള സുപ്രധാനമായ എല്ലാ സത്യങ്ങളും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് വന്ന പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനങ്ങളും പെന്തക്കുസ്തു സമൂഹങ്ങളും മറിയത്തിന്റെ സവിശേഷമായ സ്ഥാനത്തെ അവഗണിക്കുകയും എതിർക്കുകയും ചെയ്തിരുന്നെങ്കിലും പാശ്ചാത്യസമൂഹത്തിൽ മരിയഭക്തി വളർന്നുവരുന്നതായി വിവിധ പഠനങ്ങൾ കണ്ടെത്തുന്നു. അതിലൊന്ന് 2005-ൽ മറിയത്തിന്റെ മുഖചിത്രത്തോടുകൂടി പുറത്തിറങ്ങിയ ടൈം മാഗസിനിൽ (21-ാം ലക്കം) വന്ന ലേഖനങ്ങളാണ്. കാലിത്തൊഴുത്തുമുതൽ കാൽവരി വരെ യേശുവിനോടൊപ്പമുണ്ടായിരുന്ന പരി. മറിയത്തെ തങ്ങൾ മറന്നുകളഞ്ഞുവെന്ന് പല പ്രൊട്ടസ്റ്റന്റ് പണ്ഡിതരും ഇപ്പോൾ വിലപിക്കുന്നു. ഇന്ത്യയിലെ കത്തോലിക്കാ - യാക്കോബായ വിശ്വാസികളിൽ ഇടർച്ചയുണ്ടാക്കുന്നവർ ഇപ്പോഴുമുണ്ടെങ്കിലും സമീപ ഭാവിയിൽ അവർ എല്ലാവരും മാതൃഭക്തിയിലേക്ക് തിരിച്ചുവരുമെന്ന് പ്രത്യാശിക്കാം.



**ഗാനം**

*നീയെന്റെ വെളിച്ചം ജീവന്റെ തെളിച്ചം*
*നീയെന്നഭയമല്ലേ അമ്മേ, നീയെൻ അഭയമല്ലേ*
*കൈവെടിയരുതേ കന്യാമറിയമേ*
*കനിവിൻ കേദാരമേ അമ്മേ,*
*കനിവിൻ കേദാരമേ*

*എന്റെ ഹൃദയം തളരുന്നേരം*
*എനിക്കു താങ്ങായ് നിൽക്കേണമെ*
*നിന്റെ ദയതൻ കല്പടവിൽ നീ*
*എന്നെ ഇരുത്തേണമെ... അമ്മേ*
*കനിവിൻ കേദാരമേ (നീയെന്റെ വെളിച്ചം...)*

*അനുതാപത്തിൽ അഗ്നിയിലെരിയും*
*അജഗണങ്ങൾ ഞങ്ങൾ*
*നിൻതിരുസ്നേഹം ചൊരിയാൻ കനിയൂ*
*യേശുമാതാവേ.... അമ്മേ*
*കനിവിൻ കേദാരമേ (നീയെന്റെ വെളിച്ചം...)*



# 12. പരി. മറിയം വിശുദ്ധഗ്രന്ഥത്തിൽ

പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തിയും ദൈവശാസ്ത്രവുമെല്ലാം അടിസ്ഥാനപരമായി ഉറച്ചുനിൽക്കുന്നത് വിശുദ്ധ ഗ്രന്ഥത്തിലാണ്. വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും സമഗ്രമായ വീക്ഷണത്തിലും മരിയൻ ശാസ്ത്രത്തിന് വിശുദ്ധഗ്രന്ഥത്തിൽ സ്ഥാനം ലഭിക്കുന്നുണ്ട്. ഉത്പത്തി മുതൽ വെളിപാടിന്റെ പുസ്തകംവരെയുള്ള വിശുദ്ധ ഗ്രന്ഥപുസ്തകങ്ങളിൽ ക്രിസ്തു കഴിഞ്ഞാൽ പ്രത്യക്ഷമായും പരോക്ഷമായും നിറഞ്ഞുനിൽക്കുന്ന സ്ത്രീരത്നമാണ് പരിശുദ്ധ കന്യകാ മറിയം. മറിയത്തെക്കുറിച്ചുള്ള പരാമർശങ്ങളിൽ പ്രധാനപ്പെട്ട ഏതാനും വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

**പഴയനിയമത്തിൽ**

മാതാവിനോടുള്ള ഭക്തിയും ദൈവശാസ്ത്രവുമെല്ലാം അടിസ്ഥാനപരമായി ഉറച്ചുനിൽക്കുന്നത് പഴയ നിയമത്തിലെ 'സ്ത്രീ ദൈവശാസ്ത്ര' ത്തിലാണ്. പ്രഥമ സ്ത്രീ എന്നതിന്റെ അർത്ഥം ജീവിക്കുന്നവരുടെയെല്ലാം അമ്മയെന്നാണ്. (ഉത്പ. 3:20)

"നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും; അവൾ നിന്റെ തല തകർക്കും" (ഉത്പ. 3:15). രക്ഷാകര ചരിത്രത്തിലെ ആദ്യ സദ്വാർത്തയായ ഈ വാക്യത്തിലെ 'സ്ത്രീ' എന്ന പ്രയോഗം പരിശുദ്ധ കന്യകാമറിയത്തെ ഉദ്ദേശിച്ചും 'സന്തതി' എന്നത് ക്രിസ്തുവിനെ ഉദ്ദേശിച്ചും ആണെന്നു വി. പൗലോസ് ഗലാത്തിയർക്ക് എഴുതിയ ലേഖനം 3,4 അദ്ധ്യായങ്ങളിൽ വ്യക്തമാക്കുന്നു. ആദ്യ സ്ത്രീയായ ഹവ്വ സർപ്പത്തിന്റെ വിജയത്തിന് കാരണമായെങ്കിൽ അവളുടെ പരമ്പരയിലെ രണ്ടാമതൊരു സ്ത്രീ സർപ്പത്തിന്റെ നാശത്തിന് കാരണമായി.

"കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" വി. മത്തായി 1:22 -ൽ പറഞ്ഞിരിക്കുന്ന ഈ വചനം ഏശയ്യ. 7:14- ന്റെ ആന്തരാർത്ഥം

മനസ്സിലാക്കിയുള്ള ആവർത്തനമാണ്. ഏശയ്യായുടെ പുസ്തകത്തിൽ 'യുവതി' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഹീബ്രുഭാഷയിലെ 'അൽമ' എന്നത് യുവതിയേയോ അടുത്ത കാലത്ത് വിവാഹം കഴിഞ്ഞ സ്ത്രീയേയോ ആണ് സൂചിപ്പിക്കുന്നത്. എന്നാൽ ഗ്രീക്ക് ഭാഷയിൽ 'യുവതി' കന്യകയെ സൂചിപ്പിക്കുന്നു. ബേത്ലെഹമിൽ ഒരു ശിശുവിന് ജന്മമേകിയ സ്ത്രീയെന്ന് മിക്ക 5:2-3-ൽ പറഞ്ഞിരിക്കുന്നത് പരി. കന്യകാമറിയത്തെക്കുറിച്ചാണ്.

വി. ഗ്രന്ഥത്തിലെ ചില വ്യക്തികളും മറിയവും തമ്മിലുള്ള സാരൂപ്യത്തിന്റെ അടിസ്ഥാനത്തിൽ അവരെ മറിയത്തിന്റെ പ്രതിരൂപങ്ങളോ സാദൃശ്യങ്ങളോ ആയി ഗണിക്കുന്നു. അവരെല്ലാം മറിയത്തിന്റെ പ്രതിഛായകളാണെന്ന് അസന്ദിഗ്ദ്ധമായി പറയുക സാദ്ധ്യമല്ല.

1. പരിശുദ്ധ കന്യകാമറിയം ദൈവത്തിന് ഏറ്റവും പ്രീതിയുള്ള വ്യക്തിയാണെന്ന് സൂചിപ്പിക്കുന്ന ബൈബിൾഭാഗം -

   സുഭാഷിതങ്ങൾ 8:35
2. നിത്യതേജസ്സിന്റെ പ്രതിഫലനമാണ് അവൾ എന്ന് ജ്ഞാനത്തിന്റെ പുസ്തകം 7:26-ൽ പറയുന്നത് -

   മറിയത്തെക്കുറിച്ച്.
3. പരിശുദ്ധ മറിയത്തെക്കുറിച്ച് പ്രതിപാദിക്കുന്ന പഴയനിയമപ്രവാചകർ-

   ഏശയ്യ, മിക്ക, ജെറമിയ.
4. പഴയ നിയമത്തിലെ സെഹിയോൻ പുത്രി -

   ഒരേ സമയം അമ്മയും മണവാട്ടിയും കന്യകയുമായ മറിയം.
5. ഉത്തമഗീതത്തിൽ മറിയത്തെ വിളിക്കുന്ന പേരുകൾ -

   താഴ്വരയിലെ ലില്ലി, മുദ്രിതമായ ഉറവ, ഉദ്യാനാരുവി, ദന്തഗോപുരം
6. ഉത്തമഗീതത്തിന് ആദ്യമായി മരിയൻ വ്യാഖ്യാനം നൽകിയ വ്യക്തി-

   റോബർട്ട് ഡ്യൂസി
7. മറിയത്തിന്റെ സ്തോത്രഗീതത്തിന് തുല്യമായി പഴയനിയമത്തിലുള്ള സ്തോത്രഗീതം

   ഹന്നായുടെ സ്തോത്രഗീതം (1 സാമു. 2:1-10)
8. 'മറിയത്തിന്റെ സൗന്ദര്യം ആന്തരികമാകുന്നു' എന്ന് വെളിപ്പെടുത്തുന്ന ബൈബിൾ ഭാഗങ്ങൾ

   1. 'രാജപുത്രിയുടെ അഴകെല്ലാം ആന്തരികമാകുന്നു' (സങ്കീ. 45)
   2. 'എന്റെ പ്രിയേ! നീ മുഴുവൻ സുന്ദരിയാകുന്നു.<br>നിന്നിൽ പാപക്കറയില്ല' (ഉത്തമഗീതം)

9. ഈശോയുടെ അമ്മയായ മറിയം ദാവീദ് ഗോത്രജയാണെന്ന് കാണിക്കുന്ന ബൈബിൾ ഭാഗം -

ഏശയ്യാ 7:13

10. പഴയ നിയമത്തിലെ മരിയൻ പ്രവചനങ്ങൾ

ഉത്പ. 3:15, ഏശയ്യാ 7:13-16, മിക്ക. 5:2-3, ജെറ 31:21-22

11. പഴയ നിയമത്തിൽ മറിയത്തെ സൂചിപ്പിക്കുന്നതായി ഗണിക്കപ്പെടുന്ന പ്രതീകങ്ങൾ (സാദൃശ്യങ്ങൾ) -

ഭൗമിക പറുദീസ (ഉത്പ.2.8-15), നോഹിന്റെ പെട്ടകം (ഉത്പ. 6), ഒലിവ് ശിഖരമേന്തിയ പ്രാവ് (ഉത്പ. 8:8), മേഘങ്ങളിലെ മഴവില്ല് (ഉത്പ. 9:13), യാക്കോബിന്റെ ഗോവണി (ഉത്പ. 28:10-17), എരിയുന്ന മുൾപ്പടർപ്പ് (പുറ. 3:1-11) ഗിദയോന്റെ ആട്ടിൻരോമം (ന്യായാ. 6:37 -40), അഹറോന്റെ തളിർത്ത വടി (സംഖ്യ 17:2-9), വാഗ്ദാനപേടകം (പുറ 25:10-16), സോളമന്റെ ദേവാലയം (1 രാജാ. 6:2).

12. പഴയനിയമത്തിൽ മറിയത്തിന്റെ പ്രതിരൂപങ്ങൾ എന്ന് വിശേഷിപ്പിക്കാവുന്ന ചില വ്യക്തികൾ -

ഹവ്വ, സാറ, റബേക്ക, റാഹേൽ, മോശയുടെ സഹോദരി മറിയം, റൂത്ത്, സാമുവേലിന്റെ അമ്മയായ അന്ന, സാംസന്റെ മാതാവ്, എസ്തേർ, യൂദിത്ത്, ദെബോറ, ജോയേൽ, അബിഗയിൽ എന്നിവർ.

**പുതിയ നിയമത്തിൽ**

പുതിയ നിയമത്തിൽ മത്തായി (1,2,12,13 അദ്ധ്യായങ്ങൾ); മർക്കോസ് (3,6,15,16 അദ്ധ്യായങ്ങൾ); ലൂക്കാ (1,2,11 അദ്ധ്യായങ്ങൾ); യോഹന്നാൻ (2,6,7,19 അദ്ധ്യായങ്ങൾ); പൗലോസ് (ഗലാ. 1,4, റോമ 1,9 അദ്ധ്യായങ്ങൾ); വെളിപാട് (12-ാം അദ്ധ്യായം) എന്നീ ഗ്രന്ഥങ്ങളിൽ മറിയത്തെക്കുറിച്ച് പ്രത്യക്ഷമായോ പരോക്ഷമായോ പ്രതിപാദിച്ചിട്ടുണ്ട്. (*മറിയത്തെക്കുറിച്ച് പുതിയ നിയമത്തിലുള്ള പരാമർശത്തിൽ ഈ പുസ്തകത്തിന്റെ മററുഭാഗങ്ങളിൽ കൊടുത്തിരിക്കുന്നത് ഈ അദ്ധ്യായത്തിൽ നൽകിയിട്ടില്ല.*)

1. മത്തായി സുവിശേഷകൻ മറിയത്തെ വിളിക്കുന്നത് -

ക്രിസ്തുവിന്റെ അമ്മ

2. ലൂക്കാ സുവിശേഷകൻ മറിയത്തെ വിളിക്കുന്നത് -

കർത്താവിന്റെ അമ്മ

3. പേരുപറയാതെ യേശുവിന്റെ അമ്മ എന്നുമാത്രം പറയുന്ന സുവിശേഷകൻ-

യോഹന്നാൻ

4. അമ്മയുടെ പേര് ആദ്യം രേഖപ്പെടുത്തിയ സുവിശേഷകൻ - മർക്കോസ്

5. മറിയത്തിന്റെ വിശദമായ ചിത്രം തരുന്ന സുവിശേഷകൻ -

   ലൂക്കാ

6. ഈശോയുടെ ജനനത്തിലെന്നപോലെ സഭയുടെ ജനനത്തിലും മറിയത്തിന് പങ്കുണ്ടെന്ന് സൂചിപ്പിക്കുന്ന സുവിശേഷകൻ -

   ലൂക്കാ

7. മറിയത്തിന്റെ സ്തോത്രഗീതം ആരുടെ പ്രശംസാവചനങ്ങൾക്കുള്ള മറുപടിയാണ്?

   ഇളയമ്മയായ എലിസബത്തിന്റെ

8. യോഹന്നാന്റെ സുവിശേഷത്തിൽ മറിയം കടന്നുവരുന്ന രണ്ടുഭാഗങ്ങളായ കാനായിലെ വിവാഹവിരുന്നിലും കുരിശിൻ ചുവട്ടിലും യേശു തന്റെ അമ്മയെ അഭിസംബോധന ചെയ്യുന്ന 'സ്ത്രീ' എന്ന ശബ്ദം വെളിപ്പെടുത്തുന്നത് -

   രക്ഷ ആവശ്യമുള്ള സമൂഹത്തിന്റെ പ്രതിനിധിയാണ് മറിയം എന്ന്.

9. മറിയത്തിന്റെ മാദ്ധ്യസ്ഥ്യ ശക്തി കാനായിലെ കല്യാണവിരുന്നിൽ വ്യക്തമാകുന്നത് -

   അവൻ നിങ്ങളോട് പറയുന്നത് നിങ്ങൾ ചെയ്യുവിൻ എന്ന മാതാവിന്റെ വാക്കും തുടർന്നുള്ള യേശുവിന്റെ വാക്കും പ്രവൃത്തിയും.

10. പുതിയ നിയമത്തിൽ 'മറിയം' എന്ന പേരിൽ കാണുന്ന ഏഴു സ്ത്രീകൾ -

   ഈശോയുടെ അമ്മയായ മറിയം (മത്താ. 1:18), മഗ്ദലന മറിയം (യോഹ. 20:11), ലാസറിന്റെ സഹോദരി മറിയം (ലൂക്കാ 10:39), യാക്കോബിന്റെയും ജോസഫിന്റെയും അമ്മയായ മറിയം (മത്താ. 27:56), ക്ലെയോപ്പാസിന്റെ ഭാര്യയായ മറിയം (യോഹ. 19:25), മർക്കോസിന്റെ മാതാവായ മറിയം (അപ്പ.12:12), അപ്പസ്തോലനായ പൗലോസ് കണ്ടുമുട്ടിയ മറിയം (റോമാ. 16:6)

11. വെളിപാട് പുസ്തകത്തിലെ മറിയത്തിന്റെ ചിത്രത്തിന്റെ സവിശേഷത -

   സൂര്യനെ ഉടയാടയും, ചന്ദ്രനെ പാദപീഠവുമാക്കി 12 നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം ധരിച്ച സ്ത്രീ.

12. ക്രിസ്തീയ കലകളിൽ ചിരപ്രതിഷ്ഠ നേടിയിട്ടുള്ള കന്യകാമറിയത്തിന്റെ ചിത്രം രൂപപെടുത്തപ്പെട്ടത് -

   വെളിപാട് പുസ്തകത്തിൽനിന്ന്

13. മരിയഭക്തി ആദ്യനൂറ്റാണ്ടിൽ സഭയിൽ ഉടലെടുത്തുവെന്നതിന്റെ തെളിവ് -

   അപ്പോക്രിഫ ഗ്രന്ഥമായ യാക്കോബിന്റെ സുവിശേഷത്തിലെ പ്രതിപാദ്യങ്ങൾ.



# 13. പരിശുദ്ധ മറിയം സഭാ പിതാക്കന്മാരുടെ ദൃഷ്ടിയിൽ

ആദ്യനൂറ്റാണ്ടുകളിൽ ക്രൈസ്തവ തത്വസംഹിതകളെപ്പറ്റിയും വിശുദ്ധരഹസ്യങ്ങളെപ്പറ്റിയും എഴുതുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ള പണ്ഡിതരും വിശുദ്ധരുമായ സഭാദ്ധ്യക്ഷന്മാരെയാണ് സഭാപിതാക്കന്മാർ എന്നു പറയുന്നത്.

ഒന്നാം നൂറ്റാണ്ടുമുതൽ 8-ാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ എഴുപതോളം സഭാപിതാക്കന്മാർ മരിയദർശനത്തിന് സംഭാവന നൽകി.

മരിയ ശാസ്ത്രത്തിന്റെ ചരിത്രപരമായ ഉത്ഭവവും വളർച്ചയും മനസ്സിലാക്കുവാൻ വളരെ ഉപകരിക്കുന്ന ഒന്നാണ് ആദിമസഭാപിതാക്കന്മാരുടെ കാലഘട്ടം. മരിയ ശാസ്ത്രവുമായി ബന്ധപ്പെട്ട അവരുടെ ഏതാനും പ്രബോധനങ്ങൾ താഴെ കൊടുത്തിരിക്കുന്നു. *(ഇവർ വിശുദ്ധർകൂടിയായതിനാൽ പേരിന് മുമ്പ് വിശുദ്ധ എന്ന് ചേർത്ത് വായിക്കാവുന്നതാണ് സഭാ പിതാക്കന്മാർ എല്ലാവരുടെയും ജീവിതകാലം ക്രിസ്തുവിനുശേഷം ആയതിനാൽ വർഷങ്ങളുടെ മുമ്പ് എ.ഡി. ചേർത്ത് വായിക്കാവുന്നതാണ്).*

**1. ഇരണേവൂസ് (140-202)**

സഭാപിതാക്കന്മാരിൽ അഗ്രഗണ്യനും പ്രഥമ ദൈവശാസ്ത്രജ്ഞനുമായ ഇരണേവൂസ് "പാഷണ്ഡതകൾക്കെതിരേ" എന്ന തന്റെ ഗ്രന്ഥത്തിൽ പലയിടത്തും മറിയത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഹവ്വ അനുസരണക്കേടിനാൽ മനുഷ്യവർഗ്ഗത്തിന്റെ മരണത്തിന് കാരണമായിത്തീർന്നതുപോലെ മറിയം അനുസരണത്താൽ തന്റെയും മനുഷ്യവർഗ്ഗം മുഴുവന്റെയും രക്ഷയ്ക്ക് കാരണമായിത്തീർന്നു. അങ്ങനെ ഹവ്വയാൽ ബന്ധിക്കപ്പെട്ടത് മറിയത്താൽ സ്വതന്ത്രമായി. മനുഷ്യവർഗ്ഗത്തിന്റെ പ്രധാന മദ്ധ്യസ്ഥയായിട്ടാണ് മറിയത്തെ ഇരണേവൂസ് കണ്ടത്. ദൈവമാതാവായതിലൂടെ രക്ഷാകര പ്രവർത്തനത്തിൽ മറിയം പ്രധാന പങ്കാണ് വഹിച്ചത്. മറിയത്തിന്റെ കന്യകാത്വത്തെക്കുറിച്ച് അദ്ദേഹം പറയുന്നത് പരിശുദ്ധനായവൻ പരിശുദ്ധയായ

മറിയത്തിന്റെ പരിശുദ്ധമായ ഉദരം പരിശുദ്ധമായ രീതിയിൽ തുറന്നു. അതിനെക്കാളുപരിയായി അവൾ സഭയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

**2. തെർത്തുല്യൻ (160–240)**

ഹവ്വ തന്റെ അവിശ്വാസംമൂലം തിന്മയാണ് ചെയ്തതെങ്കിൽ മറിയം തന്റെ വിശ്വാസം വഴി നന്മപ്രവർത്തിച്ചുവെന്ന് തെർത്തുല്യൻ സമർത്ഥിക്കുന്നു.

**3. അലക്സാണ്ട്രിയായിലെ ക്ലെമന്റ് (150–215)**

ക്രിസ്തുവിന്റെ ജനനസമയത്ത് മറിയം കന്യകയായിരുന്നുവെന്ന് ക്ലെമന്റ് ഊന്നിപ്പറഞ്ഞിട്ടുണ്ട്. സഭയുടെ പ്രതിഛായയിൽ മറിയത്തിന്റെ പ്രതിഛായ കാണാം എന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

**4. ഒരിജൻ (186–253)**

ക്ലെമന്റിന്റെ ശിഷ്യനായ ഒരിജൻ മറിയം കളങ്കമറ്റവളാണെന്ന് തറപ്പിച്ചുപറയുന്നു. ക്രിസ്തുവിന്റെ സഹോദരങ്ങൾ മറിയത്തിൽ നിന്നുള്ള മക്കളല്ല മറിച്ച് യൗസേപ്പിന്റെ മക്കളാവാം എന്നാണ് ഒരിജന്റെ അഭിപ്രായം.

**5. അത്തനാസിയൂസ് (296–373)**

മറിയം നിത്യകന്യകയാണെന്ന് അത്തനാസിയൂസ് പറയുന്നു.

**6. അപ്രേം (എഫ്രേം:306–373)**

സിറിയായിൽ മരിയഭക്തി അത്യുന്നതിയിൽ എത്തിയത് എഫ്രേമിന്റെ കാലത്താണ്. മറിയം അമലോത്ഭവയാണെന്ന് ആദ്യമായി പഠിപ്പിച്ച സഭാപിതാവ് എഫ്രേമാണെന്ന് പറയപ്പെടുന്നു.

**7. ബേസിൽ (330–379)**

മറിയം നിത്യകന്യകയാണെന്ന് ബേസിൽ വാദിച്ചിട്ടുണ്ട്. ഏശയ്യാ 7:14 മാതാവുമായി ബന്ധപ്പെടുത്തി യുവതി എന്നതിന് കന്യകയെന്ന അർത്ഥമില്ലെങ്കിൽ അതൊരു അടയാളമാവുകയില്ല എന്നാണ് ബേസിലിന്റെ അഭിപ്രായം. യേശുവിനെ പ്രസവിക്കുന്നതുവരെ ജോസഫ് അവളെ അറിഞ്ഞില്ലാ എന്നതുകൊണ്ട് പിന്നീട് അവളെ അറിഞ്ഞു എന്ന് വിവക്ഷയില്ലായെന്നും അദ്ദേഹം വാദിക്കുന്നു.

**8. നീസായിലെ ഗ്രിഗറി (335–394)**

മറിയത്തിന്റെ അത്ഭുതകരമായ ഗർഭധാരണത്തെക്കുറിച്ചും നിത്യകന്യകാത്വത്തെക്കുറിച്ചും മറിയവും ഹവ്വായും തമ്മിലുള്ള സാദൃശ്യത്തെ

ക്കുറിച്ചും ഗ്രിഗറി വളരെയധികം പ്രസ്താവിച്ചിട്ടുണ്ട്. ചില പഴയനിയമ ഗ്രന്ഥഭാഗങ്ങൾ മറിയവുമായി പ്രതീകാത്മക രൂപത്തിൽ ബന്ധപ്പെടുത്തിയിട്ടുണ്ട്.

സുവിശേഷത്തിൽ പറയപ്പെടുന്ന ക്രിസ്തുവിന്റെ സഹോദരന്മാർ ജോസഫിന്റെ മുൻവിവാഹത്തിൽ ജനിച്ച മക്കളാണെന്നും മറിയം കന്യകയായിരുന്നുവെന്നറിഞ്ഞാൽ അവളെ യഹൂദർ കൊല്ലുമെന്ന കാരണത്താലായിരിക്കാം സുവിശേഷകന്മാർ യേശുവിന്റെ സഹോദരങ്ങളെ മറിയത്തിന്റെ മക്കളായി അവതരിപ്പിച്ചിരിക്കുന്നതെന്നുമാണ് ഗ്രിഗറിയുടെ അഭിപ്രായം.

### 9. നസിയാൻസിലെ ഗ്രിഗറി (328–390)

മറിയം പ്രസവിച്ചപ്പോഴും കന്യകയായിരുന്നുവെന്ന് പഠിപ്പിക്കുകയും മറിയത്തെ ദൈവമാതാവെന്ന് പലപ്പോഴും വിളിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോളിനാരിയൂസിന്റെ വാദങ്ങൾക്കെതിരേ അദ്ദേഹം ഇപ്രകാരം എഴുതി. "മറിയത്തെ ദൈവമാതാവായി സ്വീകരിക്കാത്തവൻ ക്രിസ്തുവിന്റെ ദൈവത്വം അംഗീകരിക്കാത്തവനാണ്". ഉദ്ദിഷ്ടകാര്യം സാധിച്ചുതരുന്ന മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തിൽ അദ്ദേഹം ശക്തമായി വിശ്വസിച്ചിരുന്നു.

### 10. എപ്പിഫാനിയൂസ് (315–413)

മറിയം നിത്യകന്യകയായിരുന്നുവെന്നും യേശുവിന്റെ ജനനത്തിന് ശേഷം മറിയത്തിന് മക്കളൊന്നും ഇല്ലായിരുന്നെന്നും എപ്പിഫാനിയൂസ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

മറിയത്തിന്റെ നിത്യകന്യകാത്വത്തെ എതിർക്കുന്നവർക്കെതിരേ അദ്ദേഹം എഴുതി : 'കർത്താവിനെ ബഹുമാനിക്കുന്നവർ അവന്റെ മാതാവിനെയും ബഹുമാനിക്കുന്നു'. ഇതു പിന്നീട് കത്തോലിക്കാസഭയുടെ മരിയൻ ശാസ്ത്രത്തിലെ ആപ്തവാക്യമായി മാറി.

### 11. ജോൺ ക്രിസോസ്തോം (334–407)

ക്രിസ്തു മരണസമയത്ത് യോഹന്നാനെയാണ് മറിയത്തെ ഭരമേല്പിച്ചത് എന്ന കാരണം ചൂണ്ടിക്കാണിച്ചുകൊണ്ട് യേശു അല്ലാതെ മറിയത്തിന് വേറെ മക്കളില്ലായിരുന്നുവെന്ന് ക്രിസോസ്തോം തെളിയിക്കുന്നു.

### 12. അംബ്രോസ് (333–397)

അംബ്രോസിന്റെ അഭിപ്രായത്തിൽ മറിയത്തിന് രക്ഷാകരകർമ്മത്തിൽ വളരെ ശരിയായ ഒരു പങ്കുണ്ട്. മറിയം നൽകിയ സമ്മതത്തിലൂടെയും ദൈവമാതൃത്വത്തിലൂടെയുമാണ് അത് സാധിച്ചത്. ഗാഗുൽത്തായിൽവച്ച് മറ്റുള്ള ശിഷ്യന്മാർ ഓടിയൊളിച്ചപ്പോൾ മാതാവ് തന്റെ തിരു

ക്കുമാരന്റെ മരണത്തെക്കാളുപരി ലോകത്തിന്റെ രക്ഷയുടെ പ്രത്യാശയിൽ ധൈര്യപൂർവ്വം കുരിശിൻ ചുവട്ടിൽ നിൽക്കുകയായിരുന്നുവെന്ന് അംബ്രോസ് പറയുന്നു.

അംബ്രോസ് ധാരാളം പഴയനിയമഭാഗങ്ങളെ മറിയത്തോട് സാമ്യപ്പെടുത്തിയിട്ടുണ്ട്. അംബ്രോസിനെ പാശ്ചാത്യമരിയൻ ശാസ്ത്രത്തിന്റെ പിതാവെന്ന് വിളിക്കാവുന്നതാണ്.

**13. ജെറോം (345–420)**

യേശുവിന്റെ സഹോദരന്മാർ മറിയത്തിന്റെയോ ജോസഫിന്റെയോ സഹോദരപുത്രരോ മാതാവിന്റെ അടുത്ത ബന്ധത്തിൽപ്പെട്ട മറ്റൊരു മറിയത്തിന്റെ മക്കളോ ആയിരിക്കാനാണ് സാധ്യതയെന്നാണ് ജെറോമിന്റെ നിഗമനം. ജോസഫ് ബ്രഹ്മചാരിയായിരുന്നുവെന്നും മറിയം കന്യകയായിരുന്നുവെന്നും ജെറോം അഭിപ്രായപ്പെടുന്നു. അംബ്രോസിനെപ്പോലെ ജെറോമും മറിയത്തിന്റെ പ്രതീകം പഴയനിയമത്തിൽ കണ്ടെത്തുന്നുണ്ട്.

**14. അഗസ്റ്റിൻ (354–430)**

അടഞ്ഞുകിടന്ന വാതിലിലൂടെ പ്രവേശിച്ച ഉത്ഥിതനായ ക്രിസ്തുവിന്റെ ഉദാഹരണം സൂചിപ്പിച്ചുകൊണ്ട് ശിശുവിനെ പ്രസവിക്കുമ്പോൾ മറിയം കന്യകയായിരുന്നുവെന്ന് അഗസ്റ്റിൻ ഊന്നിപ്പറയുന്നു.

**15. അലക്സാണ്ഡ്രിയായിലെ സിറിൾ (370–444)**

മറിയത്തെ ദൈവമാതാവെന്ന് വിളിച്ച സിറിൾ അവളെ ദൈവത്തിന്റെ അമ്മയെന്നു വിളിക്കാമെന്ന് സ്ഥാപിച്ചു. "ദൈവമാതാവ്" എന്ന പദം കൊണ്ട് മറിയം ദൈവത്വത്തിനല്ല ജന്മം നൽകിയത്, പ്രത്യുത ദൈവത്തിനാണെന്ന് സിറിൾ പറഞ്ഞു. കുരിശിൽകിടന്ന് പീഡകൾ സഹിച്ചത് ദൈവത്വമല്ല ദൈവമായ ക്രിസ്തുവാണ് എന്ന് സിറിൾ പ്രസ്താവിച്ചു. 431–ലെ എഫേസോസ് സൂനഹദോസിൽ വച്ചാണ് മറിയത്തിന്റെ ദൈവമാതൃത്വം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചത്.



***"നിങ്ങൾ വിധിക്കുന്ന വിധിയാൽ തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവു കൊണ്ടു തന്നെ നിങ്ങൾക്കും അളന്നു കിട്ടും."***

(*മത്തായി* 7:2)



# 14. പരിശുദ്ധ മറിയം വിശുദ്ധരുടെ വീക്ഷണത്തിൽ

ക്രിസ്തുവിന്റെ മാതൃക അടുത്തനുകരിച്ച് സ്വർഗ്ഗസമ്മാനത്തിന് അർഹരാകുന്നവരെയാണ് വിശുദ്ധർ എന്നുവിളിക്കുന്നത്. വിവിധ കാല ഘട്ടങ്ങളിൽ ജീവിച്ച വിശുദ്ധർക്ക് മറിയത്തെക്കുറിച്ചുണ്ടായിരുന്ന അവരുടെ വീക്ഷണങ്ങളിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു. *(ചില പ്രസ്താവനകൾ ഈ പുസ്തകത്തിൽത്തന്നെ മറ്റു അദ്ധ്യായങ്ങളിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. വിശുദ്ധരുടെ കാലഘട്ടങ്ങൾ എല്ലാം എ.ഡി.യിലായതിനാൽ വർഷങ്ങൾക്ക് മുമ്പ് എ.ഡി. എന്ന് ചേർത്തിട്ടില്ല).*

1. ‘സ്വർഗ്ഗവാതിൽ’എന്ന് മറിയത്തെ വിശേഷിപ്പിച്ചത് -

   വി. അപ്രേം (306-373)

2. ‘ദൈവമാതാവ് സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാണ്. ഗോവണി വഴി ദൈവം ഇറങ്ങിവന്നത് മനുഷ്യർ മറിയം വഴി സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുവാനാണ്’ എന്നു പ്രസ്താവിച്ചത് -

   വി. അംബ്രോസ് (333-397)

3. ‘ഹവ്വാ, നമ്മെ പറുദീസായിൽനിന്ന് അകറ്റിയെങ്കിൽ മറിയം, നമ്മെ സ്വർഗ്ഗീയ പറുദീസായിലേക്ക് വലിച്ചടുപ്പിക്കുന്നു’ എന്ന് പ്രസ്താവിച്ചത്-

   വി. ജറോം (345-420)

4. ദൈവത്തിന് മുമ്പിൽ മദ്ധ്യസ്ഥനായി നമുക്കൊരു പുത്രനുണ്ടെങ്കിലും മദ്ധ്യസ്ഥയായ ഒരമ്മ നമുക്കാവശ്യമാണെന്നു പറഞ്ഞത് -

   വി. അഗസ്റ്റിൻ (354-430)

5. പരി. കന്യകാമറിയത്തെ ഉഷഃകാലനക്ഷത്രം എന്ന് ആദ്യമായി വിശേഷിപ്പിച്ച വിശുദ്ധൻ -

   വി. പീറ്റർ ഡാമിയൻ (1007-1072)

6. പരിശുദ്ധാത്മാവിന്റെ മണവാട്ടിയെന്നു മറിയത്തെ വിശേഷിപ്പിച്ചത് -

വി. ഫ്രാൻസിസ് അസ്സീസി (1181-1226)

7. 'കപ്പൽ സഞ്ചാരികൾക്ക് ദിശകാണിക്കുന്ന കടലിലെ പ്രകാശഗോപുരം പോലെയാണ് ക്രൈസ്തവർക്ക് ഈ ലോകജീവിതമാകുന്ന തീർത്ഥാടനത്തിൽ പരിശുദ്ധ അമ്മ' എന്നുപറഞ്ഞത് -

വി. തോമസ് അക്വീനാസ് (1225-1274)

8. 'നിങ്ങൾ മറിയത്തെ, നന്മനിറഞ്ഞവളേ എന്നുവിളിക്കുമ്പോൾ അനുഗ്രഹങ്ങൾ വാരിവിതറി അവൾ മറുപടി നൽകുന്നു.'എന്നു പറഞ്ഞത് -

സീയെന്നായിലെ വി. ബർണ്ണാർഡിൻ (1380-1444)

9. "ക്രിസ്തു സൂര്യനാണ് എങ്കിൽ മറിയം പ്രകാശമാണ്. ക്രിസ്തു മുത്താണെങ്കിൽ മറിയം കിരീടമാണ്. ക്രിസ്തു പുഷ്പമാണെങ്കിൽ മറിയം തായ്ത്തണ്ടാണ്" ഇപ്രകാരം പറഞ്ഞത് -

വി. ഹെസക്കിയാസ്

10. 'പഴം വേണ്ടവർ വൃക്ഷത്തെ സമീപിക്കുന്നു. യേശുവിനെ വേണ്ടവർ മറിയത്തെയും. മറിയത്തെ കണ്ടെത്തുന്നവർ യേശുവിനെ ദർശിക്കുന്നു.' എന്നുപറഞ്ഞത് -

വി. അൽഫോൻസ് ലിഗോരി (1696-1787)

11. 'കന്യകാമറിയം ഒരു അമ്മയെപ്പോലെ നമ്മെ കാത്തുപാലിക്കുന്നുവെന്ന് ഒട്ടനവധി അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും വ്യക്തമാക്കുന്നു' എന്ന് പറഞ്ഞത് -

വി. കൊച്ചുത്രേസ്യ (1873-1897)

12. 'തിന്മയുടെ സാഗരത്തിൽ നീന്തിത്തുടിക്കുന്ന ലോകത്തിന് പ്രത്യാശയുടെ മഴവില്ലാണ് മറിയം'എന്നുപറഞ്ഞത് -

വി. പത്താം പീയൂസ് (1835-1914)



***"വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധിക്കുകയില്ല."***

**(ഹെബ്രാ. 12:14)**



# 15. പരി. മറിയം മാർപാപ്പമാരുടെ കാഴ്ച്ചപ്പാടിൽ

മരിയശാസ്ത്രത്തിന്റെ വളർച്ചക്ക് മാർപ്പാപ്പമാരുടെ സംഭാവനകൾ വളരെ വിലപ്പെട്ടവയാണ്. ആധുനിക കാലത്തെ മാർപ്പാപ്പമാരെല്ലാം തന്നെ മാതൃഭക്തിക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളവരാണ്. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ മരിയഭക്തി പ്രശസ്തവും പ്രശംസനീയവുമാണ്. മറിയത്തെക്കുറിച്ചുള്ള മാർപ്പാപ്പമാരുടെ ഏതാനും പ്രസ്താവനകൾ താഴെക്കൊടുക്കുന്നു. അവർ മാർപ്പാപ്പയായിരുന്ന കാലഘട്ടം ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു.

1. പരി. മറിയത്തെക്കുറിച്ച് ചാക്രികലേഖനങ്ങൾ എഴുതിയ പ്രധാന മാർപ്പാപ്പമാർ -

   ഒൻപതാം പീയൂസ്, ലെയോ 13-ാമൻ, പത്താം പീയൂസ്, ബെനഡിക്ട് 15-ാമൻ, 12-ാം പീയൂസ്, ജോൺ 23-ാമൻ, പോൾ ആറാമൻ, ജോൺപോൾ 2-ാമൻ

2. മനുഷ്യവംശത്തിന്റെ സഹമദ്ധ്യസ്ഥ എന്ന് പരി. കന്യകയെ വിശേഷിപ്പിച്ച പാപ്പ -

   മഹാനായ വി. ഗ്രിഗരി (590-604)

3. 1571 ഒക്ടോബർ 8-ന് പീയൂസ് അഞ്ചാമൻ പാപ്പായും കൂട്ടരും ലെപ്പാന്റോ യുദ്ധം വഴി തുർക്കിപ്പടയെ തുരത്തിയത് ജപമാല ചൊല്ലിയാണ്. ആയതിന്റെ വാർഷികം വിജയമാതാവിന്റെ തിരുനാളായി. ഈ തിരുനാൾ ജപമാലത്തിരുന്നാളാക്കിയ മാർപ്പാപ്പ -

   ഗ്രിഗറി പതിമൂന്നാമൻ (1572-1585)

4. പരി. കന്യകാമറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ച പാപ്പ -

   ഒൻപതാം പീയൂസ് (1846-1878)

5. മറിയത്തെ 'ദൈവത്തിന്റെയും മനുഷ്യരുടെയും മാതാവ്' എന്ന് സംബോധന ചെയ്ത മാർപ്പാപ്പ -

ലെയോ പതിമൂന്നാമൻ (1878-1903)

6. മറിയത്തിന്റെ സാർവ്വത്രിക മദ്ധ്യസ്ഥതയെ പരാമർശിച്ചുകൊണ്ട് ചാക്രികലേഖനമെഴുതിയ പാപ്പ -

വി. പത്താം പീയൂസ് (1903-1914)

7. 'പരി. കന്യക ക്രിസ്തുവിനോട് യോജിച്ച് ലോകത്തെ രക്ഷിച്ചു എന്നു പറഞ്ഞ പാപ്പ -

ബെനഡിക്ട് പതിനഞ്ചാമൻ (1914-1922)

8. ജപമാല കൈയിലേന്തി, 'ഇതാകണ്ടാലും! വത്തിക്കാനിലെ ഏറ്റവും വലിയ സമ്പത്ത്' എന്നു പറഞ്ഞ പാപ്പ -

പതിനൊന്നാം പീയൂസ് (1922-1939)

9. മറിയത്തിന്റെ വിമലഹൃദയത്തിന് ലോകത്തെ മുഴുവൻ ആദ്യമായി പ്രതിഷ്ഠിച്ച പാപ്പ -

പന്ത്രണ്ടാം പീയൂസ് (1939-1958)

10. 'നാമെല്ലാവരും ക്രിസ്തുവിനെ കണ്ടെത്തുന്നത് മറിയത്തിലൂടെയാണ്. മറിയം നമ്മെ സംരക്ഷിക്കുന്നു. പരിപോഷിപ്പിക്കുന്നു. നമുക്ക് വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു' ഇത് പറഞ്ഞ പാപ്പ -

ജോൺ ഇരുപത്തിമൂന്നാമൻ (1958-1963)

11. "To be Christian is to be Marian എന്നഭിപ്രായപ്പെട്ട പാപ്പ -

പോൾ ആറാമൻ (1963 - 1978)

12. 'മറിയം മദ്ധ്യസ്ഥയായി വർത്തിക്കുന്നത് അമ്മയുടെ സ്ഥാനം അലങ്കരിക്കുന്നതുകൊണ്ടാണെന്ന് പറഞ്ഞ പാപ്പ ?

ജോൺ പോൾ രണ്ടാമൻ (1978-2005)



***"കർത്താവിനോടു ചേർന്നിരിക്കുന്നിടത്തോളം കാലം അവിടുന്ന് നിങ്ങളോടു കൂടെ ഉണ്ടായിരിക്കും."***

*(2 ദിനവൃത്താന്തം 15:2)*



# 16. പരി. മറിയം ചിത്രങ്ങളിലൂടെയും വ്യക്തികളിലൂടെയും

ദൈവമാതാവായ പരിശുദ്ധകന്യകാമറിയത്തിന്റെ സ്തുതിക്കായി രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും ഗാനങ്ങളും അവളുടെ വിവിധ അവസ്ഥകളിലും രൂപഭാവങ്ങളിലും വിരചിതമായിട്ടുള്ള ചിത്രങ്ങളും നിർമ്മിതമായിട്ടുള്ള തിരുസ്വരൂപങ്ങളും എണ്ണമറ്റവയാണ്.

തിരുസ്വരൂപങ്ങളെ വണങ്ങുന്നവർ അതിനുപിന്നിലെ വ്യക്തിത്വത്തെയാണ് വണങ്ങുന്നത്. അതിനാൽ അത് വിഗ്രഹാരാധനയാകുന്നില്ലെന്ന് 787-ലെ രണ്ടാം നിഖ്യാ സൂനഹദോസ് പ്രസ്താവിക്കുന്നു. ദൈവത്തെ മാത്രമേ ആരാധിക്കാവൂ; മാതാവിനെയും മറ്റുവിശുദ്ധരെയും വണങ്ങുക മാത്രമേ ചെയ്യാവൂ എന്നു സഭ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. വിശ്വവിഖ്യാതശില്പിയായ മൈക്കൾ ആഞ്ചലോയുടെ 'പിയാത്ത' (പീയെത്ത) എന്ന വ്യാകുലാംബികയുടെ മാർബിൾ ശില്പം റോമിലെ വത്തിക്കാൻ ബസിലിക്കയിൽ ഇന്നും ജനലക്ഷങ്ങളെ ആകർഷിക്കുന്നു.

ചിത്രകലയെ സഭ വളരെ പണ്ടുമുതലേ പ്രോത്സാഹിപ്പിച്ചിരുന്നതായി സഭാചരിത്രത്തിൽനിന്നു നമുക്ക് മനസ്സിലാക്കാം. ആദ്യകാല ക്രിസ്ത്യൻ ദേവാലയങ്ങളിലെ ചിത്രങ്ങളും വരകളും കൊത്തുപണികളും ഈ വസ്തുതയ്ക്ക് സാക്ഷ്യം നൽകുന്നു. വി. ലൂക്കാ ഒരു കലാകാരനായിരുന്നെന്നും അദ്ദേഹം വളരെ ചിത്രങ്ങൾ രചിച്ചിട്ടുണ്ടെന്നും ആദ്യകാല ഗ്രന്ഥകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

**പ്രധാനപ്പെട്ട ശില്പങ്ങളും ശില്പികളും**

| | ശില്പങ്ങൾ | ശില്പി |
|---|---|---|
| 1. | പിയാത്ത | മൈക്കൾ ആഞ്ചലോ |
| 2. | മഹത്വപൂർണ്ണമായ സ്വർഗ്ഗാരോപണം | തീസിയൻ |
| 3. | അനന്തതയിലേക്ക് നോക്കിനിൽക്കുന്ന കന്യകാമാതാവ് | ബെല്ലിനി |

| | | |
|---|---|---|
| 4. | ഈശോയ്ക്ക് ആപ്പിൾ സമ്മാനിക്കുന്ന മാതാവ് | മെംമ്ളിംഗ് |
| 5. | ഉണ്ണിയെ മാറിടത്തിൽ ചേർത്തിരിക്കുന്ന മാതാവ് | റൂബൻ |
| 6. | സർവ്വാംഗ സുന്ദരിയായ മാതാവ് | ലിയോണാർഡോ ഡാവിഞ്ചി |
| 7. | മുഖാവരണമണിഞ്ഞുകൊണ്ട് ഗബ്രിയേൽ ദൂതനെ ശ്രദ്ധിക്കുന്ന കന്യകാമേരി | ബൊട്ടിസെല്ലി |
| 8. | വിമലാംബികയുടെ 30 തരം ചിത്രങ്ങൾ | മുറില്ലോ |
| 9. | മഡോണയുടെ വിശ്രുതമായ 52 തരം ചിത്രങ്ങൾ | റാഫേൽ |

---

1. 'മുള്ളുകളുടെ ഇടയിലെ ലില്ലി', 'സർവ്വാംഗസുന്ദരി', 'യാതൊരു കുറവുമില്ലാത്തവൾ', 'നന്മനിറഞ്ഞവൾ', 'സർപ്പത്തിന്റെ തല തകർത്തവൾ' തുടങ്ങിയ വേദപുസ്തകപരാമർശങ്ങൾ കണക്കിലെടുത്ത് മരിയഭക്തനായ വി. അൽഫോൺസ് ലിഗോരി 1696-1787) രചിച്ച വിശ്രുതഗ്രന്ഥം -

   മരിയ മഹത്വങ്ങൾ

2. അമലോത്ഭവമാതാവിന്റെ ചിത്രം വരച്ചത്-

   ബർത്തലോമെ മുറില്ലോ (സ്പാനിഷ്)

3. നിത്യസഹായമാതാവിന്റെ ചിത്രം വരച്ചത് -

   വി. ലൂക്കാ

4. 'പാപപങ്കിലമായ മനുഷ്യവംശത്തിന്റെ ഏക അഭിമാനമേ' എന്ന് പരി. അമ്മയെ വിശേഷിപ്പിച്ചത് -

   ആംഗലേയ കവിയായ വില്യം വേഡ്സ്‌വർത്ത്

5. 'കാവ്യസൗന്ദര്യം നിറഞ്ഞുതുളുമ്പുന്ന ഏറ്റവും മനോജ്ഞമായ പുഷ്പമെന്ന് പരി. കന്യകയെ വിശേഷിപ്പിച്ച കവി -

   ഷെല്ലി

6. പരി. അമ്മയുടെ മരണം സംഭവിച്ച സ്ഥലത്ത് ഇന്നു കാണുന്ന ദേവാലയത്തിന്റെ പേര് -

   നിദ്രയുടെ പള്ളി (Church of Dormition)

7. അപ്പോക്രിഫാ ഗ്രന്ഥങ്ങൾ

a) യാക്കോബിന്റെ സുവിശേഷം (മറിയത്തിന്റെ ജനനവും ബാല്യകാലവും കന്യകാത്വവും വിവാഹവും യേശുവിന്റെ ജനനവും ഉൾപ്പെടുന്നു)

b) തോമസിന്റെ സുവിശേഷം (യേശുവിന്റെ ബാല്യകാല വിവരണങ്ങൾ)

c) നസ്രാണികളുടെ സുവിശേഷം

(മറിയത്തിന് യേശുവിന്റെ പരസ്യജീവിതത്തിലെ പങ്ക്)

d) ഇസലാനോയുടെ 'വി. യൗസേപ്പിന് ലഭിച്ച ദാനങ്ങൾ'

(വി. യൗസേപ്പിനെക്കുറിച്ച് ചില പാരമ്പര്യങ്ങൾ)

e) പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം എന്ന സുവിശേഷം (മറിയത്തിന്റെ മരണവും സ്വർഗ്ഗാരോപണവും)

f) ട്രാൻസിത്ത് (മറിയം 72-ാം വയസ്സിൽ മരിച്ചുവെന്നും മാലാഖമാർ 3-ാം ദിവസം സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോയി എന്നും രേഖപ്പെടുത്തിയിരിക്കുന്നു.)



## ഗാനം

*അമ്മേ  അമ്മേ താൗയേ അമ്മയ്ക്കേക മകനേ*
*ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു.*

*അമ്മേ അമ്മേ തായേ അപ്പമില്ലാതാകുമ്പോൾ*
*അപ്പത്തിൽ വാഴുന്നോനെ ഞാൻ ആരാധിക്കുന്നു.*

*അമ്മേ അമ്മേ തായേ മനസ്സിൽ ഭാരം കൂടുമ്പോൾ*
*ശിരസ്സിൽ മുൾമുടി അണിഞ്ഞവനെ ഞാൻ ആരാധിക്കുന്നു.*
*അമ്മേ അമ്മേ തായേ കൈയ്യും മെയ്യും തളരുമ്പോൾ*
*കൈകാലുകളിൽ മുറിവേറ്റവനെ ഞാൻ ആരാധിക്കുന്നു.*

*അമ്മേ അമ്മേ തായേ ഹൃദയം നീറിപുകയുമ്പോൾ*
*തിരുഹൃദയത്തിൻ രാജനെ ഞാൻ ആരാധിക്കുന്നു*
*അമ്മേ അമ്മേ തായേ രോഗഭാരം പെരുകുമ്പോൾ*
*രോഗസൗഖ്യം തന്നവനെ ഞാൻ ആരാധിക്കുന്നു.*
*അമ്മേ അമ്മേ തായേ കണ്ണീർ കടലിൽ താഴുമ്പോൾ*
*കയ്പുനീരു കുടിച്ചവനെ ഞാൻ ആരാധിക്കുന്നു*

*അമ്മേ അമ്മേ തായേ പ്രലോഭനങ്ങൾ പെരുകുമ്പോൾ*
*പ്രലോഭനത്തെ ജയിച്ചവനെ ഞാൻ ആരാധിക്കുന്നു.*

*അമ്മേ അമ്മേ തായേ ഉത്കണ്ഠകളാൽ തളരുമ്പോൾ*
*ഉത്ഥിതനായി ജയിച്ചവനെ ഞാൻ ആരാധിക്കുന്നു.*

# IV

# മാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ

17. കർമ്മല മാതാവ്
18. ലൂർദ്ദ് മാതാവ്
19. ഫാത്തിമ മാതാവ്
20. വേളാങ്കണ്ണി മാതാവ്
21. വല്ലാർപാടത്തമ്മ
22. കൊരട്ടിമുത്തി
23. മാതാവ് ഗരബന്ദാളിൽ
24. റോസാ മിസ്റ്റിക്ക മാതാവ്
25. മാതൃദർശനം വിവിധ സ്ഥലങ്ങളിൽ

രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖപ്പെടുത്തിയിരിക്കുന്നു: "കർത്താവിന്റെ ദിവസം ഉദയം ചെയ്യുന്നതുവരെ മറിയം ഭൂമുഖത്ത് തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിന് സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമായി പ്രകാശിച്ചുകൊണ്ടിരിക്കും" (തിരുസഭ 68).

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം നമ്മുടെ അമ്മയാണ്. നാം അവിടുത്തെ മക്കളും. മക്കൾ വഴിതെററി അപകടത്തിൽ വീഴുന്നത് കണ്ടുകൊണ്ടിരിക്കുവാൻ സ്നേഹമുള്ള ഒരമ്മയ്ക്കും സാധിക്കില്ല. നമ്മുടെ രക്ഷയ്ക്കുവേണ്ടി ദൈവം മനുഷ്യനായി അവതരിച്ച്, നമുക്ക് വേണ്ടി അതികഠിനമായ പീഡകൾ സഹിച്ച്, കുരിശുമരണം വരിച്ച്, ഉയിർത്തെഴുന്നേറ്റ്, സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത ഈശോ നമ്മോടൊപ്പമായിരിക്കുന്നതിനുവേണ്ടി വി. കുർബ്ബാന സ്ഥാപിക്കുകയും അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ എഴുന്നള്ളിവരികയും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ ഈ സ്നേഹം സ്വീകരിക്കുവാൻ മനുഷ്യർ തയ്യാറാകുന്നില്ല. കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് തിന്മയിലൂടെ നടക്കുന്ന മനുഷ്യർ അതുവഴി നിത്യശിക്ഷയിലേക്ക് നിപതിക്കുന്നതു നോക്കിനിൽക്കുവാൻ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ സഹകാരിണിയായ പരിശുദ്ധ കന്യകാമറിയത്തിന് എങ്ങനെ സാധിക്കും? ലൂർദ്ദിലും ഫാത്തിമയിലും മാത്രമല്ല ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ, പ്രത്യേകിച്ച് അമ്മയുടെ സഹായം ആവശ്യമുള്ളിടത്ത് അമ്മ പ്രത്യക്ഷപ്പെട്ട് പ്രായശ്ചിത്തത്തിനും പ്രാർത്ഥനയ്ക്കും ആഹ്വാനം ചെയ്യുന്നു. എവിടെ വീഞ്ഞു (ചൈതന്യം) ഇല്ലാതാകുന്നുവോ അവിടെ അമ്മ കടന്നുവരുന്നു. നമ്മെ സ്നേഹിക്കുന്ന സ്വർഗ്ഗീയ അമ്മയുടെ പ്രത്യക്ഷീകരണങ്ങളിൽ പ്രധാനപ്പെട്ടവയിലേക്ക് ഒന്ന് എത്തിനോക്കാം.



# 17. കർമ്മല മാതാവ് (തിരുനാൾ : ജൂലൈ 16)

1251 ജൂലൈ 16-ാം തീയതി അർദ്ധരാത്രി സൈമൺ സ്റ്റോക്ക് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ വാനവഗണങ്ങളുടെ അകമ്പടിയോടുകൂടി കർമ്മല മാതാവ് പ്രത്യക്ഷപ്പെട്ട് കർമ്മലോത്തരീയം നല്കിക്കൊണ്ട് പറഞ്ഞു. "എന്റെ സാഹോദ രൃത്തിന്റെ അടയാളവും രക്ഷയുടെ അച്ചാരവുമായ ഈ കർമ്മലോത്തരീയം സ്വീക രിക്കുക. ഈ ഉത്തരീയം ധരിച്ചു മരിക്കുന്നവർ നശിക്കുകയില്ല". ഈ സംഭവം കാട്ടുതീപോലെ യൂറോപ്പ് മുഴുവനും പ്രചരിച്ചു. ക്രമേണ ലോകമാസകലമുള്ള എല്ലാ ദൈവമാതൃഭക്തരും കർമ്മലോത്തരീയം ധരിക്കാൻ തുടങ്ങി.

1322-ൽ സ്വർഗ്ഗരാജ്ഞി ജോൺ 22-ാം മാർപ്പാപ്പയ്ക്ക് കാണപ്പെട്ട്, ഉത്തരീയം ധരിച്ച് മരിക്കുന്നവർക്ക് വേറൊരു വാഗ്ദാനവും നൽകി. "കൃപാവരങ്ങളുടെ രാജ്ഞി യായ ഞാൻ ശനിയാഴ്ചതോറും ശുദ്ധീകരണസ്ഥലത്ത് ഇറങ്ങിച്ചെന്ന് ഉത്തരീയം ധരിച്ചുമരിച്ചിട്ടുള്ളവരിൽ ചില വ്യവസ്ഥകൾ പാലിച്ചിട്ടുള്ളവരെയെല്ലാം മോചിപ്പിക്കും". വ്യവസ്ഥകൾ ഇവയാണ്: ഉത്തരീയം വിശ്വസ്തതാപൂർവ്വം ധരി ക്കുക, സ്വന്തം ജീവിതാവസ്ഥയ്ക്കനുസൃതമായ ചാരിത്ര്യം പാലിക്കുക, പരി. കന്യകയുടെ ചെറിയ ഒപ്പീസോ ജപമാലയുടെ അഞ്ചുരഹസ്യങ്ങളോ ദിവസേന ചൊല്ലുക.

ഫാത്തിമായിലെ അവസാനത്തെ ദർശനത്തിൽ മാതാവ് ഉത്തരീയം കയ്യി ലേന്തിയിരുന്നു.



### ഗാനം

കർമ്മല നാഥേ വാഴ്ക
നിർമ്മല കന്യേ വാഴ്ക
നിന്റെ മക്കൾക്കഭയം
നിരസിക്കരുതെന്നമ്മേ......... 2
ആ.........(കർമ്മല നാഥെ)

കർത്താവിന്നെന്നും അമ്മ
പാർത്തട്ടിലെന്നും നീ ധന്യ
താപസർക്കെന്നും നീ മാർഗ്ഗം
തനയരിൽ നിറയും ഭാഗ്യം ഭാഗ്യം
ആ.........(കർമ്മല നാഥെ)



## 18. ലൂർദ്ദ് മാതാവ് (തിരുനാൾ : ഫെബ്രുവരി 11)

ദൈവമാതാവിന്റെ തീർത്ഥാടനകേന്ദ്രങ്ങളിൽ ഒന്നാം സ്ഥാനം ലൂർദ്ദിനാണ്. ഫ്രാൻസിലെ ലൂർദ്ദ് എന്ന ഗ്രാമത്തിൽ 1858-ൽ ബർണദീത്തായെന്ന പെൺകുട്ടിക്ക് മാതാവ് പ്രത്യക്ഷപ്പെട്ടതുമുതലാണ് ഇവിടം ഒരു തീർത്ഥാടനകേന്ദ്രമായത്.

ലൂർദ്ദുഗ്രാമത്തിലെ ഒരു ദരിദ്രകുടുംബത്തിൽ ജനിച്ച് അക്ഷരാഭ്യാസം കൂടാതെ വളർന്ന പതിനാലുവയസ്സുകാരി ബർണദീത്തായും അനുജത്തി ട്വാനെത്തും ഒരു കൂട്ടുകാരിയും കൂടി 1858 ഫെബ്രുവരി 11-ാം തിയതി വ്യാഴാഴ്ച വിറക് ശേഖരിക്കുന്നതിനു മസബിയേൽ വനത്തിലേക്ക് പോയി. ആത്സ്മ രോഗിയായിരുന്ന ബർണദീത്തായ്ക്ക് മാർഗ്ഗമദ്ധ്യേയുണ്ടായിരുന്ന അരുവി കടക്കുവാൻ സാധിക്കായ്കയാൽ അവൾ ഇക്കരെത്തന്നെനിന്നു. മറ്റുരണ്ടുപേരും അക്കരെക്കടന്നു വിറകുശേഖരിക്കാൻ പോയി.

ബർണദീത്താ അവിടെ നിൽക്കുമ്പോൾ ഒരു കാറ്റുവീശി. പാറക്കെട്ടുകളും ഗുഹകളുമുള്ള അടുത്തുള്ള ഗ്രോട്ടോയിലേക്ക് ചില വൃക്ഷങ്ങളുടെ ശാഖകൾ അവളെ മാടിവിളിക്കുന്നതുപോലെ അവൾക്ക് തോന്നി. കണ്ണഞ്ചിപ്പിക്കുന്ന വെള്ള വസ്ത്രവും നീലനിറത്തിലുള്ള അരക്കെട്ടും തത്തുല്യമായ ഒരു ശിരോവസ്ത്രവും ധരിച്ച് ഒരു സ്വർണ്ണമാല കൈയ്യിലേന്തി ഒരു യുവതി ആ ഗ്രോട്ടോയിൽ നില്ക്കുന്നത് അവൾ കണ്ടു. സ്വർണ്ണദീപ്തിയോടുകൂടിയ ഒരു പ്രകാശം അവളുടെ പാദത്തിങ്കൽ തത്തിക്കളിക്കുന്നുണ്ടായിരുന്നു. ബർണദീത്തായും ആ സ്ത്രീയുമൊരുമിച്ച് ജപമാല ചൊല്ലി ത്രീത്വസ്തുതി മാത്രമേ ആ സ്ത്രീ ചൊല്ലിയുള്ളു. ജപമാലയുടെ അന്ത്യത്തിൽ പുഞ്ചിരി തൂകി സ്വല്പമൊന്ന് കുനിഞ്ഞ് അവൾ അപ്രത്യക്ഷയായി.

ഇങ്ങനെ 18 പ്രാവശ്യം ബർണദീത്തായ്ക്ക് ദർശനമുണ്ടായി. മൂന്നാമത്തെ ദർശനത്തിൽ ആ സ്ത്രീ പറഞ്ഞു "പതിനഞ്ചുദിവസം നീ ഇവിടെ

വരണമെന്ന് ഞാനാഗ്രഹിക്കുന്നു. ഈ ലോകത്തിൽ നിന്നെ സൗഭാഗ്യ വതിയാക്കാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നില്ല; അടുത്ത ലോകത്തിൽ നീ പൂർണ്ണമായും സൗഭാഗ്യവതിയായിരിക്കും. 8-ാമത്തെ ദർശനത്തിൽ ഫെബ്രുവരി 24-ാം തിയതി ആ മഹതിയെ വീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ അവൾ വിളിച്ചുപറഞ്ഞു: "പ്രായശ്ചിത്തം, പ്രായശ്ചിത്തം, പ്രായശ്ചിത്തം".

9-ാമത്തെ ദർശനത്തിൽ 1858 ഫെബ്രുവരി 25-ാം തീയതി ആ സ്ത്രീ പറഞ്ഞു "നീ ആ ഉറവയിൽനിന്നു കുടിക്കുക, ദേഹം കഴുകുക, അവിടെ കാണുന്ന സസ്യങ്ങൾ ഭക്ഷിക്കുക". അവൾ ഇവയൊന്നും കാണാതെ നടന്നപ്പോൾ ആ സ്ത്രീ അവളെ വിളിച്ച് സ്ഥലം ചൂണ്ടിക്കാണിച്ചു. ബർണദീത്താ ആ സ്ഥലത്ത് ഇളക്കിനോക്കി. ഉടനെ അവിടെനിന്നൊരു ഉറവ പുറപ്പെട്ടു. ആ ചെളിവെള്ളം ബർണദീത്താ കോരിക്കുടിച്ചു. അവിടെ ഉണ്ടായിരുന്ന സസ്യങ്ങൾ അവൾ ഭക്ഷിക്കുകയും ചെയ്തു. നാലുദി വസം കഴിഞ്ഞ് ആ ചെളിവെള്ളത്തിൽ കണ്ണുതേച്ചുകഴുകിയപ്പോഴാണ് കല്ലുവെട്ടുകാരൻ ലൂയിബുറിയറ്റിനു കാഴ്ച ലഭിച്ചത്. ദിനംപ്രതി ആ ഉറ വയിൽനിന്ന് 2000 ഗാലൻ വെള്ളം വന്നുകൊണ്ടിരിക്കുന്നു. പ്രസ്തുത ജലത്തിൽ കുളിക്കുമ്പോഴോ വി. കുർബ്ബാനയുടെ പ്രദിക്ഷിണ സമയത്ത് ആശീർവ്വാദം ലഭിക്കുമ്പോഴോ ഇന്നും അത്ഭുതരോഗശാന്തികൾ നടന്നു കൊണ്ടിരിക്കുന്നു.

മാർച്ച് 25-ാം തീയതി മംഗലവാർത്തത്തിരുനാൾ ദിവസം ബർണദീ ത്തായ്ക്ക് കാണപ്പെട്ടുകൊണ്ടിരുന്ന സ്ത്രീ തന്റെ പേര് പറഞ്ഞു: "ഞാൻ അമലോത്ഭവയാണ്." അങ്ങനെ 1854 ഡിസംബർ 8-ാം തീയതി 9-ാം പീയൂസ് മാർപ്പാപ്പ ചെയ്ത അമലോത്ഭവ പ്രഖ്യാപനത്തെ ദൈവമാതാവ് അംഗീകരിച്ചു. ജൂലൈ 16-ാം തീയതിയായിരുന്നു അവസാന ദർശനം.

അവിടെ ദിവസംതോറും നടത്തപ്പെടുന്ന ദിവ്യകാരുണ്യ പ്രദക്ഷി ണത്തിലും ജപമാല പ്രദക്ഷിണത്തിലും പങ്കുകൊള്ളുവാൻ ആയിരക്ക ണക്കിന് തീർത്ഥാടകർ സന്ദർശനം നടത്തുന്നു.

1. ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ മരിയകേന്ദ്രം -
   ഫ്രാൻസിലെ ലൂർദ്ദ്
2. ബർണദീത്തായുടെ മാതാപിതാക്കൾ -
   പിതാവ് - ഫ്രാങ്കോയ് സേബിറസ്സി; മാതാവ് - ലൂയിസ് കാസ്റ്റ് ദോറു
3. അമലോത്ഭവമാതാവ് ബർണദീത്തായ്ക്ക് നൽകിയ ദർശനദിനങ്ങൾ
   1858 ഫെബ്രുവരി 11,14,18,19,20,21,23,24,25,27,28 മാർച്ച് 1,2,3,4,25, ഏപ്രിൽ 7, ജൂലൈ 16.



## 19. ഫാത്തിമ മാതാവ് (തിരുനാൾ : മേയ് 13)

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരയാതനകൾ ലോകരെല്ലാം അനുഭവിച്ചുകൊണ്ടിരുന്ന കാലത്ത് 1917 മേയ് 5-ാം തിയതി, ബെനഡിക്ട് 15-ാം മാർപ്പാപ്പ ക്രൈസ്തവ ലോകത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഉപദേശിച്ചു: "യുദ്ധംകൊണ്ട് വികൃതമായ ഈ ഭൂമുഖത്ത് വീണ്ടും ദൈവാനുഗ്രഹം ലഭിക്കുന്നതിനായി ദൈവാനുഗ്രഹ മദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തോട് എല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കണം." മാർപ്പാപ്പയുടെ ഈ ആഹ്വാനത്തിനുശേഷം എട്ടു ദിവസം കഴിഞ്ഞപ്പോൾ അതായത്, മെയ് 13-ാം തീയതി ദൈവമാതാവ് പോർച്ചുഗീസ് രാജ്യത്തിന്റെ തലസ്ഥാനമായ ലിസ്ബൺ പട്ടണത്തിനടുത്ത് സ്ഥിതി ചെയ്യുന്ന ഒരു ചെറുഗ്രാമമായ ഫാത്തിമയിൽ മൂന്ന് ഇടയക്കുട്ടികൾക്ക് പ്രത്യക്ഷയായി.

അന്തോണിയോ സന്തോസ്-മറിയാ റോസാ ദമ്പതികളുടെ ആറുമക്കളിൽ ഇളയവൾ ലൂസി (10), മാനുവേൽ മാർത്തോ-ഒളിമ്പിയ ദമ്പതികളുടെ മക്കളായ ഫ്രാൻസിസ് (8), ജസീന്താ (6) എന്നിവരായിരുന്നു ആ ഇടയകുട്ടികൾ.

1917 മെയ് മുതൽ ഒക്ടോബർ വരെ എല്ലാ മാസവും 13-ാം തീയതി മാതാവ് അവർക്ക് പ്രത്യക്ഷപ്പെട്ടു. ഈ മൂന്ന് കുട്ടികൾ വഴി മാതാവ് മനുഷ്യകുലം മുഴുവനുമായുള്ള സുപ്രധാനമായ ഒരു സന്ദേശം-മാനസാന്തരത്തിനും പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനുമായുള്ള ആഹ്വാനം നൽകുന്നു. "പ്രാർത്ഥിക്കുക, അധികമധികം പ്രാർത്ഥിക്കുകയും പാപികൾക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കുകയും ചെയ്യുക.... എന്തെന്നാൽ അനേകം ആത്മാക്കൾ നരകത്തിൽപോകുന്നതിന്റെ കാരണം അവർക്കായി പ്രാർത്ഥിക്കുവാനും ത്യാഗങ്ങൾ സഹിക്കുവാനും ആരോരുമില്ല എന്നതാണ്".

**മാലാഖയുടെ പ്രത്യക്ഷീകരണം**

ഫാത്തിമായിൽ മാതാവിന്റെ ദർശനം 1917-ലാണെങ്കിലും അവയ്ക്ക് തുടക്കം കുറിച്ചത് 1916-ലാണ്. ദൈവഭക്തരായ മാതാപിതാക്കളിൽനിന്നും ജനിച്ച ലൂസിയും ഫ്രാൻസിസും ജസീന്തായും 1916-ലെ വസന്തകാലത്ത് ഒരു തിങ്കളാഴ്ച അവരുടെ വീടിനു കുറച്ചകലെ കോവ എന്ന സ്ഥലത്ത് ആടുകളെ മേയിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ചാറ്റൽമഴ ഉണ്ടാകുകയും കുട്ടികൾ സമീപത്തെ ഗുഹാമുഖത്ത് കയറിനിന്ന് ജപമാല ചൊല്ലുകയും ചെയ്തു. ഉടൻ ഒരു പ്രകാശഗോളം ആകാശത്തുനിന്ന് തങ്ങളെ സമീപിക്കുന്നതായി അവർ കണ്ടു. പ്രകാശവലയത്തിൽനിന്ന് നീണ്ട മേലങ്കി ധരിച്ച സുന്ദരനായ ഒരു ചെറുപ്പക്കാരൻ അവരെ സമീപിച്ചു പറഞ്ഞു "ഭയപ്പെടേണ്ട, ഞാൻ സമാധാനത്തിന്റെ ദൂതനാണ്, എന്നോടുകൂടെ പ്രാർത്ഥിക്കുക": അയാൾ മുട്ടുകുത്തി സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു. "ഓ! എന്റെ ദൈവമേ, ഞാൻ അങ്ങയെ ആരാധിക്കുന്നു. അങ്ങിൽ ഞാൻ വിശ്വസിക്കുന്നു. അങ്ങയെ ഞാൻ ആശ്രയിക്കുന്നു. സ്നേഹിക്കുന്നു-അങ്ങയിൽ വിശ്വസിക്കാതെയും, ആശ്രയിക്കാതെയും, സ്നേഹിക്കാതെയും ഇരിക്കുന്നവർക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു, മാപ്പുചോദിക്കുന്നു." കുട്ടികൾ ഇത് ഏറ്റുചൊല്ലി. ഇതുപോലെ പ്രാർത്ഥിക്കണമെന്ന് പറഞ്ഞിട്ടു മാലാഖ അപ്രത്യക്ഷമായി.

അടുത്ത മധ്യവേനലിലും ഇതുപോലെ ദർശനമുണ്ടായി. ഈശോയുടെയും മറിയത്തിന്റെയും ഹൃദയങ്ങൾക്ക് കുട്ടികളെക്കുറിച്ച് കരുണ നിറഞ്ഞ പദ്ധതിയുണ്ടെന്ന് അറിയിച്ചു. താൻ പോർട്ടുഗലിന്റെ കാവൽദൂതനാണെന്നും വെളിപ്പെടുത്തി. പാപികളുടെ മാനസാന്തരത്തിനായി പ്രത്യേകം പ്രാർത്ഥനകളും ത്യാഗങ്ങളും അർപ്പിക്കണമെന്നും അപ്പോൾ രാജ്യത്ത് സമാധാനമുണ്ടാകുമെന്നും അറിയിച്ചു.

ആ വർഷാരംഭത്തിൽ ദൈവദൂതൻ പ്രത്യക്ഷപ്പെട്ടത് ഒരു കയ്യിൽ കാസയും മറ്റെ കയ്യിൽ ഓസ്തിയുമായിട്ടാണ്. ഓസ്തിയിൽനിന്ന് രക്തം കാസായിലേക്ക് ഇറ്റിറ്റുവീഴുന്നത് കാണാമായിരുന്നു. താമസിയാതെ കാസയും ഓസ്തിയും അന്തരീക്ഷത്തിൽ നിറുത്തിയിട്ട് ദൈവദൂതൻ, നിലത്ത് സാഷ്ടാംഗം വീണ് ഇങ്ങനെ പ്രാർത്ഥിച്ചു: "പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, അങ്ങയെ ഞാൻ ആരാധിക്കുന്നു. മനുഷ്യരുടെ പാപപരിഹാരത്തിനായി അങ്ങയുടെ തിരുക്കുമാരന്റെ തിരുശരീരവും തിരുരക്തവും അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു. പാപികളുടെ മാനസാന്തരത്തിനായി അങ്ങയുടെ തിരുക്കുമാരന്റെ പീഡാസഹനങ്ങളെ അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു." മൂന്ന് പ്രാവശ്യം ദൂതനോടൊപ്പം അവർ ആ പ്രാർത്ഥന ആവർത്തിച്ചു. അതിനുശേഷം ആ കാസായും

തിരുവോസ്തിയും സ്വർഗ്ഗീയ ദൂതൻ കൈയിലെടുത്ത് മുട്ടിൻമേൽ നിന്നിരുന്ന ലൂസിയുടെ നാവിൽ വച്ചുകൊടുത്തു (ലൂസി ഒരു വർഷം മുമ്പ് ആദ്യകുർബ്ബാന സ്വീകരണം നടത്തിയിരുന്നു). കുട്ടികളോട് മാലാഖ പറഞ്ഞു: "വി. കുർബ്ബാനയിൽ ഈശോയനുഭവിക്കുന്ന നിന്ദനങ്ങൾക്ക് പരിഹാരമായി നിങ്ങൾ ത്യാഗകൃത്യങ്ങൾ ചെയ്ത് അവിടുത്തെ ആശ്വസിപ്പിക്കുക." അടുത്ത നിമിഷം മാലാഖ അപ്രത്യക്ഷനായി.

**മാതാവ് പ്രത്യക്ഷപ്പെടുന്നു.**

1917 മേയ് 13-ന് കുട്ടികൾ ആടുമേയിച്ചിരുന്നത്, ഫാത്തിമായിൽ കോവാ ഈറിയ എന്ന സ്ഥലത്തായിരുന്നു. മദ്ധ്യാഹ്ന നേരത്ത്, അപ്രതീക്ഷിതമായി ഒന്നിനുപിറകേ ഒന്നായിട്ട് മിന്നലുണ്ടായി! മഴയ്ക്കുള്ള ഭാവമാണെന്ന് കരുതി, കുട്ടികൾ ആടുകളെ അടിച്ച് വീട്ടിലേയ്ക്ക് പോകാൻ തുടങ്ങി. പെട്ടെന്ന് അവിടെയുണ്ടായിരുന്ന ഒരു ഓക്ക് വൃക്ഷത്തിൽ പ്രകാശവലയം കാണപ്പെട്ടു! അതിനുള്ളിലായി അതീവസുന്ദരിയായ ഒരു സ്ത്രീ രൂപം! അവൾ വെള്ളവസ്ത്രമാണ് ധരിച്ചിരുന്നത്. ശിരസ്സിനെ ആവരണം ചെയ്തു, തോൾ മറച്ച് പാദംവരെയെത്തുന്ന മേലങ്കിയും, കൂപ്പിയിരുന്ന കൈകളിൽ വെള്ളമുത്തുകൾകൊണ്ടു നിർമ്മിച്ച ജപമാലയും ആ രൂപത്തെക്കുറിച്ച് സിസ്റ്റർ ലൂസി പറഞ്ഞത് സൂര്യനെക്കാൾ ശോഭയുള്ള സ്ത്രീയെന്നാണ്.

ഭയപ്പെടേണ്ടെന്ന് കുട്ടികളെ ഉപദേശിച്ചുകൊണ്ട് ആ ദിവ്യരൂപം തുടർന്നു: "ഞാൻ സ്വർഗ്ഗത്തിൽ നിന്നു വരുന്നു, ഒക്ടോബർ മാസം വരെ ഓരോ മാസവും 13-ന് ഈ സമയത്ത് നിങ്ങൾ ഇവിടെ വരണം, ദിവസവും ജപമാല ചൊല്ലണം. ഞാനാരെന്നും, എന്റെ ഉദ്ദേശ്യമെന്തെന്നും ഞാൻ പറയാം. ദൈവം അയയ്ക്കുന്ന എല്ലാ വേദനകളും സഹിക്കാൻ തയ്യാറാവണം." എല്ലാ ദിവസവും ജപമാലയർപ്പിച്ച് ലോക സമാധാനത്തിനു വേണ്ടിയും യുദ്ധം അവസാനിക്കുന്നതിനുവേണ്ടിയും പ്രാർത്ഥിക്കുവാൻ പറഞ്ഞുകൊണ്ട് ആ സ്ത്രീ വൃക്ഷശാഖകളിൽനിന്ന് ഉയർന്ന് അപ്രത്യക്ഷമായി.

കുട്ടികൾ വീടുകളിൽ ചെന്നു ദർശനകാര്യം പറഞ്ഞപ്പോൾ അവർ അത് വിശ്വസിച്ചില്ല. വാർത്ത നാട്ടിൽ ചിലരൊക്കെ അറിഞ്ഞു. ജൂൺ 13-ന് കുട്ടികളെത്തി. ഒപ്പം ഏകദേശം എഴുപതുപേരും. പറഞ്ഞതു പോലെ സ്ത്രീ രൂപം പ്രത്യക്ഷപ്പെട്ടു. കുട്ടികൾ മാത്രമേ അത് കണ്ടുള്ളു. ആ സ്വർഗ്ഗീയ കന്യകയുടെ പ്രശോഭയിൽ ലൂസിയും ഫ്രാൻസിസും ജസീന്തായും പരമാനന്ദത്തിൽ മുഴുകി. അങ്ങ് എന്നിൽനിന്ന് എന്താവശ്യപ്പെടുന്നുവെന്ന ലൂസിയുടെ ചോദ്യത്തിന് മറുപടിയായി ആ ദിവ്യസ്ത്രീ പറഞ്ഞു: "അടുത്തമാസം 13-ാം തീയതി ഈ സമയത്ത് ഇവിടെ വരണം.

എല്ലാ ദിവസവും ജപമാല അർപ്പിക്കണം. ഈ ജപമാല ചൊല്ലുമ്പോൾ ഓരോ രഹസ്യത്തിനുശേഷം ഞാൻ പറയുവാൻ പോകുന്ന പ്രാർത്ഥന കൂടി ചൊല്ലണം.'' ഇതായിരുന്നു പ്രാർത്ഥന: "എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. നരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളെയും പ്രത്യേകിച്ച് അങ്ങയുടെ സഹായം ആവശ്യമുള്ളവരെയും സ്വർഗ്ഗത്തിലേക്ക് നയിക്കണമേ."

വീണ്ടും ആ സ്വർഗ്ഗീയ കന്യക ലൂസിയെ സംബോധന ചെയ്തു: "മകളേ, നീ വായിക്കുവാനും എഴുതുവാനും പഠിക്കണം. നീ കഴിഞ്ഞ മാസം ആവശ്യപ്പെട്ട രോഗശാന്തി ആ മനുഷ്യനു ലഭിക്കണമെങ്കിൽ പാപജീവിതം അയാൾ ഉപേക്ഷിക്കണം."

സ്വർഗ്ഗീയാനുഭൂതിയനുഭവിച്ചുകൊണ്ടിരുന്ന ലൂസി ചോദിച്ചു: "നാഥേ ഞാനും എന്റെ സഹോദരിയും സഹോദരനും എന്ന് സ്വർഗ്ഗത്തിലെത്തും?" അതിനുമറുപടിയായി ആ സ്ത്രീ പറഞ്ഞു: "ജസീന്തായെയും ഫ്രാൻസീസിനെയും ഞാൻ താമസിയാതെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകും. എന്നാൽ നീ ഭൂമിയിൽ വളരെനാൾ ജീവിക്കണം. ലോകമാസകലം എന്നെ അറിയിക്കുന്നതിനും സ്നേഹിക്കുന്നതിനും ഈശോ നിന്നെ നിയമിച്ചിരിക്കുന്നു. എന്റെ പാവന ഹൃദയത്തോടുള്ള ഭക്തി ലോകത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടി നീ ശ്രമിക്കണം. ഇപ്രകാരം ചെയ്താൽ ലോകരക്ഷ ഞാൻ വാഗ്ദാനം ചെയ്യുന്നു. ദൈവം ഈ ഭക്തരെ രക്ഷിക്കും. ദൈവത്തിന് അർപ്പിക്കുന്ന പുഷ്പങ്ങൾ ആയിരിക്കും ഈ ആത്മാക്കൾ".

പക്ഷേ, ഇതു വിശ്വസിക്കുവാൻ ലൂസിക്ക് സാധിച്ചില്ല. അവൾ ചോദിച്ചു: "അങ്ങ്, ജസീന്തായെയും ഫ്രാൻസീസിനെയും സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുകയാണെങ്കിൽ ഞാൻ തനിച്ചിവിടെ എങ്ങനെ ജീവിക്കും? അതിനു മറുപടിയായി ആ ദിവ്യസ്ത്രീ പറഞ്ഞു: "മകളേ, നീ തനിച്ചായിരിക്കുകയില്ല. നിന്നെ ഞാൻ ഒരിക്കലും ഉപേക്ഷിക്കുകയില്ല. എന്റെ പാവനഹൃദയം നിനക്ക് ഒരഭയമായിരിക്കും. ദൈവത്തിലേക്ക് അത് നിന്നെ നയിക്കും".

ആ സമയം സ്വർഗ്ഗീയ കന്യക തന്റെ കരങ്ങൾ അവരുടെമേൽ നിവർത്തിപ്പിടിച്ചു. അപ്പോൾ ആ ദിവ്യകരങ്ങളിൽനിന്നു പ്രകാശരശ്മികൾ പുറപ്പെട്ട് അവരുടെ ഹൃദയങ്ങളിലേക്ക് തുളച്ചുകയറി. സന്തോഷസമുദ്രത്തിൽ മുങ്ങി അവർ മൂന്നുപേരും മരവിച്ചു പ്രതിമകളെപോലെ അവിടെ നിന്നു. പരി. കന്യകയുടെ തിരുഹൃദയവും അതിനോടുള്ള സ്നേഹവും എന്താണെന്ന് അപ്പോൾ അവർക്ക് മനസ്സിലായി.

ആ ദിവ്യസ്ത്രീ അപ്രത്യക്ഷമായപ്പോൾ ചുറ്റുമുണ്ടായിരുന്ന ജനം നൂറു ചോദ്യങ്ങളുമായി ലൂസിയെ പൊതിഞ്ഞു. എന്നാൽ എല്ലാ

കാര്യങ്ങളും വെളിപ്പെടുത്താതിരുന്നതിനാൽ ചെറിയ ഒരു പ്രതിഷേധ ത്തോടുകൂടി ജനം പിരിഞ്ഞു. വീട്ടിൽനിന്ന് ശകാരവാക്കുകളാണ് അവൾക്ക് ലഭിച്ചത്.

**ജൂലൈ 13**

കുട്ടികൾ വന്നപ്പോൾ അവരുടെ മുമ്പിൽ സ്വർഗ്ഗീയാനുഭൂതിയോടെ ദിവ്യപ്രഭ ചൊരിഞ്ഞു നിൽക്കുന്ന ആ കന്യക പതിവിലും സുന്ദരിയായിരുന്നു. സ്വർഗ്ഗീയ രാജ്ഞി അവരുടെ സമീപത്തേക്ക് നടന്നെത്തി. ആ കുട്ടികളെ തന്റെ പ്രകാശത്തിൽ ആവരണം ചെയ്തു. ലൂസി ചോദിച്ചു: "നാഥേ, അങ്ങ് ആരാണെന്നു പറയുകയും അങ്ങ് ഇവിടെ ദർശനം നൽകുന്നു എന്ന് എല്ലാവരും അറിയേണ്ടതിനായി ഒരത്ഭുതം പ്രവർത്തിക്കുകയും ചെയ്യാമോ?" ആ ദിവ്യസ്ത്രീ പറഞ്ഞു: "എല്ലാ മാസവും 13-ാം തിയതി ഇവിടെ വരിക. ഒക്ടോബർ മാസത്തിൽ ഞാൻ ആരെന്നു പറയാം. എല്ലാവരും വിശ്വസിക്കുന്നതിനുവേണ്ടി അന്ന് ഒരത്ഭുതം പ്രവർത്തിക്കുകയും ചെയ്യും."

ആ ദിവ്യസ്ത്രീ തുടർന്നു: "പാപികൾക്കുവേണ്ടി പരിഹാരപ്രവൃത്തികൾ ചെയ്യുവിൻ. ഓരോ പ്രായശ്ചിത്തപ്രവൃത്തിക്കും ശേഷം ഇപ്രകാരം പ്രാർത്ഥിക്കണം. "ഓ, എന്റെ ഈശോയേ, എന്റെ ഈ പാപപരിഹാര പ്രവൃത്തി നിന്നോടുള്ള സ്നേഹത്തിനുവേണ്ടിയും മറിയത്തിന്റെ വിമലഹൃദയത്തിന് എതിരായി ചെയ്യുന്ന ദ്രോഹങ്ങളുടെ പരിഹാരത്തിനുവേണ്ടിയും ഞാൻ കാഴ്ചവെയ്ക്കുന്നു."

ഉടനെ ആ സ്വർഗ്ഗീയ കന്യക തന്റെ കരങ്ങൾ ആ കുട്ടികളുടെ മേൽ നിവർത്തിപ്പിടിച്ചു. ആ കരങ്ങളിൽനിന്നുപൊട്ടിപുറപ്പെട്ട പ്രകാശ കിരണങ്ങളാൽ അവർ മൂന്നുപേരും വലയം ചെയ്യപ്പെട്ടു. ആ പ്രകാശത്തിൽ അവർ നിന്നിരുന്ന ഭൂമിയും ഓക്കുമരവും, ചുറ്റും കൂടിയിരുന്ന നാലായിരത്തിൽപരം ജനങ്ങളും, കോവാ മുഴുവനും അപ്രത്യക്ഷമായി. അവരുടെ മുമ്പിൽ കണ്ടത് ഭയാനകമായ നരകക്കുഴിയായിരുന്നു.

ആ തീച്ചൂളയിലേയ്ക്ക് എത്തിനോക്കിയ കുട്ടികൾ ആലിലപോലെ വിറച്ചു. അവർ ഒന്നുകൂടി ആ ദിവ്യകന്യകയുടെ സമീപത്തേക്ക് അടുത്തു നിന്നു. എണ്ണപ്പെടാൻ കഴിവില്ലാത്തവിധം പിശാചുക്കളും ആത്മാക്കളും ആ നരകാഗ്നിയിൽ വേദന അനുഭവിക്കുന്നത് അവർ കണ്ടു. അതി വികൃതമായ മൃഗങ്ങളുടെ രൂപത്തിലായിരുന്നു മിക്ക പിശാചുക്കളും.

എന്നാൽ, ശിക്ഷിക്കപ്പെട്ട മനുഷ്യർ ശരീരത്തോടുകൂടി ആ തീച്ചുളയിൽ തട്ടിമറിഞ്ഞുകൊണ്ടിരിക്കുന്നു. തവിട്ടുനിറമായിരുന്നു അവരുട ശരീരങ്ങൾക്ക്. പിശാചുക്കളും മനുഷ്യരും ഉച്ചത്തിൽ ആക്രോശിച്ചു കൊണ്ടിരുന്നത് അവരെ ഭയപ്പെടുത്തി. ജ്വലിക്കുന്ന അഗ്നിയിൽ

നരകവാസികൾ ഇളകുകയും പൊങ്ങുകയും താഴുകയും ചെയ്തു കൊണ്ടിരുന്നത് ആ കുട്ടികളെ ഒന്നുകൂടി ഭയവിഹ്വലരാക്കി. തീച്ചൂളയിൽ ജ്വലിക്കുന്ന കൽക്കരി കഷണങ്ങൾപോലെ ആയിരുന്നു ഈ ആത്മാക്കൾ. വേദനയിൽനിന്ന് ഒരുനിമിഷംപോലും ഇവർക്ക് മുക്തിയുണ്ടായിരുന്നില്ല.

ഈ ഭയാനക കാഴ്ച പെട്ടെന്ന് വന്നതുപോലെ പെട്ടെന്ന് മറഞ്ഞു പോയി. ഭയവിഹ്വലരായ ലൂസിയും ജസീന്തായും ഫ്രാൻസീസും പഴയ സ്ഥിതിയിൽ എത്തി. ആ ദിവ്യസ്ത്രീ ഇപ്രകാരം പറഞ്ഞു: "പാപികൾ ശിക്ഷിക്കപ്പെടുന്ന നരകം നിങ്ങൾ കണ്ടു. മനുഷ്യരെ നിത്യനരകാഗ്നി യിൽനിന്നു രക്ഷിക്കാൻ പരി. മറിയത്തിന്റെ നിർമ്മല ഹൃദയത്തോടുള്ള ഭക്തി ലോകത്തിൽ സ്ഥാപിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ഇപ്രകാരം ചെയ്താൽ പല ആത്മാക്കളും നരകത്തിൽ വീഴാതെ രക്ഷപെടും. അങ്ങനെ ലോകത്തിൽ സമാധാനം ഉണ്ടായിരിക്കും."

ദിവ്യസ്ത്രീയുടെ വാക്കുകൾ കുട്ടികളെ ആശ്വസിപ്പിച്ചു. സ്വർഗ്ഗീയ കന്യക തുടർന്നു: "ഇപ്പോൾ നടക്കുന്ന യുദ്ധം ഉടനെ അവസാനിക്കും എന്നാൽ മനുഷ്യർ പാപത്താൽ ദൈവത്തെ ദ്രോഹിക്കുകയാണെങ്കിൽ ഇതിലും കഠിനമായ ഒരു യുദ്ധം പീയൂസ് പതിനൊന്നാമൻ മാർപ്പാപ്പയുടെ കാലത്തു ലോകത്തെ ശിക്ഷിക്കും. ഒരു രാത്രി അജ്ഞാതമായ പ്രശോഭ യാൽ ഭൂമി ആവരണം ചെയ്യപ്പെടുമ്പോൾ ദൈവം ലോകത്തെ ശിക്ഷിക്കു വാൻ വരുന്നു എന്നു മനസ്സിലാക്കുക" (21 വർഷങ്ങൾക്കുശേഷം 1938 ജനുവരി 25-ാം തിയതി രാത്രി യൂറോപ്പ് മുഴുവൻ ഒരു പ്രത്യേക പ്രകാശ ത്തിൽ മുങ്ങി. ആ വർഷം തന്നെ ഹിറ്റ്ലറുടെ നാസിപ്പട രണ്ടാം ലോക മഹായുദ്ധം ആരംഭിച്ചു)

"യുദ്ധം വരുത്തിവയ്ക്കുന്ന നാശത്തിൽനിന്നു ലോകത്തെ രക്ഷിക്കു വാൻ പരിശുദ്ധ കന്യകയുടെ തിരുഹൃദയ പ്രതിഷ്ഠ ഞാൻ ആവശ്യ പ്പെടും. അതുപോലെ എല്ലാ ആദ്യശനിയാഴ്ചയും വി. കുർബ്ബാന സ്വീകര ണവും, മനുഷ്യർ ഇപ്രകാരം ചെയ്താൽ റഷ്യ മാനസാന്തരപ്പെടുകയും ലോകത്തിൽ സമാധാനം അനുഭവപ്പെടുകയും ചെയ്യും. അല്ലെങ്കിൽ റഷ്യ, അവരുടെ നിരീശ്വരപ്രസ്ഥാനം, ലോകം മുഴുവൻ അടിച്ചേല്പിക്കും. സത്യസഭ ഞെരുക്കപ്പെടും. പരിശുദ്ധ പിതാവ് വളരെയധികം സഹിക്കേ ണ്ടിവരും. പലരാജ്യങ്ങളും ഭൂമിയിൽനിന്ന് അപ്രത്യക്ഷമാകും.

എങ്കിലും, എന്റെ വിമലഹൃദയം അവസാനം വിജയിക്കും. പരിശുദ്ധ പിതാവ് റഷ്യയെ എന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കും. അങ്ങനെ കുറെക്കാലം ലോകത്തിൽ സമാധാനം ഉണ്ടായിരിക്കും. പോർച്ചുഗൽ രാജ്യത്തു വിശ്വാസം നഷ്ടപ്പെടുകയില്ല. ഈ വിവരങ്ങൾ ഇപ്പോൾ ആരോടും പറയരുത്. ഫ്രാൻസീസിനെ ഇതെല്ലാം അറിയിക്കണം".

ആ ദിവ്യകന്യകയുടെ ഏറ്റവും ദീർഘിപ്പിച്ച സംഭാഷണമായിരുന്നു ഇത്. ആ കന്യക തുടർന്നു. :

"ഞാൻ ഇപ്പോൾ പറയുവാൻ പോകുന്നത് വളരെ വർഷങ്ങൾക്കു ശേഷം മാത്രമേ വെളിപ്പെടുത്താവൂ".

ഉടനെതന്നെ ഒരു രഹസ്യം ആ കന്യക അവരെ അറിയിച്ചു. അതിനു ശേഷം മാതാവിന്റെ തിരുഹൃദയത്തോടുള്ള ഭക്തിയും ലോകരക്ഷയും പാപികളുടെ മാനസാന്തരവും മറ്റും വീണ്ടും ആ കന്യക അവരെ ഓർമ്മിപ്പിച്ചു. ലൂസി ചോദിച്ചു: "വേറെ എന്തെങ്കിലും എന്നെ അറിയിക്കുവാനുണ്ടോ?" വേറെ ഒന്നുമില്ലയെന്ന് പറഞ്ഞുകൊണ്ട് ഉടനെ തന്നെ ആ സ്വർഗ്ഗീയസ്ത്രീ അപ്രത്യക്ഷയായി.

ഈ രഹസ്യം കുട്ടികളെക്കൊണ്ട് പറയിപ്പിക്കുന്നതിനുവേണ്ടി ഔറേമിലെ ഭരണാധികാരി കുട്ടികളെ തട്ടിക്കൊണ്ടുപോയി ഭീഷണിപ്പെടുത്തിയെങ്കിലും അവർ രഹസ്യം പുറത്തുവിട്ടില്ല. ആഗസ്റ്റ് 13-ാം തീയതി അവർ ഭരണാധികാരിയുടെ ബന്ധനത്തിലായിരുന്നതിനാൽ അവർക്ക് കോവായിലേക്ക് വരുവാൻ സാധിച്ചില്ല. എങ്കിലും 18000 ത്തോളം മനുഷ്യർ അവിടെ തടിച്ചുകൂടി. പ്രകാശമുള്ള ഒരുമേഘഗോളം ആകാശത്തുനിന്ന് താഴെയിറങ്ങി വരുന്നതും അല്പം കഴിഞ്ഞ് അപ്രത്യക്ഷമാകുന്നതും ജനക്കൂട്ടത്തിലെ ഒരു കുട്ടി കാണുകയുണ്ടായി.

കുട്ടികൾ സ്വതന്ത്രമാക്കപ്പെട്ടശേഷം ഒരു ഞായറാഴ്ച അവർ ആടുകളെകൊണ്ട് വാലിനോസ് എന്ന സ്ഥലത്തേക്കാണ് പോയത്. പതിവുപോലെ ജപമാലയാരംഭിച്ചു. ആ ജപമാല അവസാനിച്ചപ്പോൾ ആ ദിവ്യസ്ത്രീ ആകാശത്തുനിന്ന് താഴോട്ടിറങ്ങിവന്നു. 13-ാം തീയതി കോവായിൽ പോകുവാൻ തടസ്സപ്പെടുത്തിയ ഔറേമിലെ ഭരണാധികാരിയെ കുറ്റപ്പെടുത്തിക്കൊണ്ടാണ് സ്വർഗ്ഗീയകന്യക സംഭാഷണം ആരംഭിച്ചത്. ലൂസി ചോദിച്ചു 'കോവായിലെ മരച്ചുവട്ടിൽ ജനങ്ങൾ പണം നിക്ഷേപിക്കുന്നുണ്ട്. അത് എന്ത് ചെയ്യണം'? അതിനുമറുപടിയായി 'അതിൽ ഒരുഭാഗം ഉപയോഗിച്ച് പ്രദക്ഷിണത്തിനുള്ള രണ്ടു രൂപക്കൂടുകൾ പണിയണം. വെള്ളവസ്ത്രം ധരിച്ചുകൊണ്ട് നീയും ജസീന്തായും മറ്റു രണ്ടു പെൺകുട്ടികളും അതിൽ ഒരെണ്ണം എടുത്ത് കോവായിൽ സ്ഥാപിക്കണം. അതിനുള്ളിൽ ജപമാല രാജ്ഞിയുടെ സ്വരൂപം വച്ചിരിക്കണം. മറ്റേ രൂപക്കൂട് വെള്ളവസ്ത്രം ധരിച്ച് ഫ്രാൻസിസും മറ്റു മൂന്നു ആൺകുട്ടികളും വഹിച്ച് കോവായിൽ എത്തിക്കണം. മാതാവിന്റെ അമലോത്ഭവഹൃദയരൂപം അതിൽ ഉണ്ടായിരിക്കണം. ബാക്കിയുള്ള പണം കോവായിൽ പണിയുവാൻ പോകുന്ന ദേവാലയത്തിനുള്ളതാണ്.

അതിനുശേഷം ആ ദിവ്യകന്യക കുട്ടികളെ അനുഗ്രഹിച്ചുകൊണ്ട് പറഞ്ഞു: 'പ്രാർത്ഥിക്കുക, പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും, പരിഹാരപ്രവൃത്തികൾ ചെയ്യുകയും വേണം. അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനോ പരിഹാരപ്രവർത്തികൾ ചെയ്യുവാനോ ആരും ഇല്ല.'

"ഒക്ടോബർ 13-നു വി. യൗസേപ്പും ഉണ്ണിമിശിഹായും കോവായിൽ വരുന്നതാണ്. അവർ എല്ലാവരെയും അനുഗ്രഹിക്കും..."

ലൂസി ചോദിച്ചു. "രോഗികളായ പലരെയും സുഖപ്പെടുത്തുവാൻ അങ്ങയോട് യാചിക്കണമെന്ന് പലരും എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്. പേരുകൾ....." ദിവ്യസ്ത്രീ പറഞ്ഞു. 'എനിക്കറിയാം അവരിൽ ചിലരെ ഈ വർഷം തന്നെ ഞാൻ സുഖപ്പെടുത്തും. ആത്മാവിന്റെ രക്ഷയാണ് ശരീരത്തിന്റെ രക്ഷയെക്കാൾ പ്രധാനം...'

താമസിയാതെ ആ ദിവ്യസ്ത്രീ മന്ദം മന്ദം ഉയർന്ന് നീലാകാശത്തിൽ അപ്രത്യക്ഷയായി.

**സെപ്തംബർ 13-ാം** തീയതി സമീപിച്ചപ്പോഴേയ്ക്കും ഫാത്തിമായും കോവായും തീർത്ഥാടകരെക്കൊണ്ട് നിറഞ്ഞു. ഫാത്തിമ, പോർത്തുഗലിലെ ലൂർദ്ദായിത്തീരുമെന്ന് പലപത്രങ്ങളും എഴുതിയിരുന്നു. ലൂസിയും ജസീന്തായും ഫ്രാൻസിസും പ്രാർത്ഥനയുടെയും പ്രായ്ശ്ചിത്തത്തിന്റെയും ജീവിതം തുടർന്നു. 13-ാം തിയതി 10 മണിക്ക് എല്ലാവരും കൂടി ജപമാല തുടങ്ങി. 40000 ത്തോളം ജനങ്ങൾ അവിടെ കൂടിയിരുന്നു. ജപമാല തീർന്നപ്പോഴേക്കും ആകാശത്തുനിന്നു പ്രകാശഗോളം താഴോട്ട് വരുന്നത് സകലജനങ്ങളും കണ്ടു. ആ ദിവ്യസ്ത്രീ കുട്ടികളുടെ സമീപത്തെത്തി. ദർശനം അനുഭവിച്ചുകൊണ്ടിരുന്ന കുട്ടികളുടെ മുഖങ്ങൾ ആ ദിവ്യകന്യകയുടെ പ്രകാശത്തിൽ തിളങ്ങി. യുദ്ധം അവസാനിക്കുന്നതിനായി എല്ലാ ദിവസവും പ്രാർത്ഥിക്കണമെന്നും ദർശനങ്ങളുടെ അവസാന ദിവസമായ ഒക്ടോബർ 13-ന് ഞാൻ ഒരു അത്ഭുതം പ്രവർത്തിക്കും എന്നും കുട്ടികളെ അറിയിച്ചു. കുറച്ചുകഴിഞ്ഞു ആ സ്വർഗ്ഗീയ സ്ത്രീ തന്റെ ദർശനം അവസാനിപ്പിച്ചു. എല്ലാവരും നോക്കി നിൽക്കെ ആ പ്രകാശഗോളം ആകാശത്തിലേക്ക് നീങ്ങി. അപ്പോൾ ആയിരക്കണക്കിന് വെള്ളപുഷ്പ ഇതളുകൾ നീലാകാശത്തിൽനിന്ന് താഴേക്ക് വീഴുവാൻ തുടങ്ങി. പലരും ആ ഇതളുകൾ പിടിച്ചെടുക്കുവാൻ ശ്രമം നടത്തിയെങ്കിലും ഭൂമിയിലെത്തുന്നതിന് മുൻപുതന്നെ അവ അലിഞ്ഞുപോയി. ഈ ദർശനങ്ങളിൽ ഭരണാധികാരിക്ക് വിശ്വാസമില്ലാതിരുന്നെങ്കിലും ഇടവക വികാരിക്ക് വിശ്വാസമുണ്ടായിരുന്നു. കർദ്ദിനാൾ സാന്തറേമിലെ സെമിനാരി റെക്റ്ററെ വിവരങ്ങൾ അന്വേഷിക്കുവാൻ ഫാത്തിമായിലേക്ക് അയച്ചു.

**ഒക്ടോബർ 13**

ഒക്ടോബർ 12 രാത്രി മുഴുവനും ഭക്തജനപ്രവാഹംകൊണ്ട് ഫാത്തിമായും കോവായും തിരക്കിട്ട ഒരു പട്ടണപ്രദേശമായിത്തീർന്നു. അർദ്ധരാത്രിയോടെ ആരംഭിച്ച മഴ 13-ാം തീയതി ഉച്ചവരെ നീണ്ടുനിന്നു. 13-ാം തീയതി 10 മണി കഴിഞ്ഞപ്പോഴേക്കും 70,000 ജനങ്ങൾ അവിടെ എത്തിയെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. 11 മണി കഴിഞ്ഞപ്പോൾ ലൂസിയും ജസീന്തായും ഫ്രാൻസിസും അവരുടെ കുടുംബാംഗങ്ങളും കോവായിൽ ഓക്കുമരത്തിന് സമീപം അവർക്കായി ഒരുക്കിയിരുന്ന സ്ഥലത്തെത്തി ജപമാല ആരംഭിച്ചു. 13-ാം തിയതി മദ്ധ്യാഹ്നത്തിൽ വരുമെന്നാണ് ആ സ്ത്രീ മുൻകൂട്ടി അറിയിച്ചിരുന്നത്. ഉച്ചയായപ്പോൾ മഴ പെട്ടെന്ന് നിന്നു. അടുത്തനിമിഷം അതിസുന്ദരിയായ ആ സ്വർഗ്ഗീയ കന്യക ഓക്കുമരത്തിൽ പ്രത്യക്ഷപ്പെട്ടു. ലൂസി ചോദിച്ചു. "അങ്ങ് ആരാകുന്നു വെന്നും, എന്നിൽ നിന്ന് എന്താവശ്യപ്പെടുന്നുവെന്നും ഇന്നറിയിക്കാമോ? അതിന് മറുപടി യായി: "ഞാൻ ജപമാല രാജ്ഞിയാണ്. എന്റെ നാമത്തിൽ ഇവിടെ ഒരു ദൈവാലയം പണിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എല്ലാ ദിവസവും ജപമാല ചൊല്ലണം. യുദ്ധം അവസാനിക്കുവാൻ പോകുന്നു. പട്ടാളക്കാ രെല്ലാം അവരവരുടെ കുടുംബങ്ങളിൽ തിരിച്ചെത്തും." ജപമാലഭക്തി വഴി ധാരാളം ആത്മാക്കളെ ദൈവത്തിന് നേടിയെടുക്കുവാൻ അവർക്ക് കഴിയുമെന്ന് മാതാവ് അവരെ ബോധ്യപ്പെടുത്തി.

പരിശുദ്ധകന്യക വാഗ്ദാനം ചെയ്തിരുന്നതനുസരിച്ച് മറ്റു ദർശ നങ്ങളും കുട്ടികൾക്കുണ്ടായി. ആദ്യത്തേത് തിരുക്കുടുംബദർശനമാ യിരുന്നു. ഈശോയും പരിശുദ്ധ മറിയവും വി. യൗസേപ്പും ആ കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടു. തിരുക്കുടുംബം എല്ലാവരെയും അനുഗ്രഹി ക്കുന്നത് കുട്ടികൾ കണ്ടു. അടുത്ത ദർശനം: ഈശോ കാൽവരിയി ലേക്കുള്ള യാത്രയിൽ അണിഞ്ഞിരുന്ന ചുവപ്പ് വസ്ത്രം ധരിച്ച് വ്യാകുല മാതാവിനോടുകൂടെ ലൂസിക്ക് കാണപ്പെട്ടു. ഈശോയും മറിയവും ലോകത്തെ അനുഗ്രഹിച്ചു. കുറച്ചുസമയം നീണ്ടുനിന്ന ഈ ദർശന ത്തിനുശേഷം അടുത്ത ദർശനമുണ്ടായി: വെള്ള വസ്ത്രം അണിഞ്ഞ മാതാവ്, ദിവ്യ ഉണ്ണിയെ മടിയിലിരുത്തിക്കൊണ്ട് ദർശനം നൽകി. വീണ്ടും സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി മുടിയണിഞ്ഞു കൊണ്ടാണ് മാതാവ് ദർശനം നല്കിയത്.

**സൂര്യനിൽ അത്ഭുതങ്ങൾ**

ലൂസിയും ജസീന്തായും ഫ്രാൻസിസും തിരുക്കുടുംബത്തെയും വ്യാകുലമാതാവിനെയും ജപമാലരാജ്ഞിയെയും ദർശിച്ചുകൊണ്ടി രുന്നപ്പോൾ, കോവായിൽ കൂടിയിരുന്ന 70000-ത്തിൽപരം ജനം, പരിശുദ്ധ

കന്യക വാഗ്ദാനം ചെയ്തിരുന്ന അത്ഭുതം കാണുകയുണ്ടായി. മഴയെല്ലാം മാറി. ശാന്തമായ അന്തരീക്ഷത്തിൽ സൂര്യൻ വീണ്ടും നീലാകാശത്തിൽ തിളങ്ങി നിന്നു. ആ ഗോളം ഒരു ചന്ദ്രക്കലയായും പിന്നീട് ഒരു വെള്ളിച്ചക്രമായും ആകാശത്തു കാണപ്പെട്ടു. ജനങ്ങളെല്ലാം ആകാശത്തിലേക്ക് നോക്കി. പിന്നീട് സൂര്യൻ അതിവേഗം ചലിക്കുവാനും വിറയ്ക്കുവാനും കുലുങ്ങുവാനും തുടങ്ങിയത് കണ്ട് ജനങ്ങളെല്ലാം ഭയവിഹ്വലരായി. മൂന്നുമിനിട്ട് കഴിഞ്ഞപ്പോൾ സൂര്യൻ അഗ്നിചക്രമായി മാറി. അതിവേഗം കറങ്ങുകയും അഗ്നിജ്വാലകൾ നാനാവശത്തേക്കും പുറപ്പെടുകയും ചെയ്തു. താമസിയാതെ, കറങ്ങുന്ന ഒരു വെള്ളിച്ചക്രമായി പ്രകാശകിരണങ്ങൾ പുറത്തേക്ക് വീശുവാൻ തുടങ്ങി. സൂര്യപ്രകാശത്തിലെ ഏഴു നിറങ്ങൾ ഓരോന്നായി അവിടെ കൂടിയിരുന്ന എല്ലാവരെയും ആവരണം ചെയ്തു. “ദൈവമാതാവേ”, എന്നുവിളിച്ച് പലരും നെഞ്ചത്തടിച്ചു വിലപിക്കുന്നുണ്ടായിരുന്നു.

തുടർന്ന് സൂര്യന്റെ നൃത്തമായിരുന്നു. അല്പം കഴിഞ്ഞ് സൂര്യൻ വീണ്ടും പൂർവ്വസ്ഥിതിയിലെത്തിയെങ്കിലും തീപ്പൊരി വിതറിക്കൊണ്ട് അതിവേഗം കറങ്ങാൻ തുടങ്ങി. അതിമനോഹരമായ ആ കാഴ്ചയ്ക്ക് ശേഷം സൂര്യൻ ആകാശത്തുനിന്നു താഴോട്ട് പതിക്കുവാൻ ആരംഭിച്ചു. ലോകാവസാനം ആഗതമായിരിക്കുന്നുവെന്ന് പലരും വിളിച്ചുപറഞ്ഞു. “സ്നേഹമുള്ള ദൈവമേ, പാപത്തിൽ മരിക്കാൻ ഇടയാക്കല്ലേ, പരിശുദ്ധ കന്യകയേ, ഞങ്ങളെ രക്ഷിക്കണമേ” എന്ന് ഭൂരിഭാഗം ജനങ്ങളും പ്രാർത്ഥിച്ചു. പന്ത്രണ്ട് മിനിട്ടിനുശേഷം സൂര്യൻ ശാന്തമാവുകയും സാധാരണ രീതിയിൽ പ്രകാശിക്കുകയും ചെയ്തു. മഴയിൽ കുതിർന്നിരുന്ന വസ്ത്രങ്ങളെല്ലാം പെട്ടെന്ന് ഉണങ്ങിയതായി കാണപ്പെട്ടു. ജപമാലയർപ്പിക്കുവാനും പാപികൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനുമുള്ള തീരുമാനത്തോടെ ആ സമൂഹം സ്വഗ്രാമങ്ങളിലേക്ക് തിരിച്ചുപോയി.

ഒക്ടോബർ 13-ന് കോവായിൽ നടന്ന ഈ മഹാത്ഭുതം ഫാത്തിമായിൽനിന്നു 25 കി.മീ. അകലെ താമസിച്ചവർക്കും കാണുവാൻ സാധിച്ചു. പിറ്റേ ദിവസത്തെ ദിനപ്പത്രങ്ങൾ ഈ മഹാസംഭവം ആദ്യപേജിൽത്തന്നെ പ്രസിദ്ധീകരിച്ചു. ദൈവത്തെയും സഭയെയും അവഹേളിച്ച് ഫാത്തിമയ്ക്ക് എതിരായി എഴുതിയിരുന്ന നിരീശ്വരവാദിയായ പത്രാധിപർ അല്മേഡായും ഈ സംഭവങ്ങൾക്ക് ദൃക്സാക്ഷ്യം വഹിക്കുകയും ഫാത്തിമദർശനം ഒരു യാഥാർത്ഥ്യമായിരുന്നുവെന്ന് തന്റെ പത്രത്തിലെഴുതുകയും ചെയ്തു.

ദർശനം കഴിഞ്ഞതിനുശേഷം കുട്ടികൾ മൂന്നുപേർക്കും ചിലരുടെ പരിഹാസങ്ങളും മറ്റും സഹിക്കേണ്ടിവന്നു. അവർ അത് പാപികളുടെ മാനസാന്തരത്തിനായി കാഴ്ചവച്ചു. സഹനത്തിന്റെ പാതയിൽ അവർ

ജീവിച്ചു. യൂറോപ്പിൽ ഒരു പകർച്ചപ്പനി പിടിപെട്ടു. പോർച്ചുഗലിലേക്കും പടർന്നു. പനി ജസീന്തയ്ക്കും ഫ്രാൻസിസിനും പിടിപെട്ടു. ജസീന്തായുടെ പനി പെട്ടെന്ന് മാറി. ഫ്രാൻസിസിന്റെ മരണം അടുത്തിരിക്കുന്നുവെന്ന് അവന് മനസ്സിലായതിനാൽ അവൻ എപ്പോഴും സന്തോഷവാനായി കാണപ്പെട്ടു. ഒരു ദിവസം ജസീന്താ ഫ്രാൻസിസിന്റെ മുറിയിലിരുന്ന പ്പോൾ മാതാവ് രണ്ടുപേർക്കും പ്രത്യക്ഷപ്പെട്ടു. മാതാവിന്റെ ദിവ്യപ്രഭ യിൽ അവർ പരമാനന്ദപൂരിതരായി. മാതാവ് തങ്ങളെ കൂട്ടിക്കൊണ്ടു പോകുവാൻ വന്നിരിക്കുകയാണെന്ന് അവർ വിശ്വസിച്ചു. അവരുടെ മനസ്സറിഞ്ഞ മാതാവ് ഇപ്രകാരം പറഞ്ഞു: 'ഫ്രാൻസിസ്, നീ ഉടനെ മരിക്കുകയില്ല, എന്നാൽ അധികം താമസിയാതെ നിന്നെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാൻ ഞാൻ വരും. ജസീന്താ, നീ ഉടനെ മരിക്കുകയില്ല. കൂടുതൽ സഹിച്ച് പാപികളെ രക്ഷിക്കുവാൻ നീ തയ്യാറാണോ?' 'അതേ മാതാവേ' എന്ന് അവൾ ഉത്തരമരുളി. 'നീ കൂടുതൽ സഹിക്കേണ്ടിവരും. നീ രണ്ടു ചികിത്സാസ്ഥലങ്ങളിൽ വേദന അനുഭവിക്കേണ്ടിവരും. രണ്ടാ മത്തെ സ്ഥലത്തുനിന്ന് നിന്നെ ഞാൻ സ്വർഗ്ഗത്തിലേക്ക് കൊണ്ടു പോകും.' ഇത്രയും പറഞ്ഞതിനുശേഷം മാതാവ് അവരെ അനുഗ്രഹിച്ചു വിട്ടുപോയി.

1919 ഏപ്രിൽ 3-ാം തീയതി ഫ്രാൻസിസ് തന്റെ കിടക്കയിൽവച്ച് ആദ്യകുർബ്ബാന സ്വീകരിച്ചു. പിറ്റേന്ന് 4-ാം തിയതി രാത്രി 10 മണിക്ക് അവൻ കർത്താവിൽ നിദ്രപ്രാപിച്ചു. ഫാത്തിമഗ്രാമം മുഴുവനും അവന്റെ അന്ത്യയാത്രയിൽ പങ്കെടുത്തു.

അസുഖം ബാധിച്ച് കിടപ്പിലായിരുന്ന ജസീന്തായ്ക്ക് 1919 ഡിസംബർ മാസത്തിൽ പരിശുദ്ധ കന്യക പ്രത്യക്ഷപ്പെട്ടു. താമസിയാതെ ജസീന്താ ലിസ്ബണിലെ ഒരാശുപത്രിയിൽ എത്തുമെന്നും അവിടെ തനിച്ചായിരി ക്കുമ്പോൾ മരിക്കും എന്നും പറഞ്ഞു. രോഗവും ചികിത്സയുമായി ദിവസങ്ങൾ കടന്നുപോയി. 1920 ഫെബ്രുവരി 20-ാം തീയതി രാത്രി 10.30-ന് ജപമാല രാജ്ഞി ജസീന്തായെ സ്വർഗ്ഗത്തിലേക്ക് ക്ഷണിക്കു വാൻ ആശുപത്രിയിൽ എത്തി. ആ സമയം ചുറ്റും നിന്ന രണ്ട് കന്യാ സ്ത്രീകളോട് ജസീന്താ പറഞ്ഞു: "വൈദീകർക്ക് വേണ്ടി ധാരാളം പ്രാർത്ഥിക്കണം." കന്യാസ്ത്രീകൾ മുറിയിൽനിന്നു പോയപ്പോൾ അവൾ നിത്യതയിലേക്ക് പ്രവേശിച്ചു. ലിസ്ബണിൽ ജസീന്തായുടെ മൃതശരീരം കാണാനെത്തിയ പലർക്കും അവളുടെ ശരീരത്തിൽനിന്നും ഒരു സൗരഭ്യം പ്രസരിക്കുന്നതായി അനുഭവപ്പെട്ടു.

ജസീന്തായുടെ മരണത്തോടെ ഫാത്തിമാ മാത്രമല്ല, പോർച്ചുഗൽ മുഴുവനും ജപമാല ഭക്തിയിൽ നിർവൃതമായി കാണപ്പെട്ടു. 1931 മെയ് 31-ാം തീയതി പോർച്ചുഗലിലെ മെത്രാൻമാർ പോർച്ചുഗലിനെ മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു.

1935 സെപ്തംബർ 13-ാം തിയതി ലീറിയായിലെ മെത്രാന്റെ കല്പനയനുസരിച്ച് ജസീന്തായുടെ കല്ലറ തുറക്കപ്പെട്ടു. പെട്ടി തുറന്നു നോക്കിയപ്പോൾ അവളുടെ ശരീരത്തിന് യാതൊരു കേടും ഉണ്ടായിരുന്നില്ല. ഒരു പുതിയ പെട്ടിയിൽ അടച്ചു ഫാത്തിമായിൽ ഫ്രാൻസിസിന്റെ കല്ലറയ്ക്ക് സമീപം പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് അടക്കി.

1939-ൽ ആരംഭിച്ച രണ്ടാം ലോകമഹായുദ്ധത്തിൽ പോർച്ചുഗൽ നിഷ്പക്ഷത പാലിച്ചു. യുദ്ധത്തിൽ പോർച്ചുഗീസുകാരാരും മരണപ്പെട്ടില്ല.

*(മററു വിവരങ്ങൾ ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നു)*

1. ലൂസി 14 വയസ്സുവരെയുള്ള വിദ്യാഭ്യാസം നടത്തിയത് -

   ഫാത്തിമായിലെ സ്കൂളിൽ

2. ഉപരിപഠനത്തിന് വേണ്ടി ബോർഡിംഗിൽ താമസിച്ച സ്ഥലം -

   ഒപ്പൊർത്താ എന്ന സ്ഥലത്ത് വി. ഡൊരേത്തിയുടെ സഭക്കാർ നടത്തുന്ന ബോർഡിംഗ് സ്കൂൾ.

3. ബോർഡിംഗ് സ്കൂൾ പ്രവേശനസമയത്ത് ലൂസിയുടെ പേര് മറിയാ ഡോരസ് എന്നാക്കുവാൻ കാരണം?

   മാതാവ് പ്രത്യക്ഷപ്പെട്ട ലൂസിയാണെന്ന് മറ്റുള്ളവർ അറിയാതിരിക്കുവാനും അതുവഴി സ്വസ്ഥമായി പഠിക്കുവാനും വേണ്ടി.

4. ലൂസി വി. ഡൊരേത്തിയുടെ സന്ന്യാസിനി സഭയിൽ ചേർന്നു മറിയ ഡോരിസ് എന്ന പേരിൽ സഭാവസ്ത്രം സ്വീകരിച്ചത് -

   1925-ൽ (18-ാം വയസ്സിൽ)

5. 1925 ഡിസംബർ 10-ാം തിയതി ചാപ്പലിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ബാലനായ ഈശോയുമൊത്ത് മാതാവ് പ്രത്യക്ഷപ്പെട്ട്, ഈശോയും മാതാവും അവളോട് പറഞ്ഞത് -

   ഈശോ പറഞ്ഞു: 'എന്റെ അമ്മയുടെ ഹൃദയത്തെ നീ നോക്കൂ. മനുഷ്യരുടെ പാപങ്ങൾമൂലം എന്റെ അമ്മയുടെ ഹൃദയം മുള്ളുകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. പരിഹാരപ്രവൃത്തികളാൽ ഈ മുള്ളുകൾ മാറ്റുവാൻ ആരും ഇല്ല.'

   മാതാവ് ലൂസിയുടെ തോളിൽ കൈവച്ചുകൊണ്ടുപറഞ്ഞു: "മകളേ, മനുഷ്യർ അവരുടെ പാപങ്ങളാൽ എന്റെ ഹൃദയം മുള്ളുകൾകൊണ്ട് നിറച്ചിരിക്കുന്നു. നീ എങ്കിലും എന്നെ ആശ്വസിപ്പിക്കുക. മരണസമയത്ത് പ്രത്യേകം പ്രസാദവരം നൽകി മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടി തുടർച്ചയായി അഞ്ച് ആദ്യശനിയാഴ്ചകളിൽ കുമ്പസാരിച്ച് വി. കുർബ്ബാന സ്വീകരിച്ച് ജപമാലയുടെ അഞ്ചു രഹസ്യങ്ങൾ ചൊല്ലി 15 മിനിറ്റ് ധ്യാനിക്കണമെന്ന് നീ എന്റെ നാമത്തിൽ എല്ലാവരെയും അറിയിക്കണം.'

6. 1927-ൽ മാതാവ് പ്രത്യക്ഷപ്പെട്ട് ലൂസിയോട് വെളിപ്പെടുത്തുവാൻ ആവശ്യപ്പെട്ട, 1917 ജൂലൈ 13-ന് നൽകിയ ഒന്നും രണ്ടും ദർശനങ്ങൾ-

    1. നരകദർശനം
    2. രണ്ടാം ലോക മഹായുദ്ധത്തിന് മുന്നോടിയായി കാണുവാൻ പോകുന്ന വലിയ പ്രകാശം

7. സിസ്റ്റർ മറിയാ ഡോരസ് വി. ഡൊരേത്തിയുടെ സന്യാസിനി സഭവിട്ട് കോയിമ്പ്രയിലെ കർമ്മലീത്താ സഭാംഗമായി 1941-ൽ വ്രതമെടുത്തപ്പോൾ സ്വീകരിച്ച പേര് - സിസ്റ്റർ മേരി ലൂസി
8. മാതാവ് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അറിയിച്ചതനുസരിച്ച് ലോകത്തെ മാതാവിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ചത് - പന്ത്രണ്ടാം പീയൂസ് പാപ്പ - 1942 ഒക്ടോബർ 31-ാം തീയതി
9. റഷ്യയെ മാതാവിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ചത് - പന്ത്രണ്ടാം പീയൂസ് പാപ്പ - 1952 ജൂലൈ 7-ാം തീയതി
10. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ലോകത്തെ വിമലഹൃദയത്തിനു വീണ്ടും സമർപ്പിച്ചത് - 1984 മാർച്ച് 25-ാം തീയതി
11. റഷ്യയെയും ഉക്രയിനെയും പരിശുദ്ധ ഫ്രാൻസിസ് പപ്പാ വിമലഹൃദയത്തിനു സമർപ്പിച്ചത് - 2022 മാർച്ച് 25 തീയതി
12. ഫാത്തിമാ മാതാവിന്റെ അത്ഭുത തിരുസ്വരൂപങ്ങൾ -

    ആദ്യത്തേത് ഫാത്തിമായിലും ലിസ്ബണിലും തീർത്ഥാടനം നടത്തിയതിന് ശേഷം ഫാത്തിമായിൽ അത് ഇരുന്ന സ്ഥലത്ത് സ്ഥാപിച്ചു.

    രണ്ടാമത്തേത്: ഒരു തീർത്ഥാടന സ്വരൂപം വേണമെന്ന ജനങ്ങളുടെ ആവശ്യം പരിഗണിച്ച് സിസ്റ്റർ ലൂസിയുമായി ചർച്ച ചെയ്തതിനു ശേഷം ഫാത്തിമ ബിഷപ്പ്, ജോസ് തേഡിം എന്ന പ്രശസ്ത കൊത്തുപണിക്കാരനെക്കൊണ്ട് നിർമ്മിച്ച രൂപം, 1947 മെയ് 13-ന് ആശിർവദിച്ച് “ഫാത്തിമ മാതാവിന്റെ ദേശാന്തര തീർത്ഥാടന തിരുസ്വരൂപം” എന്ന് പേരിട്ടു. യൂറോപ്പിലുടനീളം യാത്രയാരംഭിക്കുകയും ധാരാളം അത്ഭുതങ്ങൾ നടക്കുകയും ചെയ്തു.

    മൂന്നാമത്തേത്: വിവിധ രാജ്യങ്ങളിൽ നിന്നുള്ള അഭ്യർത്ഥന മാനിച്ച് ഫാത്തിമ ബിഷപ്പ് വേറൊരു തിരുസ്വരൂപവും കൂടി ജോസ് തേഡിയെക്കൊണ്ട് നിർമ്മിപ്പിച്ച് ആ വർഷം തന്നെ ഒക്ടോബർ 13-ന് ആശീർവദിച്ച് പാശ്ചാത്യനാടുകളിൽ തീർത്ഥാടനത്തിന് അനുവദിച്ചു. അമേരിക്കയിൽ ഭ്രൂണഹത്യനിയമം പ്രാബല്യത്തിൽ വന്ന അവസരത്തിൽ ന്യൂഓർളിയൻസ് രൂപതയിൽ അത്ഭുതരൂപം തീർത്ഥാടനം നടത്തിക്കൊണ്ടിരുന്നപ്പോൾ രൂപത്തിന്റെ കണ്ണുകളിൽ നിന്ന് കണ്ണീർക്കണങ്ങൾ പ്രത്യക്ഷപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടു.

13. ഫ്രാൻസിസ്കോയെയും ജസീന്തായെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചത്-

2000 മെയ് 13-ന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ.

14. ഫ്രാൻസിസ്കോയെയും ജസീന്തായെയും വിശുദ്ധരായി പ്രഖ്യാപിച്ചത്-

2017 മെയ് 13-ന് ഫ്രാൻസിസ് മാർപ്പാപ്പ

15. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ നിർദ്ദേശമനുസരിച്ച് 2000 ജൂൺ 26-ന് പ്രസിദ്ധീകരിച്ച 'ഫാത്തിമായിലെ മൂന്നാമത്തെ രഹസ്യം' (1917 ജൂലൈ 13-ന് ഫാത്തിമയിൽവച്ച് കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ മാതാവ് നൽകിയത്) -

ആദ്യ ദർശനത്തിൽ ദൈവനീതിയുടെ മാലാഖ ലോകത്തെ അഗ്നി കൊണ്ട് ശിക്ഷിക്കാനായി ഓങ്ങി നിൽക്കുന്നതും, മാതാവ് അത് തടഞ്ഞു നിർത്തുന്നതും- മാലാഖ, വലതുകരം ഭൂമിയിലേക്ക് ചൂണ്ടി ഉച്ചത്തിൽ പറയുന്നു: "പ്രായ്ശ്ചിത്തം, പ്രായ്ശ്ചിത്തം" എന്ന്. രണ്ടാമത്തെ ദർശനത്തിൽ, മാർപ്പാപ്പ വളരെയേറെ ശവശരീരങ്ങളുടെ മുകളിലൂടെ പ്രയാസപ്പെട്ട് നടന്ന്, ജീർണ്ണിച്ച ഒരു പട്ടണത്തിലൂടെ, ഒരു വലിയ കുരിശുനാട്ടിയിരുന്ന കുന്നിൻ മുകളിലേക്ക് പോകുന്നതായി കാണുന്നു, അവിടെവച്ച് അദ്ദേഹം വധിക്കപ്പെടുന്നു. തൽസമയം, മാർപ്പാപ്പയുടെ അരികിൽ നിന്ന് ദൈവദൂതൻ രക്തസാക്ഷികളുടെ രക്തം തളിക്കുകയും ചെയ്യുന്നു.

16. ലൂസിയുടെ മരണം - 97-ാം വയസ്സിൽ, 2005 ഫെബ്രുവരി 13-ന്.



## ഫാത്തിമ മാതാവ് പഠിപ്പിച്ച പ്രാർത്ഥന

ഓ! എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. നരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളെയും പ്രത്യേകിച്ച്, അങ്ങയുടെ സഹായം ആവശ്യമുള്ളവരെയും സ്വർഗ്ഗത്തിലേക്കാനയിക്കണമേ.



## 20. വേളാങ്കണ്ണി മാതാവ് (ആരോഗ്യ മാതാവ്)

**തിരുനാൾ: സെപ്തംബർ 8 (മാതാവിന്റെ ജനനത്തിരുനാളിൽ)**

ഇന്ത്യയിലെ ഏറ്റവും വലിയ മാതൃതീർത്ഥാടന കേന്ദ്രമായ വേളാങ്കണ്ണി തമിഴ്നാട്ടിലാണ് സ്ഥിതിചെയ്യുന്നത്. ഈ തീർത്ഥാടന കേന്ദ്രത്തിന്റെ ഉത്പത്തിയെപ്പറ്റി ചരിത്രപരമായ തെളിവുകൾ ഇല്ലെങ്കിലും പ്രാദേശിക പാരമ്പര്യത്തിൽനിന്നും ലഭിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. ഏതാണ്ട് 16, 17 നൂറ്റാണ്ടുകളിൽ സംഭവിച്ച രണ്ടു ദർശനങ്ങളാണ് ഈ തീർത്ഥാടന കേന്ദ്രത്തിന്റെ സ്ഥാപനകാരണ മായിത്തീർന്നത്.

**ഒന്നാമത്തെ ദർശനം:** ഒരു ഇടയച്ചെറുക്കൻ പതിവുപോലെ ഒരു ദിവസം ഉച്ചയ്ക്ക്, പാലുമായി, ആട്ടുടമയുടെ വീട്ടിലേക്ക് പോകുകയായി രുന്നു. ഉച്ചച്ചൂടിൽ വാടിത്തളർന്ന അവൻ അടുത്തൊരു ആൽത്തറയിൽ കയറി വിശ്രമിക്കവേ ഉറങ്ങിപ്പോയി. (നാഗപട്ടണത്ത് 'നമ്മുടെ നാഥയുടെ കുളം' എന്ന് ഇന്നും അറിയപ്പെടുന്ന ഒരു കുളക്കരയിലായിരുന്നു ഈ ആൽവൃക്ഷം) അവൻ ഉറങ്ങവേ, മനോഹരശബ്ദം കേട്ട് ഞെട്ടി ഉണർന്നു. ഉണർന്നയുടനെ, കൺമുമ്പിൽ, കനകാഭ ചിന്തുന്ന കുഞ്ഞിനെ വഹിക്കുന്ന ഒരു സുന്ദരിയെ, തന്നോടല്പം പാലിന് യാചിക്കുന്ന നിലയിൽ അവൻ കണ്ടു.

തന്റെ യജമാനനു കൊണ്ടുപോകുന്ന പാലെടുത്താൽ വരുന്ന ഭവിഷ്യത്ത് വിചാരിച്ച് അവൻ ആദ്യം മടിച്ചെങ്കിലും അവസാനം അവരുടെ ആഗ്രഹം നിവർത്തിച്ചു കൊടുക്കുക തന്നെ ചെയ്തു. എന്നാൽ, ഭയചകി തനായി യജമാനസന്നിധിയിലെത്തി പാൽക്കുടം തുറന്നപ്പോൾ പതിവു പോലെ വക്കുവരെ നിറഞ്ഞിരിക്കുന്നത് കണ്ട് അവൻ അത്ഭുതസ്തബ്ധ നായി. തന്റെ ഹൈന്ദവ യജമാനനെ അവൻ സംഭവിച്ചതെല്ലാം വിവരിച്ച് കേൾപ്പിച്ചു. അയാൾ ഉടനെ കുട്ടിയുമൊത്ത്, ദർശനസ്ഥാനത്തേക്ക് വന്നു. അതേ ദർശനം അയാൾക്കുമുണ്ടായി. ഹൈന്ദവരീതിയിലുള്ള ഒരു വണക്കം അന്നുമുതൽ തന്നെ അവിടെ ആരംഭിച്ചതായി കരുതപ്പെടുന്നു.

**രണ്ടാമത്തെ ദർശനം**

വേളാങ്കണ്ണിക്കടുത്ത് നടുത്തിട്ട എന്ന സ്ഥലത്ത് യാത്രക്കാർക്ക് മോര് വിൽപന നടത്തിക്കൊണ്ടിരുന്ന മുടന്തനായ ഒരു കുട്ടിക്ക് നമ്മുടെ നാഥ കാണപ്പെട്ട്, തന്റെ ദിവ്യപൈതലിന് കുറേ മോര് വാങ്ങിക്കൊടുത്തശേഷം അവന്റെ മുടന്ത് സുഖമാക്കി. ഈ വിവരം നാഗപട്ടണത്തെ ഒരു കത്തോലിക്കനെ അറിയിക്കുവാൻ അവനോടാവശ്യപ്പെട്ടു. ഈ കത്തോലിക്കനും തലേ രാത്രിയിൽ ഇത്തരമൊരു ദർശനം ഉണ്ടായതായി പറയപ്പെടുന്നു. ആകയാൽ മുടന്തനായിരുന്ന കുട്ടി വന്നു വിവരം അറിയിച്ചയുടനെ അയാൾ സ്ഥലത്ത് വന്ന് സ്ഥിതിഗതികൾ ആരാഞ്ഞു. അവിടെ മുൻ പറഞ്ഞപോലെ, ഒരു ദിവ്യസ്ത്രീയെ അവളുടെ പൈതലുമൊത്ത്, തദ്ദേശീയരായ ഹിന്ദുക്കൾ ഒരു ദേവതയാണെന്നുധരിച്ച്, ഏതാനും വർഷം മുമ്പ് ദിവ്യദർശനമുണ്ടായതായി പറയപ്പെടുന്ന ആ കുളക്കരയിൽ വണങ്ങി വരുന്നതായി അറിയിക്കുകയും ചെയ്തു. കൂടാതെ അവിടെവച്ചും അയാൾക്ക് ആ സ്ത്രീയും പൈതലും വേറൊരു ദർശനത്തിൽ ഉടനെ കാണപ്പെട്ടുകൊണ്ട് അവിടെ അവളുടെ ബഹുമാനാർത്ഥം ഒരു ദേവാലയം പണിയണമെന്ന് ആവശ്യപ്പെട്ടു. ഉടനടി, ഓലമേഞ്ഞ ഒരു ചെറുഷെഡ് കെട്ടിയുണ്ടാക്കി. അതിൽ ഒരു പീഠം നിർമ്മിച്ച് ആ സ്ത്രീയുടെ രൂപവും നിർമ്മിച്ച് അതിൽ സ്ഥാപിച്ചു. മുടന്തൻ കുട്ടിയുടെ അത്ഭുതസുഖപ്രാപ്തി നാടെങ്ങും അറിഞ്ഞു. ജനങ്ങൾ പ്രാർത്ഥിക്കുവാൻ തടിച്ചുകൂടി, ധാരാളം അത്ഭുതങ്ങളും സംഭവിച്ചു.

**കപ്പൽക്കാരുടെ കപ്പേള**

17-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ നാവികാധിപത്യകാലത്ത് ചൈനയിലെ മാക്കോവായിൽനിന്നും ഒരു കച്ചവടക്കപ്പൽ ശ്രീലങ്കയിലേക്ക് (സിലോൺ) പോകുമ്പോൾ കൊടുങ്കാറ്റിൽപ്പെടുകയുണ്ടായി. അങ്ങനെയുള്ള സന്ദർഭങ്ങളിൽ സാധാരണ ചെയ്യാറുള്ളതുപോലെ, അതിലെ നാവികരും മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം തേടുകയും ആപത്തിൽനിന്നു രക്ഷപെട്ടാൽ, അപകടമന്യേ കപ്പലടുക്കുന്ന ദിക്കിൽ മാതൃമഹത്വത്തിനായി ഒരു ദേവാലയം പണികഴിപ്പിക്കാമെന്ന് നേർച്ചനേരുകയും ചെയ്തു. കപ്പൽ ഉടനടി സുരക്ഷിതമായി ഇന്നത്തെ വേളാങ്കണ്ണിക്ക് സമീപം നങ്കൂരമുറപ്പിച്ചു. കപ്പൽക്കാർ മാതാവിനാൽത്തന്നെ, മുൻപറഞ്ഞ ഓലമേഞ്ഞ പള്ളിയിലേക്കാനീതരായി. നേർച്ചപ്രകാരം അവർ അവിടെത്തന്നെ ഒരു നല്ല പള്ളി പണിയുവാൻ തുടങ്ങിയപ്പോൾ മാതാവ് അവർക്ക് വീണ്ടും പ്രത്യക്ഷയായി പള്ളി പണിയേണ്ട കൃത്യസ്ഥാനം കാണിച്ചുകൊടുത്തു. ഇന്നത്തെ വേളാങ്കണ്ണി പള്ളി ആ സ്ഥാനത്ത് തന്നെയാണ് നിർമ്മിതമായിരിക്കുന്നതെന്നാണ് പാരമ്പര്യം. അന്നവർ പണിത പള്ളിക്ക് 24 അടി നീളവും 12 അടി വീതിയുമേ ഉണ്ടായിരുന്നുള്ളൂ. പുതിയ പള്ളി

പണി തീർന്നയുടനെ മാതൃപ്രതിമ സ്വയം പഴയ പള്ളിയിൽനിന്ന് അവിടേക്ക് അത്ഭുതകരമായി മാറിവന്നുപോൽ! ഇന്ന് അൾത്താരയിൽ കാണുന്ന ബൈബിൾ കഥകൾ ആലേഖനം ചെയ്ത കളിമൺ പെയിന്റിംഗ് പ്ലെയ്റ്റുകൾ ചൈനയിൽനിന്ന് അന്നത്തെ നാവികർ കൊണ്ടുവന്നതാണ്.

നാഗപട്ടണം മിഷന്റെ ഭാഗമായിരുന്ന വേളാങ്കണി 1771-ൽ ഒരു സ്വതന്ത്ര ഇടവകയായി. 1847-ൽ മൈലാപ്പൂർ രൂപതയിലെ ഇടവക വൈദികർ അതിന്റെ ഭരണഭാരം ഏറ്റെടുക്കുംവരെ ഫ്രാൻസിസ്കൻ സന്യാസികളാണ് ഈ തീർത്ഥകേന്ദ്രം നോക്കി പരിപാലിച്ചു പോന്നിരുന്നത്.

കപ്പൽക്കാരുടെ ചെറിയ പള്ളി, പില്ക്കാലത്ത് 70 അടി നീളവും 22 അടി വീതിയുമുള്ള ഒരു വലിയ പള്ളിയാക്കി മാററി. 1920-ലാണ് പള്ളി വീണ്ടും വലുതാക്കി ഇന്നുള്ള രണ്ട് ഗോത്തിക് സ്തൂപങ്ങൾ പണിതുയർത്തിയത് 1933-ൽ രണ്ട് "വിങ്ങ്" കളും താഴികക്കുടവും പണി തീർത്തു.



## 21. വല്ലാർപാടത്തമ്മ (തിരുനാൾ : സെപ്തം. 24)
## (ബന്ധനവിമോചകനാഥ)

കൊച്ചി തുറമുഖത്തിന്റെ വടക്ക് എറണാകുളത്തിന്റെ പടിഞ്ഞാറും വൈപ്പിൻ ദ്വീപിന്റെ കിഴക്കുമായി സ്ഥിതിചെയ്യുന്ന മനോഹരമായ ഒരു ദ്വീപാണ് വല്ലാർപാടം. ബോട്ടുമാർഗ്ഗം മാത്രം എത്തിച്ചേരാമായിരുന്ന വല്ലാർപാടത്ത് ഗോശ്രീപാലങ്ങൾ വന്നപ്പോൾ മുതൽ കരമാർഗ്ഗം സഞ്ചാരയോഗ്യമായി. വല്ലാർപാടത്തിന്റെ ചരിത്രത്തിലേക്ക് ഒന്നെത്തി നോക്കാം.

എ.ഡി. 52-ൽ കേരളത്തിൽവന്ന തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനഫലമായി നിരവധി കുടുംബങ്ങൾ ക്രൈസ്തവ വിശ്വാസം സ്വീകരിച്ച് പല സമൂഹങ്ങളായി വിവിധ സ്ഥലങ്ങളിൽ ജീവിച്ചു പോന്നിരുന്നു. അത്തരത്തിലുള്ള ഒരു സമൂഹം വല്ലാർപാടത്ത് വസിച്ചിരുന്നതായിട്ടാണ് പഴമക്കാർ പറയുന്നത്. വല്ലാർപാടത്തെ ആദ്യത്തെ പള്ളി എന്ന് സ്ഥാപിച്ചുവെന്ന് രേഖകളില്ലെങ്കിലും അതു സ്ഥാപിച്ചത് പരിശുദ്ധാരൂപിയുടെ നാമധേയത്തിലായിരുന്നു. 1498-ൽ കോഴിക്കോട് വന്നുചേർന്ന പോർട്ടുഗീസുകാരുടെ താവളം 1500 ഡിസംബർ 24-ാം തീയതി കൊച്ചിയിലേക്ക് മാറ്റുകയും വാണിജ്യബന്ധം സ്ഥാപിക്കുകയും ചെയ്തതോടെ അവർ കൊച്ചിരാജ്യത്ത് സ്ഥാനമുറപ്പിച്ചു. വല്ലാർപാടം ഉൾപ്പെടെ കേരളക്കരയിലെ ക്രിസ്ത്യാനികളുടെ ഇടയിൽ ലത്തീൻ റീത്തിന്റെ ആരംഭവും റോമിലെ മാർപ്പാപ്പയുടെ നേരിട്ടുള്ള ബന്ധവും ആരംഭിക്കുന്നത് ഇവരുടെ ആഗമനത്തോടെയായിരുന്നു. വല്ലാർപാടം ദ്വീപിന്റെ വളർച്ചയും പ്രശസ്തിയും ആരംഭിച്ചതും ഈ സമയത്തായിരുന്നു. ലത്തീൻ റീത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ട മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് അവർ ധാരാളം സഹായങ്ങൾ നല്കുകയും വല്ലാർപാടം പള്ളിക്ക് സ്ഥിരമായി ഒരു വൈദികനെ ഏർപ്പാട് ചെയ്യുകയും ചെയ്തു. ഇതോടൊപ്പം മരിയ ഭക്തിയെയും പ്രോത്സാഹിപ്പിച്ചു.

**ബന്ധനവിമോചക നാഥ**

13-ാം നൂറ്റാണ്ടിൽ യൂറോപ്പ്യൻ രാജ്യങ്ങളിൽ മുഹമ്മദീയരിൽനിന്നു ക്രിസ്ത്യാനികൾക്ക് വലിയ കഷ്ടതകൾ അനുഭവിക്കേണ്ടിവന്ന സമയത്ത് 1218-ൽ വി. പീറ്റർ നൊളാസ്കോ, വി. റൈമൂന്ത് പെന്തപോർട്ട്, ജെയിംസ് രാജാവ് എന്നിവർക്ക് പരിശുദ്ധ കന്യക പ്രത്യക്ഷയായി. അന്ന് സ്പെയിൻ രാജ്യത്തിന്റെ ഭൂരിഭാഗവും കൈയടക്കിവച്ചിരുന്ന മൂർവർഗ്ഗത്തിന്റെ ക്രൂരമായ ബന്ധനത്തിൽനിന്നു ക്രിസ്ത്യാനികളെ മോചിപ്പിക്കുവാൻ ഒരു ഭക്തസഭ സ്ഥാപിക്കുവാൻ കല്പിച്ചു. അതനുസരിച്ച് 1218 ആഗസ്റ്റ് 10-ന് ജെയിംസ് രാജാവ് "ബന്ധനവിമോചകയായ ദൈവജനനിയുടെ സഭ" സ്ഥാപിക്കുകയും ദൈവജനനി പ്രത്യക്ഷയായ അതേ ഛായയിൽതന്നെ ആ അമ്മയുടെ ഒരു പടം നിർമ്മിക്കുകയും ചെയ്തു. ഫ്രാൻസ്, ഇംഗ്ലണ്ട്, ജർമ്മനി, പോർച്ചുഗൽ, സ്പെയിൻ എന്നീ രാജ്യങ്ങളിൽ ഈ സഭയ്ക്ക് വമ്പിച്ച പ്രചാരം സിദ്ധിക്കുകയും ചെയ്തു. അമ്മയുടെ ഈ ചിത്രത്തിന്റെ ഏഴ് പ്രതികൾ പോർച്ചുഗീസുകാർ 1524-ൽ കേരളത്തിലേക്ക് കൊണ്ടുവരികയും അവയിലൊന്ന് വല്ലാർപാടത്ത് സ്ഥാപിക്കുകയും പിന്നീടത് "വല്ലാർപാടത്തമ്മ" എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. 3 അടി 3 ഇഞ്ച് നീളവും 2 അടി 2 ഇഞ്ച് വീതിയുമുള്ള ഒരു പലകയിൽ ചുവപ്പും വെള്ളയും നീലയും ചായങ്ങൾ ഉപയോഗിച്ച് ചിത്രീകരിച്ചിട്ടുള്ള ഈ ചിത്രം സ്ഥാപിച്ചതുമുതൽ വല്ലാർപാടം പള്ളിയുടെ ഔദ്യോഗികനാമം "ബന്ധനവിമോചകയുടെ ദേവാലയം" (Our Lady of Ransom Church) എന്ന് അറിയപ്പെടാൻ തുടങ്ങി.

**അത്ഭുതങ്ങൾ**

**1.** 1676-ൽ ഉണ്ടായ ശക്തമായ വെള്ളപ്പൊക്കത്തിൽ വല്ലാർപാടം പള്ളി ഇടിഞ്ഞുവീഴുകയും വിമോചകനാഥയുടെ ചിത്രം ഉൾപ്പെടെയുള്ള എല്ലാ വസ്തുവകകളും നഷ്ടപ്പെടുകയും ചെയ്തു. രൂപം തിരിച്ചുകിട്ടുന്നതിനു വേണ്ടി ഇടവകാംഗങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്ന അക്കാലത്ത് കൊച്ചി രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന പാലിയത്തച്ചൻ ഒരു ദിവസം തൃപ്പൂണിത്തുറ കൊട്ടാരത്തിൽനിന്നു കായലിലൂടെ വൈപ്പിൻകരയുടെ കിഴക്കു വശത്തുകൂടെ ചേന്ദമംഗലത്തേക്ക് പോവുകയായിരുന്നു. ആ സന്ധ്യാസമയത്ത് അതീവപ്രകാശം ചൊരിയുന്ന എന്തോ ഒരു വസ്തു വെള്ളത്തിൽ പൊന്തിക്കിടക്കുന്നതായി തുഴക്കാർ കാണുകയും പാലിയത്തച്ചന്റെ നിർദ്ദേശമനുസരിച്ച് തുഴക്കാർ അത് എടുക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. പക്ഷേ തുഴക്കാർ എത്ര ശ്രമിച്ചിട്ടും അവർക്കത് എടുക്കുവാൻ സാധിച്ചില്ല. ഒടുവിൽ പാലിയത്തച്ചൻ തന്നെ ഏതോ ഉൾപ്രേരണയാൽ കൈനീട്ടി അത് എടുക്കുവാൻ ശ്രമിച്ചപ്പോൾ ആ വസ്തു അദ്ദേഹത്തിന്റെ കൈകളിലേക്ക് വന്നുചേർന്നു. വെള്ളത്തിലായിരുന്നെങ്കിലും

ഒട്ടും നനയാതിരുന്ന അത് വല്ലാർപാടത്തമ്മയുടെ പടമാണെന്ന് അമരക്കാരൻ തൊമ്മൻപൈലി തിരിച്ചറിയുകയും മാതാവിന്റെ തൃപ്പടത്തിന്റെ അത്ഭുതസിദ്ധി വിവരിക്കുകയും ചെയ്തപ്പോൾ പാലിയത്തച്ചന്റെ നിർദ്ദേശപ്രകാരം പള്ളിയോടം വല്ലാർപാടം കടവിലടുപ്പിച്ചു. മാതാവിന്റെ തിരുപ്പടം കിട്ടിയതറിഞ്ഞ് നാട്ടുകാരെല്ലാം പള്ളിക്കടവിൽ ഓടിക്കൂടി. വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ പള്ളിക്ക് പകരമായി പുതിയ ഒരു പള്ളി ആവശ്യമാണെന്ന് നാടിന്റെ ഉടമസ്ഥനും തങ്ങളുടെ മന്ത്രിയുമായ പാലിയത്തച്ചൻ (രാമൻ വലിയച്ചൻ) മനസ്സിലാക്കുകയും തന്റെ സ്ഥലത്ത് പള്ളി ഉടനെ പണിയുവാൻ അനുവാദം കൊടുക്കുകയും ചെയ്തു. ജനങ്ങൾ സംതൃപ്തരായി ഒന്നടങ്കം ഉത്സാഹിച്ച് പെട്ടെന്നു തന്നെ ആ സ്ഥലത്ത് പനമ്പ്കെട്ടി ഒരു പള്ളി താത് കാലികമായി പണിതീർക്കുകയും മാതാവിന്റെ ആ വിശിഷ്ടചിത്രം അതിൽ സ്ഥാപിക്കുകയും ചെയ്തു. അന്ന് പാലിയത്തച്ചൻ ദാനമായി നൽകിയ സ്ഥലത്താണ് ഇന്ന് പള്ളിയും സ്കൂളും മറ്റും സ്ഥിതിചെയ്യുന്നത്. ഇത് കൂടാതെ വല്ലാർപാടത്തമ്മയുടെ ചിത്രം സ്ഥാപിച്ചിരിക്കുന്ന അൾത്താരയുടെ മുമ്പിൽ കാണുന്ന രണ്ട് കെടാവിളക്കുകളിൽ ഒന്നിന്റെ എണ്ണച്ചെലവും പാലിയത്തച്ചൻ കൊടുക്കാമെന്ന് ഏല്ക്കുകയും ചെയ്തു.

**2.** യൂറോപ്പിൽ വൻപ്രചാരം ലഭിച്ച "ബന്ധനവിമോചകയായ ദൈവജനനിയുടെസഭ"യുടെ ഒരു ശാഖ വല്ലാർപാടത്ത് തുടങ്ങുവാനുള്ള ദീർഘനാളത്തെ പരിശ്രമങ്ങൾക്കൊടുവിൽ 1750-ൽ റോമിൽനിന്നും അനുവാദം ലഭിച്ചു. ധാരാളം അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരുന്നതിനാൽ വല്ലാർപാടത്തമ്മയുടെ കീർത്തി എല്ലാവിഭാഗം ജനങ്ങളിലും പ്രചരിക്കുകയും അനേകർക്ക് ഈ അമ്മയുടെ അനുഗ്രഹം കിട്ടിക്കൊണ്ടിരിക്കുകയും ചെയ്തു. ഈ അവസരത്തിലാണ് വല്ലാർപാടം പള്ളിയുടെ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതിച്ചേർത്ത താഴെ കാണുന്ന അത്ഭുതം നടന്നത്.

കൊച്ചി രാജകുടുംബവുമായി അടുത്ത ബന്ധമുണ്ടായിരുന്ന കുലീന നായർ തറവാടുകളിൽ ഒന്നായ 'പള്ളിയിൽ വീട്ടുകാരിൽ' ഒരു വീട് വല്ലാർപാടത്തായിരുന്നു. 1752 മെയ് 23-ാം തീയതി ആ വീട്ടിലെ മീനാക്ഷിയമ്മ തന്റെ ശിശുവിന് ചോറു കൊടുക്കുന്നതിനായി ചില ബന്ധുക്കളുമൊരുമിച്ച് മട്ടാഞ്ചേരിയിലുള്ള അവരുടെ തറവാട്ട് ക്ഷേത്രത്തിലേയ്ക്കു വഞ്ചിമാർഗ്ഗം പോവുകയായിരുന്നു. വഞ്ചി വല്ലാർപാടത്തുനിന്നു തെക്കോട്ട് നീങ്ങി, രാമൻതുരുത്തിന് തെക്കുപടിഞ്ഞാറ് കപ്പൽ ചാലിന് അടുത്തെത്തിയപ്പോൾ പെട്ടെന്ന് വലിയ കാറ്റും കോളും കായലിനെ ഇളക്കിമറിച്ചു. വഞ്ചി മറിഞ്ഞു. മീനാക്ഷിയമ്മയും കുഞ്ഞുമൊഴികെ ബാക്കി എല്ലാവരും നീന്തി രക്ഷപെട്ടു. മീനാക്ഷിയമ്മക്കും കുഞ്ഞിനും

വേണ്ടിയുള്ള തിരച്ചിൽ തുടർന്നെങ്കിലും ഫലം നിരാശാജനകമായിരുന്നു. എന്നാൽ അത്ഭുതമെന്നുപറയട്ടെ പിറ്റേന്ന് വൈകുന്നേരം വഞ്ചി മറിഞ്ഞ സ്ഥലത്ത് അവസാനമായി വലയിട്ടപ്പോൾ വലയിൽ എന്തോ കുടുങ്ങിയതായി അനുഭവപ്പെട്ടു. വലപൊക്കി മുകളിലേക്ക് എടുത്തപ്പോൾ കണ്ട കാഴ്ച അല്പനേരത്തേക്ക് ആർക്കും വിശ്വസിക്കാൻ കഴിഞ്ഞില്ല. വസ്ത്രങ്ങൾപോലും നനവ് തട്ടാത്ത വിധത്തിൽ അമ്മയും കുഞ്ഞും ജീവനോടെ വലയിലിരിക്കുന്നു. ഉടൻ അവർ സംസാരിച്ചു. വഞ്ചി മറിഞ്ഞപ്പോൾ വല്ലാർപാടത്തമ്മയുടെ സഹായം അപേക്ഷിക്കുകയും കുഞ്ഞിനെയും കൊണ്ട് അടിമ ഇരുന്നുകൊള്ളാമെന്ന് അവർ നേർച്ച നേരുകയും ചെയ്തിരുന്നു. വെള്ളത്തിനടിയിൽ ഒരു മുറിയിലിരിക്കുന്നതു പോലെയുള്ള അനുഭവമായിരുന്നുവെന്ന് മീനാക്ഷിയമ്മ പറഞ്ഞു. തുടർന്ന് മീനാക്ഷിയമ്മയുടെ നിർബന്ധം മൂലം അവരെ പള്ളിയിലേക്ക് കൊണ്ടുപോവുകയും മീനാക്ഷിയമ്മയെയും കുഞ്ഞിനെയും വല്ലാർപാടത്തമ്മയുടെ അടിമകളായി പ്രതിഷ്ഠിച്ച് വികാരിയച്ചനെയും ജനങ്ങളെയും ഏല്പിക്കുകയും ചെയ്തു. കുറച്ച് നാൾകൊണ്ട് നമസ്കാരങ്ങളും മററും പഠിച്ചതിനു ശേഷം അമ്മയും കുഞ്ഞും ഒരുമിച്ച് ജ്ഞാനസ്നാനം സ്വീകരിക്കുകയും പള്ളിക്ക് സമീപം ഉണ്ടായിരുന്ന ഒരു ചെറിയ വീട്ടിൽ താമസിച്ചുകൊണ്ട്, ഭജനയിരുന്ന് പ്രാർത്ഥിക്കുകയും പള്ളിമുറ്റം അടിക്കുക, പരിസരങ്ങൾ വൃത്തിയാക്കുക മുതലായ ദാസ്യവേലകളും ചെയ്തുകൊണ്ട് പുണ്യജീവിതം നയിക്കുകയും ചെയ്തു.

ഈ അത്ഭുതത്തിന്റെ ഓർമ്മയ്ക്കായി അന്നത്തെ മേൽപ്പട്ടക്കാരന്റെ പ്രത്യേക അനുമതിയോടുകൂടെ പ്രസ്തുത മീനാക്ഷിയമ്മയുടെ ചിത്രം, കുട്ടിയെ മടിയിൽ വച്ചിരിക്കുന്നതായും പരിശുദ്ധ വല്ലാർപാടത്തമ്മയെ നോക്കി ധ്യാനിക്കുന്നവിധമായും വല്ലാർപാടത്തമ്മയുടെ തിരുപ്പടത്തിന്റെ ഇടതു കീഴ്ഭാഗത്ത് അതേ ചിത്രത്തിൽതന്നെ വരച്ച് ചേർക്കപ്പെടുകയും ചെയ്തു. ഇന്ന് അൾത്താരയിൽ കാണുന്ന ചിത്രം ഇതാണ്.

മേല്പറഞ്ഞിരിക്കുന്ന മഹാത്ഭുതത്തെ തുടർന്ന് വല്ലാർപാടത്തമ്മയുടെ ദിവ്യപ്രഭാവത്താൽ ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ അത്ഭുതങ്ങൾ നിരവധിയാണ്. 2004 സെപ്തംബർ 12-ന് വല്ലാർപാടം പള്ളി ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടു.



***"ദൈവ ഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം."***

***(സുഭാഷിതങ്ങൾ 9:10)***



# 22. കൊരട്ടിമുത്തി

**തിരുനാൾ : ഒക്ടോബർ 10-ാം തിയതി കഴിഞ്ഞുവരുന്ന ഞായർ**

എറണാകുളം അങ്കമാലി അതിരൂപതയുടെ വടക്കെ അറ്റത്ത് തൃശൂർ ജില്ലാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന കൊരട്ടി ഫൊറോനാ പള്ളി ഒരു അന്തർദേശീയ തീർത്ഥാടനമായി മാറിക്കൊണ്ടിരിക്കുന്നു. കൊരട്ടിമുത്തി എന്ന പേരിലാണ് പരിശുദ്ധ കന്യകാമറിയം കൊരട്ടിയിലും സമീപപ്രദേശങ്ങളിലും അറിയപ്പെടുന്നത്.

കൊരട്ടിപള്ളിയുടെ സ്ഥാപനം 1381 സെപ്തംബർ 8-ാം തിയതി എന്നാണ് വിശ്വാസം. പള്ളിയുടെ ഉത്ഭവത്തെ സംബന്ധിച്ചുള്ള പല ഐതിഹ്യങ്ങളിൽ നിന്നും ഏറ്റവും വിശ്വാസയോഗ്യമായത് താഴെ കൊടുക്കുന്നു. ആറേഴു നൂറ്റാണ്ടുകൾക്കു മുമ്പ് കേരളം അനേകം ചെറുഖണ്ഡങ്ങളായി ഇടപ്രഭുക്കന്മാർ ഭരിച്ചു പോന്നിരുന്നു. സമീപസ്ഥരായ രണ്ട് ഇടപ്രഭുക്കളായിരുന്നു കൊരട്ടി കൈമളും കോടശ്ശേരി കർത്താവും. കൈമളുടെ കീഴിൽ ധാരാളം ക്രിസ്ത്യാനികൾ യുദ്ധസേവനം ചെയ്തിരുന്നു. കൈമളും കർത്താവും തമ്മിലുണ്ടായ ഒരു യുദ്ധത്തിൽ കൈമളുടെ സേനാനായകനായിരുന്ന ശ്രീ. കവലക്കാടൻ കൊച്ചുവറിയത് വീരമൃത്യു വരിച്ചു. അദ്ദേഹത്തിന്റെ ശവസംസ്ക്കാരം തക്ക ബഹുമതികളോടെ ഇടവകദേവാലയമായ അമ്പഴക്കാട്ടു പള്ളിയിൽ നടത്തുന്നതിന് കൊണ്ടുപോയെങ്കിലും കോടശ്ശേരി കർത്താവിന്റെ ഇടപെടൽമൂലം അതു സാധിക്കാതെ പോയി. തിരിച്ചുകൊണ്ടു വരുന്ന വഴി വിശ്രമിക്കുന്നതിനുവേണ്ടി ശവമഞ്ചം ഇറക്കി വച്ചു. എന്നാൽ വിശ്രമത്തിനുശേഷം ശവമഞ്ചം എടുക്കുവാൻ എത്ര ശ്രമിച്ചിട്ടും സാധിക്കാത്തവിധം അത് അവിടെ ഉറച്ചു പോയി. വിവരമറിഞ്ഞ കൈമൾ ഇപ്പോൾ കൽക്കുരിശു സ്ഥിതിചെയ്യുന്ന സ്ഥലത്ത് ജഡം മറവുചെയ്യുകയും ക്രിസ്ത്യാനികളായ തന്റെ ആശ്രി

തർക്കുവേണ്ടി സ്വന്തം ചെലവിൽ ഒരു ദേവലായം ഉടനെ തന്നെ നിർമ്മിച്ചു കൊടുക്കുകയും പള്ളിക്ക് കുറേ സ്ഥലങ്ങൾ ദാനം ചെയ്യുകയും ചെയ്തു.

മാതാവിന്റെ നേരിട്ടുള്ള പ്രത്യക്ഷീകരണത്തെപ്പറ്റി ചരിത്രരേഖകളിൽ പ്രതിപാദിക്കുന്നില്ലെങ്കിലും കൊരട്ടിമുത്തിയുടെ മാദ്ധ്യസ്ഥ്യശക്തിയാൽ സംഭവിച്ചിട്ടുള്ളതും സംഭവിച്ചുകൊണ്ടിരിക്കുന്ന അത്ഭുതങ്ങൾ നിരവധിയാണ്. കൊരട്ടിമുത്തിക്കുള്ള നേർച്ചകളിൽ ഏറ്റവും പ്രധാനപ്പെട്ട പൂവൻകുല നേർച്ചയ്ക്കു പിന്നിലും കൊരട്ടി റെയിൽവേസ്റ്റേഷന്റെയും മധുര കോട്ട്സിന്റെയും സ്ഥാപനത്തിനു പുറകിലും കൊരട്ടിമുത്തിയുടെ ഇടപെടലുകളാണെന്ന് വിശ്വസിക്കുന്നതായി ഇടവകചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1987-ൽ പുതുക്കിപ്പണിതദേവാലയത്തിലെ ചുമർചിത്രങ്ങളും പരിശുദ്ധ കന്യകാമറിയത്തിന്റെ ഫോട്ടോയും റോസറി വില്ലേജും ഏവരെയും ആകർഷിക്കുന്നതാണ്.



***മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു***
***തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം***
***നിങ്ങൾ അവർക്കു ചെയ്യുവിൻ.***
**(*മത്തായി* 7:12)**



# 23. പരി. കന്യകാ മറിയം ഗരബന്ദാളിൽ

1961 മുതൽ 1965 വരെ സ്പെയിനിലെ ഗരബന്ദാൾ എന്ന മലയോര ഗ്രാമത്തിലെ നാലുപെൺകുട്ടികൾക്ക് മാതാവ് പ്രത്യക്ഷപ്പെടുകയും ലോകത്തിന് അടിയന്തിര സന്ദേശങ്ങൾ നൽകുകയും ചെയ്തു. അതിന്റെ പ്രധാന വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

**ഒരു മാലാഖയുടെ സന്ദർശനം**

1961 ജൂൺ 18-ാം തീയതി വൈകുന്നേരം കൊഞ്ചിത്ത ഗോൺസാലസ് (12), ജെസീന്താ ഗോൺസാലസ് (12), മേരി ലോലി മസൂൺ (12), മേരി ക്രൂസ് ഗോൺസാലസ് (11) എന്നീ നാലുപെൺകുട്ടികൾ ഗരബന്ദാൾ ഗ്രാമത്തിന്റെ പടിഞ്ഞാറെ അറ്റത്ത് കളിച്ചുകൊണ്ടിരിക്കേ ഇടിനാദം പോലുള്ള ഒരു ശബ്ദം കേട്ടു. പെട്ടെന്ന് പ്രഭാപൂരിതനായ ഒരു മാലാഖ അവരുടെ മുമ്പിൽ വന്നുനിന്നു. അദ്ദേഹം അവരോട് ഒന്നും പറയാതെ അപ്രത്യക്ഷനായി. കുട്ടികൾ ഭയന്ന് സംഭ്രമത്തോടെ ഗ്രാമത്തിലെ ദേവാലയത്തിലേക്കോടി. അടുത്ത 12 ദിവസങ്ങൾക്കിടയിൽ എട്ടുപ്രാവശ്യംകൂടി മാലാഖ അവർക്ക് പ്രത്യക്ഷപ്പെട്ടു. മിക്ക ദിവസങ്ങളിലും കൊന്തചൊല്ലിയതിനു ശേഷമായിരുന്നു ദർശനം ലഭിച്ചിരുന്നത്. ജൂലൈ ഒന്നാം തീയതി ശനിയാഴ്ചയാണ് മാലാഖ അവരോട് ആദ്യമായി സംസാരിച്ചത്. ജൂലൈ 2-ാം തീയതി ഞായറാഴ്ച മാതാവ് കർമ്മലനാഥയുടെ രൂപത്തിൽ പ്രത്യക്ഷയാകുമെന്ന് അവരെ അറിയിച്ചു. അങ്ങനെ പരി. കന്യകയുടെ വരവിനായി മാലാഖ കുട്ടികളെ ഒരുക്കി.

**മാതാവ് കുട്ടികൾക്ക് പ്രത്യക്ഷപ്പെടുന്നു.**

ഈ വാർത്ത വളരെ വേഗം നാടെങ്ങും പ്രചരിച്ചു. ജൂലൈ രണ്ടിന് എണ്ണമറ്റ സന്ദർശകരോടൊപ്പം അനേകം വൈദികരും ഗരബന്ദാളിൽ എത്തിച്ചേർന്നു. തങ്ങൾക്ക് മാലാഖ പ്രത്യക്ഷപ്പെട്ട സ്ഥാനത്തേക്ക് ആറു മണിയോടുകൂടി കുട്ടികൾ അവരെ നയിച്ചു. അവർ എത്തുന്നതിനുമുമ്പു

തന്നെ ഇരുവശത്തും ഓരോ മാലാഖയുടെ അകമ്പടിയോടെ പരി. കന്യക പ്രത്യക്ഷപ്പെട്ടു. തങ്ങൾക്ക് നേരത്തെ പ്രത്യക്ഷപ്പെട്ട മാലാഖയെ അവർ തിരിച്ചറിഞ്ഞു. (ആ മാലാഖ മുഖ്യദൂതനായ വി. മിഖായേലാണെന്ന് പിന്നീട് വെളിപ്പെടുത്തപ്പെട്ടു) പരി. കന്യകയോട് കുട്ടികൾ തുറന്ന് സംസാരിക്കുകയും മാതാവ് പറഞ്ഞിട്ട് ഒരു ജപമാല ചൊല്ലുകയും ചെയ്തു. തിങ്കളാഴ്ച വീണ്ടും വരാമെന്ന് പറഞ്ഞ് അവൾ അപ്രത്യക്ഷയായി.

കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടപ്പോഴുള്ള മാതാവിന്റെ രൂപം 'കൊഞ്ചിത്തായുടെ ഡയറിക്കുറിപ്പുകളിൽ' കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ്. മാതാവ് കാണപ്പെട്ടത് വെള്ളയുടുപ്പും നീലവസ്ത്രവും തലയിൽ ചെറിയ കനകനക്ഷത്രങ്ങൾകൊണ്ടുള്ള കിരീടവും ധരിച്ചുകൊണ്ടായിരുന്നു. പാദം കാണാമായിരുന്നില്ല. കരങ്ങൾ വിരിച്ചുപിടിച്ചിരുന്നു. വലതുകരത്തിൽ ബ്രൗൺ ഉത്തരീയം തൂങ്ങിക്കിടന്നിരുന്നു. തലമുടി, നീണ്ട് ഇരുണ്ട തവിട്ടുനിറത്തിൽ അല്പം ചുരുണ്ട്, നടുവിൽ വകഞ്ഞുകിടന്നിരുന്നു. മുഖം ദീർഘവൃത്താകൃതിയിലുള്ളതും മൂക്ക് വണ്ണം കുറഞ്ഞ് നീണ്ടതും അധരങ്ങൾ അതിസുന്ദരങ്ങളുമായിരുന്നു. ചിലപ്പോൾ ദിവ്യഉണ്ണിയെ വഹിച്ചുകൊണ്ടിരുന്നതായി കണ്ടു.

ജൂലൈ മൂന്നാം തീയതി തിങ്കളാഴ്ച നാലുപേർക്കും ദർശന സ്ഥലത്തുവച്ച് പരിശുദ്ധ കന്യക ഉണ്ണിയോടുകൂടി പ്രത്യക്ഷയായി. മാലാഖമാർ ഉണ്ടായിരുന്നില്ല. ജൂലൈ നാലാംതീയതി ചൊവ്വാഴ്ച അതേ സ്ഥലത്തുതന്നെ താഴെ കൊടുത്തിരിക്കുന്ന സന്ദേശം നൽകുകയും അത് ഒക്ടോബർ 18-ാം തിയതി പരസ്യമായി ജനങ്ങളെ അറിയിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. "നാം വളരെയധികം ത്യാഗങ്ങൾ അനുഷ്ഠിക്കണം. ധാരാളം പരിഹാരവും ചെയ്യണം. വിശുദ്ധ കൂദാശകളിൽ കൂടെക്കൂടെ പങ്കുകൊള്ളുകയും ദിവ്യകാരുണ്യനാഥനെ സന്ദർശിക്കുകയും വേണം. എന്നാൽ, ആദ്യമായി നാം വളരെ നല്ല ജീവിതം നയിക്കണം. അല്ലാത്ത പക്ഷം ഒരു വലിയശിക്ഷ നമ്മുടെ മേൽ നിപതിക്കും. പാനപാത്രം ഇപ്പോൾത്തന്നെ നിറഞ്ഞുകൊണ്ടിരിക്കുകയാണ്. നാം മനസാന്തരപ്പെട്ടില്ലെങ്കിൽ നമ്മുടെ മേൽ ആ വലിയ ശിക്ഷ വരികതന്നെ ചെയ്യും"

ദർശന സമയത്ത് കുട്ടികൾ ആനന്ദനിർവൃതിയിലായിരുന്നു. മറ്റൊന്നും അവരുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായിരുന്നില്ല.

കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ദർശനം സത്യമാണോയെന്നറിയുവാൻ വൈദികരും രൂപതാധികാരികളും പല അന്വേഷണങ്ങൾ നടത്തി. ദർശനങ്ങൾ സത്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. ഫാ. ലൂയി മരിയ ആൻഡ്രുവിന് മാതാവ് പ്രത്യക്ഷപ്പെട്ട് മഹാത്ഭുതം മുൻകൂട്ടി കാണിച്ചു.

അനേകം വൈദികർ കുട്ടികളുടെ ആനന്ദനിർവൃതിയെ നിരീക്ഷിക്കുന്നതിനായി ഗരബന്ദാൾ ഗ്രാമത്തിലെത്തി. ഈശോസഭക്കാരനും യുവശാസ്ത്ര പ്രൊഫസറുമായ ഫാ. ലൂയി മരിയ ആൻഡ്രേവ് അവരിലൊരാളായിരുന്നു. 1961 ഓഗസ്റ്റ് 8-ാം തീയതി രാത്രി ആനന്ദനിർവൃതിയിൽ ലയിച്ചിരുന്ന കുട്ടികളെ ഫാ. ലൂയി വീക്ഷിച്ചിരിക്കേ മാതാവിനെ കാണാനും സംഭവിക്കാനിരിക്കുന്ന മഹാത്ഭുതം ദർശിക്കാനുമുള്ള അവസരം അദ്ദേഹത്തിന് ലഭിച്ചു. ഫാ. ലൂയി മുകളിലേക്കുറ്റുനോക്കിക്കൊണ്ട് "അത്ഭുതം! ഓ! അത്ഭുതം!" എന്ന് വിളിച്ച് പറയുന്നത് അടുത്തുനിന്നവർ കേട്ടു. ആ സമയത്ത് പരിശുദ്ധ കന്യക കുട്ടികളോട് പറഞ്ഞു: "അദ്ദേഹം അവിടുത്തെയും നടക്കാനിരിക്കുന്ന അത്ഭുതവും കാണുകയാണ്".

ആനന്ദനിർവൃതിക്കിടയിൽ കുട്ടികളെ കൂടാതെ, മാതാവിനെ കാണുകയും മഹാത്ഭുതം ദർശിക്കുകയും ചെയ്ത ഏക വ്യക്തി ഫാ. ലൂയി ആയിരുന്നു. ആഗസ്റ്റ് 8-ന് രാത്രിയിലെ ദർശനം 10 മണിക്ക് അവസാനിച്ചു. ഫാ. ലൂയി ഒരു ജീപ്പിൽ കോസിയോ എന്ന സ്ഥലത്തേക്കുള്ള യാത്രക്കിടയിൽ സുഹൃത്തുക്കളോട് പറഞ്ഞു "എന്തൊരു അത്ഭുതകരമായ സമ്മാനമാണ് എനിക്ക് നല്കിയത്. ഇങ്ങനെ സ്വർഗ്ഗത്തിലൊരു മാതാവുണ്ടായിരിക്കുക എത്ര ഭാഗ്യം. നാം അലൗകികതയെ ഭയപ്പെടേണ്ടതില്ല. ഇന്നാണ് എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ ദിനം." കുറച്ച് കഴിഞ്ഞ് 9-ാം തീയതി പുലർച്ചെ നാലുമണിയോടെ ജീപ്പിൽവച്ചുതന്നെ ഫാ. ലൂയി മരണമടഞ്ഞു. തുടർന്ന് കുട്ടികൾക്ക് ലഭിച്ച ഒരു ദർശനത്തിൽ എന്തുമാത്രം സന്തോഷത്തോടെയാണ് ലൂയി മരിച്ചതെന്ന് പരി. കന്യക വ്യക്തമാക്കി. നാലു വൈദികരുടെ മാതാവും വിധവയുമായിരുന്ന ഫാ. ലൂയിയുടെ അമ്മ രണ്ട് മാസത്തിനുശേഷം ഒരു വിസിറ്റേഷൻ മഠത്തിൽ ചേർന്നു. ഫാ. ലൂയിയുടെ സഹോദരൻ ഫാ. റെമോണും ഗരബന്ദാൾ സംഭവങ്ങളുടെ യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കുവാൻ ഇടയായി.

**ദിവ്യകാരുണ്യാത്ഭുതം**

കുട്ടികൾക്ക് മാതാവിനെ കാണാമായിരുന്നെങ്കിലും മറ്റുള്ളവർക്ക് അത് സാധ്യമല്ലായിരുന്നു. ജനങ്ങളുടെ വിശ്വാസത്തിനായി ഒരത്ഭുതം പ്രവർത്തിക്കണമെന്ന് കുട്ടികൾ തുടർച്ചയായി നിർബന്ധിച്ചതുമൂലം മാലാഖ കൊഞ്ചിത്താ ഗോൺസാലസിനോട് താൻ നേരത്തേ നല്കിയിരുന്ന അദൃശ്യമായ വി. കുർബ്ബാന 1961 ജൂലൈ 18-ന് അവളുടെ നാവിൽ പരി. കന്യകവഴി ദൃശ്യമായിത്തീരുമെന്ന് വെളിപ്പെടുത്തി. ഇത് കൊഞ്ചിത മുൻകൂട്ടി പരസ്യപ്പെടുത്തിയിരുന്നതിനാൽ ധാരാളം ജനങ്ങൾ ഈ അത്ഭുതദർശനം കാണാൻ എത്തിയിരുന്നു. വെട്ടിത്തിളങ്ങുന്നൊരു തിരുവോസ്തി കൊഞ്ചിത്തയുടെ നാവിൽ പ്രത്യക്ഷമാകുന്നത് ധാരാളം പേർ ദർശിച്ചു. കുറേപ്പേർ അത് ക്യാമറയിൽ പകർത്തി.

## പ്രവചിക്കപ്പെട്ട ശിക്ഷ

1962-ൽ തുടർച്ചയായി രണ്ടു രാത്രികളിൽ ശിക്ഷയുടെ ദർശനം കുട്ടികൾക്കുണ്ടായി. വി. കുർബ്ബാനയുടെ തിരുനാൾ അക്കൊല്ലം ജൂൺ 21-ാം തീയതി ആയിരുന്നു. അതിനൊരുക്കമായുള്ള നൊവേനക്കിടയിലാണത് സംഭവിച്ചത്. ആദ്യത്തെ രാത്രി ലോളിക്കും ജസീന്തയ്ക്കും പിറ്റേന്ന് രാത്രി കൊഞ്ചിത്തയ്ക്കും ലോളിക്കും ജസീന്തായ്ക്കും അവസാനനാളിലെ ഭീകരാവസ്തയെക്കുറിച്ച് ദർശനമുണ്ടായി. അവരുടെ നിലവിളിയും ആംഗ്യങ്ങളും ജനങ്ങൾ കണ്ടുകൊണ്ടിരുന്നു. ഗ്രാമവാസികളെല്ലാം അന്ന് കുമ്പസാരിച്ച് വി. കുർബ്ബാന സ്വീകരിച്ചു.

## രണ്ടാമത്തെ സന്ദേശം–1965 ജൂൺ 18–ന്

തന്റെ ആദ്യസന്ദേശത്തിന് ശരിയായ പ്രതികരണം ലഭിക്കാതിരുന്നതിനാൽ താൻ അസന്തുഷ്ടയാണെന്ന് ദർശനങ്ങളുടെ അവസാനത്തിൽ പരി. കന്യക കുട്ടികളോട് പറഞ്ഞു. അതുകൊണ്ട് വി. മിഖായേലിന്റെ മദ്ധ്യസ്ഥതയിൽ താൻ രണ്ടാമതും ഒടുവിലത്തേതുമായ സന്ദേശം 1965 ജൂൺ 18-ന് നൽകുമെന്ന് അറിയിച്ചു. ആ ദിവസം സ്പെയിനിൽനിന്നും മറ്റനേകം രാജ്യങ്ങളിൽനിന്നും ആയിരങ്ങൾ ഗരബന്ദാളിൽ ദർശനത്തിന് സാക്ഷ്യം വഹിക്കുവാനും പരി. കന്യകയുടെ സന്ദേശം ശ്രവിക്കുവാനും തടിച്ചുകൂടി. അന്ന് രാത്രി 11.30-ന് 20 മിനിട്ട് നീണ്ടുനിന്ന ദർശനം കൊഞ്ചിത്തായ്ക്ക് ഉണ്ടായി. ഇറ്റാലിയൻ ടെലിവിഷനും മറ്റും ആ സംഭവം മുഴുവൻ പകർത്തിയെടുത്തുകൊണ്ടിരുന്നു. സന്ദേശം എന്തെന്ന് അവൾ പിറ്റേന്ന് എഴുതിക്കൊടുത്തു.

മാതാവിന്റെ നാമത്തിൽ മുഖ്യദൂതനായ മിഖായേൽ നൽകിയ ആ സന്ദേശം ഇതായിരുന്നു. “ഞാൻ ആദ്യം നൽകിയ സന്ദേശം ജനങ്ങൾ അനുസരിക്കാത്തതുകൊണ്ടും ലോകമെങ്ങും പ്രചരിപ്പിച്ചിട്ടില്ലാത്തതുകൊണ്ടും ഈ അവസാന സന്ദേശം ഞാൻ നിങ്ങൾക്ക് തരികയാണ്. അന്ന് ആ പാനപാത്രം നിറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ഇന്നാകട്ടെ അത് കവിഞ്ഞൊഴുകുന്നു. അനേകം കർദ്ദിനാൾമാരും മെത്രാന്മാരും വൈദികരും നാശത്തിലേക്കുള്ള പാതയിലൂടെ മുന്നോട്ട് നീങ്ങുന്നു. നിരവധി ആത്മാക്കളെയും അവർ അതിലൂടെ നയിച്ചുകൊണ്ടിരിക്കുകയാണ്. ദിവ്യകാരുണ്യഭക്തി കുറഞ്ഞുവരുന്നു. ദൈവകോപം നിങ്ങളിൽനിന്നു നീങ്ങിപ്പോകുവാൻ നിങ്ങൾ പരിശ്രമിക്കണം. ആത്മാർത്ഥതയുള്ള ഹൃദയത്തോടെ നിങ്ങൾ പ്രാർത്ഥിച്ചാൽ അവിടുന്ന് മാപ്പുനൽകും. മുഖ്യദൂതനായ മിഖായേലിന്റെ മാദ്ധ്യസ്ഥ്യം വഴി നിങ്ങളുടെ അമ്മയായ ഞാൻ നിങ്ങളോടപേക്ഷിക്കുകയാണ് നിങ്ങളുടെ ജീവിതപരിവർത്തനം സാധിക്കണമെന്ന്. ഇപ്പോൾ അവസാന മുന്നറിയിപ്പാണ് നിങ്ങൾക്ക് ലഭിക്കു

ന്നത്. ഞാൻ നിങ്ങളെ അത്യധികം സ്നേഹിക്കുന്നു. നിങ്ങൾക്ക് ശിക്ഷാ വിധി വരണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. നിങ്ങൾ ആത്മാർത്ഥതയോടെ ഞങ്ങളോട് പ്രാർത്ഥിക്കുക, നിങ്ങളുടെ യാചനകൾ ഞങ്ങൾ കൈക്കൊള്ളും. നിങ്ങൾ കൂടുതൽ ത്യാഗം ചെയ്യണം. ഈശോയുടെ പീഡാനുഭവങ്ങളെപ്പറ്റി ഓർമ്മിക്കണം." അവസാന ദർശനം 1965 നവംബർ 13-നായിരുന്നു. പരി. കന്യകയുടെ നിർദ്ദേശപ്രകാരം കുട്ടികൾ കൊണ്ടുവന്ന കൊന്തകൾ, കാശുരൂപങ്ങൾ മുതലായ ഭക്തവസ്തുക്കൾ ചുംബിച്ചുകൊടുത്തിട്ട് മാതാവ് പറഞ്ഞു: "ഞാനീ ഭക്തസാധനങ്ങളിലർപ്പിച്ച ചുംബനത്തിലൂടെ എന്റെ പുത്രൻ ഇവയിൽ അത്ഭുതങ്ങൾ പ്രവർത്തിക്കും." ഈ ഭക്തവസ്തുക്കൾ വഴി അനേകം രോഗശാന്തികളും മാനസാന്തരങ്ങളും ലോകമെമ്പാടും സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള ജനങ്ങൾ ഗരബന്ദാൾ സംഭവങ്ങൾക്ക് ദൃക്സാക്ഷികളാണ്. ആനന്ദനിർവൃതിയിൽ ആ നാലു കുട്ടികളെ കാണാൻ ഭാഗ്യം സിദ്ധിച്ചവരിൽ വൈദികരും ദൈവശാസ്ത്രജ്ഞരും സ്പെയിനിലെ രാജകുടുംബാംഗങ്ങളും ഡോക്ടർമാരും അഭിഭാഷകരും ഉൾപ്പെട്ടിരുന്നു.

16-ാം വയസ്സിൽ ഒരു അപകടത്തിൽ കാഴ്ചശക്തിയും ഘ്രാണശേഷിയും നഷ്ടപ്പെട്ടിരുന്ന ന്യൂയോർക്കിലെ ജോയ് ലൊമാംഗീനോ 1963-ൽ ഇറ്റലിയിലെത്തി. വിശുദ്ധനായിത്തീർന്ന പഞ്ചക്ഷതധാരി പാദ്രേപിയോയെ സന്ദർശിച്ച് കുമ്പസാരിക്കുകയും അനുതപിക്കുകയും ചെയ്തതിനെ തുടർന്ന് അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യത്താൽ ഘ്രാണശക്തി തിരിച്ചുകിട്ടി. അവിടെ ആയിരിക്കേ അദ്ദേഹം ഗരബന്ദാളിൽ മാതാവ് പ്രത്യക്ഷപ്പെട്ടുവോ എന്നും അവിടെ താൻ പോകണോ എന്നും പാദ്രേപിയോയോട് ചോദിച്ചു. "തീർച്ചയായും!" എന്ന് പാദ്രേ മറുപടി പറയുകയും അങ്ങനെ ജോയി അങ്ങോട്ട് പോകുകയും ചെയ്തു. അദ്ദേഹം അവിടെയെത്തി താമസിയാതെ കൊഞ്ചിത്താ ഗോൺസാലസുമായി സൗഹൃദത്തിലാവുകയും സന്ദേശത്തിന്റെ അടിയന്തിരസ്വഭാവത്തെക്കുറിച്ച് ബോധ്യപ്പെടുകയും സന്ദേശത്തെ എല്ലായിടത്തും അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഗരബന്ദാൾ ദൗത്യത്തിന്റെ ഏറ്റവും വലിയ പ്രേഷിതനായി ലോകമെങ്ങും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന അന്ധനായ വ്യക്തിയാണദ്ദേഹം. ദർശനം ലഭിച്ച നാലു കുട്ടികളും പിന്നീട് വിവാഹിതരായി മാതൃകാജീവിതം നയിക്കുന്നു.

മാതാവിന്റെ ഗരബന്ദാൾ ദർശനത്തെക്കുറിച്ച് കൂടുതൽ അറിയുവാൻ ഒരു ഗ്രന്ഥം: റവ.ഫാ. ജോസഫ് എ. പെല്ലേറ്റിയർ എഴുതിയ "പരിശുദ്ധ കന്യകാമറിയം ഗരബന്ദാളിൽ" (കൊഞ്ചിത്തായുടെ ഡയറിക്കുറിപ്പുകൾ സഹിതം). മലയാള വിവർത്തനം തയ്യാറാക്കിയത്: സി. മേരി ആഗ്നസ് സി.എം.സി. മൗണ്ട് കാർമ്മൽ ജനറലേറ്റ്, ആലുവ)



## 24. റോസ മിസ്റ്റിക്ക മാതാവ് (തിരുനാൾ : ജൂലൈ 13)

1947 മുതൽ 1976 വരെ പരിശുദ്ധ അമ്മ ഇററലിയിലെ മോന്തേക്യാരി എന്ന സ്ഥലത്ത് പിയറിനാ ഗില്ലി എന്ന നഴ്സിന് റോസ മിസ്റ്റിക്ക എന്ന പേരിൽ ദർശനം നൽകുകയുണ്ടായി. തന്റെ വത്സലമാതാവ് പുത്രനായ യേശുവിന് തന്റെ മക്കളെ നേടുവാനുള്ള തീവ്രമായ ആഗ്രഹം കൊണ്ടാണ് അമ്മ റോസ മിസ്ററിക്ക എന്ന പേര് സ്വീകരിച്ചത്. 'മിസ്റ്റിക്ക' എന്ന വാക്കിന്റെ അർത്ഥം അനുഭവത്തിലൂടെ ദൈവത്തെ അറിയുക എന്നതാണ്.

പരിശുദ്ധ അമ്മയുടെ രൂപത്തിൽ കാണുന്ന മൂന്ന് റോസാപുഷ്പങ്ങൾ മൂന്ന് വലിയ ദിവ്യരഹസ്യങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു. വെള്ള നിറത്തിലുള്ള റോസാപുഷ്പം അമ്മ സ്വർഗ്ഗീയ പിതാവിന്റെ ഏറ്റവും കറയില്ലാത്ത പുത്രിയാണെന്നും ചുവന്ന റോസാപുഷ്പം ദൈവപുത്രന്റെ അമ്മയാണെന്നും സ്വർണ്ണ നിറത്തിലുള്ള റോസാപുഷ്പം അമ്മ പരിശുദ്ധാത്മാവിന്റെ പ്രിയ മണവാട്ടിയും സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയും സഭയുടെ മാതാവുമാണെന്നും നമ്മെ അനുസ്മരിപ്പിക്കുന്നു. ഈ മൂന്ന് പുഷ്പങ്ങൾ പ്രാർത്ഥന, പരിഹാരം, പ്രായശ്ചിത്തം, കൂദാശകളുടെ യോഗ്യമായ സ്വീകരണം എന്നിവയെയാണ് പരാമർശിക്കുന്നത്.

പാപികളുടെ നിത്യനാശത്തിൽ കണ്ണുനീർ ചിന്തുന്ന അമ്മ, തെറ്റായ പാതയിലൂടെ സഞ്ചരിക്കുന്ന മനുഷ്യവർഗ്ഗത്തിനുവേണ്ടിയും മെത്രാന്മാർക്കും വൈദികർക്കും അർപ്പണ ജീവിതക്കാർക്കുംവേണ്ടിയും, എന്നും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ടു. റോസാ മിസ്റ്റിക്ക മാതാവ് തന്റെ എല്ലാ ദർശനങ്ങളിലും ജപമാല ചൊല്ലി പ്രാർത്ഥിക്കുവാനും അങ്ങനെ തിന്മയുടെയും അന്ധകാരത്തിന്റെയും ശക്തിക്ക് എതിരായി പോരാടുവാനും നമ്മെ ആഹ്വാനം ചെയ്യുന്നു. ഭക്തിയോടുകൂടി പ്രാർത്ഥിക്കുന്ന ജപമാല യേശുവിന്റെ തന്നെ പ്രാർത്ഥനയായി മാറുന്നു.

ലോകത്തിന്റെ പല പട്ടണങ്ങളിലും, റോസ മിസ്റ്റിക്കായുടെ രൂപം പ്രദക്ഷിണമായി കൊണ്ടുപോവുകയും പല സ്ഥലത്തുവച്ചും ഈ രൂപത്തിൽനിന്നു കണ്ണുനീരും രക്തക്കണ്ണുനീരും ഒഴുകുകയും ചെയ്തതായി സാക്ഷ്യപ്പെടുത്തുന്നു. കേരളത്തിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലും കോട്ടയം ജില്ലയിലെ മഞ്ഞളരുവിയിലും 2006-ൽ റോസ മിസ്റ്റിക്കയുടെ ചിത്രത്തിൽനിന്നും ഇടവിട്ട് കണ്ണുനീർ പൊഴിച്ചുകൊണ്ടിരുന്നതായി സാക്ഷ്യപ്പെടുത്തുന്നു. റോസ മിസ്റ്റിക്ക മാതാവിന്റെ രൂപത്തിൽനിന്ന് കോട്ടയം ജില്ലയിലെ മഞ്ഞളരുവിയിൽ 2007 മുതൽ 2009 വരെ സുഗന്ധ ഓയിലും എറണാകുളത്തിനടുത്ത് തൃപ്പൂണിത്തുറയിൽ 2009 ഒക്ടോബർ മുതൽ തേനും ഒഴുകുന്നത് കാണുവാൻ ഗ്രന്ഥകാരൻ ഉൾപ്പെടെ അനേകം പേർക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്.



## ഗാനം

പരിമളനാഥേ മാതാവേ
വാഴ്ത്തുന്നു നിൻ തിരുനാമം
റോസാ മിസ്റ്റിക്ക മാതാവേ
പാടുന്നു നിൻ സ്തുതിഗീതം (പരിമളനാഥേ ....)

നന്ദിയെഴും നൽസ്തുതി പാടാം
മുദമൊടു ജപമാലയുമേകാം
മിഴിനീർപൂക്കൾ ചേർത്തുകൊരുത്തൊരു
പൂമാലയുമർപ്പിച്ചീടാം (2) (പരിമളനാഥേ ....)

നീയാണമ്മേ മാദ്ധ്യസ്ഥം
നീയാണമ്മേ എൻശരണം
എൻഹൃദയത്തിൽ പരിമളമേകും
പനിനീർപൂവും നീയമ്മേ (2) (പരിമളനാഥേ ....)

താതന്നും തൻ സൂനുവിനും
റൂഹായ്ക്കും പ്രിയ താരകമേ
ത്രീലോകത്തിൽ ഭാഗ്യമെഴുന്നൊരു
സ്വർണ്ണകിരീടം നീയമ്മേ (2) (പരിമളനാഥേ ..)

(രചന: സിസി ലൂയിസ്)



# 25. മാതൃദർശനം വിവിധ സ്ഥലങ്ങളിൽ

| വർഷം | സ്ഥലം |
| --- | --- |
| 1061 | ഇംഗ്ലണ്ടിലെ വാസിങ്ങ്ഗാമിൽവെച്ച് ലേഡി റിച്ചലഡീസ് ഡിഫെവർച്ചസ് എന്ന വിധവയ്ക്ക് മാതാവ് മൂന്നു പ്രാവശ്യം പ്രത്യക്ഷപ്പെട്ടു. |
| 1208 | ഫ്രാൻസിലെ പ്രോവുല്ലെ എന്ന സ്ഥലത്ത് ദൈവമാതൃ ദേവാലയത്തിൽ പ്രാർത്ഥനാനിരതനായിരുന്ന വി. ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് ജപമാല സമ്മാനിച്ചുകൊണ്ട് പാപികളുടെ മാനസാന്തരത്തിനായി കൊന്തചൊല്ലി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. |
| 1251 | ഇംഗ്ലണ്ടിലെ മൗണ്ട്കാർമ്മലിൽ ജൂലൈ 16-ന് അർദ്ധരാത്രി ദേവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന വി. സൈമൺ സ്റ്റോക്കിന് പ്രത്യക്ഷപ്പെട്ടു ഉത്തരീയം നൽകി (17-ാം അദ്ധ്യായം വായിക്കുക) |
| 1531 | മെക്സിക്കോയിലെ ഗോദലൂപ്പെ എന്ന സ്ഥലത്ത് ജൂവാൻ ഡീഗോയ്ക്ക് പ്രത്യക്ഷപ്പെടുകയും താൻ കന്യകാമാതാവാണെന്നും ദൈവമാതാവാണെന്നും വെളിപ്പെടുത്തുകയും ആ സ്ഥലത്ത് ഒരു ദേവാലയം ഉണ്ടാക്കണമെന്ന്മെത്രാനോട് പറയണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. |
| 1830 | പാരിസിലെ റൂദുബാക്ക് എന്ന സ്ഥലത്ത് വിൻസെൻഷ്യൻ സന്യാസിനി സമൂഹത്തിലെ അംഗമായിരുന്ന സി. കാതറിൻ ലെബോറയ്ക്ക് അത്ഭുതകാശുരൂപ മാതാവിന്റെ ദർശനം മൂന്ന് പ്രാവശ്യമുണ്ടായി. |
| 1846 | ഫ്രാൻസിലെ ലാസലെറ്റ് എന്ന സ്ഥലത്ത് മാക്സിമിൻ, മെലാനി എന്നീ ഇടയകുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടു. ചെരിപ്പിന്മേൽ റോസാപ്പൂക്കളും കഴുത്തിൽ കുരിശുമാലയും ധരിച്ച് പ്രത്യക്ഷപ്പെട്ട അമ്മ കുട്ടികളോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. |

| | |
|---|---|
| 1858 | ഫ്രാൻസിലെ ലൂർദ്ദിൽ ബർണദീത്തയെന്ന പെൺകുട്ടിക്ക് പ്രത്യക്ഷപ്പെട്ടു. (18-ാം അദ്ധ്യായത്തിൽ കൂടുതൽ വിവരങ്ങൾ നൽകിയിരിക്കുന്നു) |
| 1879 | അയർലണ്ടിലെ നോക്ക് എന്ന സ്ഥലത്ത് പതിനഞ്ചുപേർക്ക് മാതാവ് പ്രത്യക്ഷപ്പെട്ടു. ധാരാളം രോഗശാന്തികൾറിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| 1917 | പോർട്ടുഗലിലെ ഫാത്തിമയിൽ ലൂസി, ജസീന്ത, ഫ്രാൻസിസ് എന്നീ ഇടയക്കുട്ടികൾക്ക് പ്രത്യക്ഷയായി. (19-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു) |
| 1932 | ബെൽജിയത്തിലെ ബെയറോങ്ങ് എന്ന സ്ഥലത്ത് മാതാവ് അഞ്ചുകുട്ടികൾക്ക് പലപ്രാവശ്യം പ്രത്യക്ഷപ്പെട്ടു. അമലോത്ഭവയും കന്യകയും ദൈവമാതാവുമായ സ്വർഗ്ഗരാജ്ഞിയുമാണ് താൻ എന്നു വെളിപ്പെടുത്തിയ മാതാവ് പാപികളുടെ പശ്ചാത്താപത്തിനും മാനസാന്തരത്തിനും വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. |
| 1933 | ബെൽജിയത്തിലെ ബന്ന്യൂവിൽ മാരിയറ്റ് ബെക്കോക്കിന് എട്ടുപ്രാവശ്യം പ്രത്യക്ഷപ്പെട്ടു. |
| 1945 | ആംസ്റ്റർഡാമിൽ 1945 മുതൽ അറുപത് പ്രാവശ്യം ഇഡാ പേർഡെമാൻ എന്ന ഭക്തസ്ത്രീക്ക് സർവ്വജനപദങ്ങളുടെയും നാഥ പ്രത്യക്ഷപ്പെട്ടു. മാതാവ് കുരിശിന് മുമ്പിൽ നിൽക്കുന്നതായി കാണപ്പെടുന്നത് കുരിശുമായി അത്ര ദൃഢബന്ധവും വേദനാപൂർണ്ണമായ ഐക്യവും മാതാവിനുണ്ടായിരുന്നു എന്നതിന്റെ സൂചനയാണ്. കുരിശിന് മുമ്പിൽ നിൽക്കുന്ന മാതാവ് സഹരക്ഷകയും മദ്ധ്യസ്ഥയും അഭിഭാഷകയുമാണ്. 'പിതാവിന്റെ കൃപയും പുത്രന്റെ രക്ഷയും പരിശുദ്ധാത്മാവിന്റെ ശാന്തിയും മാതാവിലൂടെ നൽകപ്പെടുന്നു' എന്നതിന്റെ സൂചനയാണ് കൈകളിൽ നിന്നുതിരുന്ന മൂന്ന് കിരണങ്ങൾ. ഭൂഗോളത്തിന്മേൽ നിൽക്കുന്ന മാതാവ് എല്ലാജനതകളുടെയും നാഥയാണ്. ആടുകൾ ജനതകളെ സൂചിപ്പിക്കുന്നു. |



| | |
|---|---|
| 1947 | മാതാവ് (റോസ മിസ്റ്റിക്ക) ഇറ്റലിയിൽ മോന്തേക്യാരി എന്ന സ്ഥലത്തു പിയറിനാ ഗില്ലി എന്ന നേഴ്സിന് ദർശനം നൽകി (24-ാം അദ്ധ്യായത്തിൽ വിവരിച്ചിരുന്നു) |
| 1961 | സെപ്യിനിലെ ഗരബന്ദാൾ എന്ന മലയോരഗ്രാമത്തിലെ നാല് പെൺകുട്ടികളായ കൊഞ്ചിത്ത ഗോൺസാലസ്, ജെസീന്താ ഗോൺസാലസ്, മേരിലോലി മസൂൺ, മേരി ക്രൂസ് ഗോൺസാലസ് എന്നിവർക്ക് പ്രത്യക്ഷപ്പെട്ട് ലോകത്തിന് അടിയന്തിര സന്ദേശങ്ങൾ നൽകി. (23-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു) |
| 1968 | ഈജിപ്തിലെ സ്വയ്റ്റനിലെ ദേവാലയത്തിൽ മാതാവ് പ്രത്യക്ഷപ്പെട്ടു. മൂന്ന് വർഷക്കാലം അവിടെ പ്രത്യക്ഷപ്പെടുകയും അനേകം ജനങ്ങൾക്ക് രോഗശാന്തി നൽകുകയും ചെയ്തു. |
| 1973 | ജപ്പാനിലെ ഒരു കൊച്ചു ഗ്രാമമായ 'അക്കിത'യിൽ സി. ആഗ്നസ് സസഗവ ജപമാല ചൊല്ലി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ മാതാവ് പ്രത്യക്ഷപ്പെട്ടു. ഓരോ രഹസ്യത്തിനുശേഷവും 'ഓ എന്റെ ഈശോയെ...' എന്ന പ്രാർത്ഥന (1917-ൽ ഫാത്തിമായിൽവച്ച് കുട്ടികൾക്ക് കൊടുത്തത്) ചൊല്ലുവാൻ ആവശ്യപ്പെട്ടു. തടിയിൽ കൊത്തിയുണ്ടാക്കിയിരുന്ന മാതാവിന്റെ രൂപത്തിൽ നിന്നു കണ്ണുനീർ വാർത്തുകൊണ്ട് അവൾക്ക് സന്ദേശങ്ങൾ നൽകി. 'ദു:ഖങ്ങളുടെ രാജ്ഞി' എന്നാണ് അക്കിതയിലെ മാതാവിനെ വിശേഷിപ്പിക്കുന്നത്. |
| 1981 | യുഗോസ്ലോവ്യയിലെ മെഡ്ജുഗോറി എന്ന സ്ഥലത്ത് ആറു യുവാക്കൾക്ക് പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടു. മാനവരാശിയെ ഈശോയിലേക്ക് നയിക്കുന്നതിനും ആത്മാക്കളെ നാശത്തിലേക്ക് നയിക്കുന്ന സാത്താന്റെ പരാക്രമത്തിനെതിരേ പ്രാർത്ഥനയിലൂടെ മുക്തിനേടുവാൻ മനുഷ്യരാശിയെ ശക്തമാക്കുന്നതിനും ഉതകുന്നതായ സന്ദേശങ്ങളാണ് അവിടെ മാതാവ് ആ യുവാക്കൾ വഴി ലോകത്തെ അറിയിച്ചുകൊണ്ടിരിക്കുന്നത്. |

For more details visit www.catholicgk.com

പരിശുദ്ധ കന്യകാമറിയത്തിന്റെ ദർശനം ലഭിച്ചവർ പൊതുവേ വിജ്ഞാനം കുറവായിരുന്ന സാധാരണക്കാരായിരുന്നു. ദർശനങ്ങൾ നല്കിയിരുന്നത് ഏകാന്തവും പ്രശാന്തവുമായ സ്ഥലങ്ങളിലും ക്രൈസ്തവ വിശ്വാസത്തിന് കാര്യമായ ക്ഷതം സംഭവിച്ചിരുന്ന പ്രദേശങ്ങളിലൂമായിരുന്നു. ദർശനത്തിനുവേണ്ടി കാത്തിരുന്നവർക്കല്ല മാതാവ് ദർശനം നൽകിയത്. അതുപോലെതന്നെ ദർശനം ലഭിച്ചവരുടെ ഈ ലോകജീവിതം സന്തോഷപ്രദമായിരിക്കില്ലെന്നും മാതാവ് അവരെ ഓർമ്മിപ്പിച്ചിരുന്നു. എല്ലാ ദർശനങ്ങളുടെയും അടിസ്ഥാന സന്ദേശം, കൂടുതൽ പ്രാർത്ഥിക്കുവാനും, പാപങ്ങളെപ്രതി പശ്ചാത്തപിച്ച് പ്രായശ്ചിത്തം ചെയ്യുവാനുമായിരുന്നു.

മുകളിൽ കൊടുത്തിരിക്കുന്നവ കൂടാതെ മാതാവിന്റെ അനേകം ദർശനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ദർശനങ്ങളെല്ലാം സഭയുടെ വിശ്വാസസത്യങ്ങളിൽപ്പെടുന്നവയല്ല. വിശ്വാസയോഗ്യമല്ലാത്ത ദർശന റിപ്പോർട്ടുകൾ സഭ അംഗീകരിക്കാറില്ല. മുകളിൽ കൊടുത്തിരിക്കുന്ന 17 ദർശനങ്ങൾ എല്ലാം തന്നെ സഭ അംഗീകരിച്ചിട്ടില്ല. സഭ അംഗീകരിച്ചില്ല എന്നതിനാൽ മരിയദർശനം ഉണ്ടായില്ല എന്ന് അർത്ഥമില്ല. വിശ്വസനീയമായ തെളിവുകൾ സഭയുടെ അന്വേഷണത്തിൽ കണ്ടെത്തുകയാണെങ്കിൽ മാത്രമേ അത് സഭ അംഗീകരിക്കുകയുള്ളു.

### വ്യക്തിപരമായ യേശു-മാതൃദർശനങ്ങൾ

ഈശോയുടെ ദർശനങ്ങളും വെളിപ്പെടുത്തലുകളും അനേകം പേർക്ക് ലഭിച്ചിട്ടുണ്ട്. തന്റെ മാതാവിനെക്കുറിച്ച് ഈശോ തന്നെ ധാരാളം പേർക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. ചിലപ്പോൾ മാതാവും അവർക്ക് സന്ദേശങ്ങൾ നൽകാറുണ്ട്. അവരിൽ പ്രധാനപ്പെട്ട ചിലരെക്കുറിച്ച് ഒരു സൂചനമാത്രം നൽകുന്നു. അവരുടെ പുസ്തകങ്ങൾ വായിക്കുന്നത് ആത്മീയ ഉണർവ് ലഭിക്കുവാൻ വളരെ സഹായകരമാണ്.

### 1. ആൻ കാതറിൻ എമറിച്ച്

ആൻ കാതറിൻ എമറിച്ച് വിശുദ്ധ അഗസ്റ്റിന്റെ സന്യാസിനി സമൂഹത്തിലെ ഒരംഗമായിരുന്നു. 1774 സെപ്തംബർ 8-ന് ജർമ്മനിയിലെ കോസ്ഫെൽഡ് എന്ന സ്ഥലത്തിനടുത്തുള്ള ഫ്ളാംസ്കെ എന്ന ഗ്രാമത്തിൽ ജനിച്ച കാതറിന് ബാല്യത്തിൽത്തന്നെ ദർശനങ്ങളിലൂടെ ദൈവീകമായ അറിവുകളും ഉൾക്കാഴ്ചകളും ലഭിച്ചിരുന്നു. സ്വർഗ്ഗരാജ്ഞിയായ മാതാവിനെ പലപ്പോഴും ദർശിക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നു. യേശുവിന്റെ പീഡാനുഭവ രംഗങ്ങൾ വളരെ വിശദമായ ദർശനങ്ങളിലൂടെ യേശു അവൾക്ക് വെളിപ്പെടുത്തിക്കൊടുത്തു. യേശുവിന്റെ പീഡകളുടെ അനുഭവം ലഭിക്കുവാൻ പഞ്ചക്ഷതങ്ങൾ ഏറ്റുവാങ്ങിയ അവൾ ഈ

ലോകത്തോട് വിടപറഞ്ഞത് 1824 ഫെബ്രുവരി 9-ാം തീയതിയാണ്. 'പാഷൻ ഓഫ് ക്രൈസ്റ്റ്' എന്ന സിനിമ തയ്യാറാക്കിയത് ആൻ കാതറിൻ എമറിച്ചിന്റെ "യേശുവിന്റെ പീഡാനുഭവരംഗങ്ങൾ" എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയാണ്. യേശുവിന്റെ പീഡാനുഭവ അനുസ്മരണത്തിന് സഹായിക്കുന്ന ഒരു വിലപ്പെട്ട പുസ്തകമാണിത്.

**2. മരിയ വാൾതോർത്ത**

നിഗൂഢാത്മക ലേഖിക (Mystical writer) എന്നറിയപ്പെടുന്ന മരിയ വാൾതോർത്ത ജനിച്ചത് 1897 മാർച്ച് 14-ാം തീയതി ഇറ്റലിയിലെ കാസേർത്താ എന്ന സ്ഥലത്തായിരുന്നു. നാലരവയസ്സു പ്രായമുള്ളപ്പോൾത്തന്നെ ഈശോയെപ്പോലെ സഹിച്ച് ഈശോയെ സ്നേഹിച്ച് ആശ്വസിപ്പിക്കുവാൻ അവൾ ആഗ്രഹിച്ചു. നീണ്ട 28 വർഷം രോഗിയായിരുന്ന അവൾ കിടക്കയിൽ ഇരുന്നുകൊണ്ട് മടക്കിയ മുട്ടുകളിൽ ഒരു കാർഡ്ബോർഡ് വച്ച് സാധാരണ നോട്ട്ബുക്കുകളിൽ എഴുതി. തന്റെ നിരന്തരമായ ജോലിയും സഹനവും ദൈവത്തിന് സമർപ്പിച്ചുകൊണ്ട് ഇടമുറിയാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്ന അവളെ ഈശോ തന്റെ വിശ്വസ്തവക്താവും തൂലികയുമായി ഉപയോഗിച്ചു. അവൾക്ക് ലഭിച്ച ദർശനങ്ങളിലൂടെയും അവൾ കേട്ടിരുന്ന തിരുവചനങ്ങളിലൂടെയും ഈശോ അവൾക്ക് സ്വയം വെളിപ്പെടുത്തി. 1943 മുതൽ 1953 വരെയുള്ള കാലഘട്ടത്തിൽ പതിനയ്യായിരത്തോളം പേജുകളിൽ എഴുതിയ അവളുടെ കുറിപ്പുകൾ 1989-ൽ ഇറ്റാലിയൻ ഭാഷയിൽ പുസ്തകങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടു. 65-ാം വയസ്സിൽ 1961 ഒക്ടോബർ 12-ാം തീയതി അവൾ മരണമടഞ്ഞു. The Poem of Man God എന്ന പേരിലുള്ള ഇംഗ്ലീഷ് പതിപ്പിൽനിന്നു മലയാളത്തിൽ 'ദൈവമനുഷ്യന്റെ സ്നേഹഗീത' എന്ന പേരിൽ ആദ്യപുസ്തകം 1992-ലും 16-ാം പുസ്തകം 2001-ലും പ്രസിദ്ധീകരിച്ചു. ഒന്നാമത്തേയും അവസാനത്തേയും പുസ്തകങ്ങളിൽ മാതാവിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നൽകിയിട്ടുണ്ട്. വായനയ്ക്ക് കൂടുതൽ സമയം കണ്ടെത്തുവാൻ കഴിയുന്നവർക്ക് ഈ പുസ്തകങ്ങൾ വളരെ അനുഗ്രഹപ്രദമാണ്.

**3. വാസുല റീഡൻ**

1942 ജനുവരി 18-ാം തീയതി ഈജിപ്തിൽ ജനിക്കുകയും ഇപ്പോൾ സ്വിറ്റ്സർലന്റിൽ താമസിക്കുകയും ചെയ്യുന്ന ഒരു സാധാരണക്കാരിയും വിവാഹിതയും രണ്ടുകുട്ടികളുടെ അമ്മയുമായ 'വാസുലാ റീഡൻ' എന്ന സ്ത്രീയെ യേശു തന്റെ സന്ദേശവാഹകയായി തിരഞ്ഞെടുത്തു. 1986 മുതൽ 1996 വരെ യേശുതന്നെ നേരിട്ട് പറഞ്ഞ് എഴുതിച്ച വെളിപ്പെടുത്തലുകളും സന്ദേശങ്ങളും ഉൾപ്പെടുത്തി "ദൈവത്തിലുള്ള യഥാർത്ഥ

ജീവിതം" എന്ന പേരിൽ തയ്യാറാക്കിയിരിക്കുന്ന പുസ്തക പരമ്പര ഏറെ ആകർഷണീയവും ആദ്ധ്യാത്മിക ജീവിതത്തിൽ വളരുന്നതിന് ഫലപ്രദവുമാണ്. പലനോട്ടുബുക്കുകളിലായി എഴുതിയിരുന്നവ പുസ്തകരൂപത്തിലാക്കിയപ്പോൾ നോട്ട്ബുക്കുകളുടെ നമ്പറും പേജ് നമ്പറും കൊടുത്തിട്ടുണ്ട്.

വാസുലാ ഗ്രീക്ക് ഓർത്തഡോക്സ് സഭാംഗവും ഭർത്താവ് ലൂതറൻ സഭാംഗവുമാണെങ്കിലും വാസുലായ്ക്ക് വെളിപ്പെടുത്തി കിട്ടുന്നതെല്ലാം കത്തോലിക്കാ വിശ്വാസസത്യങ്ങളുമായി ബന്ധമുള്ളവയാണ്. ദൈവം നമ്മുടെ ഏകപിതാവാണെന്നും കന്യകാമറിയം നമ്മുടെ ഏക മാതാവാണെന്നും എല്ലാവരും മാനസാന്തരപ്പെടണമെന്നും വാസുലായിലൂടെ ഇന്നും ദൈവം ലോകത്തെ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു.

"ദൈവത്തിലുള്ള യഥാർത്ഥജീവിതം" എന്ന പുസ്തകപരമ്പരയിൽനിന്നും ഏതാനും സന്ദേശങ്ങൾ താഴെ കൊടുക്കുന്നു. നോട്ട്ബുക്ക് 16, പേജ് 12 (24-9-1987 ൽ ലഭിച്ചത്):

ഈശോ സംസാരിച്ചതിനുശേഷം പരിശുദ്ധ മാതാവ് വാസുലായുടെ അടുത്തുനിൽക്കുന്നതായി അനുഭവപ്പെടുകയും ശ്രവിക്കുകയും ചെയ്തത്. "വാസുലാ ഇത് ഞാനാണ്, നിന്റെ അമ്മ, ഗരബന്ദാളിലെ എന്റെ മക്കൾക്ക് ഞാൻ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എന്നെ കാണാനും കേൾക്കാനും ഞാൻ അവരെ അനുഗ്രഹിച്ചു. ഞാൻ അവർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അവർ അത് അറിഞ്ഞു. നീ അവരെ അനുഗ്രഹിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു." നോട്ട്ബുക്ക് 16, പേജ് 39 (2-10-1987):

ഈശോ വാസുലായോട് സംസാരിച്ചത്: "ഇത് ഞാനാണ്, യേശു. എന്റെയോ എന്റെ മാതാവിന്റെയോ പ്രതിമകളിൽ ഏതും ആദരിക്കപ്പെടേണ്ടതാണെന്ന് എല്ലാവരും അറിയട്ടെ. എന്റെ കുരിശ് എന്നെ പ്രതിനാധാനം ചെയ്യുന്നതുപോലെ ഈ പ്രതിമകളിൽ ഓരോന്നും ഞങ്ങളെ പ്രതിനിധാനം ചെയ്യുന്നു. എന്റെ മൃതശരീരം പൊതിഞ്ഞിരുന്ന തിരുവസ്ത്രവും യഥാർത്ഥത്തിലുള്ളതാണെന്ന് എല്ലാവരും അറിയട്ടെ." നോട്ട്ബുക്ക് 16, പേജ് 54-55 (8-10-1987):

"വാസുലാ, അത്തരം നിന്ദനങ്ങൾ കേൾക്കുമ്പോൾ സ്നേഹം എത്രമാത്രം സഹിക്കേണ്ടിവരുന്നെന്ന് നിന്നെ ഞാൻ മനസ്സിലാക്കിത്തരാം. വാസുലാ, കർത്താവായ ഞാൻ എന്റെ മാതാവിനെ എത്രമാത്രം ബഹുമാനിക്കുന്നുണ്ടെന്ന് എല്ലാവരും അറിയട്ടെ. അമ്മയെ നിന്ദിക്കുന്നവർ ഇത് മനസ്സിലാക്കട്ടെ. അവൾ സ്വർഗ്ഗത്തിലെ രാജ്ഞിയാണെന്നും കർത്താവായ ഞാൻ അവളുടെ ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങളുള്ള ഒരു കിരീടം അണിയിച്ചിട്ടുണ്ടെന്നും അവർ അറിയട്ടെ. അവൾ സ്വർഗ്ഗത്തിൽ

വാഴുന്നു. ഇത് എന്റെ വചനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഞാൻ എന്റെ അമ്മയെ സ്നേഹിക്കുന്നു. ഞാൻ ബഹുമാനിക്കുന്നതുപോലെ നിങ്ങളും എന്റെ അമ്മയെ ബഹുമാനിക്കണം. ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാനും എന്റെ അമ്മയും ചേർന്ന് നിന്നെ അനുഗ്രഹിക്കുന്നു." "എന്നാൽ ഞാൻ ഒരിക്കൽക്കൂടി ആവർത്തിച്ച് പറയട്ടെ. മകളേ, എന്റെ അമ്മ നിങ്ങളുടെയും അമ്മയാണ്. നിങ്ങൾ അവളുടെ മക്കളുമാണ്. ഇത് എന്റെ വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അറിഞ്ഞിട്ടില്ലാത്തവർക്ക് വേണ്ടി ഞാൻ വീണ്ടും പറയുന്നു, വേദപുസ്തകത്തിൽ അതു പറയുന്നുണ്ട്." അത് എവിടെയാണ് കർത്താവേ എന്ന വാസുലായുടെ ചോദ്യത്തിന് മറുപടിയായി "വെളിപാടിന്റെ ഗ്രന്ഥത്തിൽ, സാത്താൻ എന്റെ അമ്മയെ കീഴ്പ്പെടുത്തുന്നതിൽ പരാജയപ്പെട്ടപ്പോൾ രോഷം പൂണ്ട് അമ്മയുടെ ശേഷിച്ച മക്കളുമായി യുദ്ധത്തിലേർപ്പെട്ടിരിക്കുകയാണ്. അവരാകട്ടെ എന്റെ കല്പനകൾ അനുസരിക്കുന്നവരും എനിക്ക് സാക്ഷ്യം വഹിക്കുന്നവരുമാണ്."

**4. വി. ആൻസലെം**

ഇറ്റലിയിലെ അവാസ്തോ എന്ന സ്ഥലത്തു ജനിച്ച വിശുദ്ധ ആൻസലെം (1018–1109) കത്തോലിക്കാ സഭയിലെ മെത്രാനും വേദപാരംഗതനും തികഞ്ഞ മാതൃഭക്തനുമായിരുന്നു. വി. ആൻസലെം പരിശുദ്ധാത്മാവിന്റെ തീക്ഷ്ണ പ്രചോദനത്താൽ രചിച്ച 'പരിശുദ്ധ മറിയമകനീശോ' എന്ന ഗ്രന്ഥത്തിൽ യേശുക്രിസ്തു പഠിപ്പിക്കുന്ന പരി. മറിയ ഭക്തിയും പരി. മറിയം പഠിപ്പിക്കുന്ന യേശു ഭക്തിയും വളരെ വിശദമായി നൽകിയിരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ മലയാള വിവർത്തനം ഗ്രെയ്സ് ജീവൻ സ്പിരിചൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈശോ വി. ആൻസലെമിനോട് പറഞ്ഞു. "ഞാൻ തിരുസഭയിൽ ജീവിക്കുന്നു. അതായത്, എന്റെ അരൂപിയാൽ നയിക്കപ്പെടുന്ന എന്റെ മൗതികശരീരമായ തിരുസഭയിൽ സഭ ചെയ്യുന്നതൊക്കെയും ഞാനാണ് യഥാർത്ഥത്തിൽ നിർവ്വഹിക്കുന്നത്. എന്റെ അമ്മയ്ക്കുവേണ്ടി സഭ ചെയ്യുന്നതൊക്കെയും അവൾക്ക് വേണ്ടി യഥാർത്ഥത്തിൽ ചെയ്യുന്നത് ഞാൻ തന്നെയാണ്. മറിയത്തിന്റെ നേർക്ക് തിരുസഭ പ്രദർശിപ്പിക്കുന്ന വണക്കവും സ്നേഹവും എന്തുമാത്രമെന്ന് ഓർക്കുക" തന്റെ അമ്മയുടെ മഹത്വത്തെപ്പറ്റിയും തന്റെ അമ്മ എല്ലാവരുടെയും അമ്മയായതിനാൽ അമ്മയെ എല്ലാവരും വണങ്ങേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ധാരാളം കാര്യങ്ങൾ ഈശോ വി. ആൻസലെമിന് വെളിപ്പെടുത്തിക്കൊടുത്തു. വി. ആൻസലെമിന്റെ മാതൃഭക്തി കുറച്ചുകൂടി വർദ്ധിപ്പിക്കണമെന്ന് പറഞ്ഞ ദിവ്യനാഥൻ നമ്മളോടും പറയുന്നു. അവിടുത്തെ അമ്മ നമ്മുടെയും അമ്മയാണ് അതിനാൽ നാം ആ അമ്മയെ ശരിയായ രീതിയിൽത്തന്നെ വണങ്ങണമെന്ന്.

***ഒരു വിമർശന ചോദ്യം:*** *രക്ഷയ്ക്കാവശ്യമായ കാര്യങ്ങളെല്ലാം ബൈബിളിലും സഭാപ്രബോധനങ്ങളിലുമുണ്ടല്ലോ. പിന്നെയെന്തിനാണ് ഇത്തരം വെളിപാടുകളിൽ കത്തോലിക്കാസഭ വിശ്വസിക്കുന്നത് ?*

*ഉത്തരം: രക്ഷയ്ക്കാവശ്യമായ കാര്യങ്ങളെല്ലാം നേരത്തേതന്നെ വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും രക്ഷയുടെ വഴികളിൽനിന്നു വഴുതിമാറി തിന്മയിലേക്ക് വീണുകൊണ്ടിരിക്കുന്ന മനുഷ്യമക്കളെ വീണ്ടെടുക്കുവാൻ ദൈവം കാലാകാലങ്ങളിൽ വ്യക്തികളിലൂടെയും ആനുകാലിക സംഭവങ്ങളിലൂടെയും വെളിപ്പെടുത്തപ്പെട്ട സന്ദേശങ്ങൾ ലോകത്തെ അനുസ്മരിപ്പിക്കാറുണ്ട്. ലൂർദ്ദിലും ഫാത്തിമയിലും മറ്റു വിവിധ സ്ഥലങ്ങളിലും വെളിപ്പെടുത്തിയ കാര്യങ്ങൾ ബൈബിളിലും സഭാപാരമ്പര്യങ്ങളിലും ഉള്ളവതന്നെ. എങ്കിലും സഭ അവ ഔദ്യോഗികമായി അംഗീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് വഴി അനേകർക്ക് വിശ്വാസത്തിൽ വളർച്ചയും ബോധ്യങ്ങളിൽ ആഴപ്പെടലും ഉണ്ടാകുവാൻ കാരണമാകുന്നു.*



ഗോദലുപ്പെ മാതാവ്




സർവ്വ ജനപദങ്ങളുടെയും നാഥ



മെഡ്ജുഗോറി മാതാവ്

# V

# തിരുനാളുകളും ഭക്തികൃത്യങ്ങളും

26. മറിയത്തിന്റെ വിമല ഹൃദയം
27. മറിയത്തിന്റെ രാജ്ഞിപദം
28. വ്യാകുലമാതാവ്
29. നിത്യസഹായ മാതാവ്
30. ജപമാലയും മറ്റു പ്രാർത്ഥനകളും
31. ഭക്തസംഘടനകളും ഭക്തികൃത്യങ്ങളും

പിതാവായ ദൈവത്തിന്റെ വത്സല പുത്രിയും പുത്രനായ ദൈവത്തിന്റെ മാതാവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ മണവാട്ടിയും ത്രിലോക രാജ്ഞിയുമായ പരിശുദ്ധ കന്യകാമറിയം സർവ്വോൽകൃഷ്ടമായ വണക്കത്തിനും സ്നേഹാദരങ്ങൾക്കും അർഹയാണ്. അതുകൊണ്ടുതന്നെ നൂറ്റാണ്ടുകളായി മാതാവിന്റെ തിരുനാളുകൾ സാർവ്വത്രിക സഭയിൽ ആഘോഷിച്ചുവരുന്നു. അഞ്ചാം നൂറ്റാണ്ടിനുമുമ്പ് സഭയുടെ ആരാധനാക്രമങ്ങളിൽ മാതാവിന്റെ തിരുനാളുകൾ കാണുന്നില്ലെങ്കിലും പിന്നീട് വന്ന വിവിധ നൂറ്റാണ്ടുകളിൽ വിവിധ തിരുനാളുകൾ ആരംഭിക്കുകയുണ്ടായി. മാതാവിന്റെ തിരുനാളുകളിൽ പലതും വളരെ ആഘോഷപൂർവ്വം ആചരിക്കുന്നവരാണ് കേരള ക്രൈസ്തവർ. ഓരോ തിരുനാളിന്റെയും അർത്ഥവും പ്രസക്തിയും വ്യാപ്തിയും മനസ്സിലാക്കിയിരിക്കുകയെന്നത് യഥാർത്ഥ മരിയ ഭക്തിയുടെ അവശ്യഘടകമാണ്.

മാതാവിന്റെ തിരുനാളുകളുടെ ആന്തരാർത്ഥം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനത്തിൽ ഇപ്രകാരം കൊടുത്തിരിക്കുന്നു. "ആരോഗ്യപ്രദവും പ്രമാദരഹിതവുമായ പ്രബോധനത്തിന്റെ പരിധിക്കുള്ളിൽ സ്ഥലകാല സാഹചര്യങ്ങളും വിശ്വാസികളുടെ വികാരഭേദങ്ങളും കണക്കിലെടുത്തുകൊണ്ട് ദൈവമാതാവിന്റെ ബഹുമാനാർത്ഥം നിരവധി ഭക്തിമുറകൾ തിരുസഭ അംഗീകരിച്ചിട്ടുണ്ട്. അവയുടെയെല്ലാം ലക്ഷ്യം മാതാവ് വണങ്ങപ്പെടുന്നതോടുകൂടി പുത്രൻ ശരിയായി അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും അവിടുത്തെ കല്പനകൾ അനുസരിക്കപ്പെടുകയും ചെയ്യുക എന്നതാണ്." (തിരുസഭ 66)

എ.ഡി. 787-ലെ രണ്ടാം നിഖ്യാസൂനഹദോസ് തിരുസ്വരൂപങ്ങളുടെ സാധുത പ്രഖ്യാപിക്കുന്നു. "ഈ തിരുസ്വരൂപങ്ങളെക്കുറിച്ച് ധ്യാനിക്കു

മ്പോഴൊക്കെ അവയെ നോക്കുന്നവരെല്ലാം ആ സ്വരൂപങ്ങളുടെ പിന്നിലെ യഥാർത്ഥ വ്യക്തികളെ ഓർക്കുകയും; അവയെ ചുംബിക്കുമ്പോൾ അവരോടുള്ള ബഹുമാനവും ആദരവും പ്രകടമാക്കുകയും ചെയ്യുന്നു (D.S. 601).

ഭക്തിയും വിശ്വാസവും പാരമ്പര്യവുമെല്ലാം ഇടകലർത്തി ആഡംബരപൂർവ്വം കൊണ്ടാടുന്ന തിരുനാളുകൾ മതാനുഷ്ഠാനങ്ങളുടെ ഒഴിവാക്കാനാവാത്ത ഒരു ഘടകം തന്നെയാണ്. എന്നാൽ തിരുനാളിന്റെ ചൈതന്യം നിലനിർത്താതെയുള്ള ധൂർത്ത്, മത്സരങ്ങൾ, ദുർമാതൃകകൾ തുടങ്ങി മറ്റുള്ളവർക്ക് ഇടർച്ചയുണ്ടാകുന്ന കാര്യങ്ങൾ ഒഴിവാക്കി തിരുനാളുകൾ ഭക്തിനിർഭരമായി ആചരിക്കുകയെന്നത് ഓരോ വിശ്വാസിയുടെയും കർത്തവ്യമാണ്.

മാതാവിന്റെ തിരുനാളുകളിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

| തിയതി | തിരുനാൾ |
|---|---|
| ജനുവരി 1 | ദൈവമാതൃത്വത്തിരുനാൾ |
| ഫെബ്രുവരി 2 | ശുദ്ധീകരണത്തിരുനാൾ |
| ഫെബ്രുവരി 11 | ലൂർദ്ദ് മാതാവിന്റെ തിരുനാൾ |
| മാർച്ച് 25 | മംഗളവാർത്തത്തിരുനാൾ |
| മെയ് 13 | ഫാത്തിമ മാതാവിന്റെ തിരുനാൾ |
| മെയ് 31 | സന്ദർശനത്തിരുനാൾ |
| ജൂൺ 27 | നിത്യസഹായ മാതാവിന്റെ തിരുനാൾ |
| ജൂലൈ 13 | റോസ മിസ്റ്റിക്ക മാതാവിന്റെ തിരുനാൾ |
| ജൂലൈ 16 | കർമ്മലമാതാവിന്റെ തിരുനാൾ |
| ആഗസ്റ്റ് 15 | സ്വർഗ്ഗാരോപണത്തിരുനാൾ |
| ആഗസ്റ്റ് 22 | ലോകരാജ്ഞിപദത്തിരുനാൾ |
| സെപ്തം. 8 | മാതാവിന്റ ജനനത്തിരുനാൾ |
| സെപ്തം. 15 | വ്യാകുലമാതാവിന്റെ തിരുനാൾ |
| സെപ്തം. 24 | കാരുണ്യമാതാവിന്റെ തിരുനാൾ |
| ഒക്ടോ. 7 | ജപമാല രാജ്ഞിയുടെ തിരുനാൾ |
| നവം. 21 | മാതാവിന്റെ സമർപ്പണത്തിരുനാൾ |
| ഡിസം 8 | അമലോത്ഭവത്തിരുനാൾ |

മാതാവിന്റെ വിമലഹൃദയത്തിരുനാൾ ആഘോഷിക്കുന്നത് ഈശോയുടെ തിരുഹൃദയത്തിരുനാളിന്റെ പിറ്റേ ദിവസമാണ്.

മുകളിൽ കൊടുത്തിരിക്കുന്ന തിരുനാളുകളുടെ കൂടുതൽ വിവരങ്ങൾ വിവിധ അദ്ധ്യായങ്ങളിൽ നൽകിയിട്ടുണ്ട്.



# 26. മറിയത്തിന്റെ വിമലഹൃദയം

**തിരുനാൾ: ഈശോയുടെ തിരുഹൃദയത്തിരുനാളിന്റെ പിറ്റേന്ന്**

ഈശോയുടെ തിരുഹൃദയവും മാതാവിന്റെ തിരുഹൃദയവും ഒൻപതുമാസം ഒരേ ശരീരത്തിൽതന്നെ ആയിരുന്നല്ലോ. ഒരേ രക്തംതന്നെ ആയിരുന്നല്ലോ രണ്ടിലും പ്രവഹിച്ചിരുന്നത്. സഭയുടെ ആരംഭകാലത്ത് വിമലഹൃദയഭക്തി തികച്ചും വ്യക്തിപരമായാണ് അഭ്യസിച്ചിരുന്നത്. 15-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന സീയെന്നായിലെ വി. ബർണാഡാണ് മറിയത്തിന്റെ വിമലഹൃദയഭക്തി ആദ്യമായി പരസ്യമായി പ്രസംഗിച്ച വ്യക്തി. വി. ജോൺ യൂഡ്സ് 1648-ൽ മറിയത്തിന്റെ വിമലഹൃദയത്തിന്റെ തിരുനാൾ താൻ സ്ഥാപിച്ച ഈശോയുടെയും മറിയത്തിന്റെയും സഭയിൽ ആദ്യമായി ആഘോഷിച്ചു.

തിരുഹൃദയഭക്തി പ്രചരിപ്പിച്ചിരുന്ന വി. ജോൺ എവുദസിനെ ദൈവം വിമലഹൃദയ ഭക്തിയുടെ പ്രേഷിതനായി തെരഞ്ഞെടുത്തു. ഈശോയുടെ തിരുഹൃദയ ഭക്തിയുടെ ഉജ്ജ്വല പ്രേഷിതയായ മാർഗരറ്റ് മേരി അലക്കോക്കിന് 1688-ൽ വിമലഹൃദയം ഈശോയുടെ തിരുഹൃദയത്തോടൊപ്പം പ്രത്യക്ഷപ്പെട്ടു. ഇരു ഭക്തികളും ഒരുമിച്ചഭ്യസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യണമെന്ന് രണ്ടു വിശുദ്ധർക്കും ബോദ്ധ്യപ്പെട്ടു. ഈശോയുടെ തിരുഹൃദയ പ്രേക്ഷിതനായ കൊളംബിയയും അലക്കോക്കിന്റെ അഭിപ്രായത്തോട് യോജിച്ചു.

ഈശോയുടെ തിരുഹൃദയ ഭക്തിയുടെ പൂർണ്ണതയ്ക്ക് മറിയത്തിന്റെ വിമലഹൃദയഭക്തി അനുപേക്ഷണീയമാണെന്നും മറിയം വഴി ഈശോയിലെത്തണമെന്നുള്ള ആദ്ധ്യാത്മിക ജീവിത ഫോർമുല അർത്ഥവത്താണെന്നും അംഗീകരിക്കപ്പെട്ടു, അക്കാലത്ത് ആരംഭിച്ച വിവിധ സന്യാസസഭകൾവഴി ഈ ഭക്തി വ്യാപിക്കുകയും ശക്തിപ്പെടുകയും ചെയ്തു.

1849-ജൂലൈ 16-ന് സ്ഥാപിതമായ "വിമലഹൃദയത്തിന്റെ പ്രേഷിത സുതന്മാർ" എന്ന സഭയും അവരുടെ സ്ഥാപകനായ ആന്റണി ക്ലാരറ്റും ഈ ഭക്തിയുടെ മഹാപ്രേഷിതരായിരുന്നു. 1854 നവംബർ 26-ന് ക്ലൂണിലെ വി. യൗസേപ്പിന്റെ സന്യാസിനികൾ അവരുടെ സഭയെ മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു. മറിയത്തിന്റെ നിർമ്മലഹൃദയം, പരിശുദ്ധ ഹൃദയം, തിരുഹൃദയം എന്നീ സംജ്ഞകൾക്ക് പകരം മറിയത്തിന്റെ വിമലഹൃദയം എന്ന പേര് സാർവ്വത്രികമാക്കിയത് 1854-ൽ അമലോത്ഭവ സത്യം പ്രഖ്യാപനം ചെയ്ത അവസരത്തിലാണ്.

ഫാത്തിമായിൽ ദൈവമാതാവ് ലൂസിക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ തന്റെ വിമലഹൃദയത്തോടുള്ള ഭക്തിയുടെ ആവശ്യകതയും വെളിപ്പെടുത്തി. മാസാദ്യശനിയാഴ്ച ഭക്തി പ്രചരിപ്പിച്ചുകൊണ്ട് പത്താം പീയൂസ് പാപ്പ വിമലഹൃദയഭക്തി പ്രോത്സാഹിപ്പിച്ചു. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ ഫാത്തിമാ ദർശനത്തിന്റെ രജത ജൂബിലി ആഘോഷിച്ച 1942 മെയ് 13-ാം തീയതി റഷ്യ ഉൾപ്പെടെയുള്ള ലോകത്തെ മറിയത്തിന്റെ വിമലഹൃദയത്തിന് സമർപ്പിക്കാനുള്ള തീരുമാനം പ്രഖ്യാപിക്കുകയും 1942 ഒക്ടോബർ 31-ാം തിയതി സമർപ്പിക്കുകയും ചെയ്തു. 1945-ൽ മറിയത്തിന്റെ വിമലഹൃദയത്തിന്റെ തിരുനാൾ സാർവ്വത്രിക സഭയിൽ സ്ഥാപിതമായി. അന്താരാഷ്ട്ര മരിയൻ സംവത്സരമായി പ്രഖ്യാപിച്ച 1987-88 ൽ ലോകത്തെ മുഴുവനും വിശിഷ്യ റഷ്യയെ മാതാവിന്റെ വിമലഹൃദയത്തിന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ സമർപ്പിച്ചു.

പന്തക്കുസ്താ കഴിഞ്ഞ് 12-ാം ദിവസം വ്യാഴാഴ്ചയാണ് തിരുസഭ വി. കുർബ്ബാനയുടെ തിരുനാൾ ആഘോഷിക്കുന്നത്. ആ തിരുനാൾ കഴിഞ്ഞ് 8-ാം ദിവസം വെള്ളിയാഴ്ച ഈശോയുടെ തിരുഹൃദയത്തിരുനാൾ കൊണ്ടാടുന്നു. പിറ്റേന്ന് ശനിയാഴ്ചയാണ് മറിയത്തിന്റെ വിമലഹൃദയത്തിരുനാൾ തിരുസഭ കൊണ്ടാടുന്നത്.



***'കർത്താവിന്റെ***
***അഭിഷിക്തനെതിരേ കരമുയർത്തിയിട്ട്***
***നിർദ്ദോഷനായിരിക്കാൻ ആർക്കു കഴിയും"***
***(1 സാമു. 26:9)***



## 27. മറിയത്തിന്റെ രാജ്ഞീപദം (ലോക റാണി)

### തിരുനാൾ : ആഗസ്റ്റ് 22

പരിശുദ്ധ ദൈവമാതാവ് സ്വർല്ലോക ഭൂലോകങ്ങളുടെ രാജ്ഞിയായി സ്വർഗ്ഗത്തിൽ മുടി ധരിപ്പിക്കപ്പെട്ടു. 'സൂര്യനെ മേലങ്കിയായും ചന്ദ്രനെ പാദപീഠമായും 12 നക്ഷത്രങ്ങളെ കിരീടമായും ധരിച്ചിരിക്കുന്ന മഹത്വമേറിയ സ്ത്രീരത്നം' എന്ന് വെളിപാട് പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നമ്മുടെ സ്വർഗ്ഗീയ മാതാവിനെക്കുറിച്ചാണ്. അഖില ലോകങ്ങളുടെയും സ്രഷ്ടാവും രക്ഷകനുമായി മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ക്രിസ്തുവിന്റെ രാജപദം നാം അംഗീകരിക്കുമ്പോൾ അവിടുത്തെ അമ്മയുടെ രാജ്ഞീപദം പരോക്ഷമായി നാം പ്രഖ്യാപിക്കുന്നു. അതിൻപ്രകാരം 1925-ൽ ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആഘോഷിച്ചുതുടങ്ങിയപ്പോൾ കന്യകാംബികയുടെ രാജ്ഞീപദത്തിരുനാൾ ആഘോഷിക്കാൻ മാതൃഭക്തരായ ക്രിസ്ത്യാനികൾക്ക് പ്രചോദനമായി. വിശ്വാസികളുടെ മരിയ ഭക്തിയിൽ വന്ന ഉണർവ് മനസ്സിലാക്കിയ പന്ത്രണ്ടാം പീയൂസ് പാപ്പ മരിയൻ വത്സരത്തിന്റെ അവസാനത്തിൽ "സ്വർഗ്ഗറാണി" എന്ന ചാക്രികലേഖനത്തിലൂടെ 1954-ൽ മറിയത്തിന്റെ രാജ്ഞിത്വത്തിരുനാൾ പ്രഖ്യാപിച്ചു. അതോടനുബന്ധിച്ച് ഫാത്തിമായിലെ മാതാവിന്റെ തിരുസ്വരൂപത്തിൽ സ്വർണ്ണ നിർമ്മിതമായ ഒരു കിരീടം വയ്ക്കുകയുണ്ടായി. ജപമാലയുടെ ലുത്തിനിയായിൽ നാം പരിശുദ്ധ കന്യകയെ അനേകവിധത്തിൽ രാജ്ഞിയായി അഭിസംബോധന ചെയ്യുന്നുണ്ട്.

1. മറിയത്തിന് 'രാജ്ഞി' എന്ന പദവി നൽകിത്തുടങ്ങിയത് -
   5-ാം നൂറ്റാണ്ടോടുകൂടിയാണ്.
2. പരിശുദ്ധ അമ്മയുടെ രാജ്ഞീപദത്തെക്കുറിച്ച് സൂചിപ്പിക്കുന്ന ജപമാല രഹസ്യം -
   മഹിമയുടെ അഞ്ചാം രഹസ്യം (പരിശുദ്ധ ദൈവമാതാവ് ആത്മശരീരങ്ങളോടെ പരലോകത്തിൽ എഴുന്നള്ളിയ ഉടനെ തന്റെ തിരുക്കുമാരനാൽ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി മുടി ധരിപ്പിക്കപ്പെട്ടു)
3. സ്വർഗ്ഗാരോപിതയായ രാജ്ഞീ എന്ന് ലുത്തിനിയായിൽ ചേർത്തത്-
   പന്ത്രണ്ടാം പീയൂസ് പാപ്പ - 1951 ഫെബ്രു 4-ന്
4. മാതാവിന്റെ രാജ്ഞീപദത്തിന് സൂചന നൽകുന്ന വിശുദ്ധഗ്രന്ഥ ഭാഗം - ഉത്പത്തി 3:15, ലൂക്കാ 1:31-33



## 28. വ്യാകുല മാതാവ് തിരുനാൾ : സെപ്തംബർ 15
## (കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെ പിറ്റേന്ന്)

യേശുവിന്റെ അമ്മയാകാൻ ലഭിച്ച വിളിയുടെ നിമിഷം മുതൽ മരണംവരെ മറിയത്തിന് വേദനാജനകമായ സംഭവ പരമ്പരകളുടെ കാലഘട്ടമായിരുന്നു. യേശുവിന്റെ ആദ്യത്തേയും അവസാനത്തേയും വിശ്രമസ്ഥാനം മറിയത്തിന്റെ മടിയായിരുന്നു.

ആകുലരുടെയും വ്യാകുലരുടെയും മുറിവേറ്റവരുടെയും തകർന്നു തളർന്നവരുടെയും ആശ്രയമറ്റവരുടെയും ആശ്രയമായ വ്യാകുലാംബികയോടുള്ള ഭക്തി പ്രത്യക്ഷരൂപത്തിൽ ആചരിച്ചുതുടങ്ങിയത് 1239-ലാണ്. 15-ാം നൂറ്റാണ്ടിൽ ജർമ്മനിയിലും 16-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി തെക്കേ യൂറോപ്പിലും ഫ്രാൻസിലും ഈ ഭക്തി വ്യാപിക്കുകയുണ്ടായി. 1727 ഏപ്രിൽ 22-ന് പതിമൂന്നാം ബനഡിക്ട് പാപ്പ പ്രസിദ്ധപ്പെടുത്തിയ ഡിക്രി പ്രകാരം മറിയത്തിന്റെ ഏഴു വ്യാകുലങ്ങളോടുള്ള ഭക്തിക്ക് പൊതുവായ അംഗീകാരവും പ്രചാരവും സിദ്ധിച്ചു. ഏഴാം പീയൂസ് മാർപ്പാപ്പയാണ് 1814-ൽ വ്യാകുലമാതാവിന്റെ തിരുനാൾ സാർവ്വത്രിക സഭയിൽ സ്ഥാപിച്ചത്.

**മാതാവിന്റെ ഏഴു വ്യാകുലങ്ങൾ**

1) മാതാവിന്റെ ശുദ്ധീകരണ ദിവസം ശെമയോന്റെ പ്രവചനം - "ഒരുവാൾ നിന്റെ ഹൃദയത്തെ ഭേദിക്കും." (ലൂക്കാ 2:35)
2) ഹേറോദേസിന്റെ വാളിൽനിന്ന് ഉണ്ണി ഈശോയെ രക്ഷിക്കുവാൻ ഈജിപ്തിലേക്കുള്ള പാലായനം. (മത്താ : 2:14)
3) പന്ത്രണ്ട് വയസ്സുള്ളപ്പോൾ ഈശോയെ ദേവാലയത്തിൽ കാണാതായത്. (ലൂക്കാ 2: 45)
4) ഈശോ ഗാഗുൽത്തായിലേക്ക് കുരിശുവഹിച്ചുകൊണ്ടുപോകുന്ന കാഴ്ച (പാരമ്പര്യം)
5) ഗാഗുൽത്തായിൽ കുരിശിൻ ചുവട്ടിൽ നിൽക്കുന്നത് (യോഹ 19:25)
6) ഈശോയുടെ മൃതദേഹം മാതാവിന്റെ മടിയിൽ കിടത്തിയത് (പാരമ്പര്യം)
7) കർത്താവിന്റെ സംസ്കാരം (പാരമ്പര്യം)



## 29. നിത്യസഹായമാതാവ് തിരുനാൾ : ജൂൺ 27

നിത്യസഹായ മാതാവിന്റെ അത്ഭുതചിത്രം സുവിശേഷകനായ വി. ലൂക്കാ വരച്ചു എന്നാണ് പാരമ്പര്യ വിശ്വാസം. യേശുവിന്റെ ബാല്യകാലത്തിലെ ഒരു സംഭവമാണ് ഈ ചിത്രം അനുസ്മരിപ്പിക്കുന്നത്.

കൂട്ടുകാരുമായി കളിച്ചുകൊണ്ടിരുന്ന ബാലനായ യേശുവിന് രണ്ടു മാലാഖമാർ കാണപ്പെട്ടു. അവരിൽ മിഖായേൽ മാലാഖ പീഡാനുഭവ സമയത്ത് തന്റെ പാർശ്വം കുത്തിത്തുറക്കാനുള്ള കുന്തവും ഗബ്രിയേൽ മാലാഖ താൻ ചുമക്കുവാൻ പോകുന്ന കുരിശും വഹിച്ചിരുന്നു. ഈ കാഴ്ച കണ്ട് ഭയപ്പെട്ട ബാലനായ യേശു തന്റെ മാതാവിന്റെ പക്കലേക്ക് ഓടി അമ്മയുടെ കരങ്ങളിൽ അഭയം തേടി. യേശുവിന്റെ ഒരു കാലിലെ ചെരിപ്പ് വള്ളിപൊട്ടി തൂങ്ങിക്കിടക്കുന്നത്, ഭയന്ന് ഓടി വന്നതിനെ സൂചിപ്പിക്കുന്നു.

നമ്മുടെ ആവശ്യങ്ങളിലും യേശുവിനെപ്പോലെ ഈ അമ്മയിൽ അഭയം തേടിയാൽ നമുക്കും അവൾ ഒരു നിത്യസഹായമാതാവ് ആയിരിക്കും. മാതാവിന്റെ കരുണാർദ്രമായ കണ്ണുകൾ നമ്മെ സദാ തന്റെ പക്കലേക്ക് ക്ഷണിക്കുന്നു.

മാതാവിന്റെ ചിത്രത്തിന് ഇരുവശങ്ങളിലായി കൊടുത്തിരിക്കുന്ന അക്ഷരങ്ങൾ ഗ്രീക്ക് ലിപികളാണ്. ചുരുക്കെഴുത്തുകളായി നൽകിയിരിക്കുന്ന അവയുടെ പൂർണ്ണരൂപം- മുകളിൽ ഇടതുവശത്തുള്ളത് ദൈവത്തിന്റെ അമ്മ എന്നും മുകളിൽ വലത്തുവശത്തുള്ളത് മുഖ്യദൈവദൂതൻ മിഖായേൽ എന്നും മാതാവിന്റെ ചിത്രത്തിനടുത്തുള്ളത് യേശുക്രിസ്തു എന്നുമാണ്.

പതിനഞ്ചാം ശതാബ്ദത്തിന്റെ അന്ത്യത്തോടുകൂടി ഈ ചിത്രം ക്രീറ്റ് ദ്വീപിൽനിന്നു റോമിലേയ്ക്ക് കൊണ്ടുവരപ്പെടുകയും നിത്യസഹായമാതാവെന്ന പേരിൽ വണങ്ങപ്പെടുകയും ചെയ്തു.

റോമിലുള്ള മേരിമേജർ, സെന്റ് ജോൺ ലാറ്ററൻ എന്നീ ബസിലിക്കാകളുടെ മദ്ധ്യഭാഗത്തായി തന്റെ ചിത്രം പ്രതിഷ്ഠിച്ചു വണങ്ങപ്പെടണമെന്ന ആഗ്രഹം മാതാവ് ഒരു പിഞ്ചുബാലികയ്ക്ക് പ്രത്യക്ഷപെട്ട് അറിയിച്ചു. ഈ രണ്ടു ബസിലിക്കാകളുടെ മദ്ധ്യഭാഗത്തായി അഗസ്തീനിയൻ വൈദികരുടെ മേൽനോട്ടത്തിൽ വി. മത്തായിയുടെ ദേവാലയം സ്ഥിതിചെയ്തിരുന്നു. ഈ ദേവാലയത്തിന്റെ പ്രധാന ബലിപീഠത്തിന് മുകളിലായി 1499 മാർച്ച് 27-ാം തിയതി ആ അത്ഭുതചിത്രം പ്രതിഷ്ഠിക്കപ്പെട്ടു. 1798-ൽ ഫ്രഞ്ച് സേന വി. മത്തായിയുടെ ദേവാലയം നാമാവശേഷമാക്കിയതിനെതുടർന്ന് അഗസ്തീനിയൻ വൈദികർ ആ ചിത്രം തങ്ങളുടെ ഒരാശ്രമത്തിലേക്ക് മാറ്റി സ്ഥാപിച്ചു. 1866-വരെ ഈ ചിത്രം അവിടെ അജ്ഞാതമായി സ്ഥിതിചെയ്തിരുന്നു.

ഈയവസരത്തിൽ റിഡംപ്റ്ററിസ്റ്റ് വൈദികർ വി. മത്തായിയുടെ പുരാതന ദേവാലയം സ്ഥിതി ചെയ്തിരുന്ന സ്ഥലത്തുതന്നെ ഒരു നവീന ദേവാലയം പണികഴിപ്പിച്ചു. ഈ സന്ദർഭത്തിൽ അതുവരെ അജ്ഞാതമായി കഴിഞ്ഞിരുന്ന ആ അത്ഭുതചിത്രം ദൈവിക പരിപാലനയാൽ കണ്ടുകിട്ടി. ഈ ചിത്രത്തിന്റെ പൂർവ്വകാലം നന്നായി ഗ്രഹിച്ചിരുന്ന പീയൂസ് 9-ാമൻ പാപ്പ ഒരു കല്പനമൂലം ഈ ചിത്രം പൂർവ്വസ്ഥാനത്ത് തന്നെ പ്രതിഷ്ഠിച്ചു വണങ്ങപ്പെടണമെന്ന് നിർദ്ദേശിക്കുകയും അതിന്റെ സംരക്ഷണം റിഡംപ്റ്ററിസ്റ്റ് (ദിവ്യരക്ഷക സഭ) വൈദികരെ ഏൽപ്പിക്കുകയും ചെയ്തു. പരിശുദ്ധ പിതാവ് അന്ന് അവരോട് പറഞ്ഞു. 'നിത്യസഹായ മാതാവ് ലോകമെങ്ങും അറിയപ്പെടുവാൻ ഇടയാക്കുവിൻ'

നിത്യസഹായ മാതാവിന്റെ തിരുനാൾ ആഘോഷിച്ചിരുന്നത് യോഹന്നാൻ മാംദാനയുടെ തിരുനാൾ ദിവസമായ ജൂൺ 24-ന് മുമ്പുള്ള ഞായറാഴ്ചയായിരുന്നു. എന്നാൽ പീയൂസ് ഒൻപതാം പാപ്പ അത് ജൂൺ 27 എന്ന് നിശ്ചയിച്ചു. കുറെ വർഷങ്ങൾക്കുശേഷം ബെനഡിക്ട് 15-ാമൻ പാപ്പ 1916 നവംബർ 3-ലെ ഒരു കല്പനപ്രകാരം ആ തീയതിയിൽ ഒരു ചെറിയ വ്യത്യാസം വരുത്തി. അതിൻപ്രകാരം ദിവ്യരക്ഷക സഭയുടെ ദേവാലയങ്ങളിൽ, ആരംഭത്തിലായിരുന്നതുപോലെ ജൂൺ 24-ന് മുമ്പുള്ള ഞായറാഴ്ച തിരുനാൾ ആഘോഷദിനമായി നിശ്ചയിച്ചു. മറ്റു ദേവാലയങ്ങളിൽ ജൂൺ 27 -ന് തന്നെ തിരുനാൾ ദിനമായി തുടരാനും തീരുമാനിച്ചു.

ഇന്ത്യയിൽ നിത്യസഹായമാതാവിന്റെ പേരിൽ ഒരു ദേവാലയം പണിതത് 1924-ൽ എറണാകുളം ജില്ലയിൽ പനങ്ങാട് അടുത്തുള്ള ചാത്തമ്മയിലാണ്. നിത്യസഹായ മാതാവിന്റെ നിത്യനവനാൾ ഇന്ത്യയിൽ ആദ്യമായി തുടങ്ങിയത് 1948-ൽ ബോംബെയിലെ മാഹിയിലാണ്. ദിവ്യരക്ഷകസഭയിലെ വൈദികർ കേരളത്തിൽ നിത്യനവനാൾ പ്രാർത്ഥന ആരംഭിച്ചത് 1956 ഫെബ്രുവരിയിൽ വി. ഫ്രാൻസിസ് അസീസിയുടെ

നാമത്തിലുള്ള വരാപ്പുഴ അതിരൂപതാ കത്തീഡ്രൽ പള്ളിയിലാണ്. നിത്യസഹായ മാതാവിനോടുള്ള ഭക്തി കേരളത്തിലും ലോകത്തിലെ നാനാ ഭാഗങ്ങളിലും ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

നിത്യസഹായ മാതാവിന്റെ സങ്കേതത്തിൽ വന്ന് അവിടുത്തെ സഹായം തേടി മാദ്ധ്യസ്ഥ്യം അപേക്ഷിച്ചവരിൽ ഒരുവനെപ്പോലും ഉപേക്ഷിക്കാത്ത മാതാവ് ലോകമാസകലം നിരവധിയായ അത്ഭുത പ്രവർത്തനങ്ങളിലൂടെ തന്റെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്നു.



**ഗാനം**

*നിത്യസഹായ നാഥേ*
*പ്രാർത്ഥിക്ക ഞങ്ങൾക്കായ് നീ*
*നിൻ മക്കൾ ഞങ്ങൾക്കായ് നീ*
*പ്രാർത്ഥിക്ക സ്നേഹനാഥേ*

*നീറുന്ന മാനസങ്ങൾ*
*ആയിരമായിരങ്ങൾ*
*കണ്ണീരിൻ താഴ്‌വരയിൽ*
*നിന്നിതാ കേഴുന്നമ്മേ*

*കേൾക്കണേ രോദനങ്ങൾ*
*നല്കണേ നൽവരങ്ങൾ*
*നിൻ ദിവ്യസൂനുവിങ്കൽ*
*ചേർക്കണേ മക്കളെ നീ*



**"ഞാൻ നിങ്ങളെ ഉപേക്ഷിക്കുകയില്ല;**
**ഞാൻ നിങ്ങളുടെ ഇടയിൽ സഞ്ചരിക്കും"**

*ലേവ്യർ 26 :12*



## ഗാനം

നിന്റെ തകർച്ചയിൽ ആശ്വാസമേകാൻ
നിന്റെ തളർച്ചയിൽ ഒന്നുചേരാൻ
നിന്നെ താരാട്ടു പാടി ഉറക്കാൻ
ഇതാ ഇതാ നിന്റെ അമ്മ

ത്യാഗത്തോടെന്നെ കൈകളിൽ താങ്ങിയോളല്ലോ
സ്നേഹത്തോടെന്നെ ഉദരത്തിൽ വഹിച്ചവളല്ലോ
നിൻ വേദനയിൽ സഹനത്തീയിൽ
വിങ്ങി വിതുമ്പും നിൻ ഹൃദയ കോണിൽ
നിർമ്മല സ്നേഹത്തെളിനീർ നൽകാൻ
ഇതാ ഇതാ നിന്റെ അമ്മ

തിരുക്കുടുംബത്തിൽ നാഥയാണമ്മ
തിരുസഭയുടെ നാഥയാണമ്മ
നിത്യം പരിശുദ്ധ മറിയമാണമ്മ
ഇതാ ഇതാ നിന്റെ അമ്മ

പാപികൾക്കെന്നെന്നും ആശ്രയം ആയവളല്ലോ
പാപിക്കായെന്നും പ്രാർത്ഥിക്കുന്നവളല്ലോ
പാപചേറ്റിൽ നീ പിടയുമ്പോൾ
സാന്ത്വനമേകാൻ നിൻ കണ്ണീരൊപ്പാൻ
നിന്നെ എന്നും മാറോട് ചേർക്കാൻ
ഇതാ ഇതാ നിന്റെ അമ്മ (നിന്റെ....)



# 30. ജപമാലയും മറ്റു പ്രാർത്ഥനകളും

**ജപമാല രാജ്ഞിയുടെ തിരുനാൾ : ഒക്ടോബർ 7**

**ജപമാല**

ആഗോള കത്തോലിക്കർ വളരെയേറെ ഇഷ്ടപ്പെടുന്നതും അത്യധികം ഫലദായകവുമായ കൊന്ത എന്നറിയപ്പടുന്ന ജപമാല മറിയത്തോടുകൂടെ ക്രിസ്തുവിനെ ധ്യാനിക്കുന്ന ഒരു പ്രാർത്ഥനയാണ്. കൊന്ത നമസ്കാരത്തിന്റെ അടിസ്ഥാന പ്രാർത്ഥനകൾ, ക്രിസ്തുമതത്തിന്റെ മൗലിക പ്രാർത്ഥനകൾ തന്നെയാണെന്നതും കൊന്തനമസ്കാരത്തിന്റെ ശ്രേഷ്ഠതയാണ്. വി. കുർബ്ബാനയും കൂദാശകളും കഴിഞ്ഞാൽ പ്രധാനപ്പെട്ട പ്രാർത്ഥനയാണ് കൊന്തനമസ്കാരം.

കൊന്ത നമസ്കാരത്തെക്കുറിച്ച് വളരെയേറെ പഠന ഗവേഷണങ്ങൾ നടത്തിയ റോബർട്ട് തേസ്റ്റൺ പറയുന്നു. കൊന്തനമസ്കാരം ആവർത്തന വിരസമാണെന്ന് ആവലാതിപ്പെടുന്നവർ ഒരു സത്യം വിസ്മരിക്കുന്നു– കൊന്തനമസ്കാരം ഒരു ധ്യാനാത്മക പ്രാർത്ഥന കൂടിയാണെന്ന കാര്യം. മിസ്റ്റിക് ഗ്രന്ഥകാരനായ തോമസ് അക്കെമ്പിസ് തന്റെ ക്രിസ്ത്വാനുകരണത്തിൽ എഴുതിയിരിക്കുന്ന വാക്യം താഴെ കൊടുക്കുന്നു: "നന്മനിറഞ്ഞ മറിയവും കൊന്തയും നാം ചൊല്ലുമ്പോൾ സ്വർഗ്ഗവാസികൾ സന്തോഷിക്കുന്നു; ഭൂവാസികൾ ആശ്ചര്യപ്പെടുന്നു; പിശാചുക്കൾ ഓടിയൊളിക്കുന്നു; നരകം വിറകൊള്ളുന്നു; ദു:ഖമെല്ലാം അപ്രത്യക്ഷമാകുന്നു; ആനന്ദം തിരിച്ചുവരുന്നു; ഹൃദയത്തിന് സ്വസ്ഥത കൈവരുന്നു."

**കൊന്തയുടെ ചരിത്രം.**

ആദ്യകാലങ്ങളിൽ ആശ്രമങ്ങളിൽ താമസിച്ചിരുന്ന സന്യാസിമാർ ഒരുമിച്ച് ചേർന്ന് 150 സങ്കീർത്തനങ്ങൾ ദിവസവും ചൊല്ലുക പതിവായിരുന്നു. വിദ്യാഭ്യാസമില്ലാത്ത സാധാരണക്കാർക്ക് ഇത് വിസ്മയകരമാ

യിരുന്നു. ഇപ്രകാരം സങ്കീർത്തനങ്ങൾ ചൊല്ലുവാൻ അറിയാത്ത നിരക്ഷരരായ സാധുക്കൾ ഒത്തുചേർന്ന് സന്യാസിമാരുടെ സഹായത്തോടെ 150 സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ആവർത്തിച്ചു ചൊല്ലുവാൻ തുടങ്ങി. അതൊരു ഭക്ത്യഭ്യാസമായി മാറി. 150 പ്രാവശ്യം എണ്ണുന്നതിന് മണികൾ ഉപയോഗിച്ചിരുന്നു. അവയാണ് കൊന്തമണികളായി രൂപാന്തരപ്പെട്ടത്. 'എണ്ണം' എന്ന അർത്ഥം വരുന്ന 'കോന്ത' എന്ന പോർച്ചുഗീസ് പദമാണ് നമ്മുടെ 'കൊന്ത'യായി രൂപാന്തരം പ്രാപിച്ചത്. യൂറോപ്പിൽ ആദിമകാലത്ത് 'റൊസാരിയും' എന്ന പേരാണ് ഇതിന് ഉപയോഗിച്ചിരുന്നത്. റോസാപ്പൂക്കളുടെ തോട്ടം എന്നാണ് അതിന്റെ അർത്ഥം. ദിവ്യരഹസ്യങ്ങളെ റോസാപ്പൂക്കളായി കരുതിയിരുന്നു.

ആദ്യകാലങ്ങളിൽ 150 സ്വ. പിതാവേ എന്നു ചൊല്ലിയിരുന്നു. 12-ാം നൂറ്റാണ്ടിൽ മരിയ ഭക്തിക്ക് പ്രചുരപ്രചാരം ലഭിച്ചതോടെ 150 നന്മ നിറഞ്ഞ മറിയം എന്ന പ്രാർത്ഥന ചൊല്ലുന്ന പതിവാരംഭിച്ചു. വി. ഡൊമിനിക്കും സഹസന്യാസികളുമാണ് ജപമാല പ്രചരിപ്പിച്ചത്. 12-ാം നൂറ്റാണ്ടിൽ സഭയ്ക്കെതിരേ രൂപം കൊണ്ട ആൽബിജെൻസിയൻ പാഷണ്ഡതയ്ക്കെതിരേ പോരാടുവാൻ വി. ഡൊമിനിക്കിനെ (1170-1224) മാതാവ് നിയോഗിച്ചു. ഡൊമിനിക് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ദൈവമാതാവ് പ്രത്യക്ഷപ്പെട്ട് ജപമാല നൽകികൊണ്ട് അതു പ്രചരിപ്പിക്കുവാൻ വിശുദ്ധനോട് ആവശ്യപ്പെട്ടുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. ജപമാല ഭക്തി പ്രചരിച്ചതോടെ പാഷണ്ഡത തകർന്നു.

വാഴ്ത്തപ്പെട്ട അലൻ ഡി ലാറോച്ച് 1460-ൽ ജപമാലയെ പുന:സ്ഥാപിച്ചു. 1483-ൽ ഒരു ഡൊമിനിക്കൻ സന്യാസി 'മാതാവിന്റെ സങ്കീർത്തനങ്ങൾ' എന്ന പേരിൽ ഒരു പുസ്തകമെഴുതി, പതിനഞ്ച് രഹസ്യങ്ങളോടുകൂടി. ഇതിൽ അവസാനത്തെ രണ്ടെണ്ണമൊഴികെ മറ്റെല്ലാം ഇന്നത്തെ ജപമാലയിലെ ദിവ്യരഹസ്യങ്ങളാണ്. 50 മണികൾ ഒരേ ചരടിൽ കോർത്ത് പത്തുവീതം അഞ്ചായി വീതിച്ച് ഓരോ തിരിവിനുമിടയ്ക്ക് ഒരു സ്വ. പിതാവേ... എന്ന ജപം കൂട്ടിചേർത്ത് വിശ്വാസികൾക്ക് വിതരണം ചെയ്തു. പതിനഞ്ച് രക്ഷാകര രഹസ്യങ്ങൾ ഉൾപ്പെടുത്തിയ ഈ ജപമാല ഓദ്യോഗികമായി അംഗീകരിച്ചത് 1569-ൽ അഞ്ചാം പീയൂസ് മാർപ്പാപ്പയാണ്. സമാപനവാക്യമായി ത്രിത്വസ്തുതി മാർപ്പാപ്പ കൂട്ടിച്ചേർത്തു. ഭാരതത്തിൽ പോർച്ചുഗീസ് മിഷണറിമാരാണ് (1501 മുതൽ) ഇതു പ്രചരിപ്പിച്ചത്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 2002-ൽ പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂട്ടിച്ചേർത്ത് 20 രക്ഷാകര രഹസ്യങ്ങളോടെ അത് 203 മണി ജപമാക്കി. പരിശുദ്ധ മറിയം ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ട് പാപികളുടെ മാനസാന്തരത്തിനായി ജപമാല ചൊല്ലുവാൻ ആവശ്യപ്പെടുന്നു.

1) ഒക്ടോബർ ഏഴ് ജപമാല രാജ്ഞിയുടെ തിരുനാളായി സഭ ആഘോഷിച്ചു തുടങ്ങിയത് എന്നുമുതൽ ?

16-ാം നൂറ്റാണ്ടിൽ പീയൂസ് അഞ്ചാമന്റെ കാലത്ത് (ലെപ്പാന്റോയിൽവച്ച് തുർക്കികളുമായുണ്ടായ കുരിശുയുദ്ധത്തിൽ വിജയം വരിച്ചതിന്റെ വാർഷിക ദിനത്തിൽ)

2) ലെപ്പാന്റോ യുദ്ധവിജയം എങ്ങനെയായിരുന്നു ?

ക്രൈസ്തവ യൂറോപ്പ് മുഴുവൻ പിടിച്ചടക്കാനായി സമരാഹ്വാനത്തോടെ മുസ്ലിം തുർക്കി സൈന്യം 1571 ഒക്ടോബർ മാസം ലെപ്പാന്റോ കടലിടുക്കിലേക്ക് (യൂറോപ്പിന്റെയും ആഫ്രിക്കയുടെയും ഇടയ്ക്കുള്ള കടലിടുക്ക്) പാഞ്ഞെത്തി. ഡൊമിനിക്കൻ സഭാംഗമായിരുന്ന അന്നത്തെ മാർപ്പാപ്പ വി. പീയൂസ് അഞ്ചാമന്റെ ആഹ്വാന മനുസരിച്ച് യുദ്ധ ദിവസം മുഴുവൻ റോമൻ ജനത മാർപ്പാപ്പയോടൊത്ത് തുടർച്ചയായി കൊന്തനമസ്കാരം ചൊല്ലിക്കൊണ്ടിരുന്നു. യുദ്ധ ദിവസം രാവിലെ ലെപ്പാന്റോ കടലിടുക്കിൽ കാറ്റ് ക്രൈസ്തവ സൈന്യത്തിന് പ്രതികൂലമാവുകയും യുദ്ധം അപകടരമായ നിലയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്ത നിർണ്ണായക നിമിഷത്തിൽ ദൈവമാതാവിന്റെ മാദ്ധ്യസ്ഥ്യത്താൽ കാറ്റ് ക്രൈസ്തവ സൈന്യത്തിന് അനുകൂലമാവുകയും ഓസ്ട്രിയക്കാരനായ ഡോൺ ജുവാന്റെ നേതൃത്വത്തിലുള്ള ക്രൈസ്തവസേനാ സമൂഹം തുർക്കി സേനയെ നിശ്ശേഷം പരാജയപ്പെടുത്തുകയും ചെയ്തു

ഇന്നത്തെ ക്രൈസ്തവ യൂറോപ്പ് മുസ്ലീം യൂറോപ്പാക്കി മാറ്റുവാൻ തക്ക ശക്തിയുണ്ടായിരുന്ന സൈന്യത്തെ തോല്പിച്ചത് ദൈവമാതാവായ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യ ശക്തിയാലായിരുന്നു.

3) 'ക്രിസ്ത്യാനികളുടെ സഹായമായ മറിയമേ, ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ' എന്നു മാതാവിന്റെ ലുത്തിനിയായിൽ കൂട്ടിചേർത്തത് -

ലെപ്പാന്റോ വിജയത്തിനുശേഷം

4) ജപമാലയെക്കുറിച്ചുമാത്രം ഒൻപത് ചാക്രികലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ജപമാലയുടെ പാപ്പ എന്നറിയപ്പെടുകയും ചെയ്യുന്ന മാർപ്പാപ്പ - ലെയോ 13-ാം പാപ്പ (1878 - 1897)

5) കുടുംബക്കൊന്ത നമസ്കാരത്തിന്റെ സ്ഥാപകൻ, അദ്ദേഹം ഉയർത്തിയ മുദ്രാവാക്യം -

ഫാ. പാട്രിക് പെയ്റ്റൺ (1909-1992); "ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ച് നിൽക്കുന്നു."

6) ജപമാല പ്രാർത്ഥനയുടെ പ്രേഷിതനായ ഫാദർ പാട്രിക് പെയ്റ്റണും സഹപ്രവർത്തകരും ചേർന്ന് ബോംബെ നഗരത്തിൽ 'റോസറി ക്രൂസേഡ്' സംഘടിപ്പിച്ചത് - 1955-ൽ

7) ലോകത്തിൽ എല്ലാവർക്കും സ്വീകാര്യമായ ഏക പ്രാർത്ഥന എന്നും എല്ലാവർക്കും ഇഷ്ടപ്പെട്ട പ്രാർത്ഥനയെന്നും ജപമാലയെ വിശേഷിപ്പിച്ച മാർപ്പാപ്പ - ജോൺ പോൾ രണ്ടാമൻ

8) 'കന്യകാമറിയത്തിന്റെ ജപമാല' എന്ന അപ്പസ്തോലിക ലേഖനം പ്രസിദ്ധീകരിച്ച പാപ്പ -

ജോൺ പോൾ രണ്ടാമൻ, 2002 ഒക്ടോബർ 16-ന്

9) പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂടി ജപമാലയിൽ ഉൾപ്പെടുത്താൻ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയ്ക്ക് പ്രചോദനമായി കണക്കാക്കപ്പെടുന്നത് -

മാൾട്ടായിൽ നിന്നുള്ള വാഴ്ത്തപ്പെട്ടവനായ ഫാ. ജോർജ് പ്രേക 1957-ൽ തയ്യാറാക്കിയ 'പ്രകാശത്തിന്റെ രഹസ്യങ്ങൾ'.

10) ജപമാലയും യാമപ്രാർത്ഥനയും ഒരു താരതമ്യപഠനം:

ഭാരതത്തിലെ മരിയ ഭക്തരായ മാർത്തോമ്മാ നസ്രാണികൾ അവരുടെ പൗരാണിക പാരമ്പര്യമനുസരിച്ച് യാമപ്രാർത്ഥനകളാണ് മാതാവിനെ പ്രകീർത്തിക്കുവാൻ ചൊല്ലിയിരുന്നത്. സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഷില്ല ബെക്സിന്റെ വീക്ഷണത്തിൽ ജപമാല പ്രാർത്ഥനയും യാമപ്രാർത്ഥനയും തമ്മിൽ ബാഹ്യരൂപത്തിൽ കാര്യമായ വ്യത്യാസമൊന്നുമില്ല. രണ്ടും വാചികമാണ്. അധരങ്ങൾകൊണ്ട് ഉരുവിടുന്നു.

യാമപ്രാർത്ഥനയിൽ ആവർത്തനം കുറവാണ്. എന്നാൽ ജപമാലയിൽ അധികവും ആവർത്തനമാണ്. ആവർത്തനം മന:ശാന്തിക്ക് അത്യുത്തമമാണെന്നാണ് ആദ്ധ്യാത്മിക പണ്ഡിതന്മാരുടെ അഭിപ്രായം. പകലിന്റെ അദ്ധ്വാനം കഴിഞ്ഞു ക്ഷീണിച്ചുവരുന്ന സാധാരണ മനുഷ്യരെ സംബന്ധിച്ചിടത്തോളം വളരെ ലളിതവും എളുപ്പം ചൊല്ലാവുന്നതുമായ ഒരു പ്രാർത്ഥനയാണ് ജപമാല.

ജപമാല പ്രാർത്ഥന ഫലപ്രദമാകണമെങ്കിൽ അത് വേണ്ട രീതിയിൽത്തന്നെ ചൊല്ലേണ്ടതാണ് എന്ന് ആദ്ധ്യാത്മിക ശാസ്ത്രപ്രതിഭ വി. ഫ്രാൻസീസ് ഡി സാലസ് പറയുന്നു. സാവധാനത്തിൽ ഓരോ രഹസ്യത്തെയും കുറിച്ച് ധ്യാനിച്ച് ജപമാല ചൊല്ലുന്നത് വളരെ ഫലപ്രദമായിരിക്കും. ജപമാല പൊതുവായോ അഥവാ ഓരോ രഹസ്യത്തിനും പ്രത്യേക നിയോഗം വച്ചോ പ്രാർത്ഥിക്കുന്നത് ജപമാല അർത്ഥപൂർണ്ണമാക്കുവാൻ സഹായിക്കും.

**ലുത്തിനിയ**

ജപമാല ഭക്തിയിലെ ഒരു അവിഭാജ്യഘടകമാണ് 'മാതാവിന്റെ ലുത്തിനിയ.' 'ലുത്തിനിയ' എന്ന വാക്കിന് അപേക്ഷ എന്നും ആവർത്തിച്ച് ഉറപ്പായി ചൊല്ലുന്ന പ്രാർത്ഥനയെന്നും അർത്ഥമുണ്ട്. പഴയ നിയമത്തിലും പുതിയ നിയമത്തിലും പാരമ്പര്യത്തിലുമുള്ള മാതാവിന്റെ പ്രതിരൂപങ്ങളും സാദൃശ്യങ്ങളും ലുത്തിനിയയിൽ കാണാം. സഭാപിതാക്കന്മാരും സൂനഹദോസുകളും മാതാവിന് നൽകിയിട്ടുള്ള അപരനാമങ്ങളും സുചിന്തിതമായി നൽകിയിട്ടുള്ള ബഹുമതികളും മനോഹരമായി കോർത്തിണക്കിയിട്ടുള്ള ഒരു സുകൃത കുസുമ മഞ്ജരിയോ കീർത്തനമോ ആണ് ലുത്തിനിയ എന്ന് സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്നു. 16-ാം നൂറ്റാണ്ടിൽ വി. ലോറൻസ് ബ്രാൻസിസി ആണ് മാതാവിന്റെ ലുത്തിനിയ രചിച്ചത്.

**"നന്മനിറഞ്ഞ മറിയമേ...." എന്ന പ്രാർത്ഥന**

മാതാവിനോടുള്ള പ്രാർത്ഥനകളിൽ ഏറ്റവും പ്രമുഖവും മനോഹരവുമായ പ്രാർത്ഥനയാണിത്. ദൈവമാതാവിനെക്കുറിച്ച് കത്തോലിക്ക ദൈവശാസ്ത്രം പഠിപ്പിക്കുന്ന ഏറ്റവും സംക്ഷിപ്ത രൂപമാണ് ഈ പ്രാർത്ഥനയിലുള്ളത്. രണ്ട് ഭാഗങ്ങളുള്ള ഈ പ്രാർത്ഥനയിൽ ആദ്യ ഭാഗം അഭിവാദനവും രണ്ടാമത്തേത് അപേക്ഷയുമാണ്. വി. ലൂക്കാ എഴുതിയ സുവിശേഷം 1:28, 42 എന്നീ വാക്യങ്ങളാണ് ആദ്യഭാഗം. യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിക്കുവാൻ വന്ന മാലാഖ അവളുടെ അടുത്തു വന്ന് പറഞ്ഞു, 'ദൈവകൃപ നിറഞ്ഞവളേ!, സ്വസ്തി, കർത്താവു നിന്നോടു കൂടെ" (ലൂക്കാ 1:28). മാലാഖയെ മധ്യവർത്തിയാക്കികൊണ്ട് മറിയത്തെ അഭിവാദ്യം ചെയ്യുന്നത് ദൈവം തന്നെയാണ്. നന്മനിറഞ്ഞവളാകുവാനുള്ള കാരണം കർത്താവ് അവളോടൊപ്പം ഉണ്ടെന്നതാണ്. അവളെ നിറയ്ക്കുന്ന നന്മയാകട്ടെ, എല്ലാ കൃപാവരങ്ങളുടെയും ഉറവിടമായ കർത്താവിന്റെ സാന്നിദ്ധ്യവും (CCC 2676)

യേശുവിനെ ഗർഭംധരിച്ച മറിയം തന്റെ ഇളയമ്മയായ എലിസബത്തിനെ സന്ദർശിച്ച് അഭിവാദനം ചെയ്തപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി. അപ്പോൾ അവൾ മറിയത്തോട് പറഞ്ഞു. " നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം"(ലൂക്കാ 1:42)

**പ്രാർത്ഥന ഇംഗ്ലീഷിൽ:**

Hail Mary, full of grace, the Lord is with you, blessed are you
among women and blessed is the fruit of your womb, Jesus

മലയാള തർജ്ജുമയിൽ You (നീ) ന് പകരം ബഹുമാന സൂചക മായി അങ്ങ് എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു.

രണ്ടാംഭാഗം നമ്മുടെ അപേക്ഷയാണ്. പരിശുദ്ധയും ദൈവത്തിന്റെ അമ്മയുമായ മറിയത്തോട് നാം പ്രാർത്ഥിക്കുന്നു. എലിസബത്തിനോ ടൊപ്പം നാമും വിസ്മയഭരിതരാകുന്നു.

**ഈ പ്രാർത്ഥന ഇംഗ്ലീഷിൽ :**

Holy Mary, mother of God, pray for us, sinners,
now and at the hour of our death. Amen.

പാപികളാണെന്ന് സ്വയം ഏററുപറഞ്ഞുകൊണ്ടാണ് സർവ്വ വിശു ദ്ധയായ കാരുണ്യ അമ്മയോട് നാം യാചിക്കുന്നത്. സ്വപുത്രന്റെ കുരി ശുമരണസമയത്ത് സന്നിഹിതയായിരുന്നതുപോലെ നമ്മുടെ മരണ വേ ളയിലും മാതാവ് കൂടെയുണ്ടാകുവാൻ നാം ആഗ്രഹിക്കുന്നു. നാം മരി ക്കുമ്പോൾ പറുദീസായിൽ തന്റെ പുത്രന്റെ അടുക്കലേക്ക് നമ്മുടെ അമ്മ യെന്ന നിലയിൽ അവൾ നമ്മെ നയിക്കട്ടെ (CCC. 2627). 16-ാം നൂറ്റാണ്ടി ലാണ് ഈ പ്രാർത്ഥനയുടെ പൂർണ്ണരൂപം പ്രചരിച്ചത്.

**പ്രാർത്ഥന:**

നന്മനിറഞ്ഞ മറിയമേ, സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ, സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദര ത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷി ക്കണമേ. ആമ്മേൻ.

**ത്രികാലജപം**

എല്ലാ ദിവസവും രാവിലെയും ഉച്ചയ്ക്കും സന്ധ്യയ്ക്കും ചൊല്ലി വരുന്ന ഒരു കൊച്ചുപ്രാർത്ഥനയാണ് ത്രികാലജപം അഥവാ 'കർത്താ വിന്റെ മാലാഖ....' എന്നാരംഭിക്കുന്ന പ്രാർത്ഥന. ഇത് മംഗളവാർത്തയും മനുഷ്യാവതാരവും അനുസ്മരിച്ചുകൊണ്ട് മാതാവിനെ സ്തുതിക്കുന്ന വചനാധിഷ്ഠിത കീർത്തനമാണ്.

മദ്ധ്യശതകത്തിൽ പാശ്ചാത്യരാജ്യങ്ങളിലാണ് ഈ പ്രാർത്ഥന ആദ്യമായി ആരംഭിച്ചത്. തുടക്കത്തിൽ സന്ധ്യാസമയത്ത് മാത്രമേ ഈ പ്രാർത്ഥന ചൊല്ലിയിരുന്നുള്ളു. പിന്നീട് ഗ്രിഗറി 9-ാമൻ പാപ്പ (1227-1241) ഈ പ്രാർത്ഥനയുടെ സമയത്ത് കുരിശുയുദ്ധക്കാരെ ഓർക്കുവാൻ വേണ്ടി പള്ളികളിൽ മണിയടിക്കണമെന്നും നിർദ്ദേശം നൽകി. പിന്നീടാണ് അതി

രാവിലെയും ഉച്ചനേരത്തും ഈ ജപം ചൊല്ലുന്ന പതിവുണ്ടായത്. പതിനാറാം നൂറ്റാണ്ടായതോടെ ത്രികാല ജപം ലോകമാസകലം അനുദിന പ്രാർത്ഥനയുടെ പട്ടികയിൽ സ്ഥാനം പിടിച്ചു.

**"എത്രയും ദയയുള്ള മാതാവേ..."** എന്ന പ്രാർത്ഥന

അസാധാരണമായ ദൈവമാതൃഭക്തിയുണ്ടായിരുന്ന വേദപാരംഗതനും മാർപ്പാപ്പയുടെ ഉപദേഷ്ടാവുമായി പ്രശോഭിച്ചിരുന്ന ബർണാദ് പുണ്യവാൻ (1091–1153) എഴുതിയ ഈ പ്രാർത്ഥന ചൊല്ലാത്ത കത്തോലിക്കാ കുടുംബങ്ങൾ കേരളത്തിൽ ഉണ്ടാകുവാനിടയില്ല. കാരണം, അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത പരിശുദ്ധ മറിയത്തോടുള്ള ഈ പ്രാർത്ഥന അതിമനോഹരവും വളരെ ഫലപ്രാപ്തിയുള്ളതുമാണ്.

മാതാവിനോടുള്ള പ്രാർത്ഥനകളെല്ലാം മദ്ധ്യസ്ഥ പ്രാർത്ഥനകളാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിതൈ്വക ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ വാങ്ങിത്തരണമെയെന്നാണ് പ്രാർത്ഥിക്കുന്നത്. നാം പ്രാർത്ഥിക്കുന്നത് യഥാർത്ഥത്തിൽ മാതാവിനോടല്ല, മാതാവുവഴി ദൈവത്തോടുതന്നെയാണ്. വി. ജോൺ മരിയ വിയാനി പറയുന്നു. "സുഗന്ധ പൂരിതമായ ഒരു വസ്തുവിൽ നാം സ്പർശിച്ചാൽ നമ്മുടെ കൈകൾക്ക് സൗരഭ്യം കിട്ടുന്നു. അതുപോലെ നമ്മുടെ പ്രാർത്ഥന അമ്മയുടെ കരങ്ങളിലൂടെ കടന്നുപോകുമ്പോൾ അത് പരിമളം പരത്തുന്നു.



*"ദൈവത്തോടു ചേർന്നു നിൽക്കുവിൻ; അവിടുന്ന് നിങ്ങളോടും ചേർന്നു നിൽക്കും."*
***യാക്കോബ് 4:8***



## സർവ്വജനപദങ്ങളുടെയും നാഥ പഠിപ്പിച്ച പ്രാർത്ഥന

'ക്രിസ്തുനാഥാ', പിതാവിന്റെ പുത്രാ, അങ്ങയുടെ അരൂപിയെ ഇപ്പോൾ ഭൂമിയിലേക്കയയ്ക്കണമേ. എല്ലാ ജനപദങ്ങളുടെയും ഹൃദയത്തിൽ പരിശുദ്ധാത്മാവ് വസിക്കട്ടെ! അതുവഴി ധാർമ്മികാധ:പതനം, ദുരന്തങ്ങൾ, യുദ്ധം ആദിയായവയിൽനിന്നും അവർ സംരക്ഷിക്കപ്പെടട്ടെ. ഒരിക്കൽ മറിയമായിരുന്ന, സർവ്വജനപദങ്ങളുടെയും നാഥ, ഞങ്ങളുടെ അഭിഭാഷകയായിരിക്കട്ടെ,

ആമ്മേൻ

*(ദിവസേന പലപ്രാവശ്യം ചൊല്ലുന്നതുവഴി ദൈവത്തിന്റെ കൃപയും രക്ഷയും ശാന്തിയും ലഭിക്കുമെന്ന് മാതാവ് അറിയിച്ചു.)*



**"നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക; അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും."**

**(പ്രഭാഷകൻ 3:18)**



# 31. ഭക്തസംഘടനകളും ഭക്തികൃത്യങ്ങളും

1. മരിയൻ സൊഡാലിറ്റി (സി.എൽ.സി)
2. മരിയൻ സൈന്യം (ലീജിയൻ ഓഫ് മേരി)
3. മറ്റുഭക്തസംഘടനകൾ
4. ഉത്തരീയ ഭക്തി
5. അടിമവയ്ക്കൽ
6. എട്ടുനോമ്പ്
7. പതിനഞ്ച് നോമ്പ്
8. ശനിയാഴ്ച വണക്കം
9. മേയ്മാസ വണക്കം
10. ഒക്ടോബർ മാസത്തിലെ ജപമാലഭക്തി

പരിശുദ്ധ കന്യകാമറിയത്തിന് നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ അതുല്യമായ സ്ഥാനമുണ്ട്. ഇവ ആധുനികയുഗത്തിൽ ആരംഭിച്ച ഒന്നല്ല. പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ തുടക്കം കുറിക്കപ്പെട്ടതും (ലൂക്കാ. 1:43), എല്ലാ തലമുറകളിലും തുടരണമെന്ന പ്രവചനത്തിന്റെ പൂർത്തീകരണമായി ഈ തലമുറകളിലും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ഒന്നാണ്.

മാതാവിനോടുള്ള ഭക്തി നമ്മുടെ പുണ്യജീവിതത്തിനും സ്വർഗ്ഗപ്രാപ്തിക്കും തികച്ചും അനുപേക്ഷണീയമാണ്. പരിശുദ്ധിയുടെ വിളനിലമായിരുന്നു നമ്മുടെ അമ്മ. പുണ്യസമ്പാദനത്തിനുള്ള പരിശ്രമങ്ങളിൽ എപ്പോഴും നമുക്ക് മാതൃകയായിരിക്കേണ്ടത് സകലപുണ്യങ്ങളും കൊണ്ട് അലംകൃതയായ പരിശുദ്ധ കന്യകാമറിയമാണ്. സ്വർഗ്ഗീയ നന്മകൾ പ്രാപിക്കുന്നതിനും ഈശോയുടെ ഹൃദയത്തിനനുരൂപമായ ഒരു ജീവിതം നയിക്കുന്നതിനും മറിയത്തോടുള്ള ഭക്തി തീർച്ചയായും നമുക്ക് സഹായകമാണ്.

അതിപുരാതനകാലം മുതൽ പാശ്ചാത്യരും പൗരസ്ത്യരും രക്ഷകന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തെ ദൈവമാതാവ് എന്ന നിലയ്ക്ക് ആദരിച്ചുവണങ്ങിയിരുന്നു. മറിയം ദൈവമാതാവാണെന്നത് ഔദ്യോഗികമായി പ്രഖ്യാപിച്ച എഫേസോസ് സൂനഹദോസിനു (431) ശേഷം മാതാവിനോടുള്ള ഭക്തി പൂർവ്വാധികം വർദ്ധിക്കുകയുണ്ടായി. 12-ാം നൂറ്റാണ്ടിൽ മരിയഭക്തിക്ക് പ്രചുരപ്രചാരം ലഭിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ മരിയ ശാസ്ത്രത്തെ സഭാശാസ്ത്രവുമായി ബന്ധപ്പെടുത്തി അവതരിപ്പിച്ചു. സകല വിശുദ്ധരുടെയും രാജ്ഞിയായ മറിയത്തിന്റെ നാമധേയത്തിലാണ് ഭൂരിഭാഗം ക്രൈസ്തവദേവാലയങ്ങളും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഏറ്റവുമധികം മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തപ്പെടുന്നതും പരി. അമ്മയുടെ നാമത്തിലാണ്.

**1. മരിയൻ സൊഡാലിറ്റി** (C.L.C.- Christian Life Communities)

ബെൽജിയം സ്വദേശിയും ഈശോ സഭാംഗവുമായ ജോൺ ലേനിസ് എന്ന വൈദികൻ 1563 മാർച്ച് 25-ന് സ്ഥാപിച്ചതാണ് മരിയൻ സൊഡാലിറ്റി (സി.എൽ.സി) 'മറിയം വഴി ഈശോയിലേക്ക്' എന്ന മുദ്രാവാക്യവും; പഠനം, പ്രാർത്ഥന, പ്രവർത്തനം എന്നീ മാർഗ്ഗങ്ങളും മുൻനിറുത്തി പ്രവർത്തിക്കുന്ന സി.എൽ.സി.യുടെ പ്രധാന ലക്ഷ്യങ്ങൾ സ്വയം വിശുദ്ധീകരണം, അയൽവാസിയുടെ രക്ഷ, തിരുസഭാസംരക്ഷണം എന്നിവയാണ്.

1584 ഡിസംബർ 5-ന് 'ഓമനിപ്പൊത്തേന്തിസ് ദേയി' എന്ന തിരുവെഴുത്തിലൂടെ പതിമൂന്നാം ഗ്രിഗറി മാർപ്പാപ്പ മരിയൻ സൊഡാലിറ്റിയെ ഔദ്യോഗികമായി അംഗീകരിച്ചു.

1967 നവംബർ 21-ാം തീയതി റോമിൽ സമ്മേളിച്ച ലോക ഫെഡറേഷൻ മരിയൻ സൊഡാലിറ്റിയുടെ പേര് സി.എൽ.സി. എന്നാക്കി മാറ്റി. മംഗള വാർത്തത്തിരുനാൾ ദിവസവും മരിയൻ സൊഡാലിറ്റി സ്ഥാപക ദിനവുമായ മാർച്ച് 25-നാണ് ലോക സി.എൽ.സി. ദിനം ആഘോഷിക്കുന്നത്.

a) റോം ആസ്ഥാനമായ സി.എൽ.സി. ഫെഡറേഷന്റെ മുഖപത്രത്തിന്റെ പേര് : പ്രോഗ്രസ്സിയോ

b) കേരള റീജിയണൽ സി.എൽ.സി. ഫെഡറേഷന്റെ ഔദ്യോഗിക മാസികയുടെ പേര് : മേരി വിജയം

**2. മരിയ സൈന്യം (ലീജിയൻ ഓഫ് മേരി)**

ലോകത്തിനും അതിന്റെ നശീകരണശക്തിക്കുമെതിരായി തിരുസഭ നിരന്തരം നടത്തുന്ന സമരത്തിന് സൈനിക സേവനം ചെയ്യുവാൻ

സ്വയം സമർപ്പിച്ചിരിക്കുന്ന കത്തോലിക്കരുടെ ഒരു അല്മായ പ്രേഷിത സംഘടനയാണ് ലീജിയൻ ഓഫ് മേരി. പരിശുദ്ധ അമലോത്ഭവ കന്യകാമറിയത്തിന്റെ പ്രബലമായ നേതൃത്വത്തിലുള്ള ഒരു സൈന്യ മാണ് ഇത്. ഈ സൈന്യത്തിന്റെ ആയുധം ജപമാലയാണ്. രക്ഷാക വചം ഉത്തരീയവും വിജയപതാക കുരിശുമാണ്.

അയർലണ്ടിലെ ഡ്യുബ്ലിനിൽവെച്ച് 1921 സെപ്തംബർ 7-ന് ഫ്രങ്കുഡഫ് സ്ഥാപിച്ചതാണ് ഈ സംഘടന. ഇതിന്റെ ആദ്യകാല പേര് 'കാരുണ്യമാതാവിന്റെ സംഘടന' എന്നായിരുന്നു. സംഘടനയുടെ പ്രാർത്ഥനകളും ചിത്രവും ഉൾക്കൊള്ളുന്ന ലഘു പത്രികയുടെ പേര് തെസ്സേര (Tessera) എന്നാണ്.

a. മരിയൻ സൈന്യത്തിന്റെ ഒരു ഘടകത്തിന്റെ പേര്

   സൈന്യശാഖ (പ്രസീദിയം)

b. രണ്ടോ അധിലധികമോ പ്രസീദിയങ്ങൾ കൂടിച്ചേരുന്നതിന് പറയുന്ന പേര് - കൂരിയ.

c. ഒരു കൂരിയായ്ക്ക് സ്വന്തം കൃത്യങ്ങൾക്ക് പുറമേ ഒന്നോ ഒന്നിലധി കമോ കൂരിയാകളുടെ മേലന്വേഷണവും ലഭിച്ചാൽ ആ കൂരിയായെ വിളിക്കുന്ന പേര് - കമ്മീസിയം

d. ഒരു പ്രദേശം മുഴുവനും ഭരണാധികാരമുള്ള സമിതിക്ക് വിളിക്കുന്ന പേര് - സെനാത്തുസ് (Senatus)

e. ഒരു കമ്മീസിയത്തിന്റെ പരിധിയെ അതിലംഘിക്കുന്നതും സെനാത്തു സിനാവശ്യമായ വലിപ്പം ഇല്ലാത്തതുമായ പ്രദേശത്തിന്റെ ഭരണം നടത്തുന്ന കൗൺസിൽ - റേജിയാ (Regia)

**3. മാതാവിന്റെ നാമധേയത്തിലുള്ള മറ്റു ഭക്തസംഘടനകൾ :-**

1. അത്ഭുതകാശുരൂപ സഖ്യം
2. ജപമാല സഹോദര സംഘം
3. അമലോത്ഭവമാതാവിന്റെ സൊഡാലിറ്റി (സ്ഥാപകൻ വി. ഡൊമിനിക് സാവിയോ : 1842-1857)
4. ബ്ലൂ ആർമി ഓഫ് ഔർ ലേഡി ഓഫ് ഫാത്തിമ
5. അമലോത്ഭവ സൈന്യം (സ്ഥാപകൻ : വി. മാക്സ് മില്യൻ കോൾബെ : 1894-1941)

**4. ഉത്തരീയ ഭക്തി**

ഉത്തരീയം അഥവാ വെന്തിങ്ങ മാതൃഭക്തിയുമായി ബന്ധപ്പെട്ട് സഭ യിൽ ഏറെ പ്രചാരം നേടിയിട്ടുള്ള ഭക്തവസ്തുവാണ്. 1251 ജൂലൈ 16-ാം തീയതി പ്രാർത്ഥനാനിരതനായിരുന്ന സൈമൺ സ്റ്റോക്കിന് മാതാവ്

പ്രത്യക്ഷപ്പെട്ട് നൽകിയ ഉത്തരീയം ഇന്ന് കത്തോലിക്കാവിശ്വാസികൾക്ക് ഏറെ വിലപ്പെട്ട ഒന്നാണ്. മാലപോലെ കഴുത്തിൽ അണിയുന്ന ഉത്തരീയത്തിന്റെ ഒരറ്റത്ത് ഈശോയുടെയും മറ്റേ അറ്റത്ത് മാതാവിന്റെയും ചിത്രമായിരിക്കും.

സാധാരണ ആദ്യകുർബ്ബാന സ്വീകരണ വേളയിലാണ് ഉത്തരീയ സഭയിൽ അംഗമായി ചേരുന്നത്. മാതാവിന്റെ സംരക്ഷണത്തിനായി സ്വയം സമർപ്പിച്ചുകൊണ്ട് ഉത്തരീയം സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഉത്തരീയ സഭയിൽ അംഗമായി ചേർക്കുവാൻ വൈദികർക്കാണ് അധികാരമുള്ളത്. കൊന്തയും വെന്തിങ്ങയും കാശുരൂപവും മാതൃസംരക്ഷണവും മാതൃസാന്നിദ്ധ്യവും പ്രതിഫലിപ്പിക്കുന്ന ഭക്തവസ്തുക്കളാണ്. അവ അണിയുന്നതുവഴി ദൈവോന്മുഖചിന്തയിൽ വളരാൻ സഹായിക്കുന്നു.

**5. അടിമവയ്ക്കൽ**

17-ാം നൂറ്റാണ്ടിൽ വളർന്നുവന്ന ഒരു ഭക്തികൃത്യമാണ് മാതാവിന് അടിമവയ്ക്കൽ. പ്രത്യേക പ്രാർത്ഥന നടത്തി, മാതാവിന്റെ ദാസൻ/ദാസിയായി ജീവിച്ചുകൊള്ളാമെന്ന വാഗ്ദാനമാണ് അതിലുള്ളത്. വല്ലാർപാടം പള്ളിയിൽ അടിമ വയ്ക്കൽ പ്രധാനപ്പെട്ട ഒരു അനുഷ്ഠാനമാണ്.

**6. എട്ടുനോമ്പ്**

മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് സെപ്തംബർ 1 മുതൽ 8 വരെ നോമ്പുനോക്കി ആ തിരുനാളിൽ ഭക്തിപൂർവ്വം പങ്കെടുക്കുന്നു.

കോട്ടയത്തിനടുത്ത് എ.ഡി. 910-ൽ സ്ഥാപിതമായ മണർകാട് മർത്തമറിയം യാക്കോബായ സുറിയാനി ദേവാലയത്തിൽ സെപ്തംബർ 1 മുതൽ 8 വരെ ആഘോഷമായി മാതാവിന്റെ ജനനത്തിരുനാൾ ആചരിക്കുന്നു. കോതമംഗലം രൂപതയിലെ നഗപ്പുഴ പള്ളിയിലും എട്ടുനോമ്പും തിരുനാളും നടത്തുന്നുണ്ട്. മറ്റുപല പള്ളികളിലും എട്ടുനോമ്പു നോക്കുന്നുണ്ട്. ബാവുസാനോമ്പ് (പ്രാർത്ഥനാനോമ്പ്) എന്നായിരുന്നു ഇതിന്റെ പഴയ പേര്. 9-ാം നൂറ്റാണ്ടുമുതൽ ഇത് കേരളത്തിൽ നടപ്പാക്കി.

**7. പതിനഞ്ച് നോമ്പ്**

മാതാവിന്റെ സ്വർഗ്ഗാരോപണത്തിന് മുമ്പ് ആഗസ്റ്റ് 1 മുതൽ 15 വരെ ആചരിക്കുന്ന നോമ്പാണിത്.

**8. ശനിയാഴ്ച വണക്കം**

ആഴ്ചയിൽ ഒരു ദിവസം-ശനിയാഴ്ച മാതാവിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. പുരാതനകാലം മുതൽ ഈ ഭക്തി നിലവിലുണ്ടായിരുന്നെങ്കിലും 9-10 നൂറ്റാണ്ടുകളിലാണ് ശനിയാഴ്ച മാതാവിന്റെ ദിനമായി പ്രചാരം നേടിയത്. മാതാവിന്റെ നാമധേയത്തിലുള്ള വിവിധ സംഘടനകളുടെ പ്രവർത്തനവും കാര്യക്ഷമമായി നടക്കുന്നത് ശനിയാഴ്ചകളിൽ രാവിലെയുള്ള വിശുദ്ധകുർബ്ബാനയെത്തുടർന്നാണ്.

**9. മേയ്മാസ വണക്കം**

കേരളകത്തോലിക്കരുടെ ഇടയിൽ പല നൂറ്റാണ്ടുകൾക്കുമുമ്പ് പ്രചാരത്തിലായതാണ് മേയ്മാസ ഭക്തി. മേയ് മാസത്തിലെ 31 ദിവസവും മാസവണക്ക പുസ്തകം ഉപയോഗിച്ച് മാതാവിനോട് പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നു.

**10. ഒക്ടോബർ മാസത്തിലെ ജപമാലഭക്തി**

ഒക്ടോബർ മാസത്തിൽ ദേവാലയങ്ങളിലും ഭവനങ്ങളിലും എല്ലാ ദിവസവും ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതിലൂടെ മാതാവിനോടുള്ള ഭക്തി കൂടുതൽ പ്രകടിപ്പിച്ച് അനുഗ്രഹം നേടുന്നതിന് സാധിക്കുന്നു. ഒക്ടോബർ 7-ാം തീയതി സഭ ജപമാല രാജ്ഞിയുടെ തിരുനാൾ ആഘോഷിക്കുന്നു.

മാതാവിന്റെ ചെറുതും വലുതുമായ ചിത്രങ്ങളും കത്തോലിക്കാ ഭവനങ്ങളുടെ അലങ്കാരങ്ങളാണ്. ഈശോയുടെ തിരുഹൃദയത്തിന്റെയും തിരുക്കുടുംബത്തിന്റെയും ചിത്രങ്ങളോടൊപ്പം മാതാവിന്റെ ചിത്രവും ഭവനത്തിലുണ്ടായിരിക്കുന്നതും വാഹനത്തിലും ബാഗിലും പേഴ്സിലും മാതൃചിത്രങ്ങൾ ഭക്ത്യാദരപൂർവ്വം സൂക്ഷിക്കുന്നതും മാതൃഭക്തിയുടെ പ്രകടനങ്ങളും മാതൃസംരക്ഷണത്തിന് ഉപകരിക്കുന്നവയുമാണ്.

**ഉപസംഹാരം**

ഈ അദ്ധ്യായത്തിൽ നൽകിയിരിക്കുന്ന ഭക്തികൃത്യങ്ങൾ അതിൽത്തന്നെ രക്ഷാകരമല്ല. രക്ഷയിലേക്ക് നമ്മെ നയിക്കുന്നതിന് നാം മാതാവിന്റെ സഹായം തേടുകയാണ് ചെയ്യുന്നത്. 'മറിയം വഴി യേശുവിലേയ്ക്ക്' എന്ന ബർണാഡ് പുണ്യവാന്റെ മുദ്രവാക്യം നമുക്ക് മുറുകെപ്പിടിക്കാം. ബലഹീനരും പാപികളുമായ മനുഷ്യരെ പശ്ചാത്താപത്തിലേക്കും മാനസാന്തരത്തിലേക്കും അതുവഴി യഥാർത്ഥ രക്ഷയിലേക്കും നയിക്കുന്നതിന് മാതാവ് വഹിക്കുന്ന പങ്ക് നിസ്തുലമാണ്. അതിന് സ്നേഹനിധിയായ ആ അമ്മ നമ്മെ നയിക്കും. അതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. "എന്റെ അമ്മേ എന്റെ ആശ്രയമേ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ".

# Bibliography


1. പി.ഒ.സി. സമ്പൂർണ്ണ ബൈബിൾ
2. ബൈബിൾ വിജ്ഞാനകോശം -ബൈബിൾ ദൈവശാസ്ത്രനിഘണ്ടു
3. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം (CCC)
4. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ
5. ക്രൈസ്തവവിജ്ഞാനിയം – ഫാ. ജോസഫ് വിതയത്തിൽ
6. ക്രൈസ്തവ ശബ്ദകോശം – ഡോ. ജോർജ് കുരുക്കൂർ
7. വി. ദൈവമാതാവിന്റെ ജീവചരിത്രം – ഡോ. ഗീവർഗീസ് ഗ്രിഗോറിയോസ്, പെരുമ്പള്ളി മെത്രാപ്പോലീത്ത
8. വി. ദൈവമാതാവിന്റെ സമ്പൂർണ്ണ ജീവചരിത്രം – കോട്ടയം ബാബുരാജ്
9. മാതൃതീർത്ഥങ്ങളിൽ – ഡോ. ജെ. നാലുപറയിൽ എം.സി.ബി.എസ്.
10. ഇതാ നിന്റെ അമ്മ – ഡോ. ജോസഫ് കോട്ടയ്ക്കൽ
11. അനുദിന വിശുദ്ധർ – മോൺ. തോമസ് മൂത്തേടൻ
12. What you should know about Mary-Charlene Altemose MSC
13. ദൈവമാതൃവിജ്ഞാനീയം – ഫാ. പോൾ നായ്ക്കരക്കുടിയിൽ
14. മതബോധനത്തിന് ഒരു മാർഗ്ഗദീപം -റവ.ഡോ. പോളി കണ്ണൂക്കാടൻ
15. നമ്മുടെ അമ്മ കന്യകാമറിയം – ഫാ. ജോ തുളുമ്പൻമാക്കൽ SSP
16. ദൈവജനനിയോടൊത്ത് – സിസ്റ്റർ റാണി മരിയ എസ്.ഐ.സി.
17. നമ്മുടെ അമ്മ – ഷാജി മാലിപ്പാറ
18. പരിശുദ്ധ അമ്മ – ജോൺപോൾ രണ്ടാമൻ പാപ്പ – എഡിറ്റർ : തോമസ് പോൾ
19. മാതാവിന്റെ തിരുനാളുകൾ – ഫാ. എസ്. വെങ്ങാലൂർ സി.എം.ഐ.
20. മറിയം മഹനീയ മാതൃക – ഫാ. തോമസ് മറ്റപ്പിള്ളി
21. നിത്യസഹായ മാതാവ് – ഫാ. സിറിയക് പുത്തനങ്ങാടി
22. വല്ലാർപാടത്തമ്മ – കെ.റ്റി. മാനുവൽ
23. പരിശുദ്ധ കന്യകാ മാതാവ് – മേയ് മാസ വണക്കം – ഫാ. ജേക്കബ് ഏറണാട്ട്
24. നിത്യസഹായ മാതാവിന്റെ നൊവേന – ആർച്ച് ബിഷപ്പ് സൂസൈ പാക്യം
25. വി. യൗസേപ്പ് പിതാവിന്റെ നൊവേന– ശ്രീ. വി.സി. ജോൺ വെള്ളരിങ്ങാട്ട്
26. പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം – ഫാ. കമിൽ സി.എം.ഐ.
27. വി. യൗസേപ്പ് – ജോസഫ് അറേക്കാട്ടിൽ
28. കന്യകാമറിയത്തിന്റെ ജപമാല -ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ വിവർത്തനം : ഡോ. ജോർജ്ജ് കുരുക്കൂർ
29. കൊന്ത എന്ന അത്ഭുത ജപമാല – ഡോ. ജേക്കബ് കട്ടയ്ക്കൽ
30. മാതൃഭക്തിയിലേക്ക് മടങ്ങിയെത്തുന്നവർ -ഫിലിപ്പ് തോമസ്
31. ഫാത്തിമാ ചരിത്രം – ഫാ. പി.സി. തോമസ്
32. കുടുംബ പ്രാർത്ഥനകൾ – എറണാകുളം അങ്കമാലി അതിരൂപത
33. ദൈവമനുഷ്യന്റെ സ്നേഹഗീത – മരിയ വാൾതോർത്ത
34. യേശുവിന്റെ പീഡാനുഭവരംഗങ്ങൾ – ആൻ കാതറൈൻ എമറിച്ച്
35. ദൈവത്തിലുള്ള യഥാർത്ഥ ജീവിതം – വാസുല റിഡൻ
36. വി. പാദ്രേ പിയോ – ഫാ. ജോർജ് മേക്കര കപ്പൂച്ചിൻ
37. ജീവജ്വാല, ഇതാ നിന്റെ അമ്മ, ശാലോം മാസികകൾ
38. “Mater Populi Fidelis” published by the Holy See Press Office on 04.11.2025.